# ശുദ്ധരക്ത വിവാഹം

## വ്യക്തിയും മുന്നേറ്റവും

# BLOOD WEDDINGS

THE STORY OF A MAN AND A MOVEMENT

(Malayalam)

**Articles**

Compiled by : C.K.Punnen
Lukose Mathew. K
& Team ORCHART

Cover design : Mathew Mosses

*Concept: An icon of Jesus Christ* with his eyes hidden by an image of a ship. The ship symbolizes the 'riddle' of Knaism; a riddle that segregates multitudes of Christians. It has, and still, prevents Christians from perceiving Christ and receiving the true message of the Gospel.*

** copyright of Wikimedia Commons*

Published by : ORCHART, Kottayam

Printed at : SRGraphics
Mass Tower, Viaskara, Kottayam 1
+91481 2301142

© Copyright reserved

For copies contact

President, ORCHART
Oravanakalam House
Eranjal, Muttambalam P.O.
Kottayam 686004
Kerala, India
Email: kcnskottayam@gmail.com
+91481-2570414

Secretary, KCNS
Lukose Mathew. K
Kunnumpurathu House
Kurichithanam P.O., Uzhavoor
Kottayam 686634, Kerala, India
Email: kcnskottayam@gmail.com
+91 9447507584

*(No part of this book may be reproduced in part or whole in any form or electronically transmitted without the written permission of the publishers and authors)*

"എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്"

(മത്തായി 5:11-12).

## സമർപ്പണം

ക്നാനായ സമൂഹം മലബാർ തീരത്ത് എത്തിയ നാൾമുതൽ സമുദായത്തിനു വെളിയിലുള്ള ദൈവമക്കളെ സ്നേഹിച്ചതിന്റെ പേരിലും സ്വവംശവിവാഹമെന്ന അക്രൈസ്തവ ആചാരത്തെ എതിർത്തതിന്റെ പേരിലും പുറത്താക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്ത അനേകം സമുദായാംഗങ്ങളുണ്ട്. അവരുടെ കണ്ണുനീരും സഹനവും അളവറ്റതാണ്. അവരുടെ കണ്ണീരു തുടയ്ക്കാൻ, ആശ്വാസമേകാൻ, അവരെ വിമോചിപ്പിക്കാൻ യേശു എന്ന രക്ഷകനുണ്ട്. അവിടുന്നിൽ പ്രത്യാശ അർപ്പിക്കുന്നവർ ഒരു നാളും ഭഗ്നാശരാകുകയില്ലായെന്ന വാഗ്ദാനം അനുസ്മരിച്ചുകൊണ്ട്, വ്രണിതരായ സകല സമുദായാംഗങ്ങൾക്കുമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു

# ലഘുജീവചരിത്രം

1928 ജനുവരി 27-ാം തീയതി കുമരകം ഒറവണക്കളത്തിൽ ഉതുപ്പിന്റെയും ചാച്ചിയുടെയും കടിഞ്ഞൂൽ 'കൊച്ചുമകനായി' കുഞ്ഞൂട്ടിക്കും മറിയാമ്മയ്ക്കും മകനായി ഉതുപ്പ് (കൊച്ച്) ഭൂജാതനായി. അപ്പാപ്പന്മാരുടെയും കൊച്ചമ്മമാരുടെയും ലാളനയേറ്റ് വളർന്ന കൊച്ചിന് തന്റെ പ്രാഥമിക വിദ്യാഭ്യാസം കുമരകം എസ്.എച്ച്. സ്കൂളിൽനിന്ന് ലഭിക്കുകയുണ്ടായി. മിടുക്കനായി പഠിച്ചുപോന്ന മകനെ ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കോട്ടയം തിരുഹൃദയക്കുന്ന് സ്കൂളിൽ അയച്ചു. ബഹുമാനപ്പെട്ട കുര്യാക്കോസ് കുന്നശ്ശേരിപിതാവ് കൊച്ചിന്റെ സഹപാഠിയായിരുന്നു. അമ്മവീട്ടിൽനിന്നാണ് അന്ന് പഠിച്ചിരുന്നത്. സിക്സ്തിൽ (ഇന്നത്തെ പത്താംക്ലാസ്) ഫസ്റ്റ് ക്ലാസ്സോടെ പാസ്സായ മകനെ കടുത്ത ദാരിദ്ര്യത്തിലും പഠിപ്പിച്ച് വലിയ ആളാക്കണമെന്നുള്ള മോഹത്താൽ ഇന്റർമീഡിയറ്റിന് കോട്ടയം സി.എം.എസ്. കോളേജിൽ ചേർത്തു. കുമരകത്തുനിന്നും കോട്ടയത്തേക്ക് പലപ്പോഴും നടന്നാണ് പോയിരുന്നത്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ മാത്തമാറ്റിക്സ് ഐച്ഛികവിഷയമായി എടുത്ത കൊച്ച് ഡിഗ്രിയ്ക്കുശേഷം ദേവലോകത്തുള്ള മലങ്കര എസ്റ്റേറ്റിൽ ജോലിക്ക് ചേർന്നു. പിന്നീട് ഗവൺമെന്റ് സർവീസിൽ വില്ലേജ് ഓഫീസർ ആയും, അദ്ധ്യാപകനായും നിയമനം ലഭിച്ചപ്പോൾ അദ്ധ്യാപകജോലി തിരഞ്ഞെടുത്തു. ചെങ്കോട്ട, വണ്ടിപ്പെരിയാർ, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിൽ ജോലി ചെയ്തതിനുശേഷം മാന്നാനം കെ.ഇ. കോളേജിൽ നിന്ന് ബി.എഡ്. പാസ്സായി. അഞ്ച് സഹോദരിമാരും ഒരു സഹോദരനുമുള്ള കൊച്ച് 1956-ൽ കുറ്റൂർ കോടത്തുവീട്ടിൽ ചാക്കോയുടെയും ലില്ലിയുടെയും മകളായ ബേബിയെ (അന്നമ്മ) വിവാഹം ചെയ്തു. പടിഞ്ഞാറ്റോതറയിലുള്ള കോട്ടയം രൂപതയുടെ വക ലിറ്റിൽ ഫ്ളവർ പള്ളിയിൽവച്ചാണ് ഒത്തുകല്യാണവും വിവാഹവും നടന്നത്. ബഹുമാനപ്പെട്ട ജേക്കബ് ചാക്കച്ചേരിൽ അച്ചനായിരുന്നു അന്നത്തെ വികാരി. പിന്നീട് വളരെ നാൾ കുമരകം ഗവൺമെന്റ് സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യവെ വിദേശത്തുപോയി അദ്ധ്യാപകവൃത്തി നടത്താൻ ദൈവാനുഗ്രഹമുണ്ടായി. ഗവൺമെന്റ് സ്കൂളിലെ കണക്ക് പഠിപ്പിച്ചിരുന്ന അദ്ധ്യാപകനായിരുന്നിട്ടും വെള്ളത്തോടും വള്ളംകളിയോടും ഉള്ള അമിതമായ അഭിനിവേശത്താൽ സ്കൂളിലെ വള്ളംകളി ടീമിന്റെ ക്യാപ്റ്റനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അന്നത്തെ വള്ളംകളി പാട്ടിന്റെ ഈരടികൾ ഇന്നും കർണ്ണപുടങ്ങളിൽ മുഴങ്ങുന്നു.



Eparchy of Faridabad
Syro-Malabar Catholic Diocese in Delhi

I am pleased to know that the Knanaya Catholic Naveekarana Samithy (KCNS) is organizing Knanaya Renewal Conference (KRC 2014). My hearty felicitations and best wishes to the organizers for this laudable venture.

Pope Francis in his address for the conclusion of the third extra-ordinary General Assembly of the Synod of Bishops depicted the family as the vital building-block of society and the ecclesial community. In the current social and spiritual crisis proclaiming and living the Gospel of the family in a credible manner as well as the pastoral care of the persons and the family are of great importance. Any initiative like KRC 2014 would facilitate good family ties and prayerful atmosphere in its member families.

The richness of the Syro-Malabar Church is its good families with daily family prayer and deep-rooted family relationships. Only from such families good vocations to priesthood and religious life come. This applies also to the Knanaya Catholics. The strength of any community like Knanaya community is the unity of families. Everything must be done to keep the families united, for generations. Anything in whatsoever name of tradition or practice that divides and destroys the family cannot be justified. I hope and pray that the good leadership given by people like Mrs. O.M. Uthup be continued and everything to keep family ties stronger and the community feeling deeper be fostered.

I also learn that KCNS is releasing a book titled "Blood Weddings", narrating the story of formation of KCNS movement and the struggles and sufferings of the family of past president of KCNS, late Mr. O.M Uthup, which resulted in the formation of the movement. I wish the very best for the release of this book during the conference.

May the Blessed Virgin continue to mediate and guide your journey as a renewal movement.

Once again wishing you all the blessings of the Almighty God,

Yours in Christ,



Archbishop Kuriakose Bharanikulangara
Bishop of Faridabad-Delhi

Bishop's House, 1B/32 N.E.A., Old Rajindra Nagar; New Delhi 110060,India.
E-mail: faridabaddiocese@gmail.com; Tel. (+91)1125759160;(+91)1125812346



ശ്രീ. ഒ.എം. ഉതുപ്പ് ഒറവണക്കളം



മാർ തോമസ് തറയിൽ

# ഉള്ളടക്കം

### ഭാഗം 1
### അനുസ്മരണം


1. കോട്ടയം രൂപതയും എന്റെ തിക്താനുഭവങ്ങളും... *അന്നമ്മ ഉതുപ്പ്* ........... 17
2. എന്റെ രൂപതാനുഭവങ്ങൾ ...................................... *ബിൻസി റസ്സൽ* ........... 23
3. നീതി ജലം പോലെ ........................... *ഫാ.ജേക്കബ് ചൊള്ളമ്പേൽ* ........... 27
4. ഒരു അനുസ്മരണം ..................... *ഫാ.മാത്യു കണിയാന്ത്രമാലിൽ* ........... 31
5. ഭിന്നത പതനത്തിലേക്ക് ........................ *ഫാ.ജയിംസ് മഞ്ഞാക്കൽ* ........... 35
6. കോട്ടയം രൂപതയും എന്റെ സഹോദരിയും...*കെ.സി. അബ്രാഹം* ............. 43
7. ഓതറയിൽ ആരംഭിക്കുന്ന ഉതുപ്പുസാർ സ്മരണകൾ
*അബ്രാഹം നെടുങ്ങാട്ട്* ........... 49
8. ഉതുപ്പ് സാർ എന്റെ ഓർമ്മയിൽ ................ *ജോസഫ് തോട്ടുങ്കൽ* ........... 115
9. സ്നേഹ സ്മരണയോടെ...................................... *ജോസ് ജേക്കബ്* ........... 127
10. ക്നാനായ കാത്തലിക് നവീകരണ സമിതി................ *ഓർച്ചാർട്ട്* ........... 129


### ഭാഗം 2
### ബിജു ഉതുപ്പ് ഒറവണക്കളം കേസ്


1. ക്നാനായ വിവാഹക്കേസ് ഒരു പ്രസ്താവന ........*ഒ.എം. ഉതുപ്പ്* ........... 147
2. ഒറവണക്കളം ക്നാനായ കേസിന്റെ നിയമവശം
*അഡ്വ. ഫ്രാൻസിസ് തോമസ്* ........... 151
3. പ്രശ്നവിശകലനം .................................. *ജോസഫ് പുലിക്കുന്നേൽ* ........... 163

### ഭാഗം 3

### എൻഡാഗമിയും, കോട്ടയം രൂപതയും

1. കോട്ടയം രൂപതയുടെ സ്ഥാപനചരിത്രം ....................... *ഓർച്ചാർട്ട്* ........... 171
2. 'രക്തശുദ്ധി പാരമ്പര്യം' നീതികരിക്കാനാവുമോ?
*ഫാ. ഡേവിസ് കാച്ചപ്പള്ളി* ........... 187
3. രണ്ടാം വത്തിക്കാൻ കൗൺസിലും, കോട്ടയം രൂപതയും
*പി.എ. ജേക്കബ്* ........... 193
4. കത്തോലിക്കാസഭയിൽ ജാതിക്കുവേണ്ടിയൊരു രൂപത
*ടി. ഒ. ജോസഫ്* ........... 197
5. ജനങ്ങളെ കബളിപ്പിക്കാൻ വത്തിക്കാൻ കൗൺസിൽ
രേഖകൾ ഉദ്ധരിക്കുന്നു ......................................... *പി.എ. ജേക്കബ്* ........... 203
6. സ്വവംശവിവാഹത്തെ ചൊല്ലി ഒരു കലഹം.... *ജയിംസ് കോട്ടൂർ* ........... 207
7. സ്വവംശവിവാഹം - സൂക്ഷ്മാവലോകനം ....... *മാത്യു ഇടിക്കുള* ........... 219
8. ജ്ഞാനസ്നാനം വിലക്കിയ ഒരു കത്തോലിക്കാ മെത്രാൻ
*ജോയി ഒറവണക്കളം* ........... 231
9. ആർച്ചുബിഷപ്പ് കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ കത്ത് ................. 235
10. ആർച്ചുബിഷപ്പ് ഭരണിക്കുളങ്ങരയ്ക്കയച്ച കത്ത്
*ശ്രീ. ജോർജ് ജെ. പൂഴിക്കാല* ........... 245
11. നിയമവ്യവസ്ഥയ്ക്ക് അതീതമായി വിരാജിക്കുന്ന കോട്ടയം രൂപത
*ജോസ് കല്ലിടിക്കിൽ* ........... 249

പരസ്യപ്രസ്താവന ........................................................................................ 256
രഹസ്യപ്രസ്താവന ........................................................................................ 257
12. Letter to Apostolic Nuncio ............................... Cyriac Parathara ........... 259

### ഭാഗം 4

### കെ.സി.എൻ.എസ് പ്രവർത്തനങ്ങൾ, വാർത്തകൾ, സംഭവങ്ങൾ

1. വിയോജനക്കുറിപ്പ് .................................................... *സി.കെ.പുന്നൻ* ........... 269
2. കെ.സി.എൻ.എസ്. മുദ്രാവാക്യങ്ങൾ ............................................................ 275
3. വാർത്തകൾ, പത്രവാർത്തകൾ ....................................................................... 277
4. കത്തുകൾ, സർട്ടിഫിക്കറ്റുകൾ ......................................................................... 289
5. ഫോട്ടോകൾ ........................................................................................... 307

# അവതാരിക

ക്രിസ്ത്യാനിയുടെ ജീവിതം നിരന്തരമായ നവീകരണത്തിന്റെ ജീവിതമാണ്. കത്തോലിക്കാ സഭ ഈ നവീകരണ പ്രക്രിയയിൽ സഭാ മക്കളോരോരുത്തരേയും ദൈവവചനം, കൂദാശകൾ, കൂട്ടായ്മ എന്നിവയിലൂടെ സഹായിക്കുന്നു. സഭ സ്വഭാവേന പ്രേഷിതയാണ്. നാമോരോരുത്തരും പ്രേഷിതരാവണമെന്ന് യേശുക്രിസ്തു കല്പിക്കുന്നു. പ്രേഷിതയായിരിക്കെത്തന്നെ സഭ എക്കാലവും നവീകരിക്കപ്പെടുന്നു. നവീകരണം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് മനുഷ്യരിലൂടെയാണ്. ദൈവാത്മാവിന് പൂർണ്ണമായി അർപ്പിക്കുന്നവർക്ക് ഈ നവീകരണ പ്രക്രിയയിൽ പങ്കാളികളാകാനാകും. കേരളസഭയ്ക്കും ക്നാനായ സമൂഹത്തിനും സുപരിചിതനായ ഒറവണക്കളം ഉതുപ്പ് തന്റെ മാനുഷികമായ പരിമിതികൾക്കുള്ളിൽ ക്നാനായ നവീകരണ മുന്നേറ്റത്തിൽ പങ്കെടുത്തവരിൽ ഒരാളാണ്. ക്രിസ്തുവിന്റെ സർവ്വാശ്ലേഷിയായ സ്നേഹത്തിനും പ്രബോധനങ്ങൾക്കും ഇണങ്ങാത്ത പലതും, തിരസ്കരണവും, നിന്ദനങ്ങളും, പീഡനങ്ങളും, സഭാസംവിധാനങ്ങൾ ഉൾപ്പെടെ പലയിടങ്ങളിലും നിന്ന് അദ്ദേഹത്തിന് നേരിടേണ്ടിവന്നു. പലതവണ നീതി നിഷേധിക്കപ്പെട്ടപ്പോഴും തന്നെ ചൂഴ്ന്നു നിൽക്കുന്ന അന്ധകാരമധ്യേ, തന്റെയുള്ളിലെ സ്നേഹാഗ്നി അണയാതിരിക്കാൻ അദ്ദേഹം ഏറെ ശ്രദ്ധ പുലർത്തി. തന്നെ ദ്രോഹിച്ചവരോട്, തന്നോട് തെറ്റുചെയ്തവരോട് അദ്ദേഹം ക്ഷമിച്ചു. അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചു. കർത്താവിൽ ശരണംവച്ച് അദ്ദേഹം അവയെ അഭിമുഖീകരിച്ചു. ദശാബ്ദങ്ങൾ നീണ്ടുനിന്ന പോരാട്ടം അദ്ദേഹത്തെ തളർത്തിയില്ല.

ശ്രീ. ഉതുപ്പിനോടൊപ്പം സദാ നിലകൊണ്ട കുടുംബാംഗങ്ങൾ അദ്ദേഹത്തെയും പോരാട്ടങ്ങളെയും, അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷികത്തിൽ പ്രത്യേകമായി അനുസ്മരിക്കുന്നു. അദ്ദേഹം നട്ടുവളർത്തിയ ക്നാനായ കത്തോലിക്കാ നവീകരണ സമിതിയും (കെ.സി.എൻ.എസ്) അക്രൈസ്തവമായ പാരമ്പര്യത്തിനിരയായ സകലരുടെയും സ്മൃതിപഥത്തിൽ സജീവമാകുന്നു. ദൈവാത്മപ്രേരണയിൽ അദ്ദേഹം രൂപഭാവങ്ങൾ പകർന്ന ജനമുന്നേറ്റത്തിലും അതിന്റെ പ്രവർത്തനങ്ങളിലും അനേകായിരങ്ങൾ പങ്കുചേർന്നിരിക്കുന്നു. ഈ പ്രസിദ്ധീകരണത്തിൽ സഹകരിച്ചവർ നിരവധിയാണ്. കുടുംബാംഗങ്ങൾ, നവീകരണമുന്നേറ്റത്തിന്റെ നേതാക്കൾ, അനുയായികൾ, ഗുണകാംക്ഷികൾ, ശ്രീ. ഉതുപ്പിന്റെ സുഹൃത്തുക്കൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ അതിൽപ്പെടും. ഈ ഗ്രന്ഥത്തിലെ രചനകൾ, അവയുടെ രചയിതാക്കളുടെ സ്വന്തമായ ദർശനവും അഭിപ്രായവുമാണ് ആവിഷ്കരിക്കുക. അവയിൽ ചിലത് പ്രസാധകരുടെ നിലപാടല്ല പ്രകടമാക്കുന്നത്.

ദി ഒറവണക്കളം ചാരിറ്റബിൾ ട്രസ്റ്റ് (ORCHART) ശ്രീ. ഒ.എം. ഉതുപ്പും അദ്ദേഹത്തിന്റെ പുത്രൻ ബിജുവും ചേർന്ന് രൂപീകരിച്ചതാണ്. അദ്ദേഹത്തിന്റെ മരണശേഷം ട്രസ്റ്റ് രജിസ്ട്രർ ചെയ്യപ്പെട്ടു. ഈ ഗ്രന്ഥത്തിന്റെ പ്രസാധകരായ ഓർച്ചാർട്ട് നവീകരണമുന്നേറ്റത്തിന് വേദിയൊരുക്കുന്നുവെന്നുമാത്രം. ശ്രീ. ഉതുപ്പ് വിഭാവനം ചെയ്യുകയും തുടക്കമിടുകയും ചെയ്ത ഈ മുന്നേറ്റം കൂടുതൽ ഊർജ്ജസ്വലമാകുമെന്ന് പ്രത്യാശിക്കുന്നു. അങ്ങനെ സഭ അടിച്ചേൽപ്പിക്കുന്ന എൻഡോഗമിയെന്ന അക്രൈസ്തവ പാരമ്പര്യത്തിന്റെ തടവറയിൽനിന്ന് ക്നാനായ സമൂഹം, ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിലേക്ക് പറന്നുയരട്ടെ.

മാനേജിംഗ് ട്രസ്റ്റി
ഓർച്ചാർട്ട്

ORCHART
Oravanakalam Charitable Trust

# ഭാഗം 1

# അനുസ്മരണം

# 1

# കോട്ടയം രൂപതയും എന്റെ തിക്താനുഭവങ്ങളും

## അന്നമ്മ ഉതുപ്പ്

'എന്റെ ദൈവം കത്തോലിക്കനല്ല' എന്ന ഫ്രാൻസീസ് പാപ്പായുടെ മൊഴികൾ എന്നെ ചിന്താധീനയാക്കി. പലവട്ടം ഞാനത് മനസ്സിലാക്കാൻ വേണ്ടി പ്രാർത്ഥിച്ചു. എന്റെ ദൈവം ഒരു ക്നാനായ കത്തോലിക്കൻ? എന്ന ചിന്ത എന്നെ വിട്ടുപോയി. എന്റെ അമ്മ ലത്തീൻകാരി ആയി പ്പോയതുകൊണ്ട് ദൈവസന്നിധിയിൽ കയറിച്ചെല്ലാൻ എനിക്ക് സാധി ക്കുമോ എന്ന ചോദ്യം എന്റെ കുടുംബജീവിതത്തിൽ എന്നെ അലട്ടി ക്കൊണ്ടിരുന്നു. കുറേവർഷങ്ങളായി ആ ബന്ധനത്തിലായിരുന്നു ഞാൻ.

എന്റെ അമ്മ ലാറ്റിനായിരുന്നെങ്കിലും 1956-ലെ ഒക്ടോബർ മാസ ത്തിൽ ബഹു. തറയിൽ പിതാവിന്റെ അനുവാദത്തോടുകൂടി തിരുവല്ലാ രൂപതയായ മലങ്കരറീത്തിലേക്ക് (ലിറ്റിൽ ഫ്ളവർ ചർച്ച്, വെസ്റ്റ് ഓതറ) എന്നെ മാത്രം ചേർത്ത് വിവാഹസമ്മതം നടത്തി ആ റീത്തിൽത്തന്നെ (ആ പള്ളിയിൽ) കുമരകം വള്ളാറപള്ളിയിൽ വിളിച്ചുചൊല്ലി പസാ രവും കൊടുത്ത് ഒറവണക്കളം ഉതുപ്പുമായുള്ള ഞങ്ങളുടെ വിവാഹം നടന്നു (രണ്ടു കുടുംബങ്ങളുടെയും ബന്ധുക്കളെ സാക്ഷിനിർത്തി അവ

രുടെ സാന്നിധ്യത്തിൽ). ഒൻപതുമക്കളുള്ള എന്റെ കുടുംബത്തിലെ (കോടത്തു കെ.ഇ. ചാക്കോ & ലില്ലി ചാക്കോ) മൂന്നാമത്തെ മകളാണ് ഞാൻ. തറയിൽ പിതാവിന് ഞങ്ങളുടെ കുടുംബത്തെ വ്യക്തമായി അറിയാവുന്നതാണ്. അങ്ങനെ രണ്ടു വീട്ടുകാരുടെയും, പിതാവിന്റെയും നിറഞ്ഞുനിൽക്കുന്ന ബോദ്ധ്യത്തോടെയാണ് ഞങ്ങളുടെ വിവാഹം നടന്നത്. അല്ലാതെ നുണപറഞ്ഞ് കള്ളത്തരത്തിൽ നുഴഞ്ഞുകയറിയവരല്ല. അങ്ങനെ കള്ളത്തരത്തിൽ നുഴഞ്ഞുകയറി ക്നാനായക്കാർ എന്ന നുണമുദ്രകുത്തി കോട്ടയം രൂപതാ തലപ്പത്തിരിക്കുന്നവർ പലരും കാണും. ജീവിക്കുന്ന വിശുദ്ധനായ വൈദികനായിരുന്ന ബഹുമാനപ്പെട്ട ചാക്കച്ചേരിലച്ചനായിരുന്നു അന്ന് ഓതറ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ കുർബാന ചൊല്ലിക്കൊണ്ടിരുന്നത്. കേസു വന്നപ്പോൾ ഞാൻ ആ അച്ചനെ പോയിക്കണ്ട് വിവരങ്ങൾ ധരിപ്പിച്ചു. അച്ചൻ പറഞ്ഞു ഏതു കോടതിയിലും ഞാൻ സാക്ഷ്യപ്പെടുത്താം എന്ന്. എന്തോ, അതുകഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ അച്ചൻ മരിച്ചു. ഭീഷണിയോ, പീഡനമോ എന്ന് ഞങ്ങൾക്കറിയില്ല. കല്യാണം നടന്നതിന്റെ തെളിവുകളും രേഖകളും എല്ലാം ഞങ്ങളുടെ കൈയ്യിൽ ഉണ്ടായിരുന്നു. മൂന്നു കേസുകളുടെയും വിധികൾ ഞങ്ങൾക്കനുകൂലമായിരുന്നു. കേസ് നിൽക്കുന്നതുകൊണ്ട് ഞങ്ങളെ ഇടവകാംഗമായി ചേർക്കാൻ സാധിക്കയില്ല എന്ന് രൂപത പറയുന്നു; കോടതി ഇടവകാംഗമായി ചേർക്കണമെന്നും ഓർഡർ ഇട്ടിരിക്കുന്നു. ഏതായാലും ഇടവകാംഗമായി ഞങ്ങളെ ചേർക്കുന്നില്ല, അംഗീകരിക്കുന്നില്ല. ഇടവക രജിസ്റ്ററിൽ ഞങ്ങളുടെ പേരുണ്ട്.

ഞങ്ങളുടെ മൂത്തമകന്റെ മൂത്തമകളെ ക്രിസ്തുരാജ കത്തീഡ്രലിൽ ആണ് മാമ്മോദീസാ മുക്കിയത്. രസീത് ഞങ്ങളുടെ കൈയ്യിൽ ഉണ്ട്. മൂത്തമകളുടെ രണ്ടു മക്കളുടെയും മാമ്മോദീസാ അവരുടെ ഇടവക പള്ളി രജിസ്റ്ററിൽ ഉണ്ട്. രണ്ടാമത്തെ മകന്റെ വിവാഹം നടത്താൻ എല്ലാ തീരുമാനങ്ങളും ആയപ്പോൾ കോട്ടയം രൂപതയിൽനിന്ന് ഓർഡർ വന്നു. എന്റെ അമ്മ ലത്തീനായതുകൊണ്ട് ഈ വിവാഹം കോട്ടയം രൂപതയിൽ വച്ചുനടത്താൻ പാടില്ല എന്ന്. കിഴക്കേ നട്ടാശ്ശേരി പള്ളിയിലോ കോട്ടയം രൂപതയിലെ മറ്റ് പള്ളിയിൽവച്ചോ നടത്താൻ പാടില്ല എന്ന് ഓർഡർ കിട്ടി. വികാരിയച്ചന് വിവാഹസംബന്ധമായ ഒരു ചടങ്ങും (ഒറവണക്കളം ബിജു ഉതുപ്പിന്റെ) നടത്തിക്കൊടുക്കരുതെന്ന് രൂപതാദ്ധ്യക്ഷന്റെ താക്കീത്. ഇതിനുശേഷം വിവാഹം നടത്താൻ അനുവദിക്കാത്ത രൂപതാദ്ധ്യക്ഷനെതിരായി ബിജു ഉതുപ്പ് കേസ് ഫയൽ ചെയ്തു. മൂന്നു

വർഷത്തോളം കേസും അപ്പീലും അവധിക്കുവച്ചും ഒക്കെ നീട്ടിക്കൊണ്ടുപോയി. കോടതിവിധി എല്ലാം ഞങ്ങൾക്കനുകൂലമായിരുന്നു. പോപ്പ് പറഞ്ഞാൽപ്പോലും സമ്മതിക്കാത്ത ക്നാനായ രക്തമല്ലേ അവരുടേത്. ശുദ്ധരക്തത്തിനുവേണ്ടി വാദിക്കുന്ന അവരുടെ ദൈവം ഏത് എന്ന് മനസ്സിലാകുന്നില്ല. വിവാഹത്തിനു മുൻപുള്ള കൂദാശകൾ നടന്നതും ഇടവകാംഗമായിരുന്നിടത്തും അല്ലാതെ കുറി എവിടെനിന്ന് വാങ്ങിക്കും. ബിജു ഉതുപ്പിന്റെ കല്യാണം ഇടവക മാറാതെ കുറിയും എഴുത്തുമൊന്നുമില്ലാതെ നടന്നു. മൂന്നുവർഷത്തോളം കാത്തിരിക്കേണ്ടി വന്നു. പിതാവിനെതിരായി കേസു കൊടുത്ത ശപിക്കപ്പെട്ട ഒരു കുടുംബമാണ് ഞങ്ങളുടേത് എന്ന് പ്രഖ്യാപനവും, ഞങ്ങൾക്കെതിരെ പ്രാർത്ഥനകളും നടത്തി. ശപിക്കുന്ന ഒരു ദൈവത്തെ അല്ലാ, സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു ദൈവത്തെ അല്ലേ ആരാധിക്കുന്നത്. ദൈവം അങ്ങനെ ആണുതാനും. എവിടെ സമാധാനത്തിനുവേണ്ടി പോകുന്നുവോ അവിടെനിന്ന് കിട്ടുന്നത് അവഹേളനവും, പരിഹാസവും. ഒന്നും എന്നെ കീഴടക്കിയില്ല. ശക്തനായവൻ എന്റെ കൂടെയുണ്ടെന്ന വിശ്വാസവും എന്നെ ഇതുവരെ നടത്തി. ഞാൻ ആരാധിക്കുന്ന എന്റെ ദൈവം സത്യമാണ്, നീതിയാണ്, സ്നേഹമാണ്, ശാന്തിയാണ്, ശക്തിയാണ്, സമാധാനമാണ്. ബാക്കി നാലുപേരുടെയും വിവാഹങ്ങൾ കുറിയും വിളിച്ചുചൊല്ലുമില്ലാതെ വരന്റെ പള്ളിയിൽവച്ച് മനോഹരമായി നടത്തി. ബിജു ഉതുപ്പ് അവന്റെ മകളുടെ മാമ്മോദീസാ നടത്തിയത് പത്താമത്തെ വയസിൽ ആണ്. അതിലൊക്കെ ഉണ്ടായ മനസ്സിന്റെ വിഷമം, അവഹേളനം ഒക്കെ ആത്മഹത്യാപ്രേരകമായിരുന്നു. എങ്കിലും കർത്താവ് അവയെല്ലാം അതിജീവിക്കാനുള്ള കൃപ തന്നു. എന്റെ ദൈവം ക്നാനായക്കാരനല്ലല്ലോ. എല്ലാം സൃഷ്ടിച്ചതിനുശേഷം 'എല്ലാം നന്നായിരിക്കുന്നു' എന്ന് പറഞ്ഞ ദൈവമാണ് എന്നെ നയിക്കുന്നത്. ഈ അവഹേളനത്തിൽ നിന്നെല്ലാം രക്ഷപെടാൻ പെന്തക്കോസ്തുസഭയിൽ ചേർന്നാലോ, അമ്പലത്തിൽ ചേർന്നാലോ ആരും അറിയാത്ത സ്ഥലത്തുപോയി ജീവിച്ചാലോ എന്നൊക്കെപോലും ചിന്തിച്ച അവസരങ്ങളുണ്ട്. എവിടെ എനിക്ക് മെമ്പർഷിപ്പ് ഉണ്ടോ, എവിടെ എനിക്ക് മാമ്മോദീസാ നൽകിയോ, അവിടെനിന്നല്ലാതെ കുറി കിട്ടുമോ? കുറി കിട്ടണമെങ്കിൽ അരമനയിൽ രഹസ്യമായി എഴുതിക്കൊടുക്കണം, വിവാഹം കഴിക്കാൻ പോകുന്ന പെണ്ണിന്റെ ഇടവകയിലേക്ക് പോകാൻ തയ്യാറാണെന്ന്. അതിനിടയിൽ മകൾക്ക് അഡ്മിഷൻ കിട്ടാൻ ഇന്റർവ്യൂവിന് ചെന്നപ്പോൾ മാതാപിതാ

ക്കളെ വിളിച്ചുകൊണ്ടു ചെല്ലാൻ പറഞ്ഞു. അപ്പൻ സ്ഥലത്തില്ലാത്തതിനാൽ അമ്മ എന്ന നിലയ്ക്ക് ഞാനാണ് മകളുടെ കൂടെ പോയത്. പ്രിൻസിപ്പൽ സിസ്റ്റർ സാവിയോയുടെ മുറിയിൽ ചെന്നപ്പോൾ സിസ്റ്റർ പറയുകയാണ്; നിങ്ങൾ കള്ളത്തരത്തിലല്ലേ നിങ്ങളുടെ കല്യാണം നടത്തി കോട്ടയം രൂപതയിൽ നുഴഞ്ഞുകയറി നിൽക്കുന്നത് എന്ന്. എന്റെ ഹൃദയം പൊട്ടിപ്പോകുന്നതുപോലെ എനിക്കു തോന്നി. കോട്ടയം രൂപതയുടെ ശുദ്ധരക്തത്തിന് കളങ്കം വരുത്തിയതുകൊണ്ട് നിങ്ങൾക്ക് അഡ്മിഷൻ തരാൻ പറ്റത്തില്ല എന്ന്. ഞാൻ പറഞ്ഞു; പോപ്പ് വിചാരിച്ചാൽ പോലും ഞങ്ങളെ രൂപതയിൽനിന്ന് മാറ്റാൻ പറ്റത്തില്ല എന്ന്. ഓരോ വർഷവും വീടുതോറും നടന്ന് രക്തപരിശോധന നടത്തി അല്ലാത്തവരെ പുറന്തള്ളട്ടെ. മുപ്പത് വർഷം കഴിഞ്ഞ് രണ്ടുമക്കളുടെ വിവാഹവും കഴിഞ്ഞപ്പോഴാണ് രക്തശുദ്ധിയില്ലാതാകുന്നത്. അത്രയും നാൾ ഈ ശുദ്ധരക്തക്കാരൻ എവിടെ പോയിരുന്നു? കുമ്പസാരക്കൂട്ടിൽ പാപം ഏറ്റുപറയുമ്പോൾ ക്നാനായക്കാരനുമായിട്ടാണോ വ്യഭിചരിച്ചത് എന്ന് പ്രത്യേകം ചോദ്യമുണ്ടാകുമോ? ഓരോ വീട്ടിലും നടന്ന് ഡി.എൻ.എ. ടെസ്റ്റ് നടത്തട്ടെ. നേരിട്ടറിയാവുന്ന എത്രയോ കുഞ്ഞുങ്ങൾ കോട്ടയം രൂപതയിൽ വളരുന്നുണ്ട്. അതിനെയൊക്കെ ആരു പുറത്താക്കും?

അഡ്മിഷൻ തരത്തില്ല എന്നുപറഞ്ഞെങ്കിലും സിസ്റ്ററിന് ഒരു സീറ്റ് ഉണ്ട് അത് അവൾക്കു കൊടുക്കാം എന്ന് പറഞ്ഞ് അങ്ങനെ കോട്ടയം രൂപതയിലെ ഇത്രയും ആളുകൾക്ക് മുൻപിൽ എന്നെ കള്ളിയാക്കുകയായിരുന്നു. അത്രയും ജനത്തിനു മുൻപിൽ കള്ളി എന്ന് മുദ്രകുത്തി ഞാൻ എങ്ങനെ ജീവിക്കും എന്ന് ചിന്തിച്ച് വിഷമത്തോടെ ബസിൽകയറി വീട്ടിലേക്കു പോകുമ്പോൾ ബി.സി.എം. കോളേജിന്റെ പടിക്കൽവന്നപ്പോൾ ആരോ പറയുന്നതു കേട്ടു. ഏതോ സിസ്റ്റർ കിണറ്റിൽ ചാടി ചത്തു എന്ന്. അതുകേട്ടപ്പോൾ എന്റെ മനസ്സ് സ്വല്പനേരം സന്തോഷിച്ചു, ഞാനറിയാതെ തന്നെ. ഈ ക്നായിസം പള്ളിയ്ക്കകത്തുവേണോ? അങ്ങനെ വേണ്ടവർ അങ്ങനെതന്നെ കല്യാണം കഴിക്കട്ടെ. പള്ളി രക്തശുദ്ധിക്കു വേണ്ടിയല്ലല്ലോ നിലകൊള്ളുന്നത്, കർത്താവിനു വേണ്ടിയല്ലേ?

വിവാഹം ആശീർവദിച്ചുകൊടുക്കാനല്ലേ ഉള്ളൂ പള്ളി. ഈ ക്നായിസം പള്ളിയിൽ വേണോ? 'ഏകവും, സത്യവും, വിശുദ്ധവും, കാതോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു' എന്ന് ഏറ്റുപറയുന്ന വിശ്വാസപ്രമാണം തിരുത്തി എഴുതേണ്ട കാലം കഴിഞ്ഞു. ക്നാനായക്കാർക്കുവേണ്ടി വേറൊരു വിശ്വാസപ്രമാണം ഉണ്ടോ?

ക്നായിതൊമ്മൻ എന്ന ചരിത്രം തന്നെ നുണക്കഥകളല്ലേ. ജോസഫ് ചാഴിക്കാടൻ എഴുതിയ പുസ്തകത്തിൽ ക്നായിതൊമ്മന് രണ്ടു ഭാര്യമാരുണ്ടായിരുന്നു എന്നും, ഒന്ന് താണജാതിയിൽനിന്നും മറ്റേത് ബ്രാഹ്മണസ്ത്രീയും ആയിരുന്നു എന്നും എഴുതിക്കണ്ടു. അതിലുള്ള മക്കളല്ലേ എല്ലാം. ക്നായിസം കാത്തുസൂക്ഷിക്കേണ്ടവർ, ശുദ്ധരക്തത്തിൽതന്നെ കഴിയേണ്ടവർ അവരുടെ കുടുംബങ്ങളിൽ അത് കാത്തുസൂക്ഷിക്കട്ടെ. എല്ലാം സൃഷ്ടിച്ചതിനുശേഷം തന്റെ സൃഷ്ടികളെ നോക്കി 'എല്ലാം നന്നായിരിക്കുന്നു' എന്ന് അരുൾ ചെയ്ത ദൈവം വസിക്കുന്ന ദേവാലയത്തിൽ വേണോ ഈ ശുദ്ധരക്ത പ്രക്രിയ.

ഏതായാലും ഈ കേസുവന്നതുകൊണ്ട് സഭ എന്താണെന്നും, സഭ എന്തിനുവേണ്ടി എന്ന് മനസ്സിലാക്കാനും, ക്രിസ്തു എനിക്കാരാണെന്നും, ക്രിസ്തുവിന്റെ സന്നിധിയിൽ ഞാനാരാണെന്നു മനസ്സിലാക്കാനും, ആ പരിപൂർണ്ണതയുടെ വഴിയിലൂടെ ഉള്ള യാത്രയാണ് ഞാൻ കണ്ടെത്തേണ്ടതെന്നും ഉള്ള ബോധ്യം എനിക്കു കിട്ടി. ദൈവത്തിന്റെ ക്രമമാണ് എന്റെ ജീവിതത്തെ ക്രമപ്പെടുത്തേണ്ടതെന്നും ഉള്ള സത്യം എനിക്കു ബോദ്ധ്യപ്പെട്ടു. അതുകൊണ്ട് സംഭവിച്ചതൊന്നും ഒരു നഷ്ടമായിതോന്നുന്നില്ല.

എന്റെ ഭർത്താവ് ഉതുപ്പ് കിഡ്നിസംബന്ധമായ അസുഖത്താൽ മൂന്നാഴ്ചയോളം ഹോസ്പിറ്റലിൽ കിടന്നു. സെപ്റ്റംബർ 22-ാം തീയതി വൈകുന്നേരം മരിച്ചു. ഉതുപ്പ് മരിക്കുന്നതിനുമുൻപ് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആശുപത്രിയിൽവന്ന് ഉതുപ്പിനെ കണ്ട് പ്രാർത്ഥിച്ചു. ആയതിൽ അദ്ദേഹത്തെ അങ്ങേയറ്റം അഭിനന്ദിക്കുകയും, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഉതുപ്പ് മരിച്ചെന്ന് അറിഞ്ഞയുടൻ കിഴക്കേ നട്ടാശ്ശേരി ഹോളി ഫാമിലി പള്ളിയിൽ അടിയന്തിര യോഗം വിളിച്ചുകൂട്ടി. ഭാര്യയിൽനിന്ന് അശുദ്ധരക്തത്തിന്റെ ഉടമയായിത്തീർന്ന ഉതുപ്പിനെ അവിടെയുള്ള ശവക്കോട്ടയിൽ കുഴിച്ചിടണോ വേണ്ടയോ എന്ന് തീരുമാനമെടുക്കാൻ. ഭർത്താവിനെ അവിടെ കുഴിച്ചിട്ടാൽ ഭാര്യയെയും അവിടെ കുഴിച്ചിടേണ്ടിവരുമല്ലോ എന്ന ആശങ്കയിൽ. അവിടെ ശവക്കോട്ട അനുവദിച്ച കാലത്ത് ഞങ്ങളും കല്ലറയ്ക്ക് പണംകൊടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. അത് പള്ളിയിലെ രജിസ്റ്ററിലും ഉണ്ടായിരുന്നു. ആ സ്ഥലം അവിടെ

അനുവദിച്ചപ്പോൾ മറ്റുള്ള കല്ലറ പോലെ ഞങ്ങളുടേതും അവിടെ കാണേണ്ടതാണ്. ഇല്ല എന്നുപറഞ്ഞാൽ കുറ്റം ആരുടേത്?

ഇതിനെ ചോദ്യം ചെയ്യാൻ കഴിയാത്ത വിഡ്ഢികളായ ക്നാനായ യുവജനങ്ങളെ നിങ്ങൾക്ക് ഹാ! കഷ്ടം. മൂഢ തത്ത്വങ്ങളാൽ ബോധവൽക്കരിച്ച് ദൈവജനങ്ങളെ അന്ധരാക്കിയിരിക്കുന്നു. അവരുടെ കണ്ണുകൾ തുറക്കാൻ കർത്താവ് കടന്നുവരട്ടെ എന്നു പ്രാർത്ഥിക്കാം. അങ്ങനെ ഒരു നല്ല നാളെയെ നമുക്ക് പ്രതീക്ഷിക്കാം. അന്ന് ബൈബിളിൽ ചാട്ടവാറുമായി കടന്നുവന്ന കർത്താവ് ഇന്നും കടന്നുവരട്ടെ!

ദൈവത്തിനു സ്തുതി

# 2

# എന്റെ രൂപതാനുഭവങ്ങൾ

## ബിൻസി റസ്സൽ

1967 മാർച്ച് 9-ാം തീയതി ഒറവണക്കളത്തിൽ ഉതുപ്പിന്റെയും കോടത്ത് അന്നമ്മയുടെയും നാലാമത്തെ മകളായി മലേഷ്യയിൽ ജനിച്ചു. അന്ന് എന്റെ ചാച്ചൻ മലേഷ്യയിൽ ഒരു കാത്തലിക് സ്കൂളിൽ ടീച്ചർ ആയിരുന്നു. അന്ന് ചാച്ചനും നാലുമക്കളും സ്കൂൾവക ക്വാർട്ടേഴ്സിൽ താമസിച്ചു. ചാച്ചൻ പഠിപ്പിച്ച സ്കൂളിൽതന്നെ നാലുപേരും പഠിക്കുകയായിരുന്നു. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഒരു മകൻ കൂടി ജനിച്ചു. അവന്റെ പേര് ബിനു ജോൺ എന്നായിരുന്നു. അവൻ കല്യാണം കഴിച്ച് ഒരു കുഞ്ഞുണ്ടായതിന്റെ പത്താം ദിവസം മരിച്ചുപോയി. കുഞ്ഞിനിപ്പോൾ പത്തുവയസ്സുണ്ട്. അവനിപ്പോൾ അമ്മയുടെകൂടെ അമേരിക്കയിൽ താമസിച്ചു പഠിക്കുന്നു. ബിനു മരിച്ചപ്പോൾ നാടു മുഴുവൻ രൂപതാ ബിഷപ്പിന്റെ ശാപം ഒറവണക്കളം അനുഭവിക്കാൻ തുടങ്ങി എന്നായിരുന്നു സംസാരം. അതൊന്നും കേൾക്കാത്ത മട്ടിൽ ഞങ്ങൾ. ശപിക്കുന്ന ഒരു ദൈവമല്ലല്ലോ നമ്മുടേത്!

അങ്ങനെ എന്റെ മൂത്ത സഹോദരങ്ങൾ മൂന്നുപേരും ചാച്ചൻ പഠിപ്പിക്കുന്ന സ്കൂളിൽത്തന്നെ പഠിച്ചു. എനിക്ക് അഞ്ചുവയസ്സായപ്പോഴേക്കും അവിടെ സ്കൂളിൽ മലായി (Malay) മീഡിയം ആക്കിയതു കാരണം ഇളയ മൂന്നുമക്കളും അമ്മയും കൂടി നാട്ടിലേക്കു പോന്നു.

അപ്പോഴേക്കും ചാച്ചന് ബ്രൂണയ് (Brunei) എന്ന സ്ഥലത്ത് ഗവൺമെന്റ് സ്കൂളിൽ ടീച്ചറായി ജോലി കിട്ടി. മൂത്ത രണ്ട് സഹോദരങ്ങളും (ബൈജു & ബിജു) ആയി ബ്രൂണയിൽ എത്തി ഗവൺമെന്റ് ക്വാർട്ടേഴ്സിൽ താമസിച്ച് പഠിത്തം ആരംഭിച്ചു. അമ്മയും ബാക്കി മക്കളും നാട്ടിൽ (കുമരകം) വന്നു താമസിച്ചു . ബീല, ബിൻസി, ബിനു, ബെറ്റ്സി, ബഹിത ഞങ്ങൾ അഞ്ചുപേരും അമ്മയുമായി കുമരകത്ത് വീട്ടിൽ താമസിച്ചു. കഞ്ഞിക്കുഴി മൗണ്ട് കാർമ്മൽ സ്കൂളിൽ ചേർന്ന് പഠിച്ചു. കുറേക്കഴിഞ്ഞപ്പോൾ യാത്രാ ബുദ്ധിമുട്ടുകാരണം ഇറഞ്ഞാലിൽ ഒരു വീടുപണിത് അവിടെനിന്നും സ്കൂളിൽ പോയിവന്ന് പഠിച്ചു. കുമരകത്ത് വള്ളാറ പള്ളിയിൽനിന്നും ജനന സർട്ടിഫിക്കറ്റെല്ലാം മേടിച്ച്, ഹോളി ഫാമിലി ചർച്ചിൽ (കിഴക്കേ നട്ടാശ്ശേരി) ഇടവക ചേർന്നു. മറ്റു കൂദാശകൾ എല്ലാം സ്വീകരിച്ച് അവിടെ ഇടവകാംഗങ്ങളായി ചേർന്ന്, വേദപാഠം 10-ാം ക്ലാസുവരെ പഠിച്ചു, അവിടുത്തെ പെരുന്നാളും ഒരു പ്രാവശ്യം നടത്തി. യാതൊന്നിലും ഒരു കുറവും വരാതെ ജീവിച്ചു. മൂത്ത സഹോദരന്റെയും സഹോദരിയുടെയും കല്യാണം അവിടെനിന്ന് കുറി മേടിച്ചു നടത്തി. അവരുടെ കുഞ്ഞുങ്ങളുടെ മാമോദീസായും കോട്ടയം രൂപതയുടെ അരമനപള്ളിയിൽവച്ചുതന്നെ നടത്തി; സർട്ടിഫിക്കറ്റും വാങ്ങി. അതുകഴിഞ്ഞ് കുറച്ചുവർഷങ്ങൾക്കുശേഷം ബിജുച്ചായന്റെ കല്യാണം (രണ്ടാമത്തെ മകൻ ബിജു) വന്നപ്പോൾ വല്യമ്മ ലത്തീൻകാരി ആയതുകൊണ്ട് ബിജുച്ചായനെ കോട്ടയം രൂപതയിൽ ചേർക്കാൻ പറ്റത്തില്ല. ലത്തീൻ രക്തത്തിന്റെ കലർപ്പ് അവിടെ വന്നുപോലും. എന്തൊരു വിരോധാഭാസം. പിന്നെ ബിജുച്ചായന്റെ കല്യാണം നടത്താൻ മൂന്നു വർഷം കാത്തിരിക്കേണ്ടിവന്നു. അതു പിന്നെ ഇടവകവികാരിയുടെ അനുവാദം ഒന്നുംകൂടാതെ ഇൻഡ്യയിലെ പ്രൊനൂൺഷ്യോയും, പൗവ്വത്തിൽ പിതാവും ഇടപെട്ട് കോട്ടയം രൂപതയിലെ ഒരു അച്ചൻ തന്നെ മുൻകൈയ്യെടുത്ത് ആ കല്യാണം ആശീർവദിച്ചു.

ഇതിനിടയിലാണ് എന്റെ പ്രശ്നം കടന്നുവന്നത്. ബി.സി.എം. കോളേജിൽ ബി.എസ്.സി. മാത്സ് കഴിഞ്ഞപ്പോൾ എം.എസ്.സി ക്ക്

മാനേജ്മെന്റ് ക്വോട്ടായിൽ അപ്ലൈ ചെയ്തു. അഡ്മിഷനു വേണ്ടി അന്നത്തെ പ്രിൻസിപ്പാൾ ആയ സിസ്റ്റർ സാവിയോയുടെ ഓഫീസ് റൂമിൽ ചെല്ലാൻ പറഞ്ഞു. ഞാനും അമ്മയും കൂടെ സിസ്റ്ററിന്റെ മുറിയിൽ ചെന്നു. പൊടുന്നനവേ സിസ്റ്റർ പറഞ്ഞു: നിങ്ങൾ കോട്ടയം രൂപതയിൽ കള്ളത്തരത്തിൽ നുഴഞ്ഞുകയറി അഡ്മിഷനുവേണ്ടി വന്നിരിക്കുന്നു എന്ന്. പറഞ്ഞത് കേട്ട് ഞങ്ങൾ ഞെട്ടിപ്പോയി. അമ്മയുടെ ഞെട്ടൽ സ്വല്പം കഠിനമായിപ്പോയി. ഞാൻ സ്വല്പം ധൈര്യമുള്ളവളായിരുന്നതുകൊണ്ട് ഞാനതെല്ലാം തരണം ചെയ്തു. ഇങ്ങനെ പറഞ്ഞെങ്കിലും സിസ്റ്ററിന് ഒരു സീറ്റുണ്ട് അത് തരാം എന്നു പറഞ്ഞതു കാരണം അവിടെത്തന്നെ പഠിച്ച് എം.എസ്.സി. ഡിഗ്രി എടുത്തു; പി.ജി.ഡി.സി.എ. പഠിക്കാൻ ബാംഗ്ലൂരിൽ പോയി. ആ പഠന സമയത്താണ് പത്രത്തിൽ ഒരു കല്യാണപ്പരസ്യം കണ്ട് ചാച്ചൻ അതെനിക്കായി ആലോചിച്ചു. അത് നടത്താൻ രണ്ടുകൂട്ടരും സമ്മതം മൂളി. പെട്ടെന്ന് എന്തോ കാരണത്താൽ അതു മുടങ്ങി. അത് എന്തെന്ന് ഞങ്ങൾക്ക് അറിയില്ല. ഒരു വർഷം കഴിഞ്ഞ് ആ ആലോചന തന്നെ വീണ്ടും പത്രത്തിൽ വന്നു. വീണ്ടും അതുതന്നെ ആലോചിച്ചു. ഞങ്ങളുടെ ചിന്തയിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തന്നു, അവരുടെ രൂപതാ (ആലപ്പുഴ) ബിഷപ്പിനെ കണ്ട് സംസാരിക്കാനായിട്ട്. അങ്ങനെ പിതാവിനെക്കണ്ട് ചാച്ചനും അമ്മയും കൂടെ വിശദമായി സംസാരിച്ച് ഒരു തീരുമാനത്തിലെത്തി. പെൺകുട്ടിയെ ചെറുക്കന്റെ ഇടവകയിൽ ചേർത്തതിനുശേഷം അവിടെനിന്ന് കുറി മേടിച്ച് കോട്ടയം നല്ലിടയൻ പള്ളിയിൽ ചേർത്ത് വിവാഹം നടത്തിക്കൊള്ളാൻ പിതാവ് പറഞ്ഞു. അതനുസരിച്ച് തടസ്സമൊന്നും കൂടാതെ, അധികം ബന്ധുക്കളൊന്നും കൂടാതെ, എന്റെ കല്യാണം ഭംഗിയായി നടത്താൻ കർത്താവ് ഒപ്പം ഉണ്ടായിരുന്നു. എന്റെ ഭർത്താവിന്റെ പേര് റസ്സൽ ഇന്നസെന്റ്. ഞങ്ങൾക്ക് രണ്ട് ആൺകുട്ടികൾ. മൂത്തയാൾ അഡ്രിക് പെട്സൺ രാജഗിരി കോളേജിൽ എഞ്ചിനീയറിംഗ് രണ്ടാം വർഷം. ഇളയ മകൻ ബ്രിറ്റ്സൻ കാർമ്മിക് ആറാം ക്ലാസ്സിൽ. അങ്ങനെ ഞങ്ങളുടെ കുടുംബം സന്തോഷമായിക്കഴിയുന്നു.

ഇതിനിടയ്ക്ക് ക്നായിസത്തിലെ ചില അപ്രിയസത്യങ്ങൾ കൂടെ എഴുതി ചേർക്കുന്നു. പത്തിയൂർ റോസമ്മ എന്ന കായംകുളംകാരി (ഓർത്തഡോക്സ്) ഇപ്പോഴും ക്നാനായക്കാരി ആയിത്തന്നെ കോട്ടയം രൂപതാംഗമായി ജീവിക്കുന്നു. അവരുടെ ബർത്ത് സർട്ടിഫിക്കറ്റോ ഒന്നും ആർക്കും തിരക്കേണ്ട. അങ്ങനെ എത്ര ആൾക്കാർ കോട്ടയം രൂപത

യിൽ ജീവിക്കുന്നു. ഞങ്ങൾ ക്നാനായക്കാർത്തന്നെ എന്ന് വാമൊഴി യിൽ പറഞ്ഞാൽ മതി. കള്ളത്തരത്തിനാണ് കോട്ടയം രൂപതയിൽ സ്ഥാനം. അങ്ങനെ എത്രയോ ആൾക്കാർ കോട്ടയം രൂപതാംഗങ്ങളായി ജീവിക്കുന്നു. എന്തേ അവരുടെയൊക്കെ രക്തശുദ്ധിയെപ്പറ്റിയോ, ജന നസർട്ടിഫിക്കറ്റിനെപ്പറ്റിയോ, മാമോദീസാ സർട്ടിഫിക്കറ്റിനെയൊക്കെ തിര ഞ്ഞ്പിടിച്ചു കേസ് കൊടുത്ത് കോടതി കയറ്റാത്തത്? ഈ ഒറവണക്കളം കുടുംബത്തെ മാത്രം ക്നായിസത്തിന്റെ പേരിൽ ക്രൂശിക്കുന്നതെന്തിന്? കോട്ടയം രൂപത സത്യമായ ക്രിസ്തുവിനെ പ്രഘോഷിക്കുകയും സത്യ വിരുദ്ധമായ കാര്യങ്ങൾ രഹസ്യത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. രക്തശുദ്ധിക്കുവേണ്ടി ഒരു രൂപതയോ? വിഭാഗീയതയ്ക്കുവേണ്ടി ഒരു ദൈവമോ? കുമ്പസാരക്കൂടുകളൊക്കെ ഈ സത്യമല്ലാത്ത കാര്യം കേൾക്കുന്നതിനോ? ഏതായാലും രൂപതയില്ലാതെ അലഞ്ഞുനടന്ന അനാഥ ചിന്തകൾ എന്നെ ഇപ്പോഴും വിട്ടുമാറാതെ പിന്തുടരുന്നു. സത്യ സ്വരൂപനായ ക്രിസ്തു നയിക്കുന്ന ഒരു കോട്ടയം രൂപത ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. അങ്ങനെ സാത്താന്റെ ഭരണം സഭയിൽനിന്ന് പുറത്താകട്ടെ എന്ന് ആശംസിക്കുന്നു. രൂപത വിട്ട് മറ്റു രൂപതയിൽ നിന്ന് വിവാഹം ചെയ്യുന്നവരെ പുറത്താക്കുന്ന ഒരു നിയമം കോട്ടയം രൂപ തയ്ക്കുണ്ടെങ്കിൽ അത് രഹസ്യമായി വയ്ക്കുന്നതെന്തിന്? അത് പബ്ലിക്ക് നിയമമാക്കിക്കൂടെ? അങ്ങനെ രണ്ടു വർഷത്തോളം ഈ വിവാഹത്തി നുവേണ്ടി കാത്തിരുന്ന് വേദന അനുഭവിച്ചവളാണ്. ആ വേദനയുടെ തിരത്തള്ളലിൽ സത്യത്തിന്റെ ചെപ്പു തുറന്ന് വായിച്ച് സത്യാവസ്ഥ മന സ്സിലാക്കിയവളാണ് ഞാൻ. എന്റെ മാതാപിതാക്കന്മാരുടെ വേദനയും കണ്ടു മനസ്സിലാക്കിയവളാണ് ഞാൻ.

ഞാനറിഞ്ഞ സത്യാവസ്ഥയിൽനിന്ന് എഴുതിക്കുറിച്ച ഭാഗങ്ങളാണി ത്രയും. തെറ്റുണ്ടെങ്കിൽ ദൈവം എന്നോട് ക്ഷമിക്കട്ടെ.

# 3

# നീതി ജലം പോലെ...

## ഫാ. ജേക്കബ് ചൊള്ളമ്പേൽ

*(റവ. ഫാ. ജേക്കബ് ചൊള്ളമ്പേലുമായി പത്രാധിപർ 2014 ജൂലൈ 27-ന് നടത്തിയ അഭിമുഖസംഭാഷണത്തിൽ നിന്ന്...)*

ഉതുപ്പിന്റെ കല്യാണത്തിന്റെ കാര്യം ഇതിനുമുൻപ് ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഓതറയിൽ ചെന്ന അവസരത്തിൽ നെടുങ്ങാട്ടച്ചൻ പറഞ്ഞാണ് ഞാനറിഞ്ഞത്. അമേരിക്കയിൽ നിന്നും തിരിച്ചുവന്നിട്ടാണ് ഇതു കേസായെന്ന വിവരം ഞാനറിയുന്നത്. ബിജുവിന്റെ സഹോദരിമാരുടെ വിവാഹവും ഇവിടെത്തന്നെയല്ലേ നടന്നത്? ഒരു സാമാന്യ മര്യാദയോ സാമാന്യ നീതിയോ ഈ വിവാഹത്തിനു കൊടുക്കുന്നില്ലല്ലോ എന്നാണ് ഇതു കേസ് ആയി എന്നു കേട്ടപ്പോൾ എനിക്കു തോന്നിയത്. അങ്ങനെയിരിക്കെയാണ് ബിഷപ്പ് പാസ്റ്ററൽ കൗൺസിലും പ്രസ്ബിറ്റേറിയൻ കൗൺസിലും വിളിച്ചുകൂട്ടുന്നത്. ഞാനന്ന് പ്രസ്ബിറ്റേറിയൻ കൗൺസിലിലെ അംഗമാണ്. കേസിന്റെ ബാക്കി നീക്കത്തെപ്പറ്റിയാണു ചർച്ച. ഈ വിവാഹം നടത്തിക്കൊടുക്കരുത് എന്ന രീതിയിലായിരുന്നു എല്ലാവരും സംസാരിച്ചത്. വേറെ ആരും ഇതിനെതിരെ സംസാരിക്കാതെ വന്നപ്പോൾ ഏകകണ്ഠമായി തീരുമാനം എടുക്കാമെന്ന സ്ഥിതി വന്നു.

അപ്പോൾ ഞാൻ കൈയ്യുയർത്തി, എനിക്കൊരു കാര്യം പറയാനുണ്ട് എന്നുപറഞ്ഞു. ഞാൻ പറഞ്ഞു: "സഭയെ സംബന്ധിച്ചിടത്തോളം, ഇദ്ദേഹം സഭയിലെ ഒരംഗമാണ്, ഒരു വിശ്വാസിയാണ്. ഇദ്ദേഹത്തിന്റെ സഹോദരങ്ങളുടെ വിവാഹം നാം നടത്തിക്കൊടുത്തതാണ്. അതു കൊണ്ട് സാമാന്യരീതിയിൽ ആ വിവാഹം നടത്തിക്കൊടുക്കണം. എന്നുള്ളതാണ് എന്റെ അഭിപ്രായം". അപ്പോൾ ചിലർ എഴുന്നേറ്റ് അതു പറ്റില്ല, അയാൾ ഒരു വിശ്വാസിയല്ല എന്ന രീതിയിൽ പറഞ്ഞു. അപ്പോൾ ഞാൻ, വിശ്വാസം എന്നത് ക്നാനായ സമുദായത്തിലുള്ള വിശ്വാസം അല്ല എന്നു പറഞ്ഞു. വലിയ ബഹളം ഉണ്ടാകാതിരിക്കുന്നതിനായി ഞാൻ പിന്നീടൊന്നും പറഞ്ഞില്ല. അന്നും ഉതുപ്പിനെ ഞാൻ കണ്ടിട്ടില്ല. ഇതുകഴിഞ്ഞ് ഏകദേശം ഒരുമാസം കൂടി കഴിഞ്ഞാണ് ഉതുപ്പ് എന്നെ കാണാൻ പിറവത്തു വരുന്നത്. അന്നത്തെ കൗൺസിലിനുശേഷം വൈദി കരും മറ്റുള്ളവരും ഈ വിവാഹം ഒരു വിധത്തിലും അനുവദിച്ചുകൊടു ക്കരുതെന്നാണു പ്രഖ്യാപിച്ചത്. അതിനുവേണ്ടി സിവിൽ കോടതിയിൽ അപ്പീൽ കൊടുക്കാമെന്നും വേണ്ടിവന്നാൽ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാമെന്നും അവർ പറഞ്ഞു. അപ്പോഴേക്കും അവൻ വാർദ്ധക്യമെത്തും! ഞാനിതു കേട്ട് വല്ലാതെ അസ്വസ്ഥനായി. ഇതല്ലല്ലോ ശരി, ഇവർ പറഞ്ഞത് എന്നെ വല്ലാതെ ബാധിച്ചു. ഞാൻ തിരിച്ചുപോ ന്നു. ഞാൻ കൗൺസിലിൽ ഉതുപ്പിനെ പിന്തുണച്ചുകൊണ്ട് പറയാൻ പാടില്ലായിരുന്നു എന്നായിരുന്നു പൊതുവായ സംസാരം. സിവിൽ കേസ് ആയാൽ അടുത്ത കാലത്തെങ്ങും വിവാഹം നടക്കില്ല. ഒരു ചെറുപ്പ ക്കാരനായ ഇയാളുടെ ആവശ്യം (ഞാനും യുവത്വം കഴിഞ്ഞുവന്നയാ ളാണല്ലോ) സഭയിൽ തടസ്സപ്പെടുത്തുവാൻ പാടില്ല എന്നതായിരുന്നു എന്റെ താത്പര്യം. അപ്പോൾ അവർ പറയുന്ന ന്യായം, അതിന് അവനു വേണ്ട എല്ലാ സൗകര്യവും കൊടുക്കാം. പക്ഷേ അതിനു നമ്മുടെ ഇട യിൽനിന്നും പറ്റില്ല. അതൊരു അനീതിയായിട്ടാണ് എനിക്കു തോന്നിയത്.

– "ബ്രൂട്ടസേ നീയുമോ?" എന്ന പേരിൽ എനിക്കെതിരെ ഒരു കത്ത് പ്രസിദ്ധീകരിച്ചു.

– കത്തിന് ഞാൻ ഇങ്ങനെയാണ് മറുപടി കൊടുത്തത്: "സഭയുടെ നിയമം അനുസരിച്ച് ഞാൻ ചെയ്തു കൊടുത്ത ഒരു കൂദാശാകർമ്മം, അതിൽ കുറ്റാരോപിതനാകുന്നതിൽ എനിക്കതിശയം തോന്നുന്നു. സഹോദരാ, അതു ക്രിസ്തീയമല്ല"

സഭയിൽ മാമ്മോദീസാ മുങ്ങിയ ഒരാളെ വിവാഹം കഴിക്കുന്നു എന്ന കാരണത്താൽ പുറത്തോട്ടു പറഞ്ഞുവിടുന്നത് ശരിയാണോ എന്ന് എനിക്കറിയില്ല. സ്വവംശവിവാഹ പാരമ്പര്യം നിലനിർത്തേണ്ടത് സഭയാണോ? ഒടേതമ്പുരാന് എല്ലാവരും ഒരുപോലെയാണ്. ഇതൊരു പ്രശ്നമായിട്ടു വരാത്തതെന്താണെന്നുവച്ചാൽ, മുന്നിട്ടിറങ്ങാനും നേതൃത്വം നൽകാനും ആരും തയ്യാറല്ല. ഇതു ചെയ്യേണ്ടത് അധികാരികൾ ആണ്. അവരാകട്ടെ, മൗനം പാലിക്കുന്നു.

# 4

# ഒരു അനുസ്മരണം

ഫാ. മാത്യു കണിയാന്ത്രമാലിൽ ഒ.എസ്.എച്ച്.
(ഫോർമർ സുപ്പീരിയർ ജനറൽ)

എന്റെ വല്യമ്മച്ചിയുടെ സഹോദരീപുത്രൻ കുമരകത്ത് ഒറവണക്കളം കൊച്ച് (ഉതുപ്പ്സാർ) കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് ഒരുവർഷം തികയുകയാണ്. കുടുംബാംഗങ്ങൾ സ്നേഹപൂർവ്വം പുറത്തിറക്കുന്ന സ്മരണികയിൽ എന്റെ അമ്മ പറഞ്ഞു ഞാൻ കേട്ടിട്ടുള്ളതും എനിക്ക് നേരിട്ടറിയാവുന്നതുമായ ചില ഓർമ്മകൾ ഞാൻ ഇവിടെ കുറിക്കുകയാണ്.

ബാല്യം മുതലേ കൊച്ച്, മിടുക്കനും പഠനത്തിൽ സമർത്ഥനുമായിരുന്നു. പ്രാരംഭ വിദ്യാഭ്യാസം കുമരകം ഗവൺമെന്റ് സ്കൂളിലും തുടർന്ന് കോട്ടയം എസ്.എച്ച്. മൗണ്ട് സ്കൂളിലുമായിരുന്നു. മുൻ കോട്ടയം ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി ഉതുപ്പിന്റെ സഹപാഠിയായിരുന്നു. മുൻ കോട്ടയം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ തോമസ് തറയിൽ തിരുമേനി അന്ന് അവിടെ ഹെഡ്മാസ്റ്ററായിരുന്നു. അദ്ദേഹത്തിന്റെ മാനസപുത്രനായിരുന്നു ഉതുപ്പ്. ഉതുപ്പിന്റെ വല്യമ്മ ഹെഡ്മാസ്റ്ററുടെ സ്വന്തം ഇടവകയായ കൈപ്പുഴ ഏലൂർ വീട്ടിലെ ആയിരുന്നു. ഇവരെ നട്ടാശ്ശേരി ചൂട്ടുവേലി വീട്ടിൽ വിവാഹം ചെയ്തു അയച്ചു. തറ

യിൽ പിതാവ് സായാഹ്ന സവാരിക്കിറങ്ങുമ്പോൾ ഈ വീട് മിക്കവാറും സന്ദർശിക്കുമായിരുന്നു. കാരണം ഒരു ഇടവകയാണല്ലോ! ഉതുപ്പിന്റെ ജീവിതത്തിലെ പ്രധാന കാര്യങ്ങളിൽ എല്ലാം അഭിവന്ദ്യ തറയിൽ തിരുമേനിയുടെ വലിയ സ്വാധീനമുണ്ടായിരുന്നു. ഉതുപ്പിന്റെ ഭാര്യ ബേബി തറയിൽ തിരുമേനിയുടെ സ്നേഹിതൻ ഓതറ കോടത്ത് ചാക്കോയുടെ മകളായിരുന്നു.

ചെറുപ്പം മുതലേ കുമരകത്ത് വെള്ളവും വള്ളവുമായി പരിചയിച്ചു പോന്ന ഉതുപ്പ് സ്കൂൾ വള്ളംകളിമത്സരങ്ങളിലെല്ലാം മുന്നിലായിരുന്നു. ചിലപ്പോഴെല്ലാം വള്ളത്തിന്റെ ക്യാപ്റ്റനും അമരക്കാരനുമായിരുന്നു.

ഹൈസ്കൂൾ പഠനവും ട്രെയിനിങ്ങും വിജയകരമായി പൂർത്തിയാക്കിയ ഉതുപ്പ് കുമരകം ഗവൺമെന്റ് സ്കൂളിൽ അദ്ധ്യാപകനായി പ്രവേശിച്ചു. അവിടെ ആയിരിക്കുമ്പോൾ തന്നെ ബ്രൂണെയിലേക്ക് അദ്ധ്യാപകനായി പോയി. സുദീർഘവർഷങ്ങൾ അവിടെ അദ്ധ്യാപനം കഴിഞ്ഞ് റിട്ടയർ ചെയ്തശേഷമാണ് കോട്ടയത്തേക്ക് തിരിച്ചുവന്നത്. കോട്ടയത്ത് ഇറഞ്ഞാലിൽ താമസമാക്കിയ ഉതുപ്പ് കോട്ടയം അതിരൂപതയിലെ കിഴക്കേ നട്ടാശ്ശേരി പള്ളി ഇടവകാംഗമായി.

വലിയ സഭാ സ്നേഹിയും സമുദായ സ്നേഹിയുമായിരുന്ന ഉതുപ്പ് സാറിന്റെ ജീവിത സായാഹ്നം വളരെ സംഘർഷാത്മകമായിരുന്നു. തന്റേതല്ലാത്ത കാരണങ്ങളാൽ നേരിടേണ്ടിവന്ന അഗ്നിപരീക്ഷണങ്ങൾ അസഹനീയങ്ങളായിരുന്നു. കടുത്ത വിമർശനങ്ങളും ഒറ്റപ്പെടുത്തലുകളും കല്ലേറുകളും സ്വീകരിക്കേണ്ടിവന്നു. തന്റെ അസ്ഥിത്വത്തിനും നിലനിൽപ്പിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ തികഞ്ഞ ആത്മസംയമനവും സമചിത്തതയും അദ്ദേഹം പാലിച്ചു, അടിയുറച്ച ദൈവവിശ്വാസവും സഭാസ്നേഹവും വഴി ഈ സഹനങ്ങളെയെല്ലാം രക്ഷാകരമാക്കി മാറ്റുവാൻ അദ്ദേഹത്തിനു സാധിച്ചു, തളരാതെയും തകരാതെയുമുള്ള ഈ കുരിശുയാത്ര അദ്ദേഹത്തിന്റെ ആത്മീയവിശുദ്ധിയുടെ ഒന്നാംതരം തെളിവാണ്.

ഈ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന് ശക്തി പകർന്നിരുന്നത് തന്റെയും മറ്റനേകരുടെയും പ്രാർത്ഥനയുടെ ഊർജ്ജമാണ്. തന്റെ പ്രിയ ഭാര്യയുടെയും മക്കളുടെയും പൂർണ്ണപിന്തുണ ഒരു വലിയ ശക്തിയായിരുന്നു. കൂടാതെ, കോട്ടയത്തും പരിസരങ്ങളിലുമുള്ള അനേകം വൈദി

കരുടെയും, അത്മായരുടെയും നിർലോഭമായ പ്രാർത്ഥനയും പിന്തുണയും ഉണ്ടായിരുന്നു. ഉതുപ്പ് സാർ ഈ കാലഘട്ടത്തിൽ പ്രാർത്ഥനയുടെ ഒരു വലിയ മനുഷ്യനായി മാറിയിരുന്നു.

അദ്ദേഹത്തിന്റെ മരണക്കിടക്കയിൽ കോട്ടയം അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് തിരുമേനി അദ്ദേഹത്തെ സന്ദർശിച്ച് പ്രാർത്ഥിച്ചത് അദ്ദേഹത്തിന് വലിയ സന്തോഷവും ആശ്വാസവും പ്രദാനം ചെയ്തു. കോട്ടയം അതിരൂപതയുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധത്തിന്റെ ഒന്നാംതരം ഉദാഹരണമായിരുന്നു ഈ കൂടിക്കാഴ്ചയും പ്രാർത്ഥനയും. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് നിത്യതയിൽ ലയിച്ചു. സത്യത്തിലും ആത്മാവിലും നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതപോരാട്ടം അനേകർക്ക് മാതൃകയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# 5

# ഭിന്നത പതനത്തിലേക്ക്

ഫാ. ജയിംസ് മഞ്ഞാക്കൽ
എം.എസ്.എഫ്.എസ്.

1979-ൽ കോട്ടയം ലൂർദ് ഫെറോന പള്ളിയിൽവച്ച് ഞാൻ നടത്തിയ ആദ്യ കരിസ്മാറ്റിക് ധ്യാനത്തിൽ അന്നമ്മ ഒറവണക്കളം പങ്കെടുത്തിരുന്നു. ഉതുപ്പച്ചായനും കുടുംബവുമായുള്ള എന്റെ ബന്ധം അന്നാരംഭിച്ചതാണ്. കഴിഞ്ഞ 18 വർഷങ്ങളായി ഞാൻ യൂറോപ്പിലാണ്. കേരളത്തിലെ സഭാരാഷ്ട്രീയത്തിൽ പ്രവേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സത്യം അപ്രിയമാണ്. സത്യം തുറന്നുപറയുമ്പോൾ, ആർക്കെങ്കിലും വേദനിക്കുന്നെങ്കിൽ ദയവായി ക്ഷമിക്കുക. ഞാൻ സത്യത്തിനുവേണ്ടി നിലകൊള്ളുന്നു. കാരണം സത്യത്തിനുമാത്രമെ നമ്മെ സ്വതന്ത്രരാക്കാനാവൂ (സൂചന: യോഹ. 8:32).

ഞാൻ വീട്ടിലായിരുന്നപ്പോൾ, 'തെക്കുംഭാഗർ' എന്നറിയപ്പെടുന്നവർക്ക് കോട്ടയം രൂപത എന്നൊന്ന് ഉണ്ടായിരുന്നതായി എനിക്കറിവില്ലായിരുന്നു. കാരണം, അത്തരക്കാർ ഞങ്ങളുടെ പ്രദേശത്തില്ലായിരുന്നു. ആറുമാനൂരിലെ മൗണ്ട് മേരി മൈനർ സെമിനാരിയിൽ ചേർന്നതിനു ശേഷമാണ് ഇക്കാര്യം ഞാനറിയുന്നത്. കോട്ടയം രൂപതയിൽനിന്നുള്ള

വൈദികാർത്ഥികളെ ‘ചാരം കൊട്ടികൾ’ എന്നുവിളിച്ച് ഞങ്ങൾ കളിയാക്കിയിരുന്നു. ഈ പ്രത്യേക രൂപത രക്തശുദ്ധി പാലിക്കുന്നുവെന്നും കത്തോലിക്കാ സഭയ്ക്ക് ഒരു അപ്പൻഡിക്സ് ആണെന്നും ചിലർ വിശദീകരിച്ചു. “ഒരു രൂപത നാലാം നൂറ്റാണ്ടുമുതൽ രക്തശുദ്ധി പാലിക്കുന്നുവെങ്കിൽ, അത് സഭയിലെ ഒരു അപ്പെൻഡിസൈറ്റിസ് ആണല്ലോ. കാരണം രക്തം ഇതിനകം ചീഞ്ഞുകാണും” എന്ന് ഞാൻ തമാശയായി പറഞ്ഞു. അവർക്ക് സ്വന്തം ആൾക്കാരോട് വലിയ സ്നേഹമാണ്. അവരുടെ നൃത്തത്തിലും, പാട്ടുകളിലും മദ്യം വിളമ്പുന്നതിലും പരമ്പരാഗതമായ പെരുമാറ്റശൈലിയുണ്ട്. അവർ തങ്ങളുടെയിടയിലേയ്ക്ക് മറ്റാരെയും മാമ്മോദീസയിലൂടെ ചേർക്കുകയില്ലായെന്ന് അറിഞ്ഞപ്പോൾ എനിക്കു ദേഷ്യം വന്നു. കാരണം സുവിശേഷം പ്രഘോഷിക്കുകയും ജ്ഞാനസ്നാനം നൽകുകയും ചെയ്യുവിൻ എന്ന യേശു കല്പനയ്ക്ക് (സൂചന: മർക്കോസ് 16:15) വിരുദ്ധമായാണല്ലോ അവർ പ്രവർത്തിക്കുന്നത്. ഈ രൂപത എണ്ണത്തിൽ വളരുന്നത് പ്രേഷിതപ്രവർത്തനത്തിലൂടെയല്ല, പിന്നെയോ ജനനം വഴിയാണെന്നു തിരിച്ചറിഞ്ഞപ്പോൾ, രൂപത ഒരു കടങ്കഥയായി എനിക്കു തോന്നി.

ബൈബിളിൽനിന്ന് നാം മനസ്സിലാക്കുന്നത് യേശുക്രിസ്തു ഒരു സഭ മാത്രം സ്ഥാപിച്ചുവെന്നും, കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരത്തോടെ ദൈവരാജ്യത്തിന്റെ താക്കോലുകൾ അതിനെ ഏൽപ്പിക്കുകയും ചെയ്തുവെന്നുമാണ്. അവിടുന്ന് സഭ സ്ഥാപിച്ചത് അപ്പസ്തോലനായ പത്രോസിന്റെ മേലാണ്. മാർപ്പാപ്പയാകട്ടെ, പത്രോസിന്റെ പിൻഗാമിയും. നാം ചുറ്റുപാടും കാണുന്ന പതിനായിരക്കണക്കിനു സഭകളും സഭാവിഭാഗങ്ങളും യേശുക്രിസ്തു സ്ഥാപിച്ചതല്ലായെന്ന് വ്യക്തമാണ്. കർത്താവിൽനിന്ന് അധികാരമോ, ശക്തിയോ ഇല്ലാതെ അവ സ്ഥാപിച്ചത് മനുഷ്യരാണ്.

ലോകമെമ്പാടുമുള്ള കത്തോലിക്കർ വിശ്വാസപ്രമാണത്തിൽ ഏറ്റു ചൊല്ലുന്നു: “ഏകവും അപ്പസ്തോലികവും കാതോലികവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു” എന്ന്. എന്നാൽ നാം ഈ ഏകമായ കത്തോലിക്കാസഭയിൽ കാണുക, റീത്തിന്റെയും ശുദ്ധരക്തത്തിന്റെയും അടിസ്ഥാനത്തിലുള്ള നിരവധി സഭകളാണ്. ഭിന്നതകൾ സർവ്വതും വരുന്നത് പിശാചിൽ നിന്നാണ്, കാരണം അത് വിദ്വേഷത്തിന്റെയും വിഭാഗീയതയുടെയും ആത്മാവാണ്. അവൻ നമ്മുടെ ശത്രുവാണ്. ശത്രു വരു

ന്നതാവട്ടെ നശിപ്പിക്കാനും തകർക്കാനുമാണ്. (സൂചന: യോഹ. 10:10). ഏതു സമൂഹത്തിലും വിഭാഗീയത കൊണ്ടുവരുന്നത് സാത്താനാണ്. പരിശുദ്ധാത്മാവാകട്ടെ ഐക്യവും. നിർഭാഗ്യവശാൽ സഭയുടെ ആരംഭം മുതൽ സാത്താൻ വിഭജനത്തിന്റെ വിത്തു വിതയ്ക്കാൻ ശ്രമിക്കുകയാണ്. "ഐക്യമെന്നത് ഐകരൂപ്യമല്ലാ" യെന്ന മുദ്രാവാക്യം ചൊല്ലുന്ന ഇന്നത്തെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വാദഗതികളും സാത്താനിൽനിന്നും വരുന്നു. "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ" (സൂചന: യോഹ. 17:11) എന്ന് പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനോഭാവമനുസരിച്ചുള്ള ഏക സഭയാകരുത് എന്നതാണ് സാത്താന്റെ പദ്ധതി.

തോമാശ്ലീഹായും, ഫ്രാൻസീസ് സേവ്യറും, കാനായിലെ തോമസും ഭാരതത്തിൽ വന്നത് തങ്ങളുടെ പേരിൽ സഭ സ്ഥാപിക്കാനല്ല, പിന്നെയോ രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനാണ്. അവർ സഭയെ പ്രഘോഷിച്ചെങ്കിൽ, അവരെല്ലാവരും പ്രഘോഷിച്ചത് വിഭജിക്കപ്പെടാത്ത ഏകവും പരിശുദ്ധവുമായ കത്തോലിക്കാ സഭയെയാണ്. അല്ലാതെ കൽദായ സഭയോ, പേർഷ്യൻ സഭയോ, ക്നാനായ സഭയോ അല്ല. അതുകൊണ്ട് ഇന്നത്തെ സീറോ മലബാർ സഭയോ, മലങ്കര സഭയോ, ക്നാനായ സഭയോ ദൈവത്തിന്റെ പദ്ധതിയനുസരിച്ചുള്ളവയല്ല; നേരെ മറിച്ച്, മനുഷ്യർ രൂപം കൊടുത്തവയാണ്. ആദിമസഭയിലെ അസൂയയേയും മാത്സര്യത്തേയും കുറിച്ച് പൗലോസ് അവരെ ശാസിച്ചു. അവ വരുന്നത് ജഡപ്രകൃതത്തിൽനിന്നും മാനുഷികാഭിലാഷത്തിൽനിന്നുമാണ് എന്നദ്ദേഹം പറഞ്ഞു. "എന്തെന്നാൽ, നിങ്ങൾ ഇപ്പോഴും ജഡികമനുഷ്യർ തന്നെ. നിങ്ങളുടെയിടയിൽ അസൂയയും തർക്കവും നിലനിൽക്കുമ്പോൾ നിങ്ങൾ ജഡികരും സാധാരണക്കാരുമല്ലേ? ലൗകികരായതുകൊണ്ടല്ലേ നിങ്ങളിൽ ചിലർ പൗലോസിന്റെ ആളാണ് എന്നും ചിലർ അപ്പോളോസിന്റെ ആളാണ് എന്നും പറഞ്ഞുനടക്കുന്നത്? അപ്പോളോസ് ആരാണ്? പൗലോസ് ആരാണ്? കർത്താവു നിശ്ചയിച്ചുതന്നതനുസരിച്ച് നിങ്ങളെ വിശ്വാസത്തിലേക്കു നയിച്ച ശുശ്രൂഷകർ മാത്രം" (1 കൊറി. 3:3-5).

പ്രാദേശിക പാരമ്പര്യവും സംസ്കാരവും ഉൾച്ചേർന്ന വ്യത്യസ്ത രീതിയിലുള്ള പ്രാർത്ഥനയും ആരാധനക്രമവും നല്ലതാണ്, കാരണം

വൈവിധ്യം സൗന്ദര്യമേകുന്നു. മാത്രമല്ല, അത് അക്രൈസ്തവരുടെയി ടയിലെ സുവിശേഷ പ്രവർത്തനത്തെ സഹായിക്കും. നേരെ മറിച്ച്, പ്രാർത്ഥനകളും ആരാധനാക്രമവും മറ്റു സംസ്ക്കാരങ്ങളിലും രാജ്യ ങ്ങളിലും നിന്ന് ഇറക്കുമതി ചെയ്യുമ്പോൾ അവ നാട്ടുകാർക്ക് ആകർഷ കമാവില്ല; ഭാരതത്തിലെ ഹിന്ദുക്കൾ കത്തോലിക്കാ സഭയെ വിദേശ മതമായി വീക്ഷിക്കുന്നതിന്റെ ഒരു കാരണം ഇതാണ്. സഭ റോമനാണ്, കൽദായമാണ്, സിറിയനാണ്, എന്നാൽ ഭാരതീയമല്ല. ഏക റീത്തിലുള്ള ഒരു ഭാരത സഭ രൂപപ്പെടുന്നതിനെക്കുറിച്ച് കത്തോലിക്കാ സഭയിലെ നേതാക്കൾ ഗൗരവമായി ചിന്തിക്കേണ്ട സമയം വൈകിയിരിക്കുന്നു. റീത്ത്, എൻഡോഗമി തുടങ്ങിയവയുടെ ആവേശമാണ് സഭയിൽ ഭിന്നത ഉളവാക്കുന്നത്.

“ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പര സ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിക്ഷ്യ ന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും”(യോഹ. 13:34–35) എന്നു പറഞ്ഞ ക്രിസ്തുവിന്റെ മനോഭാവത്തിന് വിരുദ്ധമാണിത്. ഇന്ന് കത്തോ ലിക്കരുടെയിടയിൽ, അക്രൈസ്തവർക്ക് ക്രിസ്തുശിഷ്യരെ കണ്ടെത്താ നാകുന്നില്ലായെന്നത് നിർഭാഗ്യകരമാണ്. കാരണം, കത്തോലിക്കർ പര സ്പരം സ്നേഹിക്കുന്നില്ലാ!

യേശു പറഞ്ഞു: “... അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു” (യോഹ. 17:21). ലോകത്തിന്റെ രക്ഷകനായി പിതാവിനാൽ അയയ്ക്കപ്പെട്ടയാളാണ് യേശു എന്ന്, സഭയിലെ ഭിന്നത മൂലം ലോകം അറിയുന്നില്ല.

കേരള സഭ വിഭജിക്കപ്പെട്ടിരിക്കുന്നതുമൂലം സത്യത്തിന്റെയും നീതി യുടെയും വിഷയങ്ങളിൽ യോജിച്ച രാഷ്ട്രീയ നിലപാടുപോലും സ്വീക രിക്കാനാവുന്നില്ല. അതുകൊണ്ട് സർക്കാരുകൾ മാറിമാറി വരുമ്പോഴും സഭാനേതൃത്വം കഴുത്തു കുനിച്ച് ഭരണകക്ഷിക്ക്, അത് ഇടതോ, വലതോ ആവട്ടെ ഏറാൻ മൂളുന്നു. അവർക്ക് സത്യത്തിനുവേണ്ടി നിലകൊള്ളാ നുള്ള നട്ടെല്ല് ഇല്ലാതെ പോകുന്നു. പൊതു തിരഞ്ഞെടുപ്പുകൾ വരു മ്പോൾ ആർക്കു വോട്ടു കൊടുക്കണമെന്നതിനെച്ചൊല്ലി അവർ ഭിന്നിക്കുന്നു.

“അന്തശ്ഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തശ്ഛിദ്രമുള്ള നഗരമോ ഭവനമോ നിലനിൽക്കുകയില്ല'' (മത്തായി 12:25). സാത്താൻ കേരളസഭയെ വിഭജനങ്ങളിലൂടെ പാറ്റുകയാണ്. സിറിയ, ഇറാക്ക് തുടങ്ങി ഇതര മുസ്ലീം രാജ്യങ്ങളിലെ സഭയുടെയും വിശ്വാസികളുടെയും ദയനീയാവസ്ഥ നമുക്കറിവുണ്ട്. അവിടങ്ങളിലെ സഭ റീത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്. ശത്രുവിനെ നേരിടാനോ ഉറച്ചുനിൽക്കാനോ അവർ ഒന്നല്ല, ‘ഐകമത്യം മഹാബലം’ എന്ന പഴഞ്ചൊല്ല് ഏറെ പ്രസക്തമാണ്.

എൻഡോഗമിയിൽ അടിസ്ഥാനമിട്ട ഒരു രൂപത പരിഹാസ്യമാണ്. ദൈവഹിതത്തിനും യേശുവിന്റെ പ്രബോധനത്തിനും വിരുദ്ധമായി നിലകൊള്ളുന്നതിനെ ഉയർത്തിപ്പിടിക്കുകവഴി സഭയും ലജ്ജാപാത്രമാകുന്നു. ഒരു വംശത്തിന്റെയോ ജാതിയുടെയോ രക്തശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു രൂപത പോലും കത്തോലിക്കാ സഭ, അനുവദിച്ചിട്ടില്ല. എന്നാൽ കോട്ടയം രൂപത ഒരു അപവാദമാണ്! ജനങ്ങൾക്കിടയിൽ അസമത്വവും വിവേചനവും ഉളവാക്കുന്ന ജാതിസമ്പ്രദായത്തിനെതിരെ പോരാടുന്നതിന്റെ പേരിൽ, ഭാരതത്തിൽ അനേകം മിഷണറിമാർ പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷികളാവുകയും ചെയ്തിട്ടുണ്ട് എന്നു നമുക്കറിയാം. ജ്ഞാനസ്നാനം സ്വീകരിച്ച ഒരുവന്റെ സിരകളിലൂടെ ഒഴുകുന്നത് രക്ഷ പ്രദാനം ചെയ്യുന്ന ക്രിസ്തുവിന്റെ രക്തമാണെന്ന് ഓരോ ക്രിസ്ത്യാനിയും വിശ്വസിക്കുന്നു; സകലർക്കും ഒരേ രക്തമാണെന്നത് ഐക്യത്തിനുള്ള മറ്റൊരു കാരണം കൂടിയാണ്. കാൽവരിയിൽ യേശു ചൊരിഞ്ഞ രക്തത്തിൽ പങ്കാളികളാവുക വഴി ക്രിസ്ത്യാനികൾ, ക്രിസ്തുവിന്റെ സ്വന്തമായി തീരുന്നു. എൻഡോഗമി ഭ്രാന്തന്മാരുടെ വാദം, വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പ, ക്നാനായക്കാർക്കു നൽകിയതാണ് കോട്ടയം രൂപത എന്നാണ്. മാർപ്പാപ്പമാരും വിശുദ്ധരും പറഞ്ഞതും ചെയ്തതും ആയ എല്ലാക്കാര്യങ്ങൾക്കും അപ്രമാദിത്യമില്ലായെന്ന് നാമറിഞ്ഞിരിക്കണം. ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത് അവരും നമ്മിലൊരാളെപ്പോലെ മനുഷ്യരും പാപികളും ആയിരുന്നു. അവരും അബദ്ധങ്ങൾ കാട്ടിയിട്ടുണ്ടെന്ന് ചരിത്രം പറയുന്നു.

നരവംശ ശാസ്ത്രം പഠിച്ചിട്ടുള്ളവർക്ക് അറിയാം, മനുഷ്യചരിത്രത്തിൽ ഒരു വംശമോ ജാതിയോ അവരുടെ രക്തശുദ്ധി ഒരു നൂറ്റാണ്ടുപോലും നിലനിർത്തിയിട്ടില്ല. ക്നാനായക്കാർ മറ്റു രൂപതകളെപ്പോലെ വടക്കും

ഭാഗരുടെ ഇടയിൽ നൂറ്റാണ്ടുകൾ ജീവിച്ചുവെന്ന് സുവ്യക്തമാണ്. രക്ത ശുദ്ധി നഷ്ടപ്പെടാൻ അവരിലൊരാൾപ്പോലും വ്യഭിചാരം ചെയ്തിട്ടി ല്ലായെന്നത് മാനവചരിത്രത്തിനും നരവംശശാസ്ത്രത്തിനും കടകവിരു ദ്ധമാണ്. എൻഡോഗമി ഉപേക്ഷിച്ച്, മറ്റേത് രൂപതയെപ്പോലെ ഈ രൂപതയും നിലകൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്വവംശ വിവാഹം ആചരിക്കുന്നവർക്ക് തങ്ങളുടെ വ്യതിരിക്തത നിലനിർത്ത ണമെങ്കിൽ, അവർ രാഷ്ട്രീയ സമൂഹത്തിൽ അതിന്റെ സാമൂഹികവും സാംസ്ക്കാരികവുമായ സ്വഭാവം നിലനിർത്തട്ടെ. പരിശുദ്ധ കത്തോലി ക്കാസഭയിൽ വേണ്ട. എൻഡോഗമി ഭ്രാന്തന്മാർ, രണ്ടാം വത്തിക്കാൻ കൗൺസിൽ, ഇതര പ്രമാണരേഖകൾ തുടങ്ങിയവ ഉദ്ധരിച്ച് തങ്ങളുടെ വ്യാജ വാദഗതികൾ സ്ഥാപിക്കാൻ തത്രപ്പെടുന്നു. സർവ്വനുണകളും സാത്താനിൽനിന്നു വരുന്നുവെന്ന് നാം അറിയണം. "കാരണം അവൻ നുണയനും നുണയുടെ പിതാവുമാണ്" (യോഹ. 8:44).

ഞാൻ ഉതുപ്പച്ചായൻ എന്നുവിളിക്കുന്ന ശ്രീ. ഒ.എം. ഉതുപ്പിനെക്കു റിച്ച് എഴുതാം. 1991-ൽ കുമരകം സെന്റ് ജോൺസ് ക്നാനായ വെള്ളാ റപ്പള്ളിയിൽവച്ച് എന്റെ കൂടെ ആദ്യ കരിസ്മാറ്റിക് ധ്യാനം കൂടിയ നാൾ മുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. അവിടെവച്ച് അദ്ദേഹത്തിന് പരിശുദ്ധാത്മാവിന്റെ വലിയൊരനുഭവമുണ്ടായി. അത് അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. 20-ലേറെ വർഷം മലേഷ്യ, ബ്രൂണെ എന്നിവി ടങ്ങളിലെ അദ്ധ്യാപനവേളയിലുണ്ടായ തിക്താനുഭവങ്ങളിൽനിന്ന് അദ്ദേ ഹത്തിന് ആന്തരികസൗഖ്യം ലഭിച്ചു. ധ്യാനത്തിനുശേഷം കുമ്പസാര ത്തിനും കൗൺസിലിങ്ങിനുമായി അദ്ദേഹം ഇടയ്ക്കിടെ എന്നെ സന്ദർശി ക്കുമായിരുന്നു. എനിക്കറിവുള്ളിടത്തോളം അദ്ദേഹം ഒരു ശാന്തശീല നായിരുന്നു. ബൈബിളിൽ (സൂചന: മത്തായി 1:19) കാണുന്ന യൗസേപ്പുപിതാവിനെക്കുറിച്ചു പറയുന്നപോലെ നീതിമാനായിരുന്നു. അദ്ദേഹം ദയാലുവും പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും ഔദാര്യ പൂർവ്വം നൽകുന്നയാളുമായിരുന്നു. സുവിശേഷവത്ക്കരണത്തിൽ ഉത്സാ ഹമതിയായിരുന്നു; കഴിയുന്നത്ര സാമ്പത്തിക സഹായവും ചെയ്തി രുന്നു. കരിസ്മാറ്റിക് ധ്യാനം കൂടുന്നതിനുമുൻപ് തന്നെ അദ്ദേഹം ഞാൻ മേഖലാ ലീഡറായിരിക്കെ എന്റെ സുവിശേഷവത്ക്കരണവേലകളിൽ സഹായിച്ചിരുന്നു. അതിരമ്പുഴയിൽ കാരിസ്ഭവൻ പണിയുന്ന തിനെക്കുറിച്ച് പങ്കുവച്ചപ്പോൾ അദ്ദേഹം പണം തന്ന് എന്നെ സഹായിച്ചു;

കൂടാതെ ആ ധ്യാനകേന്ദ്രത്തിൽ ഒരു മുറി പണിയുകയും ചെയ്തു. എൻഡോഗമി തീവ്രവാദികൾ അദ്ദേഹത്തേയും അന്നമ്മയേയും ഭീഷണിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്തപ്പോഴെല്ലാം അവർ ആശ്വാസത്തിനും ശാന്തിക്കുമായി എന്റെ അടുക്കൽ എത്തിയിരുന്നു. നീതിക്കുവേണ്ടി കോടതിയിൽ പോരാടാൻ പോകുകയാണെന്ന് അവർ പറഞ്ഞപ്പോൾ സഭയ്ക്കും മെത്രാനുമെതിരെ വേണ്ടായെന്ന് ഞാൻ അവരോട് പറഞ്ഞു. അപ്പോൾ ഞാനൊരു ഭീരുവായിരുന്നുവെന്ന് ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു. ധ്യാനത്തിനും കൺവൻഷനുമായി കോട്ടയം രൂപതയിലെ സ്ഥാപനങ്ങൾ ഞാൻ ഉപയോഗപ്പെടുത്തിയിരുന്ന അക്കാലത്ത് എന്റെ സുവിശേഷവേലകൾക്ക് ഭംഗം വരുമോ എന്നതായിരുന്നു എന്റെ ഭയം. ഉതുപ്പച്ചായൻ മിക്കപ്പോഴും ഇങ്ങനെ പറയും: "ഞാൻ പോരാടുന്നത് നീതിക്കുവേണ്ടിയാണ്; ജയിക്കുമെന്ന് എനിക്കു തീർച്ചയില്ല, എനിക്ക് അങ്ങയുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും വേണം". അവരുടെ സഹനങ്ങൾ കണ്ട് ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഒരിക്കൽ എൻഡോഗമി തീവ്രവാദികൾ അവരുടെ ജീവന് ഭീഷണിയുയർത്തി. തങ്ങൾ വധിക്കപ്പെടുമെന്നും വീട് അഗ്നിക്കിരയാക്കപ്പെടുമെന്നും ഭയന്ന് അവർ ഒരിക്കൽ കാരിസ്ഭവനിൽ അഭയം തേടി.

അദ്ദേഹം സത്യത്തിനും നീതിക്കും വേണ്ടി നല്ല പോരാട്ടം നടത്തി. തന്റെ വിശ്വാസത്തിൽ സത്യസന്ധതയും ആത്മാർത്ഥതയും പുലർത്തി. അദ്ദേഹം വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും മനുഷ്യനായിരുന്നു. അദ്ദേഹം പിതൃഭവനത്തിലേക്ക് പോയതിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ വിശുദ്ധ പൗലോസിനെ ഉദ്ധരിച്ച് ഞാനിത് അവസാനിപ്പിക്കാം. "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്കു സമ്മാനിക്കും; എനിക്കു മാത്രമല്ല, അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തിമോ. 4:7-8).

സെപ്റ്റംബർ 15
വ്യാകുലമാതാവിന്റെ തിരുനാൾ

# 6

# കോട്ടയം രൂപതയും എന്റെ സഹോദരിയും

## കെ.സി. അബ്രാഹം

ഞാൻ കോടത്ത് കെ.സി. ചാക്കോയുടെയും ലില്ലി ചാക്കോയുടെയും നാലാമത്തെ മകൻ ആണ്. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് രജിസ്ട്രാർ ആയി റിട്ടയർ ചെയ്തു. എന്റെ മൂത്ത സഹോദരി ആണ് അന്നമ്മ ഉതുപ്പ്. കുമരകത്ത് കുഞ്ഞുകുട്ടിയുടെയും മറിയാമ്മയുടെയും മകനായ ഒറവണക്കളത്തിൽ ഉതുപ്പാണ് എന്റെ സഹോദരിയുടെ ഭർത്താവ്. ടീച്ചറായി കേരളത്തിലും മലേഷ്യ, ബ്രൂണയ് എന്നീ സ്ഥലങ്ങളിലും ജോലി നോക്കി റിട്ടയർ ചെയ്ത് കോട്ടയത്ത് താമസമായി. അവർക്ക് ഏഴുമക്കളുണ്ട്. നാലാമത്തെ മകൻ മരിച്ചുപോയി. അതിൽ ഒരു ആൺകുട്ടിയുമുണ്ട്. അവരെല്ലാവരും വിദേശത്തും നാട്ടിലുമൊക്കെയായി ജീവിക്കുന്നു. സഹോദരിയുടെ ഭർത്താവ് ഉതുപ്പ് കഴിഞ്ഞ സെപ്റ്റംബർ 22-ന് മരണമടഞ്ഞു. അദ്ദേഹത്തെക്കുറിച്ച് ഒരു സ്മരണിക എഴുതുന്നുണ്ട്. അതിൽ ഒരു ലേഖനം ഞാനും എഴുതാമെന്ന് വിചാരിച്ച് എഴുതുകയാണ്. എന്റെ ഓർമ്മയിൽ വരുന്ന മർമ്മപ്രധാനമായ ചില കാര്യങ്ങൾ. സഹോദരിയും ഞാനും തമ്മിൽ രണ്ടു വയസ്സിന്റെ വ്യത്യാസമേ

യുള്ളൂ. അപ്പോൾ അവരുടെ ഇതുവരെയുള്ള ജീവിതത്തെക്കുറിച്ച് വ്യക്തമായ ഓർമ്മയുള്ള ഒരാൾ ഞാൻ മാത്രമാണ്. എല്ലാം അറിയാമായിരുന്ന എന്റെ ജ്യേഷ്ഠസഹോദരൻ കെ.സി. പീറ്റർ (ടീച്ചർ) മരിച്ചുപോയി.

എന്റെ മാതാപിതാക്കന്മാരും മക്കളായ ഞങ്ങൾ കുടുംബം മുഴുവനും കിഴക്കനോതറ ലിറ്റിൽ ഫ്ളവർ ചർച്ച് (തിരുവല്ലാ രൂപത) ഇടവകാംഗങ്ങളാണ്. ഞങ്ങളുടെ വീട്ടിൽനിന്ന് കിഴക്കനോതറ പള്ളിയിലേക്ക് ഏകദേശം രണ്ട് കിലോമീറ്ററോളം ദൂരമുണ്ട്. അങ്ങനെ ഇരിക്കെയാണ് ഞങ്ങളുടെ വീടിനടുത്ത് കോട്ടയം രൂപത വക ഒരു ചാപ്പൽ പണിയുന്നതിന് കോട്ടയം രൂപതാ ബിഷപ്പായ തറയിൽ ബിഷപ്പും യൂറോപ്യൻ മിഷനറിമാരായ രണ്ടു അച്ചൻമാരും കൂടെ സ്ഥലം കാണുന്നതിനായി വന്നത്. പടിഞ്ഞാറ്റോതറ ഞങ്ങളുടെ വീടിന് എതിർവശത്തായി സ്ഥലം വന്ന് കാണുകയും, അടുത്ത് താമസിക്കുന്ന ഞങ്ങളെ വിളിച്ച് സംസാരിക്കുകയും ചെയ്തു. എന്റെ അച്ഛൻ P.W.D.-യിൽ ജോലി ചെയ്തിരുന്നതുകൊണ്ട് അതിനെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ചാപ്പൽ പണിയുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ആ സ്ഥലത്ത് ഹിന്ദുക്കളായിരുന്നു കൂടുതലും. അതുകൊണ്ട് ഒത്തിരി എതിർപ്പുകൾ ഉണ്ടായിരുന്നു. തർക്കത്തിലും വഴക്കിലും ഒക്കെയായി. എന്റെ അച്ഛൻ ഇടപെട്ട് അതെല്ലാം സമാധാനത്തിൽ ഒത്തുതീർപ്പിലായി. ചാപ്പലിന്റെ പണി തുടർന്നു. ഇടയ്ക്കിടയ്ക്ക് രൂപതാധ്യക്ഷൻ (കോട്ടയം) ഓതറ പള്ളി പണിയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാൻ വീട്ടിൽ വരുകയും അതിന്റെ പ്ലാൻ എല്ലാം നിശ്ചയിക്കുകയും പണി ആരംഭിക്കുകയും ചെയ്തു. മേൽനോട്ടം വഹിച്ചത് എന്റെ പിതാവാണ് (K.C. Chacko, P.W.D. Work Superintendent) ഒത്തിരി തടസ്സങ്ങളെല്ലാം തരണം ചെയ്ത് ചാപ്പലിന്റെ പണിതീർത്ത് കൂദാശാകർമ്മങ്ങളെല്ലാം രൂപതാധ്യക്ഷൻ (തറയിൽ ബിഷപ്പ്) നടത്തി. വീട്ടിൽവന്ന് കാപ്പികുടി കഴിഞ്ഞ് ഒത്തിരി നന്ദിയും പറഞ്ഞു തിരിച്ചുപോയി. ഞങ്ങളുടെ ഇടവകയായ കിഴക്കനോതറ പള്ളി ഞങ്ങളുടെ വീട്ടിൽനിന്ന് രണ്ടു കിലോമീറ്റർ അകലെയാണ്. അടുത്തൊരു പള്ളി ഉണ്ടെങ്കിൽ ഇത്രയും ദൂരം നടക്കണ്ടായല്ലോ കുർബാന കാണുന്നതിന് എന്നൊരു ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ ഞങ്ങൾക്ക്. അല്ലാതെ ഇവിടെ ഇടവക ചേരണമെന്നൊന്നും ഞങ്ങൾക്ക് തെല്ലും ഉദ്ദേശമില്ലായിരുന്നു. അന്നത്തെ കോട്ടയം രൂപതാവികാരി ജനറാൾ കണ്ടാരപള്ളി അച്ചനായിരുന്നു. അച്ചനെപ്പോഴും പിതാവിന്റെ കൂടെ വന്നിരുന്നു. ഒരു ചാക്കോ ബ്രദറും പിതാവിന്റെ കൂടെ വരുമായിരുന്നു.

അങ്ങനെ ചാപ്പലിന്റെ കാര്യങ്ങൾ മുറപോലെ നടന്നിരുന്നു. അങ്ങനെ ഇരിക്കെയാണ് റോഡിന് വീതികൂട്ടണമെന്ന് പറഞ്ഞ് ഒരു ബഹളം ഉണ്ടായി. പള്ളിയുടെ സൈഡിൽ അതിന് സ്ഥലം ഇല്ലായിരുന്നു. പള്ളിയുടെ മതിലും പള്ളിയുടെ സൈഡും പോകുമല്ലോ എന്നോർത്ത് കല്ലുകെട്ടി ഉണ്ടാക്കിയ എതിർവശത്തുള്ള ഞങ്ങളുടെ കയ്യാല പൊളിച്ചുമാറ്റി റോഡിന് സ്ഥലം കൊടുത്തു. അങ്ങനെ പ്രശ്നം തീർന്നു. അങ്ങനെ ചാപ്പൽ സുരക്ഷിതമായി. കോട്ടയത്തുനിന്ന് ഒരു വൈദികനും, മേൽപ്പറഞ്ഞ ചാക്കോ ബ്രദറും കൂടിവന്ന് ഞായറാഴ്ചകളിൽ മാത്രം കുർബാനചൊല്ലി വീട്ടിൽവന്ന് കാപ്പി കുടിച്ചിട്ട് പോകുമായിരുന്നു. ഒരു മൊടക്കാലിലച്ചനായിരുന്നു ആദ്യം വന്നിരുന്നത്. വള്ളോപ്പള്ളി അച്ചൻ, നെടുങ്ങാട്ടച്ചൻ, കൊരട്ടിലച്ചൻ, ഇടപറമ്പിലച്ചൻ, ചാക്കച്ചേരിലച്ചൻ ഇത്രയുംപേരെ ഓർക്കുന്നുള്ളൂ. പക്ഷേ ഞങ്ങൾ ഇപ്പോൾ മിക്കവാറും ഞങ്ങളുടെ ഇടവകപ്പള്ളി (കിഴക്കനോതറ) യിൽ ആണ് പോകുന്നത്. ഞങ്ങളുടെ മക്കളെയൊക്കെ മറ്റു രൂപതകളിലാണ് കല്യാണം കഴിച്ചിരിക്കുന്നത്. എന്റെ സഹോദരിയുടെ കല്യാണസമയത്ത് ചാക്കച്ചേരിലച്ചനും ഇടത്തിപ്പറമ്പിലച്ചനും ആയിരുന്നു. ഇവരെ രണ്ടുപേരെയും ഉതുപ്പിനറിയാം. അങ്ങനെ ഈ അച്ചന്മാരൊത്ത് ആണ് എന്റെ സഹോദരിയുടെ കല്യാണത്തെക്കുറിച്ച് ആലോചിച്ചതും പറഞ്ഞതും. പഠിച്ചുകൊണ്ടിരുന്ന കാലമായതുകൊണ്ട് കല്യാണാലോചനയിലൊന്നും എനിക്ക് ഇടപെടേണ്ട കാര്യമില്ലല്ലോ. ബിഷപ്പിനെ ചെന്നുകണ്ട് ഈ കാര്യങ്ങൾ ചർച്ച ചെയ്യുക എന്നു പറഞ്ഞതുകാരണം എന്റെ അച്ഛൻ, ഉതുപ്പിന്റെ അച്ഛൻ, അച്ഛന്റെ സഹോദരൻ, അദ്ദേഹത്തിന്റെ സഹോദരിയുടെ ഭർത്താവ് എന്നിവർ ഒന്നിച്ചാണ് അരമനയിൽ (കോട്ടയം) ചെന്നത്. അതിനുമുൻപ് ചാക്കോ ബ്രദറും ഉതുപ്പും കൂടെ വീട്ടിൽവന്ന് എന്റെ സഹോദരിയെ കാണുകയും സഹോദരിയെ ഇഷ്ടപ്പെട്ടു എന്നുപറയുകയും ചെയ്തതിനു ശേഷമാണ് കോട്ടയം ബിഷപ്പ് ഹൗസിൽ അവർ പോയത്. അന്ന് വികാരി ജനറാളായിരുന്ന കണ്ടാരപ്പള്ളി അച്ചനും പിതാവും കൂടി ചർച്ച ചെയ്ത് എന്റെ സഹോദരിയെ മാത്രം കോട്ടയം രൂപതപള്ളിയായ ലിറ്റിൽ ഫ്ളവർ ചർച്ചിലേക്ക് ഇടവക ചേർത്ത് വള്ളാറപ്പള്ളി, കുമരകം (ഉതുപ്പിന്റെ ഇടവക) കുറികൊടുത്ത് രണ്ടുപള്ളിയിലും വിളിച്ചുചൊല്ലു നടത്തി നടപടി അനുസരിച്ച് കല്യാണം നടത്തിക്കൊള്ളാൻ അനുവാദവും തന്നു. അങ്ങനെ ഒത്തുകല്യാണവും കെട്ടുകല്യാണവും പടിഞ്ഞാറ്റോതറയുള്ള കോട്ടയം രൂപതയുടെ പള്ളിയിൽവച്ച് രണ്ടും ക്രമമനുസരിച്ച് നടന്നു. അവർക്ക്

ഏഴുമക്കളും ഉണ്ടായി. മൂത്തമകന്റേയും മൂത്തമകളുടെയും കല്യാണവും അവരുടെ രണ്ടുപേരുടെയും മക്കളുടെ മാമോദീസായും അരമനപ്പള്ളിയിൽ (കോട്ടയം രൂപത) വച്ച് നടത്തി. മൂന്നാമത്തെ മകൻ ബിജുവിന്റെ കല്യാണം വന്നപ്പോഴാണ് പ്രശ്നം ഉണ്ടായത്. ഏകദേശം 33 വർഷം കഴിഞ്ഞ്, ജയിംസ് മാക്കീലിന്റെ അനിയന്റെ (മൈസൂർ) മകളെ ആലോചിച്ചപ്പോഴാണ് ബിജുവും അവന്റെ അമ്മയും ക്നായിത്തൊമ്മന്റെ മക്കളല്ല എന്ന് തെളിഞ്ഞത്. കോട്ടയം രൂപതയിൽ ജാരസന്തതികളൊന്നുമില്ലേ എന്ന് ഞാൻ ശങ്കിച്ചുപോകുന്നു. ക്നായിസത്തിന്റെ പരിശുദ്ധിയെക്കുറിച്ചൊന്നും അറിയത്തുമില്ല, അന്വേഷിക്കേണ്ട കാര്യവുമില്ല. ഇങ്ങനെ ഒരു സംഭവം വന്നതുകൊണ്ട് എഴുതിപ്പോയെന്നേയുള്ളൂ. കോട്ടയം രൂപതയുടെ അനുവാദം ഒന്നും കൂടാതെ ഡൽഹിയിലുള്ള റോമിന്റെ പ്രതിനിധി ഇന്റർ നുൺഷ്യോയുടെ അനുവാദത്തോടെ കോട്ടയം രൂപതയിലെ ഒരു ചൊള്ളമ്പേലച്ചൻ അവന്റെ വിവാഹം ആശീർവദിച്ചു. മൂന്നു വർഷത്തെ കാത്തിരിപ്പിനുശേഷം അവന് ഒരു പെൺകുട്ടിയും ജനിച്ചു. 10 വയസ്സു കഴിഞ്ഞപ്പോൾ അമേരിക്കയിൽവച്ച് അങ്ങാടിയത്ത് പിതാവിന്റെ അധികാരപരിധിയിലുള്ള കോട്ടയം രൂപതയിൽപ്പെട്ട ഒരച്ചൻ മാമോദീസ എന്ന കൂദാശ നടത്തിക്കൊടുത്തു എന്നാണെന്റെ അറിവ്. ആ കൊച്ചിന് അവന്റെ ഇടവകയായ ഹോളി ഫാമിലി ചർച്ചിൽ മെംബർഷിപ്പ് കൊടുക്കുകയില്ല എന്നാണ് എന്റെ അറിവ്.

എന്റെ ഭാര്യ കോട്ടയം രൂപതക്കാരിയാണ്. എന്റെ അച്ഛൻ ക്നാനായക്കാരനാണ്. ക്നാനായക്കാരിയായ എന്റെ ഭാര്യയെക്കൊണ്ട് കോട്ടയം രൂപതയിൽവച്ച് കല്യാണം നടത്തിത്തരണമെന്നുപറഞ്ഞ് ഞങ്ങൾ ചെന്നില്ല. ഞങ്ങൾ തിരുവല്ലാ രൂപതാംഗങ്ങളായി അഭിമാനപൂർവ്വം ജീവിക്കുന്നു.

സ്വർഗ്ഗം ഇതനുവദിക്കുമോ? തനതുവിധി സമയത്ത് സ്രഷ്ടാവായ ദൈവത്തെ വേണോ ക്നായിത്തൊമ്മനെ വേണോ എന്നു ചോദിച്ചാൽ ഇവർ പറയും, ക്നായിത്തൊമ്മനെ മതി എന്ന്. ക്നായിത്തൊമ്മൻ കഥ എത്ര വിചിത്രം. സ്വർഗ്ഗത്തിന്റെ ഒരുഭാഗം ക്നായിത്തൊമ്മന്റെ ആയിരിക്കും!! എന്റെ ഇളയ സഹോദരിമാർക്കെല്ലാം ക്നായിസത്തിൽ കല്യാണ ആലോചനകൾ വന്നിരുന്നു. ഒരബദ്ധം പറ്റി എന്നുപറഞ്ഞ് ഞങ്ങൾ പിന്മാറുകയായിരുന്നു. സഹോദരിയുടെ ഭർത്താവിനും ഈ കാര്യങ്ങൾ വളരെ സംഘർഷാപരമായിരുന്നു. എല്ലാം മനസ്സിലൊതുക്കി

കുടുംബാംഗങ്ങളെ ഇതൊന്നും അറിയിക്കാതെ നിശബ്ദമായി മരണം വരെ പൊരുതുകയായിരുന്നു.

അന്നമ്മ ഉതുപ്പ് എന്ന എന്റെ സഹോദരിയെ ഒരു ബിഷപ് അംഗീകരിച്ച് കോട്ടയം രൂപതയിൽ ചേർത്തു. പത്തുമുപ്പതുവർഷം കഴിഞ്ഞ് ആ ബിഷപ്പ് കാലം ചെയ്തപ്പോൾ അടുത്ത ബിഷപ്പ് റിസേർച്ച് നടത്തി. ഇവൾ ക്നായിത്തൊമ്മന്റെ മകളല്ലെന്ന് സമർത്ഥിച്ചു. എത്ര നീചമായ കഥ. എങ്കിലും അവൾ എല്ലാറ്റിനെയും അതിജീവിച്ചു. അവൾക്കുണ്ടായ തിരസ്ക്കരണങ്ങളെ എല്ലാം അതിജീവിച്ച് ഞങ്ങളേക്കാൾ ഒക്കെ ആദ്ധ്യാത്മികതയിൽ പുരോഗമിക്കുന്നു. അതായത് കർത്താവ് അവളെ അങ്ങേയറ്റം സ്നേഹിക്കുന്നു എന്നർത്ഥം. പണ്ട് ബ്രാഹ്മണകുലത്തിൽ ആരെങ്കിലും അന്യജാതിയിൽനിന്ന് വിവാഹം കഴിച്ചാൽ അവരെ വീട്ടിൽനിന്നു പുറത്താക്കി ശുദ്ധികലശം തളിച്ച് ശുദ്ധീകരിക്കുന്ന ഒരു ഇടപാടുണ്ടായിരുന്നു. ഇപ്പോൾ അതുപോലും മാറി.

അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ ഹൃദയങ്ങളിലേക്ക് എഴുന്നള്ളിവന്ന് നമ്മെ നിയന്ത്രിക്കുകയും പരിപാലിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന കരുണാനിധിയും സർവ്വശക്തനും, സ്നേഹസമ്പന്നനുമായ ദൈവമാണോ ഇന്ന് സഭയെ നയിക്കുന്നത്. ആ ദൈവം ഇന്നെവിടെ? ഈ തിരിച്ചറിവിന്റെ മേഖലയുടെ വേദിയാകട്ടെ നമ്മുടെ ദേവാലയങ്ങൾ. കർത്താവ് ചാട്ടവാറുംകൊണ്ട് വരാനുള്ള നേരമായോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവാത്മാവ് വസിക്കുന്ന ഒരു ഇടമാകട്ടെ ദൈവാലയം എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇത്രയും സംഗതികൾ എഴുതിയപ്പോൾ മനസ്സിൽ തിരയടിച്ച ചില ഓർമ്മകൾ എഴുതിപ്പോയെന്നെയുള്ളൂ. തെറ്റെങ്കിൽ ക്ഷമിച്ചേക്കുക. നിർത്തുന്നു.

# 7

# ഓതറയിൽ ആരംഭിക്കുന്ന ഉതുപ്പുസാർ സ്മരണകൾ

അബ്രാഹം നെടുങ്ങാട്ട്

ഒറവണക്കളത്തിൽ ഉതുപ്പുസാറിന്റെ പ്രഥമ ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന ഒരനുസ്മരണ ഗ്രന്ഥത്തിലേക്ക് ഒരധ്യായം എഴുതി നൽകണമെന്ന് പത്രാധിപസമിതി അഭ്യർത്ഥിച്ചപ്പോൾ അതിന്റെ പ്രസക്തിയെപ്പറ്റി അല്പം ശങ്കതോന്നി. ബിജുവിനെ ഞാൻ നേരിട്ടു കണ്ടിട്ടില്ല. ഒരു വിദ്യാർത്ഥി ആയിരുന്നപ്പോൾ, ഹോളിഫാമിലി ഹൈസ്കൂളിൽ പഠിപ്പിക്കുവാൻ പോകുന്ന ജൂബ്ബയിട്ട ഉതുപ്പുസാറിനെ കണ്ടിട്ടുണ്ട്. പ്രസിദ്ധമായ ബിജു ഉതുപ്പ് കേസിന്റെ ഗതി സസൂഷ്മം ഞാൻ നിരീക്ഷിച്ചിരുന്നതുമാണ്. അതിന്റെ പ്രത്യാഘാതങ്ങളിൽ ചിലവയോട് എനിക്കും ബന്ധപ്പെടേണ്ടിവന്നിട്ടുണ്ട്. ബിജു ഉതുപ്പുകേസ് ഉയർത്തിവിട്ട തരംഗങ്ങൾ കേരളത്തിൽ മാത്രമല്ലാ, ഇവിടെ വടക്കേ അമേരിക്കയിലും ആന്ദോളനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടല്ലോ.

ക്നാനായ മിഷനുകളിലെ അംഗത്വം സംബന്ധിച്ചുണ്ടായ തർക്കവിതർക്കങ്ങൾ നിയന്ത്രണം വിടുന്നതുകണ്ടയവസരത്തിൽ, "ക്നാനായ കത്തോലിക്ക മിഷൻ, ഇന്നലെ ഇന്ന് നാളെ" എന്നപേരിൽ ഞാൻ ഒരു

ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കയുണ്ടായി. ചിക്കാഗോ സീറോ-മലബാർ രൂപത നിലവിൽ വന്നപ്പോഴുണ്ടായ സ്ഥിതിവിശേഷങ്ങൾ വിശകലനം ചെയ്ത് പ്രതിസന്ധികൾ പരിഹരിക്കാൻ സഹായിക്കുമെന്നു കരുതിയ ചില എളിയ നിർദ്ദേശങ്ങളാണ് ഞാൻ മുന്നോട്ട് വച്ചത്. ഒരു വൈദിക നെന്ന നിലയിൽ ഇരുപത്താറുവർഷത്തെ അനുഭവപരിചയത്തിൽ നിന്നു രുത്തിരിഞ്ഞവയായിരുന്നു പ്രസ്തുതാഭിപ്രായങ്ങൾ. എന്നാൽ, തലച്ചോ റിനു പകരം ഉദരം കൊണ്ടു ചിന്തിക്കുന്നവർക്കുണ്ടോ അതൊക്കെ സ്വീകാര്യമാകൂ! എന്റെ ലഘുഗ്രന്ഥം ഉതുപ്പുസാറിന്റെ ശ്രദ്ധ യിൽപ്പെട്ടപ്പോൾ അദ്ദേഹം എന്നെ സന്ദർശിച്ചു, അത് "ക്നാനായ നവീ കരണസമിതി"യുടെ ആഭിമുഖ്യത്തിൽ പുനഃപ്രസിദ്ധീകരിക്കുവാൻ എന്റെ സമ്മതം ചോദിക്കുകയും ചെയ്തു. തുടർന്ന് എന്റെ സമ്മത ത്തോടെ അദ്ദേഹം പ്രസിദ്ധീകരിച്ചു. പ്രസ്തുത ഗ്രന്ഥത്തിലെ പ്രസക്ത ഭാഗങ്ങളും ഞാനീ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിജു ഉതുപ്പുകേസ് ആവിർഭവിക്കുന്നതിന് വർഷങ്ങൾക്കുമുമ്പേ അതിലുൾപ്പെട്ട വ്യക്തികളുമായി എനിക്ക് അടുത്ത സ്നേഹബന്ധം ഉണ്ടായിട്ടുണ്ട്. 1970 മാർച്ച് 1-ാം തീയതി കറ്റൂർ, ഓതറപ്പള്ളികളിലെ വികാ രിയായി നിയമിക്കപ്പെട്ടതു മുതലാണ് അതിന്റെ തുടക്കം.

കോട്ടയം രൂപതയിലെ മലങ്കരറീത്തിൽ പെട്ട ഒരു പള്ളിയിലാണ് ഓത റപ്പള്ളി. ഞാനവിടെ എത്തുമ്പോൾ പള്ളിയുടെ ഏറ്റവും അടുത്തുള്ള വീടായിരുന്നു പള്ളിയുടെ മുമ്പിലുള്ള കോടത്ത് കെ.സി. ചാക്കോയുടെ ഭവനം. ബിജു ഉതുപ്പുകേസിന്റെ ചരിത്രം തന്നെ ഒരു പക്ഷേ അവിടെ യാണാരംഭിക്കുന്നത് എന്നുതോന്നുന്നു. കാരണം, ഉതുപ്പുസാറിന്റെ ഭാര്യ വീടും ബിജു ഉതുപ്പിന്റെ മാതൃഭവനവുമാണ് കോടത്തുകുടുംബം. പ്രസ്തുത കുടുംബവുമായി എന്റെ ആദ്യസമാഗമം അവിസ്മരണീയവും അല്പം രസകരവുമാണെന്നു പറയട്ടെ.

മാർച്ച് 1-ാം തീയതി ഞായറാഴ്ച ഞാൻ ഓതറ പള്ളിയിലെത്തി. കേവലം പന്ത്രണ്ടുവീട്ടുകാർ മാത്രമുള്ള ഒരു കൊച്ചിടവക സമൂഹം. ആ പള്ളിയിലെ കുർബാനയ്ക്കുശേഷം കറ്റൂർ പള്ളിയിലെത്തി കുർബാന ചൊല്ലേണ്ടതുണ്ട്. കുർബാനകഴിഞ്ഞ് പോകാനിറങ്ങിയ എനിക്ക് കൈക്കാരൻ ഒരു ഗ്ലാസ് കട്ടൻകാപ്പി നീട്ടി. കടുംകാപ്പിയോട് പണ്ടേ വലിയ താല്പര്യമില്ലാതിരുന്ന ഞാൻ കാപ്പി വാങ്ങി ഒരു കവിൾ

കുടിച്ചു. അടുത്തുള്ള ചായക്കടയിലെ കാപ്പിയാണ്. വല്ലാത്ത കയ്പും അരുചിയും. അടുത്ത ഞായറാഴ്ച കാപ്പി വേണ്ടാ എന്നു പറഞ്ഞു ഞാൻ പോയി.

മാർച്ച് 8-ാം തീയതിയും പഴയപടി കൈക്കാരൻ കാപ്പി നീട്ടി. ഞാൻ നിരസിച്ചു പോകാനിറങ്ങി. അപ്പോൾ അടുത്തുനിന്നിരുന്ന ഒരു വീട്ടമ്മ ചോദിച്ചു: 'ഞാൻ ഒരു ഗ്ലാസ് കാപ്പി തന്നാൽ കുടിക്കാമോ? എന്റെ രക്തം ശുദ്ധമല്ല!' ചോദ്യത്തിൽ എന്തോ ഉണ്ടെന്നു തോന്നിയതുകൊണ്ട് ഞാൻ പറഞ്ഞു: 'കാപ്പിയല്ലേ,രക്തമല്ലല്ലോ കഴിക്കുന്നത്; കൊണ്ടുവരൂ'. കുർബാനയ്ക്കു സഹായിച്ച വീട്ടമ്മയുടെ മകന്റെ കയ്യിലിരുന്ന ഫ്ളാസ്കിൽനിന്ന് ഒഴിച്ചുതന്ന കാപ്പിയും കുടിച്ച് നന്ദിപറഞ്ഞ് ഞാൻ പോയി. വീട്ടമ്മ ഉതുപ്പുസാറിന്റെ ഭാര്യാമാതാവായിരുന്നു!

ഇടവകയിലെ ആളുകളെ പരിയപ്പെട്ട കൂട്ടത്തിൽ ഞാൻ കോടത്തും പോയി. കെ.സി.ചാക്കോയും മക്കളും അവിടെയുണ്ടായിരുന്നു. 'ശുദ്ധരക്തക്കഥ'യുടെ പിന്നാമ്പുറം അവർ പറഞ്ഞു. കടുത്ത നന്ദികേടിന്റെയും അവമാനത്തിന്റെയും തീവ്രവേദനയിൽ പൊതിഞ്ഞ ഒരു കഥ ആയിരുന്നത്.

അക്കഥ ഇങ്ങനെയാണ്. ഓതറപ്പള്ളി ഒരു മിഷൻ കേന്ദ്രമായി ആരംഭിച്ചതുമുതൽ, അവിടെ വരുന്ന തിരുഹൃദയക്കുന്നിലെ വൈദികർക്കു ഭക്ഷണം നൽകിയിരുന്നതും പള്ളിക്കുവേണ്ട എല്ലാക്കാര്യങ്ങളിലും സഹകരിച്ചിരുന്നതും കോടത്തു ചാക്കോച്ചനായിരുന്നു. പള്ളിയോടുള്ള ആ അടുപ്പവും സഹകരണവുമാണ് മൂത്തമകൾ അന്നമ്മയെ കുമരകം ഇടവക ഒറവണക്കളത്തിൽ ഉതുപ്പിനെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നതിൽ കലാശിച്ചത്. പ്രസ്തുത വിവാഹം നടക്കുമ്പോൾ ചാക്കച്ചേരിൽ ജയ്ക്കബെച്ചനായിരുന്നു ഓതറ വികാരി. കാലം കടന്നുപോയി. വള്ളോപ്പള്ളിൽ തോമസച്ചന്റെ നേതൃത്വത്തിലാണ് ഓതറപ്പള്ളി പുതുക്കിപ്പണിതത്. പള്ളിക്കൂദാശയോടനുബന്ധിച്ച് ചില അസ്വാരസ്യങ്ങൾ ഉണ്ടായി. മലങ്കര റീത്തിൽ പെട്ട പള്ളി ആകയാൽ പള്ളിക്കൂദാശ തിരുവല്ല മെത്രാനെക്കൊണ്ട് മലങ്കര റീത്തിൽ നടത്തിക്കണമെന്ന് അഭിപ്രായമുയർന്നു. റീത്തുപ്രസ്ഥാനത്തിന് ശക്തി ആയി വരുന്ന കാലം. വികാരിയും ഇടവക പ്രതിനിധികളും ഞങ്ങളുടെ ആഗ്രഹം തറയിൽ പിതാവിനെ അറിയിച്ചു. തടസ്സമൊന്നും അദ്ദേഹം പറഞ്ഞതുമില്ല. മൗനം സമ്മതലക്ഷണ

മായെടുത്ത് അവർ ഒരുക്കങ്ങൾ തുടങ്ങി. പക്ഷേ, ക്നാനായത്വത്തേക്കാൾ റീത്തിനു പ്രാമുഖ്യം നൽകുന്നത് തറയിൽ പിതാവിനു വേദനയുളവാക്കിയെന്നു വ്യക്തമായിരുന്നു. ഞാൻ വൈദികനായിരുന്നപ്പോൾ ഒത്തിരി ബുദ്ധിമുട്ടുകൾ സഹിച്ചാണ് കറ്റോട്ടും, ഇരവിപേരൂരും, ഓതറയുമൊക്കെ മിഷൻ കേന്ദ്രങ്ങൾ ആരംഭിച്ചതെന്ന് തറയിൽ പിതാവ് ഓർത്തു. മെത്രാനായശേഷം കഴിഞ്ഞ ഇരുപത്തഞ്ചുവർഷം താൻ അവരുടെ ഇടയനായിരുന്നു; താൻ മുൻകയ്യെടുത്താണ് റോമിൽനിന്ന് പള്ളി പണിക്കുള്ള പണം അനുവദിച്ചുകിട്ടിയത്. പണി തീർന്നപ്പോൾ ഒരു ബന്ധവുമില്ലാത്ത തിരുവല്ലാ മെത്രാൻ അതു കൂദാശ ചെയ്യണമത്രേ! ഒരുക്കം നടത്തിയിരുന്നവർക്ക് സന്ദേശം കിട്ടി, കോട്ടയം അരമനയിൽനിന്ന് തറയിൽ പിതാവായിരിക്കും പള്ളി കൂദാശ ചെയ്യുക! അപ്രതീക്ഷിതമായ ഒരു സാഹചര്യം. കൂദാശ കഴിഞ്ഞ് തറയിൽ പിതാവിനും പരിവാരങ്ങൾക്കും ഉച്ചഭക്ഷണം നൽകാൻ കോടത്തു കുടുംബം മുന്നോട്ടുവന്നെങ്കിലും അവസരം ലഭിച്ചില്ല. കാരണം, ചാക്കോച്ചന്റെ ഭാര്യ ക്നാനായക്കാരിയല്ല ലത്തീൻ സഭാംഗമാണെന്നും അതുകൊണ്ട്, ഓതറപ്പള്ളി ഇടവകയിൽ കോടത്തു കുടുംബത്തിന് അംഗത്വമില്ലെന്നും തീരുമാനം ഉണ്ടായിപോലും! ഏതായാലും, പള്ളിക്കൂദാശക്കു മുമ്പുവരെ ഓതറ വന്നിരുന്നപ്പോഴൊക്കെ തറയിൽ പിതാവ് ഭക്ഷണം കഴിച്ചിരുന്നത് കോടത്തു നിന്നായിരുന്നു. അവിടെക്കയറാതെ പോയിരുന്നുമില്ല. കാരണം, കോടത്തുകാരെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തിയത് തറയിൽ പിതാവ് വൈദികനായിരുന്നപ്പോഴാണ്.

ഏതായാലും, ലേഖകൻ ഓതറയിൽ നിന്നു സ്ഥലം മാറുന്നതുവരെ ഞായറാഴ്ചദിവസങ്ങളിൽ കാപ്പി നൽകിയിരുന്നത് കോടത്തുനിന്നായിരുന്നു; കുർബാനയിൽ സഹായിച്ചിരുന്നതും കോടത്തുവീട്ടിലെ ബോസ് എന്ന മകനുമായിരുന്നു.

ഒരിക്കൽ തറയിൽ പിതാവുമായി ഈ വിഷയം സംസാരിക്കുവാൻ എനിക്കവസരം ലഭിച്ചു. അദ്ദേഹത്തിന്റെ ഭാഷ്യം ഇങ്ങനെ ആയിരുന്നു. "കോടത്തു കുടുംബാംഗങ്ങളെ പുനരൈക്യപ്പെടുത്തി കത്തോലിക്കാസഭയിൽ ചേർത്തത് ഞാൻ ആയിരുന്നു. ചാക്കോച്ചൻ അന്ന് തിരുവനന്തപുരത്ത് പൊതുമരാമത്തുവകുപ്പിൽ ജോലിയിലായിരുന്നു. അവൻ ഒരു കല്യാണം ഉറപ്പിച്ച് അതു തിരുവനന്തപുരത്ത് വച്ച് നടത്തുവാൻ അനുവാദത്തിന് എന്റെ അടുക്കൽ വന്നു. ആ കാലത്ത് തിരു

വനന്തപുരത്ത് താമസിച്ചിരുന്ന കോട്ടയം രൂപതക്കാരുടെ ആധ്യാത്മിക കാര്യങ്ങൾ നടത്താൻ പാളയം കത്തീഡ്രൽ പള്ളിയിലെ വികാരിയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. ചാക്കോയുടെ കല്യാണം നടത്തുന്നതിനുള്ള അനുവാദവും ഞാൻ നൽകി. കല്യാണവും നടന്നു. അവരുടെ മൂത്തമകളെ കുമരകത്തു കെട്ടിച്ചു. ചാക്കോയുടെ ഒന്നു രണ്ടുമക്കളെ കോട്ടയം രൂപതയിൽത്തന്നെ കെട്ടിച്ചശേഷമാണ് അടുത്തയിടെ ഞാൻ അറിയുന്നത്, ചാക്കോയുടെ ഭാര്യ ലത്തീൻകാരി ആണ് എന്ന്. അവന്റെ ഭാര്യയെക്കണ്ടാൽ തെക്കും ഭാഗക്കാരി അല്ലെന്ന് ആരെങ്കിലും പറയുമോ? ഇതു സംബന്ധമായി എനിക്ക് ഒരു മുന്നറിവും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. അറിഞ്ഞപ്പോൾ ചാക്കോയോട് തിരുവല്ലാ രൂപതയിൽ ചേരാൻ ഞാൻ പറയുകയും ചെയ്തു". ഞാൻ ഓതറയിൽ വരുമ്പോൾ കെ.സി. ചാക്കോയും കുടുംബവും തിരുവല്ലാ രൂപതയിൽ ആയിരുന്നു. എങ്കിലും, ഓതറപ്പള്ളിയുമായി വളരെയധികം സഹകരിച്ചാണ് കഴിഞ്ഞിരുന്നത്.

ഓതറയിൽനിന്നു ചാർജ്ജ് വിട്ടതിനുശേഷം പിന്നീട് കെ.സി. ചാക്കോയുടെ കുടുംബത്തെപ്പറ്റി അറിയുന്നത്. പ്രസിദ്ധമായ 'ബിജു ഉതുപ്പ്' കേസിന്റെ അവസരത്തിലാണ്. ആ അവസരത്തിൽ സജീവ പൗരോഹിത്യത്തിൽനിന്ന് പിന്മാറി ഞാൻ എന്റെ വീട്ടിൽ കഴിയുകയായിരുന്നു. കോട്ടയത്ത് ഇടയ്ക്കിടെപോയിരുന്നതുകൊണ്ട് പ്രസ്തുത കേസിനെപ്പറ്റി വിശദമായി അറിയുവാൻ ഇടയായി. ആ കേസ്, കോട്ടയം മെത്രാനും ചുറ്റുവട്ടക്കാരും കൈകാര്യം ചെയ്ത രീതിയും, അവരുടെ നടപടികളും അറിഞ്ഞശേഷം, 12-03-1991ൽ ഞാൻ പ്രസിദ്ധീകരിച്ച, "എന്റെ വിയോജനക്കുറിപ്പുകൾ" എന്ന ലഘുഗ്രന്ഥത്തിൽ, പ്രസ്തുത കേസിനെപ്പറ്റി ഞാൻ എഴുതിയ ഭാഗം ഉദ്ധരിക്കട്ടെ.

## അപ്രസക്തമാകുന്ന രക്തശുദ്ധിവാദം:

"കോട്ടയം മുൻസിഫ് കോടതിയിൽ നടന്ന ബിജു ഉതുപ്പ് കേസ് കോട്ടയം രൂപതയെ ഒരു വഴിത്തിരിവിൽ കൊണ്ടെത്തിച്ചിരിക്കയാണ്. ഇത്തരമൊരു സാഹചര്യം ഒരിക്കലും ഉണ്ടാകരുതായിരുന്നു. ക്നാനായ വംശീയതയെക്കുറിച്ചുള്ള അവബോധം തെറ്റാണെന്നു ഞാൻ കരുതുന്നില്ല. പക്ഷേ, പരിധിവിട്ടാൽ ഏതുകാര്യവും അപ്രസക്തവും നിയന്ത്രണാതീതവും ആകുമെന്ന് തീർച്ചയാണ്".

"ബിജു ഉതുപ്പുകേസിന്റെ വിഷയം, ആധ്യാത്മികം എന്നതിനേക്കാൾ സാമൂഹികവും സാമുദായികവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ക്നാനായ സമുദായത്തിന്റെ ഇന്നത്തെ രീതിയിലുള്ള നിലനിൽപ്പിന്റെ പ്രശ്നമാണ്. കുന്നശ്ശേരി മെത്രാൻ പ്രധാനമായും ഒരു ആധ്യാത്മിക പിതാവാണ്; സമുദായനേതാവല്ല. സമുദായത്തിന്റെ ഭാവിനിലനിൽപ്പിനെപോലും ബാധിക്കുന്ന അതിപ്രധാനമായ ഒരു തീരുമാനം എടുക്കേണ്ടത് മെത്രാൻ സ്വന്തമായിട്ടല്ല; പ്രത്യുത, സമുദായം മുഴുവൻ ചേർന്നാണ്. കാരണം, ക്നാനായ വംശീയതയുടെ സാമൂഹികമായ പ്രത്യാഘാതങ്ങൾ നേരിട്ടു ബാധിക്കുന്നതും അനുഭവിക്കുന്നതും അൽമായരാണ്, മെത്രാനും വൈദികരുമല്ല".

ബിജു ഉതുപ്പിന്റെ വിവാഹം ആശീർവദിച്ച ചൊള്ളമ്പേൽ ജയിക്കബച്ചനെതിരായി, "ബ്രൂട്ടസ്സേ, നീയുമോ?" എന്നപേരിൽ ഒരു "സമുദായോപജീവി" ഇറക്കിയ ഒരു ലഘുലേഖയും വായിക്കാനിടയായി. രൂപതാധികാരത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ അത്തരമൊരു ലഘുലേഖ ഇറങ്ങുകയില്ലെന്നും വ്യക്തമാണ്.

കോട്ടയം രൂപതയിലെ ഒരു ന്യൂനപക്ഷം പ്രമാണിമാരും രൂപതാധികാരികളും സമ്മർദ്ദതന്ത്രങ്ങളിലൂടെയും വളഞ്ഞവഴികളിലൂടെയും ഭൂരിഭാഗം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരുന്നതും കുന്നശ്ശേരി മെത്രാന്റെ ഭരണകാലത്ത് യുവതലമുറയുടെ മസ്തിഷ്കപ്രക്ഷാളനത്തിലൂടെ തീവ്രമാക്കിയതുമായ 'എൻഡോഗമി'സത്തിനും വംശീയതയ്ക്കും എതിരായ ആദ്യത്തെ പരസ്യമായ എതിർപ്പായിരുന്നു ബിജു ഉതുപ്പുകേസ്. ആ കേസിൽ നിയമപരമായി പരാജയമടഞ്ഞിട്ടും വിജയം അവകാശപ്പെട്ട് രൂപതാധികാരവും പ്രമാണിവർഗവും അവരുടെ തീവ്രവാദനിലപാട് തുടരുന്നു! കേസിനെത്തുടർന്ന് കോട്ടയം രൂപതയിൽത്തന്നെ ഒരു നിഷേധ ഭാവം അത്തരം തീവ്രവാദത്തോടുണ്ടായിത്തുടങ്ങി എന്നതാണ് യാഥാർത്ഥ്യം.

ബിജു ഉതുപ്പുകേസിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി നേരത്തെ ഞാൻ സൂചിപ്പിച്ചു. അത്തരം പ്രത്യാഘാതങ്ങൾ കേരളത്തിനകത്തു മാത്രമല്ലാ, ഇവിടെ വടക്കേ അമേരിക്കയിൽ വരെ അതിന്റെ തരംഗങ്ങൾ എത്തിയെന്നു പറയുന്നതാവും ശരി. കേരളത്തിൽ ഉണ്ടായ പ്രസ്തുത തരംഗത്തിന്റെ അതിപ്രധാനമായ ആഘാതം നിഷേധാത്മകമായിരുന്നു. ആർച്ചു

ബിഷപ്പ് കാട്ടുമന, കേരളത്തിലെ സീറോ-മലബാർ സഭയെപ്പറ്റിയും പ്രത്യേകിച്ച്, കോട്ടയം രൂപതയെ സംബന്ധിച്ചും വത്തിക്കാനിൽ നൽകിയ റിപ്പോർട്ടാണ് അതിൽ പ്രധാനം. കോട്ടയം രൂപതാസ്ഥാപനം എന്ന തെറ്റ്, അതിനെ വിഭജിച്ച് രണ്ടാമതൊന്നുകൂടി ഉണ്ടാക്കി, ആവർത്തിക്കുവാൻ ഇടയാകരുത് എന്നായിരുന്നത്രേ കാട്ടുമന എഴുതിയത്. തൽഫലമായി കണ്ണൂരിൽ ഉണ്ടാകുമെന്ന് കൊട്ടിഘോഷിക്കപ്പെട്ടിരുന്ന പുതിയ “ക്നാനായ രൂപത” വെറും ചാപിള്ളയായി!

ബിജു ഉതുപ്പുകേസ്, വടക്കേ അമേരിക്കയിലെ സീറോ-മലബാർ മിഷനും ക്നാനായ മിഷനും ഉണ്ടാക്കിയതും തുടരുന്നതുമായ ഷോക്കു തരംഗങ്ങൾ അത്ര നിസ്സാരമല്ല. ക്നാനായ മിഷനിലെ അംഗത്വം സംബന്ധിച്ചും, തുടർന്ന് ചിക്കാഗോ സീറോ-മലബാർ രൂപത നിലവിൽ വന്നതിനെത്തുടർന്ന് ക്നാനായ മിഷന്റെ അവസ്ഥയെ സംബന്ധിച്ചും പ്രസ്തുതകേസ് സൃഷ്ടിച്ചുവിട്ട ഷോക്ക് തരംഗങ്ങൾ ഇപ്പോഴും തുടരുകയാണ്. അതുകൊണ്ട് ക്നാനായ മിഷനെ സംബന്ധിച്ച് അതിന്റെ തുടക്കം മുതൽ അല്പം വിസ്തരിച്ചു പറയേണ്ടിയിരിക്കുന്നു.

## ചിക്കാഗോയിലെ ക്നാനായ മിഷൻ

വടക്കേ അമേരിക്കയിലും വിശിഷ്യാ, ചിക്കാഗോയിലുമുള്ള കേരളീയ പശ്ചാത്തലമുള്ള ലത്തീൻ, മലങ്കര, സീറോ-മലബാർ കത്തോലിക്കരുടെ പ്രവാസ ജീവിതത്തിന്റെ വിജയഗാഥയ്ക്ക് അഞ്ചു വ്യത്യസ്ത ഘട്ടങ്ങൾ ഉണ്ടെന്ന് വിശാലാർത്ഥത്തിൽ പറയാമെന്ന് തോന്നുന്നു.

ആദ്യഘട്ടം, കേരളത്തിൽ നിന്ന് ഉപരിപഠനാർത്ഥം അമേരിക്കയിൽ എത്തിയ വൈദികരാണ്. പ്രസ്തുത വൈദികർ, തങ്ങളുടെ കുടുംബത്തിലും സ്വന്തത്തിലും പെട്ടവരെ ഉപരിപഠനത്തിന് ഇവിടെ കൊണ്ടുവന്നതാണ് രണ്ടാമത്തെ ഘട്ടം. 1970 കളിൽ അമേരിക്കയിലെ ആശുപത്രികളിൽ ജോലി നേടി ഇവിടെ എത്തിയ നേഴ്സുമാരാണ് പ്രവാസിജീവിതത്തിലെ മൂന്നാം ഘട്ടം. പ്രസ്തുത നേഴ്സുമാർ വിവാഹം കഴിക്കുകയും ഭർത്താക്കന്മാരെ അമേരിക്കയിലേക്ക് കൊണ്ടുവരികയും ചെയ്തതോടെ നാലാം ഘട്ടത്തിനു തുടക്കമായി. തുടർന്ന് ഭാര്യയുടേയും ഭർത്താവിന്റെയും വീട്ടുകാരേയും സ്വന്തക്കാരേയും കൊണ്ടുവരാൻ തുടങ്ങിയതോടെ അഞ്ചാമത്തെ ഘട്ടമായി.

ചിക്കാഗോയിൽ ഉപരിപഠനം നടത്തിയിരുന്ന മൂന്നു റീത്തിലും പെട്ടിരുന്നവർ, “കാത്തലിക് ഫെലോഷിപ്പ്” എന്നൊരു കൂട്ടായ്മ സംഘടിപ്പിക്കുകയും ലൊയോളാ കോളേജിൽ മാസത്തിലൊരിക്കൽ സമ്മേളിക്കുകയും ചർച്ചകൾ സംഘടിപ്പിക്കുകയും കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു.

ഇക്കാലഘട്ടത്തിൽ കോട്ടയം രൂപതാംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും അവർ 1979 മെയ് 20-ാം തീയതി “ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക” (KANA) എന്നൊരു സംഘടനയ്ക്കു രൂപം നൽകുകയും ചെയ്തു. 1956-ൽ ചിക്കാഗോയിലെത്തി ലൊയോളായിൽ പഠനം പൂർത്തിയാക്കിയ ഫിലിപ്പ് കാലായിൽ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്.

## കേരളത്തിലെ മെത്രാന്മാർക്ക് ഉൽക്കണ്ഠ

സീറോ-മലബാർ റീത്തിൽപെട്ട തെക്കുംഭാഗരും വടക്കുംഭാഗരുമായ കത്തോലിക്കരും സീറോ-മലങ്കര റീത്തിലും ലത്തീൻ റീത്തിലും പെട്ട കത്തോലിക്കരും അമേരിക്കയിൽ ധാരാളം എത്തിപ്പെട്ട് സാമ്പത്തികമായി ഉന്നതനില കൈവരിക്കാൻ ആരംഭിച്ചപ്പോൾ അവരുടെ ആധ്യാത്മികോന്നതിയെപ്പറ്റി മൂന്നു റീത്തുകളിലേയും മെത്രാന്മാർക്ക് ഉൽക്കണ്ഠ പെരുകി. സീറോ-മലബാർ, സീറോ മലങ്കര മെത്രാന്മാർക്കായിരുന്നു കൂടുതൽ ഉൽക്കണ്ഠ. അമേരിക്കയിലെ കത്തോലിക്കാ രൂപതകൾ എല്ലാം ലത്തീൻ സഭയുടെ ഭാഗമായിരുന്നതുകൊണ്ട് കേരളത്തിലെ ലത്തീൻ മെത്രാന്മാർക്ക് തങ്ങളുടെ അധികാര പരിധിയിൽനിന്നു അമേരിക്കയിലെത്തിയ ലത്തീൻ കത്തോലിക്കരെ സംബന്ധിച്ച് വലിയ ആകുലതയില്ലായിരുന്നു.

സീറോ-മലബാർ, സീറോ മലങ്കര റീത്തുകളിൽപ്പെട്ട തങ്ങളുടെ പ്രവാസിക്കുഞ്ഞാടുകളുടെ ആത്മരക്ഷയും സന്മാർഗ്ഗ ജീവിതവുമൊക്കെ ഇടയന്മാരുടെ ചുമതലയാണല്ലോ! സന്ദർശനാർത്ഥം ഇവിടെയെത്തിയിരുന്ന ഇടയന്മാരും ഉപരിപഠനത്തിന് ഇവിടെവന്ന് തിരിച്ചുപോകാൻ വിമ്മിട്ടപ്പെട്ടിരുന്ന വൈദികരും, കേരളീയരായ തങ്ങളുടെ കുഞ്ഞാടുകൾ മാതൃഭാഷയിലും, റീത്തിലും, ആചാരമര്യാദകളിലും അനുഷ്ഠാനങ്ങളിലും നിന്ന് അണുവിട വ്യതിചലിക്കാതിരിക്കുവാൻ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. പാശ്ചാത്യസംസ്കാരത്തിലെ പ്രത്യേകിച്ച്, അമേ

രിക്കൻ ജീവിതത്തിലെ ലൗകികതയും ധാർമ്മികാധഃപതനവും കുത്തഴിഞ്ഞ ജീവിതരീതികളും കേരളീയ കത്തോലിക്കരിൽ സൃഷ്ടിക്കാവുന്ന മൂല്യച്യുതിയെപ്പറ്റി ഇടയന്മാർ പര്യാകുലരായി എങ്കിൽ അവരെ കുറ്റം പറയരുതല്ലോ. ദോഷം പറയരുത്, സായിപ്പിന്റെ സന്മാർഗ്ഗികതത്തകർച്ചയെപ്പറ്റി പ്രസംഗപീഠങ്ങളിൽ നിന്ന് കണ്ണീരൊഴുക്കി വിമർശിക്കുന്ന ഇടയന്മാർ ആ സായിപ്പു നൽകുന്ന പണം കിട്ടാവുന്നിടത്തോളം വാങ്ങി, കേരളത്തിൽ ബ്രഹ്മാണ്ഡങ്ങളായ ദേവാലയങ്ങളും സ്ഥാപനങ്ങളും പടുത്തുയർത്തുന്നതിൽ ഒരുവിധത്തിലുമുള്ള അധാർമ്മികതയും കാണുന്നില്ല! ഉളുപ്പും തോന്നുന്നില്ല!!

## സ്പെഷൽ മിനിസ്ട്രി

കേരളത്തിലെ സുറിയാനി കത്തോലിക്കാ മെത്രാൻ സമിതി (KCBC) അമേരിക്കയിലെ കത്തോലിക്കാ മെത്രാൻ സമിതിക്കുമുമ്പിൽ ഒരഭ്യർത്ഥന വച്ചു. കേരളത്തിൽ നിന്നുള്ള പ്രവാസികളായ സുറിയാനി കത്തോലിക്കർക്ക് സ്വന്തം ഭാഷയിലും റീത്തിലും അജപാലനം ലഭ്യമാക്കുവാൻ പ്രത്യേക മിഷൻ (Special Ministry) അനുവദിക്കണമെന്നായിരുന്നു അഭ്യർത്ഥന. പ്രസ്തുത നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അവർ ഉറപ്പുനൽകി.

ഈ പശ്ചാത്തലത്തിൽ, തെക്കുംഭാഗർ ഒട്ടേറെയുള്ള ചിക്കാഗോയിലേക്ക് തന്റെ രൂപതയിൽപ്പെട്ട ഒരു വൈദികനെ കാലേകൂട്ടി അയയ്ക്കുവാൻ കുന്നശ്ശേരി മെത്രാൻ തീരുമാനിച്ചു. കുന്നശ്ശേരി നേരിട്ട് ചിക്കാഗോ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബർനർഡീനു ഒരു കത്തെഴുതി. ഇംഗ്ലീഷ് ഭാഷ അറിഞ്ഞുകൂടാത്ത കാരണവന്മാർക്ക്, അവർക്ക് വശമുള്ള മലയാളം കുർബാന ചൊല്ലാനും ആധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാനും സാധിക്കുന്ന വിധത്തിൽ ഒരു മിനിസ്ട്രി അനുവദിക്കണമെന്നായിരുന്നു കുന്നശ്ശേരിയുടെ അഭ്യർത്ഥന. അതേത്തുടർന്ന് പത്തുമുപ്പതുപേർ ഒപ്പിട്ട് സ്പെഷൽ മിനിസ്ട്രിക്കുവേണ്ടി ഒരപേക്ഷയും കർദ്ദിനാളിനു നൽകി. തത്വത്തിൽ ആവശ്യം അംഗീകരിച്ചുവെങ്കിലും ചിക്കാഗോ രൂപത മൗനം അവലംബിക്കയാണു ചെയ്തത്.

കുന്നശ്ശേരി മെത്രാൻ ചിക്കാഗോയിലേക്കു പോകാൻ തെരഞ്ഞെടുത്തത്, അന്ന് മലബാർ പ്രദേശത്തിനുവേണ്ടി നിയമിച്ചിരുന്ന എപ്പിസ്കോപ്പൽ വികാരി ചൊള്ളമ്പേൽ ജയിക്കബച്ചനെ ആയിരുന്നു.

ചൊള്ളമ്പേലച്ചനോട് വിസിറ്റിംഗ് വിസയിൽ അമേരിക്കയ്ക്കുപോകാൻ കുന്നശ്ശേരി ഉപദേശിക്കയും ചെയ്തു. കുന്നശ്ശേരിയെ സംബന്ധിച്ചിടത്തോളം അതൊക്കെ ഒരു തലക്കാടുവെട്ടലായിരുന്നു. കാരണം, അമേരിക്കൻ മെത്രാൻ സമിതി അമേരിക്കയിലെ സുറിയാനി കത്തോലിക്കർക്ക് പ്രത്യേക മിഷനുകൾ അനുവദിക്കുമ്പോൾ തന്റെ ഒരു വൈദികൻ നടത്തുന്ന ചിക്കാഗോ മിഷന്റെമേൽ അവകാശവാദം ഉന്നയിക്കാമല്ലോ.

ചിക്കാഗോ അതിരൂപതയുമായി കുന്നശ്ശേരി നടത്തിയിരുന്ന ആശയവിനിമയത്തിലെ ഇടനിലക്കാരനും കുന്നശ്ശേരിയുടെ വക്താവും (Contact Person) ചിക്കാഗോ അതിരൂപതയുടെ കാത്തലിക് റിലീഫ് സൊസൈറ്റിയിൽ മനഃശാസ്ത്രജ്ഞനും, ചിക്കാഗോ നിവാസിയുമായിരുന്ന പൂവത്തിങ്കൽ കുഞ്ചാക്കോ ആയിരുന്നു. കുന്നശ്ശേരിയുടെ തലതൊട്ടപ്പന്റെ മകൻ എന്നനിലയിൽ കുഞ്ചാക്കോയും കുന്നശ്ശേരിയും വളരെ അടുപ്പത്തിലുമായിരുന്നു.

ചിക്കാഗോയിൽ സ്പെഷൽ മിനിസ്ട്രിക്കുവേണ്ടി ചൊള്ളമ്പേൽ ജയിക്കബച്ചനെ നിയോഗിക്കുന്ന കാര്യം കുന്നശ്ശേരി, കർദ്ദിനാൾ ബർനർഡിനെ അറിയിച്ചിരുന്നു. പ്രസ്തുതവിവരം കുന്നശ്ശേരി, പൂവത്തിങ്കൽ കുഞ്ചാക്കോയേയും അറിയിച്ചിരുന്നു.

ചിക്കാഗോയിൽ സ്പെഷൽ മിനിസ്ട്രി കോട്ടയം മെത്രാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ചൊള്ളമ്പേലച്ചനെയാണ് അങ്ങോട്ട് അയയ്ക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിവരം പുറത്തായപ്പോൾ, വിദേശ പശ്ചാത്തലമുള്ള മറ്റു രണ്ടു വൈദികർക്കുകൂടി അവിടെ പ്രവർത്തിക്കാൻ താല്പര്യമുണ്ടായതായി പറയപ്പെടുന്നു. ഡോക്ടർ പി.റ്റി. ജോസഫ്, തന്റെ കസിൻ പഴുക്കായിൽ സൈമണച്ചനോട് പ്രസ്തുത സ്ഥാപനത്തിനുവേണ്ടി കുന്നശ്ശേരിയോട് ചോദിക്കാൻ ഉപദേശിച്ചതായും, തന്റെ ആഗ്രഹം പറഞ്ഞ സൈമണച്ചനോട്, ചൊള്ളമ്പേലിന്റെ പേർ കൊടുത്തുപോയി എന്ന് കുന്നശ്ശേരി പറഞ്ഞതായും കേൾക്കുന്നു. തൽസ്ഥാനത്തേക്ക് താല്പര്യമുണ്ടായിരുന്ന കോട്ടൂർ തോമസ് കുട്ടിയച്ചനാകട്ടെ, തന്റെ സഹോദരൻ സിറിയക് കോട്ടൂരിന്റെ പ്രേരണയിലാവാം, ചൊള്ളമ്പേലച്ചന് ചിക്കാഗോയിൽ പ്രതീക്ഷിക്കാവുന്ന വൈതരണികളേയും എതിർപ്പുകളേയും പറ്റി മുന്നറിയിപ്പു കൊടുക്കുകയും ചെയ്തത്രേ.

ആ കാലഘട്ടത്തിൽ ചിക്കാഗോയിൽ 'കാത്തലിക് ഫെലോഷിപ്പ്' എന്ന പേരിൽ സർവ കത്തോലിക്കർക്കുമായി ഒരു സംഘടനയുണ്ടായിരുന്നതായി നേരത്തെ സൂചിപ്പിച്ചല്ലോ. അതിനുപുറമേ, തെക്കുംഭാഗക്കാർക്കായി മൂന്നു സംഘടനകൾ ഉണ്ടായി. ആദ്യത്തേത് 1979-ൽ രൂപമെടുത്ത ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KANA); 1982-ൽ രൂപമെടുത്ത ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ചിക്കാഗോ (KCCC) ആയിരുന്നു രണ്ടാമത്തേത്. ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ചിക്കാഗോ (KCAC) ആയിരുന്നു പിന്നെ രൂപമെടുത്തത്. 1983-ൽ KCCC യും KCAC യും തമ്മിൽ യോജിപ്പിലാവുകയും ക്നാനായ കാത്തലിക്ക് സൊസൈറ്റി (KCS) ആയിത്തീരുകയും ചെയ്തു.

KANA യും KCS ഉം തമ്മിൽ അടിസ്ഥാനപരമായി ഒരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ എന്ന് നിഷ്പക്ഷമതികൾക്കുമാത്രമേ മനസ്സിലാകൂ. ക്നാനായ സമുദായത്തിനു പുറത്തുനിന്ന് വിവാഹം ചെയ്തവർക്കും മിഷനിൽ അംഗത്വം നൽകണമെന്നു KANA വാദിച്ചപ്പോൾ, എൻഡോഗമിയും സ്വവംശവിവാഹവും, ക്നാനായത്തനിമയും ക്നാനായ പാരമ്പര്യവും പാലിക്കുന്നവർക്കേ അംഗത്വം നൽകാവൂ എന്ന് KCS നിലപാടെടുത്തു. രണ്ടു സംഘടനകൾക്കും ശക്തിയും ആവേശവും പകർന്ന് KANA യുടെ പിന്നിൽ ഫിലിപ്പ് കാലായിലും KCS ന്റെ പിന്നിൽ പൂവത്തിങ്കൽ കുഞ്ചാക്കോയും ഉണ്ടായിരുന്നു.

വംശമഹിമയും രാജകീയ പശ്ചാത്തലവും ദൈവികതയും ക്നാനായക്കാരുടെ തനിമയിൽ പെടുന്നതാണെന്ന് അവകാശവാദമുന്നയിച്ചുകൊണ്ട് KCS ന്റെ ഭരണഘടനയിൽ പറയുന്നു. "ക്നായിത്തൊമ്മൻ ഈശോമിശിഹായുടെ ജ്ഞാതി (Relative) ആകുന്നു എന്നാണ്. കാനാതോമ്മാ, യേശുക്രിസ്തുവിന്റെ ബന്ധു ആണെങ്കിൽ, തൊമ്മനും അനുയായികളും ദാവീദ് രാജവംശത്തിൽ ചേർന്നവരും കുലമഹിമ ഉള്ളവരും ആയിരിക്കണമല്ലോ. ചരിത്രപരമായി ഒരു തെളിവും ചൂണ്ടിക്കാട്ടാൻ കഴിയുകയില്ലെങ്കിലും KCS ന്റെ അവകാശവാദം അങ്ങനെ നിൽക്കട്ടെ.

## ചൊള്ളമ്പേലിന്റെ ആദ്യസന്ദർശനം

വിസിറ്റിംഗ് വിസ ലഭിച്ച ചൊള്ളമ്പേലച്ചൻ ന്യൂയോർക്ക് വഴി മിനിയാപ്പോലീസിൽ ഉണ്ടായിരുന്ന മരുമക്കളുടെ (അമ്പലത്തുങ്കൽ

കുടുംബം) അടുത്ത് എത്തുകയും ചെയ്തു. വിവരമറിഞ്ഞ പൂവത്തിങ്കൽ കുഞ്ചാക്കോ ചൊള്ളമ്പേലച്ചനുമായി ബന്ധപ്പെടുകയും ചിക്കാഗോയിലേക്കു വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഒപ്പം കുഞ്ചാക്കോയ്ക്കും ചൊള്ളമ്പേലച്ചനും വേണ്ടി ചിക്കാഗോ അതിരൂപതയുടെ ചാൻസലറുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്കു അനുമതിയും തരപ്പെടുത്തി.

## ചാൻസലറെ കാണുന്നു

നേരത്തെ ഏർപ്പാടു ചെയ്ത പ്രകാരം ചൊള്ളമ്പേലച്ചനും കുഞ്ചാക്കോയും ചാൻസലറെ അദ്ദേഹത്തിന്റെ ഓഫീസിൽ വച്ചു കണ്ടു സംസാരിച്ചു. സ്പെഷൽ മിനിസ്ട്രിയെ സംബന്ധിച്ചുള്ള കത്തിടപാടുകളുടെ ഫയൽ ചാൻസലർ പഠിച്ചിരുന്നു.

കുന്നശ്ശേരി ആവശ്യപ്പെടുന്ന സ്പെഷൽ മിനിസ്ട്രിയുടെ ആവശ്യകതയും പ്രസക്തിയും, ഇവിടെ വന്നെത്തിയിരിക്കുന്ന, ഇംഗ്ലീഷ് ഭാഷയിൽ വലിയ പ്രാവീണ്യമില്ലാത്ത പ്രായമായവരുടെ ആവശ്യമായാണ് ചൊള്ളമ്പേൽ അവതരിപ്പിച്ചത്. അതു ചാൻസലർക്ക് സ്വീകാര്യമായിരുന്നു.

അത് എങ്ങനെ പ്രാവർത്തികമാക്കും, എന്നതായിരുന്നു ചാൻസലറുടെ അടുത്ത ചോദ്യം. ഏതെങ്കിലും ഒരാശുപത്രിയിൽ അസോസിയേറ്റ് ആയി നിയമനം ലഭിച്ചാൽ മിനിസ്ട്രി നടത്തുവാൻ സാധിക്കുമെന്നായിരുന്നു ചൊള്ളമ്പേലിന്റെ മറുപടി.

അത്തരമൊരു സ്പെഷൽ മിനിസ്ട്രിക്കു വരുന്ന വൈദികന്റെ സാമ്പത്തികമായ നിലനിൽപ്പ് ആരുടെ ഉത്തരവാദിത്വമായിരിക്കും എന്ന ചാൻസലറുടെ തുടർന്നുള്ള ചോദ്യത്തിന്, 'ഞാൻ ആർക്കു സേവനത്തിനു വരുന്നുവോ അവർ എന്നെ സംരക്ഷിക്കും' എന്നായിരുന്നു മറുപടി. തനിക്കതിൽ തികഞ്ഞ ബോധ്യവും ഉറപ്പും ഉണ്ടെന്ന് ചൊള്ളമ്പേൽ ചാൻസലറെ അറിയിക്കുകയും ചെയ്തു.

## മിനിസ്ട്രിയുടെ സ്വഭാവം

തുടർന്ന് ചൊള്ളമ്പേലും കുഞ്ചാക്കോയും കർദ്ദിനാളിനെ കാണുകയും എല്ലാക്കാര്യങ്ങളും പറഞ്ഞു തീരുമാനിക്കുകയും ചെയ്തുവെന്ന് അറിയിക്കുകയും ചെയ്തു.

## താമസത്തിനു പള്ളി കണ്ടുപിടിക്കുന്നു

ചൊള്ളമ്പേലച്ചനു താമസിക്കാൻ ഒരു പള്ളി കണ്ടുപിടിക്കുന്നതിനു ശ്രമിക്കുവാൻ ചാൻസലർ ആവശ്യപ്പെട്ടു. അദ്ദേഹം തന്നെ രണ്ടുമൂന്നു പള്ളികളിലെ പാസ്റ്റർമാരോടു വിളിച്ചുചോദിച്ചെങ്കിലും അവർക്ക് വേണ്ടിയിരുന്നത് ഇറ്റാലിയൻ/സ്പാനിഷ് ഭാഷ വശമുള്ള വൈദികരെ ആയിരുന്നു.

കുഞ്ചാക്കോയുടേയും ചൊള്ളമ്പേലിന്റെയും തുടർന്നുള്ള അന്വേഷണത്തിൽ സെന്റ് ഈത്താസ് പള്ളിയിലെ പാസ്റ്ററെ സന്ദർശിക്കുകയും അദ്ദേഹം പാർപ്പിടവും ഭക്ഷണവും, പ്രതിമാസം നൂറു ഡോളർ പ്രതിഫലമായും നൽകാമെന്നു സമ്മതിക്കുകയും ചെയ്തു. ദിവസവും അവിടെ ഒരു കുർബാന ചൊല്ലണമെന്നായിരുന്നു അദ്ദേഹത്തിന്റെ വ്യവസ്ഥ. ചൊള്ളമ്പേൽ ആ വ്യവസ്ഥ അംഗീകരിക്കുകയും ചെയ്തു.

ചൊള്ളമ്പേൽ നാട്ടിലേക്കു തിരിയെപ്പോകുന്നതിനുമുമ്പു നടന്ന KANA യുടെ ഒരു മീറ്റിംഗിൽ, പുറത്തുനിന്നു കല്യാണം കഴിച്ചവർക്കും KANA യിലും സ്പെഷൽ മിനിസ്ട്രിയിലും അംഗത്വമുണ്ടായിരിക്കുമെന്ന് പ്രസിഡന്റ് എന്നനിലയിൽ ഫിലിപ്പ് കാലായിൽ പ്രഖ്യാപിച്ചുവെങ്കിലും കുഞ്ചാക്കോ അതിനോട് കടുത്ത വിയോജിപ്പു പ്രകടിപ്പിക്കുകയാണുണ്ടായത്.

കാത്തലിക് ഫെലോഷിപ്പിലും മറ്റു മൂന്നു ഗ്രൂപ്പുകളും ക്ഷണിച്ച മാസക്കുർബാനചൊല്ലി, സ്പെഷൽ മിനിസ്ട്രി എല്ലാവരേയും ഉൾക്കൊള്ളുന്നതാണെന്നും 1983–ഒക്ടോബറിൽ താൻ മടങ്ങിവരുമെന്നും അറിയിച്ച ശേഷം ചൊള്ളമ്പേൽ കോട്ടയത്തിനു മടങ്ങി.

കോട്ടയത്ത് തിരിച്ചെത്തിയ ചൊള്ളമ്പേൽ കുന്നശ്ശേരിയെക്കണ്ട് കാര്യങ്ങളും സാഹചര്യങ്ങളും അറിയിക്കുകയും, തന്റെ ആഗ്രഹം സാധിച്ചതിൽ കുന്നശ്ശേരി സന്തുഷ്ടനാവുകയും ചെയ്തു. തിരിച്ചുവരാതെ ചിക്കാഗോയിൽ തുടരാമായിരുന്നില്ലേ എന്നായിരുന്നുവത്രേ കുന്നശ്ശേരി ചോദിച്ചത്!

## ചൊള്ളമ്പേൽ ചിക്കാഗോയിൽ മടങ്ങിയെത്തുന്നു

1983–ഒക്ടോബർ 28–ാം തീയതി ചൊള്ളമ്പേൽ ചിക്കാഗോയിൽ മടങ്ങിയെത്തി. എല്ലാ കത്തോലിക്കരേയും ഉൾക്കൊള്ളുന്ന സ്പെഷൽ

മിനിസ്ട്രിക്കായി എത്തിയ ആൾ എന്ന പരിപൂർണ്ണബോധ്യത്തിൽ തെക്കുംഭാഗരും വടക്കുംഭാഗരും പുറത്തുനിന്നു വിവാഹം കഴിച്ച തെക്കുംഭാഗരും ലത്തീൻകാരുമൊക്കെ ചേർന്ന് ഒഹേർ എയർപോർട്ടിൽ ചൊള്ളമ്പേലിനെ സ്വീകരിച്ച് അദ്ദേഹത്തിന്റെ പള്ളിയായ സെന്റ് ഇത്താസിൽ ആനയിച്ച് ആക്കുകയും ചെയ്തു.

സെന്റ് ഈത്താസിൽ ഞായറാഴ്ച രാവിലത്തെ കമ്മ്യൂണിറ്റി മാസ് ചൊല്ലാൻ ചൊള്ളമ്പേലച്ചനോട് പാസ്റ്റർ നിർദ്ദേശിക്കുകയും, അതനുസരിച്ച്, ഭയത്തോടും വിറയലോടും കൂടി കുർബാന ചൊല്ലുകയും ഒരു ലഘുപ്രസംഗം പറയുകയും ചെയ്തു. യാതൊരു പരിശീലനമോ തയ്യാറെടുപ്പോ കൂടാതെ നടത്തിയ ആദ്യകുർബാനസംരഭം, നന്നായിരുന്നു എന്ന കമന്റ് പാസ്റ്റർ നൽകിയപ്പോൾ ആശ്വാസമായി.

അന്നു പതിനൊന്നുമണിക്ക് കാത്തലിക്ക് ഫെലോഷിപ്പിൽ മാസക്കുർബാനയും ചൊള്ളമ്പേൽ ആണ് ചൊല്ലിയത്. ആ അവസരത്തിൽ മിനിസ്ട്രി ഉണ്ടായ സാഹചര്യങ്ങളും അത് എല്ലാവർക്കുംവേണ്ടി ആയിരിക്കുമെന്നുമൊക്കെ ചൊള്ളമ്പേൽ വിശദീകരിക്കുകയുണ്ടായി.

ചൊള്ളമ്പേൽ എത്തുന്നതിനു മുൻപ് കാത്തലിക്ക് ഫെലോഷിപ്പുകാർ ചിക്കാഗോ ചാൻസലർക്ക് സ്പെഷൽ മിനിസ്ട്രിയുടെ സ്വഭാവത്തെയും ലക്ഷ്യത്തെയും അതാർക്കുവേണ്ടി ആയിരിക്കുമെന്നതിനേയുമൊക്കെക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ടു ഒരു കത്തയച്ചിരുന്നു. അതു ലഭിച്ച ചാൻസലർ, കാത്തലിക്ക് ഫെലോഷിപ്പിന്റെയും മറ്റു മൂന്നു അസോസിയേഷന്റെയും ഭാരവാഹികളെ ഒരു ചർച്ചയ്ക്ക് ക്ഷണിച്ചിരുന്ന കാര്യം സംഗതമാണിവിടെ. ചൊള്ളമ്പേൽ നടത്തുന്ന സ്പെഷൽ മിനിസ്ട്രി എല്ലാ വിഭാഗത്തിലുംപെട്ടവർക്കായിരിക്കണം എന്നതായിരുന്നു കാത്തലിക്ക് ഫെലോഷിപ്പിന്റെ നിലപാടും ആവശ്യവും. ചാൻസലറുമായുള്ള ചർച്ചയിൽ അത്തരമൊരു എഗ്രിമെന്റ് ഉരുത്തിരിഞ്ഞിട്ടുമുണ്ടായിരുന്നു.

## കാത്തലിക്ക് ഫെലോഷിപ്പ് പിൻമാറുന്നു

കാത്തലിക്ക് ഫെലോഷിപ്പിന്റെ കുർബാന കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുശേഷം, അവർ ചാൻസലർക്ക്, തങ്ങൾക്കു മാസത്തിൽ ഒരു കുർബാന മതി എന്ന നിലപാടെടുത്തുകൊണ്ട് എഴുതുകയും സ്പെഷൽ മിനിസ്ട്രിയിൽനിന്നു പിന്മാറുകയും ചെയ്തു. അതേസമയത്തുതന്നെ മൂന്നു

അസോസിയേഷനുകളും ഒരുമിച്ച്, യോജിച്ചു പ്രവർത്തിക്കുവാൻ വൈമുഖ്യം കാട്ടുകയും ചെയ്തു. പ്രസ്തുത വൈമുഖ്യത്തിന്റെ അടിസ്ഥാന കാരണം, സമുദായത്തിനു പുറത്തുനിന്ന് കല്യാണം കഴിച്ചവർക്കും സ്പെഷൽ മിനിസ്ട്രിയിൽ അംഗത്വം നൽകുന്നതിനെ സംബന്ധിച്ചായിരുന്നു എന്നു വ്യക്തം. ഏതായാലും, ആഴ്ചയിൽ ഒരു കുർബാനയും ചൊല്ലി ചൊള്ളമ്പേൽ രണ്ടുവർഷം മുമ്പോട്ടുപോയി. ആ രണ്ടു വർഷവും ശമ്പളവും ആരും കൊടുത്തില്ല. സെന്റ് ഇത്താസ് പള്ളിയിൽനിന്നു ലഭിച്ചിരുന്ന നൂറുഡോളറും, സൗജന്യമായ ഭക്ഷണവും താമസവുമായി ചൊള്ളമ്പേൽ മുമ്പോട്ടുനീങ്ങി. അസോസിയേഷനുകളിലെ മെമ്പർഷിപ്പിനെചുറ്റിയുള്ള ശീതസമരം മറ്റൊരു വൈതരണിയുണ്ടാക്കി.

## കുര്യാളശ്ശേരി മിഷൻ

'ഉണ്ണിയെക്കാണുമ്പോഴറിയാം ഊരിലെ പഞ്ഞം' എന്നൊരു പഴമൊഴിയുണ്ടല്ലോ. സ്പെഷൽ മിനിസ്ട്രിയിലെയും അസോസിയേഷനിലെയും മെമ്പർഷിപ്പു സംബന്ധിച്ചു തെക്കുംഭാഗക്കാരുടെ ഇടയിൽ നടക്കുന്ന ശീതസമരവും അത് സ്പെഷൽ മിനിസ്ട്രിയെ ഏതു ദിശയിലേക്കു നയിക്കുമെന്നും മണത്തറിയാനുള്ള ബുദ്ധികൂർമ്മത മറുഭാഗത്തും ഉണ്ടായി.

തന്മൂലം, കാത്തലിക് ഫെലോഷിപ്പുകാർ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായ്ക്ക് സ്പെഷൽ മിനിസ്ട്രിക്കുവേണ്ടി എഴുതുകയാണുണ്ടായത്. അന്നിവിടെ ഒരു പള്ളിയിൽ സേവനം ചെയ്തിരുന്ന കുര്യാളശ്ശേരിൽ തോമസച്ചൻ അവർക്ക് ആവശ്യമായ പ്രോത്സാഹനവും നൽകി. പള്ളിക്കാപറമ്പിൽ മെത്രാൻ അതോടെ ഇവിടെ വരികയും ആവശ്യമായ ചർച്ചകൾ നടത്തിയശേഷം സീറോ-മലബാർ മിഷന് ആരംഭം കുറിക്കുകയും ഡയറക്ടറായി കുര്യാളശ്ശേരി ചാർജ്ജെടുക്കുകയും ചെയ്തു. അതോടെ കേരളീയരായ എല്ലാ പ്രവാസി കത്തോലിക്കരേയും ഉൾക്കൊണ്ടുള്ള സ്പെഷൽ മിനിസ്ട്രി അന്ത്യശ്വാസം വലിച്ചു.

## ചൊള്ളമ്പേലിന്റെ അവസാന ലക്ഷ്യം

സീറോ-മലബാർ മിഷൻ ആരംഭിച്ചതോടെ വടക്കുംഭാഗക്കാർ വിട്ടുപോവുകയും, ചൊള്ളമ്പേൽ മിഷനിൽ തെക്കുംഭാഗരായ കത്തോലിക്കർ മാത്രം അവശേഷിക്കുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ സമു

ദായം വിട്ടു വിവാഹം ചെയ്ത വിരലിൽ എണ്ണാവുന്ന ഏതാനുംപേർ ഉണ്ടായിരുന്നു. അവരെ സ്പെഷൽ മിനിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിനോടു എതിർപ്പുണ്ടായി. അതായത് വംശീയത്തനിമയിലും എൻഡോഗമിയെന്ന സ്വവംശ വിവാഹനിഷ്ഠയിലും അധിഷ്ഠിതമായ തീവ്രവാദ നിലപാട് ഉണ്ടായി എന്ന് അർത്ഥം. അതു മനസ്സിലാക്കിയതുകൊണ്ടാണല്ലോ, കാത്തലിക്ക് ഫെലോഷിപ്പുകാർ മാറിപ്പോകാൻ ഇടയായത്.

എല്ലാവരേയും ഉൾപ്പെടുത്തിയുള്ള സ്പെഷൽ മിനിസ്ട്രി നടത്താമെന്ന് ചിക്കാഗോ അതിരൂപതയ്ക്ക് ചൊള്ളമ്പേൽ ഉറപ്പു നൽകിയിരുന്നതാണ്. തന്റെ ആ ഉറപ്പു പാലിക്കേണ്ടത് തന്റെ സത്യസന്ധതയുടേയും മാന്യതയുടേയും ആവശ്യഘടകമാണെന്ന നിലപാടായിരുന്നു ചൊള്ളമ്പേൽ എടുത്തത്. അതുകൊണ്ട്, 'ഇലയ്ക്കും മുള്ളിനും കേടുവരാത്ത' ഒരു സമീപനം സ്വീകരിക്കുവാൻ ചൊള്ളമ്പേൽ നിർബന്ധിതനായി.

സമുദായം വിട്ടു കല്യാണം കഴിച്ച ഒരു ചെറിയ ന്യൂനപക്ഷം സ്പെഷൽ മിനിസ്ട്രിക്കു ഭീഷണി ആവില്ലെന്നും, കുടുംബത്തിൽനിന്ന് പുറത്താക്കാത്ത അവരെ, കത്തോലിക്ക സഭയുടെ അടിസ്ഥാന ഘടകമായ ഇടവക കുടുംബത്തിൽനിന്നും മാറ്റി നിറുത്തുന്നത് യേശുവിന്റെ മനോഭാവത്തിനു നിരക്കുന്നതല്ലെന്നും ചൊള്ളമ്പേൽ കരുതി. അതുകൊണ്ട് സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിച്ചവരെക്കൂടി ഉൾക്കൊള്ളുന്ന ഒരു സ്പെഷൽ മിനിസ്ട്രി വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു പ്രവർത്തനപരിപാടി തുടങ്ങുവാൻ അദ്ദേഹം ആഗ്രഹിച്ചു.

സ്പെഷൽ മിനിസ്ട്രിയിലെ വൈദികനെ സപ്പോർട്ടു ചെയ്യുന്നതിലേക്ക് ഓരോ വീട്ടുകാരും മാസം അഞ്ചു ഡോളർ സംഭാവന നൽകുന്നതാണെന്ന സമ്മതം നൽകി, ഓരോരുത്തരുടേയും പേരും മറ്റു വിവരങ്ങളും അടങ്ങുന്ന ഒരു ഫോറം പൂരിപ്പിച്ചുനൽകാൻ ചൊള്ളമ്പേൽ ആവശ്യപ്പെട്ടു. ഒട്ടേറെപേർ ആ ഫോറം പൂരിപ്പിച്ചു അഞ്ചു ഡോളർ നൽകുകയും ചെയ്തു.

ഞായറാഴ്ചകളിൽ കുർബാനസമയത്ത് സ്തോത്രകാഴ്ച പിരിക്കുകയും, ചാൻസറിയുടെ അനുവാദത്തോടെ പിരിച്ച തുക നിക്ഷേപിക്കുവാൻ, 'ക്നാനായ കാത്തലിക് സ്പെഷൽ മിനിസ്ട്രി'യുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും, തുക അതിൽ നിക്ഷേപിക്കുകയും ചെയ്തു.

സ്തോത്രകാഴ്ച പിരിച്ചിരുന്നത് കാലായിൽ ഫിലിപ്പും പൂവത്തിങ്കൽ കുഞ്ചാക്കോയും ആയിരുന്നു. അവർക്കുപുറമേ, മുല്ലപ്പള്ളിൽ ജോസുൾപ്പെടെ മറ്റു മൂന്നുപേരെകൂടി ചൊള്ളമ്പേലച്ചൻ നിയോഗിച്ചു. ജോസ് മുല്ലപ്പള്ളി സമുദായം വിട്ടു വിവാഹം കഴിച്ച ഒരു വ്യക്തി ആയിരുന്നു.

കാര്യങ്ങൾ ഇത്രയുമായപ്പോൾ, സ്പെഷൽ മിനിസ്ട്രിയിലെ അംഗത്വത്തെ സംബന്ധിച്ച് അനുകൂലവും പ്രതികൂലവുമായ എതിർപ്പ് രൂക്ഷമായി. സമുദായത്തിനു പുറത്തുനിന്ന് വിവാഹം കഴിച്ചവരെ കൂടി ഉൾപ്പെടുത്തിയാവണം സ്പെഷൽ മിനിസ്ട്രി എന്ന നിലപാടിൽ കാലായിൽ ഫിലിപ്പും ഒരു വിഭാഗവും ഉറച്ചുനിന്നു. പൂവത്തിങ്കൽ കുഞ്ചാക്കോയുടെ നേതൃത്വത്തിൽ മറ്റൊരു വിഭാഗം അതിനെ ശക്തമായി എതിർക്കുകയും ചെയ്തു.

എല്ലാവരേയും ഉൾപ്പെടുത്തിയുള്ള മിഷൻ ആയിരിക്കും തന്റേതെന്ന് ചാൻസറിക്ക് കൊടുത്ത ഉറപ്പ് പാലിക്കാതെ വന്നാൽ മിഷന് നിലനിൽപ്പുണ്ടാവില്ലെന്നും, അതുകൊണ്ട്, മിഷൻ വേരോടി ശക്തിപ്പെടുന്നതുവരെ, ഒരു തൽക്കാല ക്രമീകരണമെന്ന നിലയിൽ, സമുദായം വിട്ടു വിവാഹം കഴിച്ചവർക്കു കൂടി അംഗത്വം നൽകണമെന്നുമായിരുന്നു ചൊള്ളമ്പേലിന്റെ നിലപാട്. മിഷൻ ശക്തിപ്രാപിക്കാൻ അതാവശ്യവുമായിരുന്നു. അതുകൊണ്ട് പുറത്തുനിന്ന് വിവാഹം കഴിച്ചവരുമായി ചൊള്ളമ്പേൽ സംവദിക്കുകയും മിഷനിലെ ഒരുവിധ ഭാരവാഹിസ്ഥാനവും തങ്ങൾ ആവശ്യപ്പെടില്ലെന്നും, അതു രേഖാമൂലം എഴുതിത്തരാമെന്നും കൂടി അവർ ഉറപ്പുകൊടുത്തു.

ഫോറം പൂരിപ്പിച്ച്, അഞ്ചു ഡോളർ നൽകിയവർ മാത്രം ഞായറാഴ്ചത്തെ കുർബാനയ്ക്കുശേഷം നടത്തുന്ന മീറ്റിംഗിൽ പങ്കെടുത്താൽ മതി എന്ന് ചൊള്ളമ്പേൽ പള്ളിയിൽ അറിയിച്ചിരുന്നു.

ഞായറാഴ്ചത്തെ മീറ്റിംഗ് നടക്കുന്നതിനും തലേദിവസം കുന്നശ്ശേരി മെത്രാൻ ചൊള്ളമ്പേലിനെ വിളിച്ച് ഒരു നിർദ്ദേശം നൽകി. ഞായറാഴ്ച നടത്തുന്ന മീറ്റിംഗ് മാറ്റിവയ്ക്കുക; മെമ്പർഷിപ്പു സംബന്ധിച്ച കാര്യങ്ങൾ മാന്തുരുത്തിൽ സിറിയക്കച്ചൻ വന്നിട്ടു തീരുമാനിക്കും. എങ്കിൽ ഞാൻ തിരിയെപ്പോകുകയാണെന്നു ചൊള്ളമ്പേൽ പറഞ്ഞെങ്കിലും കുന്നശ്ശേരി ഒന്നും പറഞ്ഞില്ല.

## മെത്രാന്റെ വിചിത്ര സമീപനം

സംഭവിച്ചത് എന്താണെന്ന് തിരിച്ചറിയുവാൻ ചൊള്ളമ്പേലിന് അധികം ചിന്തിക്കേണ്ടിവന്നില്ല. ക്നാനായ തീവ്രവാദികളുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടും അവർക്കു നേതൃത്വം നൽകി മിഷനിൽ മേൽക്കൈയും പൈതൃകത്വവും അവകാശപ്പെടുന്ന ഒരു വ്യക്തിയുടെ മേൽക്കോയ്മയും അതൊക്കെ അംഗീകരിച്ചുകൊണ്ടുള്ള കുന്നശ്ശേരിയുടെ നിലപാടും മൂലം തന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് ചൊള്ളമ്പേൽ ഗ്രഹിച്ചു. കഴിഞ്ഞ ഇരുപത്തഞ്ചുവർഷത്തിലധികം കോട്ടയം രൂപതയുടെ ഭരണ രംഗത്ത് ശക്തവും നിസ്വാർത്ഥവുമായ സേവനവും സ്വാധീനവും ചെലുത്തുകയും, വൈദികൻ, സഹായമെത്രാൻ, രൂപതാദ്ധ്യക്ഷൻ എന്നീ നിലകളിൽ താൻ ഒന്നിച്ച്, സഹകരിച്ചു പ്രവർത്തിച്ച കുന്നശ്ശേരി മെത്രാന്റെ തന്നോടുള്ള ഇക്കാര്യത്തിലെ നിലപാട് ചൊള്ളമ്പേലിന് അത്ഭുതകരവും അതിവിചിത്രവുമായി അനുഭവപ്പെട്ടു. തന്നോട് ഒരു വിശദീകരണവും ചോദിക്കാതെ, താൻ ചെയ്യാനുദ്ദേശിച്ചത് എന്താണെന്ന് അറിയാൻ ഒരു താല്പര്യവും കാട്ടാതെ, ഇവിടെ സംഭവിക്കുന്നത് എന്താണെന്ന് മനസ്സിലാക്കാൻ തയ്യാറാകാതെ എല്ലാം നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയും തന്റെ വ്യക്തിത്വത്തിനും നിലപാടുകൾക്കും പുല്ലുവിലപോലും കല്പിക്കാതെ, തീവ്രവാദികൾക്കും തന്റെ തലതൊട്ടപ്പന്റെ മകന്റെ വാക്കുകൾക്കുമാത്രം പ്രാധാന്യം നൽകുകയും ചെയ്യുന്ന കുന്നശ്ശേരി മെത്രാൻ, തന്നെ ഒരു വിഡ്ഢി ആക്കുകയാണല്ലോ എന്ന് ചൊള്ളമ്പേലിനു തോന്നി. താനിപ്പോൾ പിശാചിനും കടലിനുമിടയിലായ പോലെ ചൊള്ളമ്പേലിനു തോന്നി. പുറത്തുനിന്നു വിവാഹം ചെയ്തവരെ മിഷനിൽ ഉൾപ്പെടുത്തുന്നതിനെ എതിർക്കുന്ന തീവ്രവാദികളും അവരെ പിൻതുണച്ചനുഗ്രഹിക്കുന്ന കുന്നശ്ശേരിയും ഒരുവശത്ത്. എല്ലാവരേയും ഉൾപ്പെടുത്തുന്ന മിനിസ്ട്രി ആയിരിക്കും താൻ നൽകുക എന്നു താൻ ഉറപ്പു നൽകിയ ചിക്കാഗോ അതിരൂപത മറുവശത്ത്. ചൊള്ളമ്പേൽ ഗാഢമായി ചിന്തിച്ചു; തീവ്രമായി പ്രാർത്ഥിച്ചു. വളരെ സൂക്ഷ്മമായി, തന്ത്രപരമായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയം. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി, ആത്മാർത്ഥതയോടെ നട്ടുനനച്ചു വളർത്തിയെടുത്ത സ്പെഷൽ മിനിസ്ട്രി തനിക്കു വേണമെങ്കിൽ തച്ചുടയ്ക്കാം; ചാൻസലറെ വിളിച്ച് ഒരുവാക്കു പറഞ്ഞാൽ മതി. പക്ഷേ, ഒട്ടേറെ നല്ല മനുഷ്യർക്കു ലഭിക്കാവുന്ന ആധ്യാത്മിക സേവനങ്ങൾ താനായിട്ട് ഇല്ലാതാക്കാൻ വലിയ

വൈക്ലബ്യം. കുന്നശ്ശേരി എന്ന വ്യക്തിയേക്കാൾ തന്റെ സഹോദരങ്ങളോടും സമുദായത്തോടുമുള്ള പ്രതിബദ്ധതക്കുവേണ്ടേ മുൻഗണന നൽകേണ്ടത്? ഒരു വൈദികൻ എന്നനിലയിൽ അതല്ലേ തന്റെ ദൗത്യം? 'തിന്മയിൽ നിന്നു നന്മ പുറപ്പെടുവിക്കുന്ന' ദൈവം എല്ലാം നേരെയാക്കും എന്നാശ്വസിച്ചു ചൊള്ളമ്പേൽ മെത്രാന്റെ ആജ്ഞാനുവർത്തിയായി എന്നു ചുരുക്കം.

## കുർബാനയും മീറ്റിംഗും

ചൊള്ളമ്പേൽ പതിവുപോലെ കുർബാന ചൊല്ലി തുടർന്നു മീറ്റിംഗ് ആരംഭിച്ചു. അഞ്ചു ഡോളർ സംഭാവന നൽകി ഫോറം പൂരിപ്പിച്ചു കൊടുത്തവർമാത്രം മീറ്റിംഗിൽ സംബന്ധിച്ചാൽ മതി എന്നുപറഞ്ഞിരുന്നുവെങ്കിലും കുഞ്ചാക്കോ ഉൾപ്പെടെ ചിലർ അതൊന്നും ചെയ്യാതെ മീറ്റിംഗിനെത്തുകയും ചെയ്തു!

ചൊള്ളമ്പേൽ നടന്ന കാര്യങ്ങളൊക്കെ വിശദീകരിച്ചു. മാത്രമല്ലാ, കുന്നശ്ശേരി മെത്രാൻ നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ തുടർനടപടികൾ നിർത്തിവയ്ക്കുന്നുവെന്നും, ഇക്കാര്യങ്ങളിൽ തന്റെ കരങ്ങൾ ബന്ധിതമാണെന്നും അദ്ദേഹം പറഞ്ഞുവച്ചു. അഞ്ചു ഡോളർ നൽകിയവർക്ക് അതു തിരിയെ വാങ്ങാമെന്നും, താൻ നാട്ടിലേക്ക് മടങ്ങുകയാണെന്നും കൂടി ചൊള്ളമ്പേൽ അറിയിച്ചു. ചിലരൊക്കെ സംസാരിക്കാൻ എഴുന്നേറ്റെങ്കിലും ചൊള്ളമ്പേൽ അതനുവദിച്ചില്ല. മീറ്റിംഗ് പിരിച്ചുവിടുകയും ചെയ്തു.

## ചാൻസലറുടെ നിലപാട്

ആരും പ്രതീക്ഷിക്കാത്ത ഈ സാഹചര്യത്തിൽ KANA ഒരു മീറ്റിംഗ് കൂടുകയും മിഷനെ സംബന്ധിച്ചുണ്ടായ വഴിത്തിരിവുകളെപ്പറ്റി ചിക്കാഗോ അതിരൂപതയുടെ ചാൻസലറിന് എഴുതുകയും ചെയ്തു. KANA യുടെ പ്രതിനിധികളേയും ചൊള്ളമ്പേലിനേയും ഒരു കൂടിക്കാഴ്ചയ്ക്ക് ചാൻസലർ വിളിച്ചു. പുറത്തുനിന്നു വിവാഹം കഴിച്ചവരെ മിഷനിൽ അംഗങ്ങൾ ആക്കുന്നതാണ് ചൊള്ളമ്പേലിനെ തിരിച്ചു വിളിക്കാൻ കാരണമെന്ന് KANA യുടെ പ്രതിനിധികൾ ചാൻസലറെ അറിയിച്ചു. എന്തുകൊണ്ട് അത്തരമൊരു നിലപാട് എന്ന ചാൻസലറുടെ ചോദ്യത്തിന് ചൊള്ളമ്പേൽ നൽകിയ മറുപടി, അത് കേരളത്തിൽ ഞങ്ങളുടെ

രൂപതയിലെ ആചാരമായതുകൊണ്ടാണ്, എന്നായിരുന്നു. ആ നടപടി ഈ രൂപതയിൽ അനുവദിക്കുകയില്ല; പറ്റുകയില്ല എന്നായിരുന്നു ചാൻസലറുടെ മറുപടി.

## മാന്തുരുത്തിലിന് വിസാ നിഷേധിക്കുന്നു

ഈ സാഹചര്യത്തിലാണ് ചൊള്ളമ്പേലിന്റെ പിൻഗാമിയായി നിയമിതനായ മാന്തുരുത്തിൽ സിറിയക്കച്ചൻ മദ്രാസിലെ യു.എസ്. കോൺസുലേറ്റിൽ അമേരിക്കൻ വീസയ്ക്ക് എത്തിയത്.

KANA യിലെ അംഗങ്ങളായ പതിനാറോളംപേർ കോൺസുലേറ്റിലേക്ക് ചിക്കാഗോയിൽ നിന്ന് ടെലിഗ്രാമുകൾ അയച്ചുതുടങ്ങി. ടെലിഗ്രാമുകളുടെ ഉള്ളടക്കം, 'മാന്തുരുത്തിലിന് വീസാ നൽകരുതെന്നും അദ്ദേഹത്തിന്റെ ഇങ്ങോട്ടുള്ള വരവ് കമ്മ്യൂണിറ്റിയിൽ ഭിന്നതയുണ്ടാക്കും', എന്നുമായിരുന്നു.

മാത്രവുമല്ല, സ്പെഷൽ മിനിസ്ട്രിയിലെ സംഭവങ്ങൾ മൂലം, മാന്തുരുത്തിലിന് ചിക്കാഗോ അതിരൂപത നൽകേണ്ടിയിരുന്ന റെക്കമന്റേഷൻ കത്ത് അവർ അയച്ചുമില്ല.

തന്മൂലം മാന്തുരുത്തിക്ക് വീസാ നിഷേധിക്കപ്പെട്ടു. തുടർന്ന് കുന്നശ്ശേരിയും കർദ്ദിനാൾ ബർനർഡീനും തമ്മിൽ ഇതേപ്പറ്റി കത്തിടപാടുകൾ നടന്നുവെങ്കിലും ചിക്കാഗോ രൂപതയുടെ നിലപാടിൽ മാറ്റമുണ്ടായില്ല. കർദ്ദിനാൾ ബർനർഡിൻ റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിലേക്ക് ഇവിടുത്തെ അംഗത്വത്തെ സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞുകൊണ്ട് എഴുതുകയും ചെയ്തു. അതിന് കോൺഗ്രിഗേഷന്റെ പ്രീഫെക്റ്റായിരുന്ന കർദ്ദിനാൾ ലൂർദ്ദുസ്വാമി 1986-ൽ കർദ്ദിനാൾ ബർനർഡീനു നൽകിയ ഔദ്യോഗിക മറുപടിയാണ് പ്രസിദ്ധമായ “1986-ലെ റിസ്ക്രിപ്റ്റ്”.

01-03-1986 ൽ കോൺഗ്രിഗേഷൻ നൽകിയ റിസ്ക്രിപ്റ്റ്, കർദ്ദിനാൾ ബർനർഡീനു മാത്രമല്ല, കുന്നശ്ശേരിക്കും ലഭിച്ചിരുന്നു. കോൺഗ്രിഗേഷന്റെ തീരുമാനത്തിന്റെ ഉള്ളടക്കം ചിക്കാഗോ ചാൻസലർ ഫാദർ കീലി KANA യ്ക്കും നൽകി. മൂന്നു കാര്യങ്ങൾ അദ്ദേഹം വ്യക്തമാക്കിയിരുന്നു, കീലിയുടെ കത്തിൽ.

ഒന്ന്: ക്നാനായ സമൂഹത്തിനു നൽകിയ പ്രത്യേക അജപാലനശുശ്രൂഷ (Special Ministry) ആത്മാർത്ഥതയോടെ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനം, ക്നാനായ സമൂഹത്തിനു പുറമേ നിന്നു വിവാഹം ചെയ്ത ക്നാനായ കത്തോലിക്കർക്ക് ചിക്കാഗോ ക്നാനായ മിഷനിൽ തുല്യമായ സ്ഥാനം നൽകണം എന്നുള്ളതാണ്.

രണ്ട്: ക്നാനായ സമുദായത്തിനു വെളിയിൽ നിന്നു വിവാഹം ചെയ്യുന്ന ക്നാനായ കത്തോലിക്കരെ ഇടവകാസമൂഹത്തിൽനിന്നു പുറത്താക്കുന്ന, കോട്ടയം രൂപതയിലെ പതിവു കീഴ്‌വഴക്കം അമേരിക്കൻ ഐക്യനാടുകളിലേക്കും ബാധകമാക്കണമെന്ന നിലപാട് കോൺഗ്രിഗേഷന് സ്വീകാര്യമല്ല.

മൂന്ന്: കോട്ടയം രൂപതാദ്ധ്യക്ഷന് തന്റെ അധികാരപരിധിക്കു പുറത്തുള്ള ക്നാനായ കത്തോലിക്കരുടെമേൽ അധികാരമില്ല. ചിക്കാഗോയിലെ ക്നാനായ സമൂഹം ചിക്കാഗോ അതിരൂപതാദ്ധ്യക്ഷന്റെ അനന്യമായ അധികാരപരിധിയിലുമാണ്.

ഇത്തരമൊരു റിസ്ക്രിപ്റ്റ് ലഭിച്ചെങ്കിലും കുന്നശ്ശേരി അതേക്കുറിച്ച് മൗനം അവലംബിക്കുകയാണുണ്ടായത്. KANA ഭാരവാഹികൾക്ക് അതെപ്പറ്റി വിവരം ലഭിച്ചെങ്കിലും തീവ്രവാദികൾക്ക് അതെപ്പറ്റി വിവരമുണ്ടായതായി അറിവില്ല. ഒരുപക്ഷേ, റിസ്ക്രിപ്റ്റിനെ സംബന്ധിച്ച് വേവലാതിപ്പെടേണ്ടെന്നും അത് റോമിൽ സ്വാധീനം ചെലുത്തി മാറ്റിച്ചുകൊള്ളാമെന്നും കുന്നശ്ശേരി അവരെ സമാധാനിപ്പിച്ചതാകാനും മതി.

കർദ്ദിനാൾ ബർനർഡീനും കുന്നശ്ശേരിയും തമ്മിൽ കത്തിടപാടുകൾ നടന്നുവെങ്കിലും പുറത്തുനിന്നും കല്യാണം കഴിച്ച ക്നാനായ കത്തോലിക്കരെ ഉൾപ്പെടുത്താതെയുള്ള ഒരു മിനിസ്ട്രിയിൽ വിട്ടുവീഴ്ചയ്ക്ക് കർദ്ദിനാൾ തയ്യാറായില്ല. തന്മൂലം, രണ്ടുവർഷത്തോളം മാന്തുരുത്തിക്ക് ചിക്കാഗോയിലേക്കു വരുവാനും സാധിച്ചില്ല. ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. രണ്ടു രൂപതാദ്ധ്യക്ഷന്മാരും അപ്പസ്തോലന്മാരുടെ പിൻഗാമികളും യേശു ഭരമേൽപ്പിച്ച അജപാലനദൗത്യം തുടരുവാൻ ബാധ്യസ്ഥരും ആണെന്ന് അവകാശപ്പെടുന്നെങ്കിലും, ഇവരിൽ ആരാണ് തന്റെ ദൗത്യനിർവ്വഹണത്തിൽ യേശുവിനോടു പ്രതിബദ്ധത പുലർത്തുന്നത്? കോട്ടയം രൂപതയോ സീറോ-മലബാർ സഭയോ ഇല്ലെങ്കിലും, ഇൻഡ്യയിൽനിന്നും മറ്റു വിദേശ രാജ്യങ്ങളിൽനിന്നും ഇവിടെ

വന്നെത്തിയ കത്തോലിക്കർക്ക് ആധ്യാത്മിക സേവനങ്ങൾ നൽകാൻ ഇവിടുത്തെ മെത്രാന്മാർ ശ്രദ്ധിച്ചിരുന്നു; അതു ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇവിടെ ചിക്കാഗോയിൽ കാർഡിനൽ ബർനർഡീനും അതിനപവാദമല്ലായിരുന്നു.

എന്നാൽ, കുന്നശ്ശേരിയാകട്ടെ, പ്രായമായ, ഇംഗ്ലീഷ് പ്രാവീണ്യമില്ലാത്ത കത്തോലിക്കർക്ക് സ്വന്തം ഭാഷയിലും റീത്തിലും ആധ്യാത്മികസേവനം ചെയ്യാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിച്ചപ്പോൾ കർദ്ദിനാൾ സന്തോഷപൂർവ്വം അതനുവദിച്ചു കൊടുത്തു തന്റെ അജപാലനാഭിമുഖ്യം കാട്ടിക്കൊടുത്തു. പക്ഷേ, താൻ അനുവദിച്ച അജപാലനശുശ്രൂഷയിൽ നിന്ന് ആരെയും മാറ്റി നിർത്തുവാൻ പാടില്ല എന്നദ്ദേഹം നിഷ്ക്കർഷിച്ചത് തെറ്റല്ല.

അങ്ങനെ സംസ്ഥാപിതമായ അജപാലനശുശ്രൂഷയിൽ, സമുദായം വിട്ടു കല്യാണം കഴിച്ചവർക്ക് അംഗത്വം നൽകാൻ പാടില്ലെന്ന് ശാഠ്യം പിടിച്ച തീവ്രമനസ്ഥിതിക്കാർക്കു പച്ചക്കൊടി കാട്ടിയ കുന്നശ്ശേരിയുടെ അജപാലനാഭിമുഖ്യം ആത്മാർത്ഥമാണെന്നു എങ്ങനെ പറയും? അമേരിക്കയുടെ പ്രത്യേക സാഹചര്യത്തിൽ, 'തല്ക്കാലം' കർദ്ദിനാളിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ഉപദേശിക്കുന്നതിനു കുന്നശ്ശേരി ബാദ്ധ്യസ്ഥനായിരുന്നു. "ഇരിക്കുന്നതിനു മുമ്പ് കാലു നീട്ടരുത്" എന്നും അതിന്റെ പ്രത്യാഘാതം കഠിനമായിരിക്കും എന്നു തിരിച്ചറിയാനുള്ള ബുദ്ധിയും വിവേകവും പോലും കുന്നശ്ശേരി കാണിച്ചില്ലെന്നു പറയേണ്ടിയിരിക്കുന്നു.

## 1986 റിസ്ക്രിപ്റ്റും ചില ചിന്തകളും

1986-ലെ ഓറിയന്റൽ കോൺഗ്രിഗേഷന്റെ റിസ്ക്രിപ്റ്റ് അമേരിക്കയിലേയും കേരളത്തിലേയും ക്നാനായ കാത്തോലിക്കരുടെയിടയിൽ ഉണ്ടാക്കിയ ചലനങ്ങൾ അത്ര നിസ്സാരമല്ല. കുന്നശ്ശേരി മെത്രാന്റെ ഭരണത്തിൻകീഴിൽ ക്നാനായ കത്തോലിക്കരുടെ ഭാവിയും സ്വവംശവിവാഹവും എൻഡോഗമിയും സുരക്ഷിതമാണെന്നു ആത്മാർത്ഥമായി വിശ്വസിച്ചിരുന്നവർക്കും അമേരിക്കയിലെത്തി സാമാന്യം ഭേദപ്പെട്ട സാമ്പത്തികസ്ഥിതി കൈവരിച്ചവർക്കും മേല്പടി റിസ്ക്രിപ്റ്റ് അത്ര വലിയ പ്രശ്നകാരി ആകുമെന്ന തിരിച്ചറിവുണ്ടായില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ക്നാനായത്തനിമയ്ക്കുവേണ്ടി ശക്തമായി വാദിക്കുകയും എഴുതുകയും ചെയ്യുന്ന പലരും ഇന്നും വിചാരിക്കുന്നതും ധരിച്ചിരിക്കുന്നതും, ക്നാനായ സമുദായത്തിനു പുറത്തുനിന്നു വിവാഹം ചെയ്ത് രൂപതയ്ക്കു പുറത്തുപോകേണ്ടിവന്ന ഒരു ന്യൂനപക്ഷം ചിക്കാഗോ അതിരൂപതാധ്യക്ഷനെ സ്വാധീനിച്ചു നേടിയെടുത്തതാണ് റിസ്ക്രിപ്റ്റ് എന്നാണ്.

എനിക്കു തോന്നുന്നത്, ബിജു ഉതുപ്പു കേസിൽനിന്നുമാണ് റിസ്ക്രിപ്റ്റിന്റെയും പ്രചോദനവും തുടക്കവും എന്നാണ്. സെക്കുലർ നിയമവ്യവസ്ഥയിൽ ബിജു ഉതുപ്പിന് കല്യാണക്കുറി നിഷേധിച്ചത് തെറ്റാണെന്ന് വിധി ഉണ്ടായപ്പോൾ അതൊരു വലിയ സന്ദേശമായിരുന്നു. അതായത്, മെത്രാന്റെ അധികാരത്തേയും നിയമങ്ങളേയും ചോദ്യം ചെയ്യുന്ന ഒരു പുതിയ തലമുറ ആവിർഭവിച്ചിരിക്കുന്നു! ചോദ്യം ചെയ്യുന്നത് വ്യവസ്ഥാപിതമായ രീതിയിലല്ലെങ്കിൽ, വ്യക്തമായ പ്രതികരണമുണ്ടാക്കും; നിയമവ്യവസ്ഥയിലും തുടർന്നു സഭാ രംഗത്തും അനുകൂലവും വ്യക്തവുമായ പ്രതികരണം ഉണ്ടാവുകയും ചെയ്തു. മേല്പറഞ്ഞ ധൈര്യവും സഭാധികാരികളിൽനിന്ന് ഉണ്ടായ ഇടപെടലും ആയിരിക്കാം നിലവിലുള്ള വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ ചിക്കാഗോയിലും ആളുകൾ മുമ്പോട്ടു വന്നത്.

ചിക്കാഗോയിൽ മറ്റൊരു അനുകൂലാന്തരീക്ഷവും കൂടി ഉണ്ടായിരുന്നു. കേരളത്തിലെ മെത്രാന്മാരുടെയും മെത്രാസനങ്ങളിലേയും സമീപനമായിരുന്നില്ല, ചിക്കാഗോ മെത്രാന്റേത്. സഭാംഗങ്ങളെ ക്ഷമാപൂർവ്വം ശ്രവിക്കാനും, ശ്രവിച്ചത് പഠിക്കാനും, പഠിച്ചതിനെപ്പറ്റി വ്യക്തമായ തീരുമാനങ്ങൾ എടുക്കുവാനും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാനും മടി കാണിക്കാത്ത ചിക്കാഗോ രൂപതാധ്യക്ഷന്റെ സമീപനം വളരെ ഋജുവും സുതാര്യവും ഉത്തരവാദിത്തപൂർണ്ണവുമായിരുന്നു. രണ്ടു ആശയഗതിക്കാരെയും ശ്രവിച്ചപ്പോൾ അവരുടെ നിലപാടുകളിലെ സത്യങ്ങളും വൈരുധ്യങ്ങളും തുറന്ന മനസ്സോടെ കാണുവാൻ അദ്ദേഹം തയ്യാറായി. സ്വയം തീരുമാനം എടുക്കാമായിരുന്നിട്ടും, സഭയുടെ പരമോന്നതകേന്ദ്രത്തിന്റെ അഭിപ്രായം ആരായുകയാണ് ചിക്കാഗോ രൂപതാധ്യക്ഷൻ ചെയ്തത്. അങ്ങനെയാണ് റിസ്ക്രിപ്റ്റുണ്ടായത്. അല്ലാതെ, ആരും ആരെയും സ്വാധീനിച്ചിട്ടില്ല. പ്രസ്തുത റിസ്ക്രിപ്റ്റ് പ്രശ്നകരമാവുമെന്ന തിരിച്ചറിവുണ്ടായ കുന്നശ്ശേരി, അതു നടപ്പിലാക്കുന്നതിന് സാവകാശം

ചോദിച്ചപ്പോൾ അതു ലഭിക്കുകയും ചെയ്തതാണ്. പക്ഷേ, കോൺഗ്രിഗേഷന്റെ നിലപാടിൽ മാറ്റമുണ്ടാക്കുവാൻ കുന്നശ്ശേരിക്കു സാധിച്ചതുമില്ല.

## പരിഹാരശ്രമങ്ങൾ

ഈ പ്രതിസന്ധി പരിഹരിക്കുവാൻ, റോമിൽ നടന്ന മെത്രാൻ സിനഡിൽ പങ്കെടുക്കുവാൻ അവിടെ എത്തിയ ബർനർഡിനും കുന്നശ്ശേരിയും, ലൂർദ്ദുസ്വാമിയെ കണ്ടു ചർച്ചകൾ നടത്തിയെങ്കിലും റിസ്ക്രിപ്റ്റിൽ ഭേദഗതി വരുത്തുവാൻ കോൺഗ്രിഗേഷന്റെ പ്രീഫെക്ടായ ലൂർദ്ദുസ്വാമി സമ്മതിച്ചില്ല. റിസ്ക്രിപ്റ്റിൽ പറയുന്നതുപോലെ, സമുദായത്തിനു വെളിയിൽനിന്നു വിവാഹം കഴിച്ചവരായ ക്നാനായ കത്തോലിക്കരെ ഉൾപ്പെടുത്താതെയുള്ള സ്പെഷൽ മിനിസ്ട്രി അനുവദിക്കാൻ ബർനർഡീനും തയ്യാറായില്ല. അവസാനം, ബർനർഡിന്റെ വ്യവസ്ഥകൾ അംഗീകരിച്ചാണ് കുന്നശ്ശേരി, മാന്തുരുത്തിയെ ചിക്കാഗോയിലേക്കയച്ചത്! പക്ഷേ, അതൊക്കെ കുന്നശ്ശേരിയും മാന്തുരുത്തിയുമൊക്കെ ചിക്കാഗോയിലെ തീവ്രവാദികളിൽനിന്നു ബോധപൂർവ്വം മറച്ചുവച്ചു എന്നതാണ് വസ്തുത. "അജപാലന ശുശ്രൂഷ"യിലെ ഒരു ശുദ്ധകളവു (Pastoral lie) ആയിരുന്നത്. അവർ അതിനു നൽകിയ പേര് "അജപാലനത്തിലെ വിവേകം" (Pastoral prudence) എന്നായിരുന്നു!

ചുരുക്കത്തിൽ കർദ്ദിനാൾ ബർനർഡിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട്, കോട്ടയം രൂപതയിൽപെട്ട ഒരു വൈദികനെ കുന്നശ്ശേരി ചിക്കാഗോ രൂപതയ്ക്ക് വിട്ടുകൊടുക്കുന്നു. ചിക്കാഗോ അതിരൂപതയുടെ കീഴിൽ, അവിടുത്തെ മെത്രാന്റെ അധികാരത്തിനും നിയന്ത്രണത്തിനും വിധേയനായി, ക്നാനായക്കാരും സമുദായം വിട്ടു കല്യാണം കഴിച്ച ക്നാനായക്കാരുമായ കത്തോലിക്കരുടെ ആധ്യാത്മിക സേവനത്തിനു സ്ഥാപിതമായ മിഷനിലേക്ക് പ്രസ്തുത വൈദികൻ നിയമിക്കപ്പെടുന്നു. അതിന്റെയർത്ഥം, "സങ്കരപ്പള്ളികൾ" എന്ന് വടക്കേ അമേരിക്കയിലെ ക്നാനായ തീവ്രവാദികൾ ഇന്നു വിശേഷിപ്പിക്കുന്ന മിഷനുകൾ, അവയുടെ ആരംഭത്തിൽത്തന്നെ 'സങ്കര' മെന്നു സമ്മതിച്ചുകൊണ്ടാണ് കുന്നശ്ശേരി മെത്രാൻ അംഗീകരിച്ചാരംഭിച്ചത്!!

## പുതിയ ഡയറക്ടറും മിഷൻ നടത്തിപ്പും

പുതിയ ഡയറക്ടർ വളരെ തന്ത്രപൂർവ്വമാണ് നീങ്ങിയത് KANA യോടുള്ള അദ്ദേഹത്തിന്റെ സമീപനം തികച്ചും നിഷേധാത്മകമായിരുന്നു. റോമിൽനിന്നു നിർദ്ദേശിച്ച "ആത്മാർത്ഥമായ ശുശ്രൂഷ" യിലെ 'ആത്മാർത്ഥത' (Faithfully conducted special ministry) ഡയറക്ടർക്കില്ലായിരുന്നു. സമുദായത്തിനു പുറത്തുനിന്നു വിവാഹം ചെയ്തവരേയും അവരുൾപ്പെട്ട KANA യുടെ അംഗങ്ങളേയും ഡയറക്ടർ ബോധപൂർവ്വം അവഗണിച്ചു, മിഷനിൽനിന്ന് അകലെ നിർത്തുന്ന ഒരു നയമായിരുന്നു അവലംബിച്ചത്. "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന നയം എല്ലാ രംഗത്തും നടപ്പിലായി. അദ്ദേഹത്തിനു പിൻതുണ നൽകി തീവ്രവാദികളായ ഒരുപജാപക സംഘം നിലയുറപ്പിച്ചു. ആ കാലഘട്ടത്തിലെ മിഷൻ ശുശ്രൂഷയുടെ ഗുണമേന്മയും അജപാലനത്തിലെ ആത്മാർത്ഥതയും, അജപാലകന്റേയും അജഗണങ്ങളുടെയും വിശ്വാസജീവിതവും ക്രൈസ്തവ മൂല്യങ്ങളോടുള്ള പ്രതിബദ്ധതയും വിശകലനം ചെയ്താൽ 'കടലും കടലാടിയും' തമ്മിലുള്ള ബന്ധമേ ഉണ്ടായിരുന്നുള്ളൂ എന്നു നിസംശയം പറയാം.

## പാളിപ്പോയ KCS - KANA ഐക്യശ്രമം

അത്ഭുതകരമെന്നു പറയട്ടെ, KCS - KANA ഭിന്നതയെ സർവ്വാത്മനാ പിന്തുണച്ചിരുന്ന മിഷൻ ഡയറക്ടർക്ക് മനംമാറ്റമുണ്ടാവുകയും, 1995 ഡിസംബറിൽ രണ്ടു സംഘടനകളുടേയും യോജിപ്പിനുവേണ്ടി അദ്ദേഹം മുൻകയ്യെടുക്കുകയും ചെയ്തു! കുന്നശ്ശേരി മെത്രാനാകട്ടെ, ചിക്കാഗോയിൽ 'ഒരു ക്നാനായ സമൂഹം' എന്ന ആശയത്തിന് സർവ്വപിന്തുണയും (?) നൽകി. മാത്രമല്ലാ, യോജിപ്പു ശ്രമങ്ങൾക്ക് മാധ്യസ്ഥം വഹിക്കുവാൻ കുന്നശ്ശേരി, ചിക്കാഗോ അതിരൂപതാദ്ധ്യക്ഷന്റെ സഹായം അഭ്യർത്ഥിച്ചെഴുതിയതായും രൂപതാ ചാൻസലർ റവ. തോമസ് പപ്പറോക്കി 12-05-95ൽ ക്നാനായ കത്തോലിക്കർക്കയച്ച കത്തിൽ ചൂണ്ടിക്കാട്ടുന്നു. പപ്പറോക്കി KCS സമ്മേളനത്തിൽ പങ്കെടുത്ത് വ്യക്തിപരമായി ഐക്യത്തിന് ആഹ്വാനം നൽകുകയുണ്ടായി. ഐക്യശ്രമത്തിന് ചിക്കാഗോയ്ക്ക് പുറത്തുള്ള നാല് അത്മായ പ്രമുഖരാണ് ഇടനില വഹിച്ചതെന്നും കൂടി സൂചിപ്പിക്കട്ടെ.

എന്തായാലും KCS - KANA ഐക്യശ്രമങ്ങൾ പൊളിഞ്ഞു അല്ലെങ്കിൽ പൊളിച്ചു. അതിനുള്ള ഉത്തരവാദിത്തം KCS ലെ സ്ഥാപിത താല്പര്യക്കാരായ ഒരു ഗ്രൂപ്പിനു തന്നെ. അന്ന് ഉരുത്തിരിഞ്ഞ ഐക്യഫോർമുലാ അനുസരിച്ച് ഒരു യോജിപ്പുണ്ടായിരുന്നെങ്കിൽത്തന്നെയും അതിന് അത്ര നീണ്ട ആയുസ്സുണ്ടാകുമായിരുന്നു എന്ന് തോന്നുന്നില്ല.

## പുതിയ ഡയറക്ടർ വരുന്നു

പുതിയ ഡയറക്ടർ 15-01-96ൽ ചിക്കാഗോ അതിരൂപതാ ചാൻസലർക്കയച്ച കത്തിൽ ഐക്യശ്രമം പൊളിഞ്ഞുവെന്നും മറ്റും അറിയിക്കുകയും അതിനു മറുപടിയായി ചാൻസലർ 02-03-96ൽ ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രണ്ടു സംഘടനകളും യോജിക്കാത്ത സാഹചര്യത്തിൽ മിഷനിലൂടെ ഐക്യം ഉണ്ടാക്കണമെന്നും അതിനുവേണ്ടി ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിക്കണമെന്നും ചാൻസലർ നിർദ്ദേശിച്ചു. മൂന്നു കാര്യങ്ങളായിരുന്നു പ്ലാനിന്റെ വിഷയങ്ങളായി നിർദ്ദേശിച്ചത്. 1. മിഷന്റെ സാമൂഹിക പ്രവർത്തനങ്ങൾ 2. യുവജനസംഘടന 3. സ്ഥിരം പാസ്റ്ററൽ കൗൺസിൽ. ഈ മൂന്നിന പ്രവർത്തനങ്ങളിലും പുറത്തുനിന്നു വിവാഹം കഴിച്ചവരേയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നു. പ്ലാൻ 29-02-96നു തനിക്കു സമർപ്പിച്ചിരിക്കണമെന്നും അംഗീകരിച്ചു നൽകുന്ന പ്ലാൻ ഏപ്രിൽ 15-ന് നടപ്പിലായിരിക്കണമെന്നും അല്ലാത്തപക്ഷം ക്നാനായ മിഷൻ നിർത്തലാക്കുവാൻ കർദ്ദിനാൾ ബർനർഡീനോടു ശുപാർശ ചെയ്യുമെന്നും പപ്പറോക്കി മുന്നറിയിപ്പു നൽകി.

രണ്ടുവിഭാഗങ്ങളും തമ്മിലുള്ള കലഹം വലിയ തെറ്റും ഉതപ്പും ആണെന്നും അതിരൂപതയ്ക്ക് അതംഗീകരിക്കാനാവില്ലെന്നും, തന്മൂലം താങ്കളെ തിരിച്ചുവിളിക്കുവാൻ ഖേദപൂർവ്വം ആവശ്യപ്പെടുമെന്നും, അതിരൂപതാധികാര പരിധിയിൽ മറ്റൊരു രൂപതയിലെ വൈദികനെ പ്രവർത്തിക്കുവാൻ അനുവദിക്കുകയില്ലെന്നും കത്തിൽ തുടരുന്നു. ജനുവരിമാസം റോമിൽ സീറോ-മലബാർ മെത്രാന്മാരുടെ സിനഡ് നടക്കുന്ന അവസരത്തിൽ താനവിടെ ഉണ്ടായിരുന്നുവെന്നും തദവസരത്തിൽ, ഓറിയന്റൽ കോൺഗ്രിഗേഷൻ മുൻകാല നിലപാട്, അതായത് ഇൻഡ്യയിലെ ക്നാനായക്കാർക്ക് കർശനമായ എൻഡോഗമി ആചാരം അമേരിക്കയിലേക്കു ഇറക്കുമതി ചെയ്യുവാൻ പാടില്ല എന്ന് ആവർത്തിച്ചുറപ്പിച്ചുവെന്നും കത്തിൽ പറയുന്നു.

## പുതിയ ഡയറക്ടർ വിഷമവൃത്തത്തിൽ

ചാൻസലറുടെ നിർദ്ദേശമനുസരിച്ച് പുതിയ ഡയറക്ടർ നിർദ്ദിഷ്ട പ്ലാൻ സമർപ്പിക്കുകയും സമുദായത്തിനു പുറത്തുനിന്ന് വിവാഹം കഴിച്ച ഒരാളെ ഉൾപ്പെടുത്തി പാസ്റ്ററൽ കൗൺസിലും മറ്റും സംഘടിപ്പിക്കുകയും ചെയ്തു. അതിനെതിരേ വരേണ്യവർഗ്ഗം ആഞ്ഞടിച്ചു. കുന്നശ്ശേരി ബിഷപ്പിനു ഡയറക്ടർക്കെതിരെ പരാതികൾ അയച്ചു. തന്റെ കുഞ്ഞാടുകളുടെ നിലവിളികേട്ട് ഹൃദയമലിഞ്ഞ് ഇടയൻ കുന്നശ്ശേരി, ഡയറക്ടർക്ക് നേരിട്ട് എഴുതി തന്റെ അസംതൃപ്തി പ്രകടിപ്പിച്ചു. ഏതായാലും ഡയറക്ടർ പിന്നീടൊരിക്കലും പാസ്റ്ററൽ കൗൺസിൽ വിളിച്ചുകൂട്ടിയില്ല.

കുന്നശ്ശേരിയുടെ പ്രസ്തുത കത്തിന്റെ കോപ്പി ബർനർഡീനു ലഭിച്ചു. ബർനർഡീൻ 04-01-96 ൽ കുന്നശ്ശേരിക്ക് എഴുതിയ കത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

“അങ്ങയുടെ 03-01-96 ലെ കത്തിലെ താഴെവരുന്ന പ്രസ്താവനയെപ്പറ്റി എനിക്ക് ഗൗരവതരമായ ആകാംക്ഷയുണ്ട്”. എൻഡോഗമി ആചാരം സ്വീകരിക്കുവാൻ വിസമ്മതിക്കുകയോ അതിൽ പരാജയപ്പെടുകയോ ചെയ്യുന്ന ഒരുവൻ തൽക്കാരണത്താൽ തന്നെ കോട്ടയം രൂപതയുടേയും ക്നാനായ സമൂഹത്തിന്റെയും അംഗത്വം സ്വയം നഷ്ടപ്പെടുത്തുകയാണ്. തൽക്കാരണത്താൽത്തന്നെ ക്നാനായക്കാരുടെ സംഘടനയിലെ അംഗത്വാവകാശവും അവൻ നഷ്ടപ്പെടുത്തും. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. നമ്മുടെ അടിസ്ഥാന പ്രമാണങ്ങളിൽ ഒത്തുതീർപ്പു വരുത്തേണ്ട സാഹചര്യമുണ്ടാവുകയാണെങ്കിൽ ക്നാനായ മിഷൻ അടച്ചുപൂട്ടുകയാണ് നല്ലത്”.

“ഇത് ഓറിയന്റൽ കോൺഗ്രിഗേഷനിൽ നിന്നു ലഭിച്ചതും നാമിപ്പോൾ പിന്തുടരുന്നതുമായ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്.

ഓറിയന്റൽ കോൺഗ്രിഗേഷന്റെ നിർദ്ദേശവും എന്റെ ആഗ്രഹവുമനുസരിച്ചാണ് മിഷൻ ഡയറക്ടർ ഫെബ്രുവരി 96-ൽ പാസ്റ്ററൽ ആരംഭിച്ചത്. കഴിഞ്ഞ ജൂലൈ മാസത്തിൽ (07-05-95) ഇന്നത്തെ മിഷൻ ഡയറക്ടറെ നിയമിച്ചുകൊണ്ട് അങ്ങ് എന്റെ ചാൻസലർ പപ്പറോക്കിക്ക് കൊടുത്ത ഉറപ്പ്, “പുതിയ ഡയറക്ടർ കാർഡിനൽ ബർനർഡിന്റെ അധികാരത്തിനും പരിധിക്കും വിധേയമായി പ്രവർത്തിക്കുമെന്നും അവിടെ

യുള്ള ക്നാനായ കാത്തലിക്ക് മിഷനെ സംബന്ധിച്ച് ചിക്കാഗോ അതിരൂപതയുടെ നയത്തോടു സഹകരിക്കുമെന്നും" ആണല്ലോ. ഫെബ്രുവരി 96-നു മുമ്പുള്ള നിലപാടു തുടർന്നാൽ മാത്രമേ ജനങ്ങളുടെയിടയിൽ ഐക്യം സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ എന്നും ഡയറക്ടർക്കുള്ള അങ്ങയുടെ കത്തിൽ പറയുന്നതും എനിക്കത്ഭുതമാണ്.

"പുറത്തുനിന്ന് വിവാഹം കഴിച്ചവരെ ഒഴിച്ചുനിർത്തുന്ന 96 ഫെബ്രുവരി മുൻപുള്ള നിലപാടു എന്റെ ആഗ്രഹങ്ങൾക്കും അതിരൂപതയുടെ നയങ്ങൾക്കും അനുസൃതമല്ല. ഗ്രൂപ്പുകളുടെ ഐക്യം നല്ലതെങ്കിലും ഗ്രൂപ്പുകൾ അതിരൂപതയുടെ അധികാരനിയന്ത്രണങ്ങൾക്ക് അതീതമാണല്ലോ. എന്റെ പ്രഥമവും പ്രധാനവുമായ താല്പര്യം മിഷനിലെ ഐക്യമാണ്. സമുദായത്തിന് പുറത്തുനിന്ന് വിവാഹം കഴിച്ചവരെ പങ്കെടുപ്പിക്കാതെയും ഒഴിച്ചു നിർത്തിക്കൊണ്ടുമുള്ള ഐക്യം എങ്ങനെ പ്രാവർത്തികമാകുമെന്ന് എനിക്കു മനസ്സിലാകുന്നില്ല.

"വ്യക്തമായി പറഞ്ഞാൽ, 1996 ഫെബ്രുവരി പ്ലാനുമായി ഡയറക്ടർ മുമ്പോട്ടുപോവുകയും അതിൽ, പുറത്തുനിന്ന് വിവാഹം കഴിച്ചവരെ പൂർണ്ണമായും ഉൾപ്പെടുത്തുകയും വേണം".

## നാൽവർ സംഘം ബർനർഡിന് കത്തെഴുതുന്നു

KANA - KCS ഐക്യത്തിനു മാധ്യസ്ഥം വഹിച്ച നാല് അത്മായർ 29-04-96ൽ കാർഡിനൽ ബർനർഡിന് ഒരു കത്തെഴുതി. ബർനർഡീൻ, കുന്നശ്ശേരിക്കെഴുതിയ കത്തിന്റെ ചുവടുപിടിച്ചു അതിന് മറുപടി എന്ന നിലയിൽ ക്നാനായ സമുദായത്തിലെ ഉത്തരവാദപ്പെട്ടവർ എന്നവകാശപ്പെട്ട് സമുദായത്തിനുവേണ്ടി എഴുതിയ കത്തായിരുന്നു അത്.

ആറു കാര്യങ്ങൾ അക്കമിട്ട് അതിലെഴുതിയിരുന്നു. കുന്നശ്ശേരി മെത്രാന്റെ അപദാനങ്ങൾ ആലപിച്ചുകൊണ്ടാരംഭിക്കുന്ന പ്രസ്തുത കത്തിലെ വാദമുഖങ്ങൾ തികച്ചും ബാലിശവും അർത്ഥശൂന്യവുമായിരുന്നുവെന്നു പറയാതിരിക്കാൻ വയ്യാ. കത്തിലെ ചില പരാമർശങ്ങൾ നാൽവർ സംഘത്തിന്റെ അജ്ഞതയും അന്തസ്സാര വിഹീനതയും യുക്തിരാഹിത്യവും വെളിവാക്കുന്നു. ഉദാഹരണത്തിന്, എൻഡോഗമി ആചാരം, വിശ്വാസവും സന്മാർഗികതയും (faith and morality) നിലനിർത്തുവാനും സംരക്ഷിക്കുവാനും സഹായിക്കുന്നുവത്രേ! സ്വവംശവിവാഹം, വിവാ

ഹിതരുടെയിടയിൽ സന്തോഷവും ഐക്യവും വർദ്ധിപ്പിക്കുന്നു എന്ന താണ് മറ്റൊരു കണ്ടുപിടുത്തം. എൻഡോഗമിയും സൈഥര്യലേപനമെന്ന കൂദാശയും ക്നാനായക്കാർക്ക് സമാനമാണ് പോലും! ഇതിലൊക്കെ രസകരമായ ഒരു കണ്ടുപിടുത്തമുണ്ട്. ക്നാനായക്കാരനായി ജനിച്ച തുകൊണ്ടുമാത്രം ഒരുവൻ ക്നാനായ സമൂഹത്തിന്റെ അവശ്യഭാഗമാ കുന്നില്ല, പ്രത്യുത ഒരു ക്നാനായ പങ്കാളിയെ വിവാഹം കഴിക്കുന്നതു വഴി മാത്രമേ സമൂഹത്തോടുള്ള അവന്റെ പ്രതിബദ്ധത സ്ഥിരീകരിക്ക പ്പെടുകയുള്ളുവത്രേ! ഇത്തരം പുതിയതും അതിവിപ്ലവകരവുമായ വെളി പാടുകൾ, ക്നാനായ സമൂഹത്തിന്റെ ദേശീയ മധ്യസ്ഥന്മാർ എന്ന നില യിൽ സമുദായത്തിനുവേണ്ടിയാണ് അവർ വെളിപ്പെടുത്തിയിരിക്കുന്നത്! അവരുടെ തുടർന്നുള്ള വെളിപ്പെടുത്തലുകൾ എങ്ങനെ ആയിരിക്കുമെ ന്നത് വായനക്കാർക്ക് ഊഹിക്കാവുന്നതേയുള്ളൂ.

വടക്കേ അമേരിക്കയിലെ ഭൂരിപക്ഷം ക്നാനായക്കാരുടെ വക്താക്കൾ എന്ന നിലയിൽ, എൻഡോഗമി ആചരിക്കാത്തവരെ പാസ്റ്ററൽ കൗൺസിൽ ഉൾപ്പെടുത്തണമെന്ന ചിക്കാഗോ അതിരൂപതയുടെ നയം പുനഃപരിശോധിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അതംഗീകരിക്കാത്ത പക്ഷം കുന്നശ്ശേരി മെത്രാനും എൻഡോഗമി ആചരിക്കുന്ന ക്നാനായ കത്തോലിക്കർക്കും ചിക്കാഗോ ക്നാനായ മിഷൻ അടച്ചുപൂട്ടുക എന്ന പോംവഴി മാത്രമേ മുമ്പിലുള്ളൂ എന്ന ഭീഷണിയോടെയാണ് കത്തവ സാനിപ്പിക്കുന്നത്.

## അല്പം വിമർശനം

ദേശീയ മധ്യസ്ഥന്മാരുടെയും, സമുദായ നേതൃത്വത്തിന്റെയും വേഷ ങ്ങൾ സ്വയം എടുത്തണിഞ്ഞ ഈ നാൽവർ സംഘം യഥാർത്ഥത്തിൽ, ബുദ്ധിപരമായ പാപ്പരത്തവും അജ്ഞതയും ലക്കില്ലാത്ത നേതൃത്വവു മാണ് നൽകുന്നതെന്ന് തോന്നിപ്പോകുന്നു.

ചിക്കാഗോ മിഷനെ സംബന്ധിച്ച് ചിക്കാഗോ അതിരൂപതയുടെയും അതിന്റെ അധ്യക്ഷനായ കർദ്ദിനാൾ ബർനർഡിന്റെയും നയങ്ങളും, എൻഡോഗമിയെ സംബന്ധിച്ച് ഓറിയന്റൽ കോൺഗ്രിഗേഷൻ നൽകിയ തീരുമാനങ്ങളും സ്വീകാര്യമാണെന്നു വാക്കിലും കത്തിലും സമ്മതം നൽകിയ കുന്നശ്ശേരി മെത്രാൻ അങ്ങനെ ചെയ്തത് ഇവിടെ

യുള്ള ക്നാനായ സമൂഹത്തിന്റെ താല്പര്യമനുസരിച്ചാണോ എന്ന് ഈ നാൽവർ സംഘത്തിനറിയാമായിരുന്നോ? അത്തരമൊരുറപ്പു കൊടുത്തില്ലായിരുന്നുവെങ്കിൽ രണ്ടു വർഷത്തിനുശേഷം ഒരു ഡയറക്ടറെ അയയ്ക്കുവാൻ കുന്നശ്ശേരി മെത്രാന് കഴിയുമായിരുന്നില്ല. അതൊന്നും കുന്നശ്ശേരി മെത്രാൻ ഇവിടെയുള്ള ക്നാനായ സമൂഹത്തോടോ, നാൽവർ സംഘത്തോടോ വ്യക്തമാക്കിയുമില്ല. എന്നിട്ടും വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ പ്രാതിനിധ്യം സ്വയം അവകാശപ്പെട്ടുകൊണ്ട്, എൻഡോഗമിക്കു പുതിയ നിർവ്വചനം നൽകാനും വേണ്ടിവന്നാൽ മിഷൻ അടച്ചുപൂട്ടുമെന്നു ഭീക്ഷണിപ്പെടുത്താനും ഈ നാൽവർ സംഘത്തിന് ആരാണ് അധികാരം നൽകിയത്? ക്നാനായ മിഷൻ സ്ഥാപിച്ചതും നടത്തിക്കൊണ്ടിരുന്നതും ചിക്കാഗോ അതിരൂപതയാണ്. കുന്നശ്ശേരി മെത്രാന് ഒരു വൈദികനെ കടം കൊടുക്കുന്ന ബന്ധമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ക്നാനായ മിഷൻ അടച്ചുപൂട്ടുന്നതിനുള്ള അധികാരം ചിക്കാഗോ അതിരൂപതാദ്ധ്യക്ഷനാണ്. കോട്ടയം രൂപതയുടെ കുന്നശ്ശേരി മെത്രാനല്ല. അതുപോലും അറിഞ്ഞുകൂടാത്ത നാൽവർ സംഘത്തിന്റെ ദേശീയ മാധ്യസ്ഥപരിവേഷവും ദൂരക്കാഴ്ചയുമൊക്കെ വൈജ്ഞാനിക പാപ്പരത്തമെന്നോ മറ്റോ വിശേഷിപ്പിച്ചാൽ നെറ്റി ചുളിക്കരുത്.

ചിക്കാഗോയിലെ ക്നാനായ കത്തോലിക്കരുടെ ആധ്യാത്മിക താല്പര്യങ്ങൾക്കും അജപാലനത്തിനും കുന്നശ്ശേരി മെത്രാൻ മുൻഗണന കൊടുത്തിരുന്നുവെങ്കിൽ നീക്കുപോക്കുകളിലൂടെയോ ചർച്ചകളിലൂടെയോ ഏതെങ്കിലും വിധത്തിലുള്ള പ്രശ്നപരിഹാരത്തിനു അദ്ദേഹം ശ്രമിക്കണമായിരുന്നു. “പ്രാർത്ഥനയ്ക്കും മനനത്തിനും” മുൻഗണന കൊടുക്കുന്ന “തീരുമാനങ്ങൾ എടുത്തുചാടി എടുക്കാത്ത” പല ഡോക്ടറേറ്റുകൾ ഉള്ള ഒരു “സീനിയർ മെത്രാൻ” ഒരിക്കലും ഭീഷണിയുടെ ഭാഷയും സമൂഹത്തെ ബാധിക്കുന്ന കാര്യങ്ങൾ അവരിൽനിന്ന് മറച്ചുവയ്ക്കുന്ന ഭരണശൈലിയും പ്രകടിപ്പിക്കുമായിരുന്നില്ല. ചിക്കാഗോയിലെ കർദ്ദിനാൾ ബർനർഡിനെപ്പോലുള്ളവർക്ക് കത്തെഴുതുമ്പോൾ ഭീഷണിയുടെ ഭാഷയും ധിക്കാരത്തിന്റെ ശൈലിയും ഒഴിവാക്കാൻ പോലുമുള്ള വകതിരിവ് കത്തെഴുതിയവർക്ക് ഇല്ലാതെ പോയല്ലോ.

## കത്തിനു മറുപടി

നാൽവരുടെ കത്തിന് ചിക്കാഗോ അതിരൂപതയുടെ ചാൻസലർ 28-05-96 മറുപടി കൊടുത്തു. പ്രസ്തുത മറുപടിക്കത്തിൽ, എൻഡോഗമിയെ സംബന്ധിച്ചും ക്നാനായ മിഷനിലെ അംഗത്വം സംബന്ധിച്ചും അതിരൂപതയുടേയും, ഓറിയന്റൽ കോൺഗ്രിഗേഷന്റെയും മുൻതീരുമാനങ്ങൾ ആവർത്തിച്ചു പ്രഖ്യാപിക്കുക മാത്രമല്ല, നാൽവരുടെ കത്തിലെ ഭീഷണിക്കുള്ള മറുപടിയും നൽകുന്നു. ദയവുചെയ്ത് ഒരു കാര്യം അറിയിക്കട്ടെ, പരിശുദ്ധ റോമാ സിംഹാസനം മറിച്ചൊരു തീരുമാനം നൽകുന്നതുവരെ, ചിക്കാഗോ അതിരൂപതയിലെ ക്നാനായ മിഷൻ തുടരണമോ എന്ന കാര്യം തീരുമാനിക്കുന്നത് ചിക്കാഗോ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ബർനർഡിന്റെ അധികാരപരിധിയിൽ മാത്രം ഒതുങ്ങുന്നതായിരിക്കും.

## കുന്നശ്ശേരി മെത്രാന്റെ ശ്രമങ്ങൾ

1996-ലെ ക്നാനായ കൺവൻഷനിൽ സംബന്ധിക്കുവാൻ ചിക്കാഗോയിൽ എത്തിയ കുന്നശ്ശേരി മെത്രാൻ തന്റേതായ ചില പിന്നാമ്പുറ ശ്രമങ്ങൾ പ്രശ്നം അല്പം നീട്ടിക്കൊണ്ടുപോകുന്നതിനു വേണ്ടി നടത്തിയതായി പറയപ്പെടുന്നുണ്ട്. അന്നത്തെ KCS പ്രസിഡന്റ് കൂടി പ്രസ്തുത പരിശ്രമങ്ങളിൽ സഹകരിച്ചുവത്രേ. പ്രസ്തുത പ്രസിഡന്റിന്റെ വസതിയിൽ കുന്നശ്ശേരിക്ക് ഒരുക്കിയ ഡിന്നർ സൽക്കാരത്തിൽ ചിക്കാഗോ അതിരൂപതാ ചാൻസലറും ക്ഷണിക്കപ്പെട്ടിരുന്നു. കേരളത്തിൽ നിന്നുള്ള പ്രമുഖനായ ഒരു ന്യായാധിപനും സൽക്കാരത്തിൽ സന്നിഹിതനായിരുന്നുവത്രേ. തദവസരത്തിൽ എൻഡോഗമിയെയും ക്നാനായ മിഷനിലെ അംഗത്വത്തേയും പറ്റി ഓറിയന്റൽ കോൺഗ്രിഗേഷന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്ന ഒരു റിവ്യൂ പെറ്റീഷൻ താൻ റോമിനു സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ തീരുമാനം വരുന്നതുവരെ ക്നാനായ മിഷന്റെ ഇതുവരെയുള്ള നില തുടരുവാൻ അനുവദിക്കണമെന്നും കുന്നശ്ശേരി മെത്രാൻ ചാൻസലറിനോട് അഭ്യർത്ഥിച്ചുവത്രേ. ചാൻസലർ കർദ്ദിനാളിന്റെ അനുമതിയോടെ അനുകൂലമായ മറുപടിയും നൽകിയത്രേ.

റിവ്യൂ പെറ്റീഷന് 10-03-97 റോമിൽ നിന്നു തീരുമാനമുണ്ടായി. കോൺഗ്രിഗേഷന്റെ മുൻ തീരുമാനങ്ങൾ ആവർത്തിച്ചുറപ്പിക്കുക മാത്രമല്ല, എൻഡോഗമി അമേരിക്കയിലോ സീറോ-മലബാർ സഭയുടെ അധികാരപരിധിക്കും വെളിയിലോ സ്വീകാര്യമല്ലെന്നും റോമാ പറഞ്ഞു. കൂടാതെ, ക്നാനായ കത്തോലിക്കാ മിഷൻ സ്ഥലത്തെ ലാറ്റിൻ ആർച്ചുബിഷപ്പിന്റേയും എറണാകുളം അങ്കമാലി മേജർ ആർച്ചുബിഷപ്പിന്റേയും അധികാരത്തിൻ കീഴിൽ ആണെന്നും, അല്ലാതെ കോട്ടയം ബിഷപ്പിന്റെ അധികാരത്തിനു കീഴിൽ അല്ലെന്നും കൂടി വ്യക്തമാക്കിയിരുന്നു.

## അപ്പസ്തോലിക്ക് വിസിറ്ററും സീറോ-മലബാർ രൂപതയ്ക്കുള്ള നടപടികളും

വടക്കേ അമേരിക്കയിൽ കുടിയേറിയ സീറോ-മലബാർ റീത്തിൽ പെട്ടവർക്കുവേണ്ടി ഒരു രൂപത സ്ഥാപിക്കുന്നത് അനുപേക്ഷണീയമാണെന്നും നല്ലതാണെന്നുമുള്ള ആശയങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നിന്നുയർന്നു തുടങ്ങിയിരുന്നു. അതു സംബന്ധിച്ച അന്വേഷണങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞറിയുവാനും അഭിപ്രായങ്ങൾ സ്വരൂപിക്കാനുമായി ഒരു അപ്പസ്തോലിക്ക് വിസിറ്ററെ റോമിൽനിന്നു നിയമിച്ചു. അദ്ദേഹം 1996-ൽ അമേരിക്കയിലെ വിവിധ കേന്ദ്രങ്ങളിൽവച്ച് സീറോ മലബാറുകാരായ വൈദികരേയും നേതാക്കളേയും മറ്റും നേരിട്ടു കാണുകയും അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ ആരായുകയും തെളിവെടുപ്പു നടത്തുകയും ചെയ്തു. തുടർന്ന് തന്റെ റിപ്പോർട്ട് റോമിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 2001 മാർച്ചുമാസം 13-ന് ചിക്കാഗോ ആസ്ഥാനമായി സെന്റ് തോമസ് സീറോ മലബാർ രൂപത പ്രഖ്യാപിക്കപ്പെട്ടു.

## പുതിയ രൂപതയിൽ ക്നാനായ മിഷനുകളുടെ പ്രസക്തിയും സ്ഥാനവും

2001 ജൂലൈ 1-ാം തീയതി സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാനായി മാർ അങ്ങാടിയത്ത് അഭിഷിക്തനായി. അഭിഷേക കർമ്മങ്ങൾക്കും സ്ഥാനാരോഹണത്തിനും കുന്നശ്ശേരി മെത്രാന്റെ നേതൃത്വത്തിൽ ക്നാനായ കത്തോലിക്കർ ആളും അർത്ഥവും നൽകി വൻതോതിൽ സഹകരണം നൽകി. ക്നാനായ മിഷനുകളും ക്നാനായ കത്തോലിക്കരും അങ്ങാടിയത്ത് മെത്രാന്റെ കീഴിലായി.

ലത്തീൻ മെത്രാന്മാരുടെ അധികാര പരിധിയിൽനിന്ന് സീറോ മലബാർ മെത്രാന്റെ അധികാരപരിധിയിലേക്ക് ക്നാനായ മിഷനുകൾ മാറ്റപ്പെട്ടപ്പോൾ, ഓറിയന്റൽ കോൺഗ്രിഗേഷൻ അങ്ങാടിയത്തിനു പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരുന്നു. ക്നാനായ മിഷനുകളും എൻഡോഗമിയും വളരെ സൂക്ഷ്മതയോടും അതീവ ശ്രദ്ധയോടും കൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണെന്ന് കോൺഗ്രിഗേഷന്റെ നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നു.

Congregatio
Pro Ecclesiis Orientalibus
Prot. N. 85/2001

**Instructions**

1. This Congregation has been aware for some time of the delicate nature of the position of the Knanaya Community in the United States. A serious dispute in the 1980's prompted the late Archbishop of Chicago, Joseph Cardinal Bernardin, to request directives from this Congregation concerning the Special Ministry for the Knanaya Catholic Community in the Archdiocese. With Rescript Prot. N. 124/83 of 30 January 1986, this Congregation made clear the position to be taken regarding the endogamous practice of those Knanaya faithful of the Eparchy of Kottayam who had emigrated to the greater Chicago area (Enclosure 1.) When Mar Kuriakose Kunnassery, the Bishop of Kottayam, requested a reveiw of the policy embodied in the Rescript, this Cogregation responded with letter Prot. N. 24/91 of 3 October 1997, upholding the previous decision of the Congregation and informed the present Major Archbishop of Ernakulam- Angamaly, His Eminence Varkey Cardinal Vithayathil, of the decision (Enclosures 2-3). As your Excellency will note from these letters, this Congregation explained clearly that the practice of endogamy was not acceptable in the United States, or in any jurisdiction outside of the proper territory of the Syro-Malabar Church. Furthermore, the letter clarified the

fact that the Knanaya Catholic Mission was responsible to the local Latin Archbishop and the Major Archbishop of Ernakulam - Angamaly and not the Bishop of Kottayam.

With the establishment of the Eparchy of St. Thomas of Chicago and your nomination of the first Bishop, the Holy see foresees the necessity to provide adequate and proper pastoral care to Syro-Malabar faithful of the Eparchy of Kottayam who now reside in the United States. The care of these faithful is to be marked by great sensitivity and patience, based upon an appreciation of the cultural atmosphere from which they have arrived. However, this pastoral care must also recognize the values and societal expectations present in the United States and evenmore fundementally, the evangelical values required in all pastoral care. Therefore, this congregation foresees a pastoral care which is sensitive to the Knanaya expectation to be served by Knanaya priests, but does not make any allowance for endogamy to play a role in defining the membership of faithful in any mission or parish established by the Eparchy. The further establishment of missions and even parishes for the Knanaya faithful, as presently practiced in the United States, is understood to be beneficial. However, the Holy see continues to follow the directives outlined in the Rescript Prot. N. 124/83 mentioned above.

## വികാരി ജനറാൾ നിയമനവും ചരടുവലികളും

പുതിയ രൂപതയിൽ രണ്ടു വികാരി ജനറാൾമാരെ നിയമിക്കുന്നതിന് അങ്ങാടിയത്തു മെത്രാൻ നടപടികൾ ആരംഭിച്ചു. ക്നാനായ സമൂഹത്തിനുവേണ്ടി ഒരു വികാരി ജനറാൾ നിയമിക്കപ്പെടണമല്ലോ. പ്രസ്തുത സ്ഥാനലബ്ധിക്കായി മിഷൻ ഡയറക്ടർമാരിൽ പലരും ആഗ്രഹിച്ചതിൽ തെറ്റു പറയരുത്. പക്ഷേ, അതിനുവേണ്ടി അവർ നടത്തിയ ചരടുവലികളുടേയും ഗ്രൂപ്പുകളികളുടേയും പിന്നാമ്പുറ കഥകൾ ശരിയാണെന്നോ തെറ്റാണെന്നോ പറയുവാൻ ഈ ലേഖകൻ ശ്രമിക്കുന്നില്ല. എന്നിരുന്നാലും പ്രസ്തുത നിയമനത്തിൽ എന്തുമാത്രം സുതാര്യത ഉണ്ടായിരു

ന്നുവെന്നോ, ഉപയോഗപ്പെടുത്തിയ മാനദണ്ഡങ്ങൾ ഏവയെന്നോ ആർക്കും അറിഞ്ഞുകൂടാ. വികാരി ജനറാളിനെപ്പോലെ ഉത്തരവാദിത്തം പേറുന്ന സ്ഥാനങ്ങൾ ഗ്രൂപ്പുകളിയിലൂടെ കരസ്ഥമാക്കുവാൻ ശ്രമിക്കുന്നവരുടെ അജപാലനാഭിമുഖ്യവും ആത്മാർത്ഥതയും എന്തുമാത്രമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

## ക്നാനായ മിഷൻ – മെത്രാനുമായി ചർച്ച

2002 സെപ്റ്റംബർ മാസത്തിൽ ക്നാനായ മിഷൻകാര്യങ്ങൾ ചർച്ച ചെയ്യുവാൻ വികാരി ജനറാൾ മുത്തോലത്തിന്റെ നേതൃത്വത്തിൽ മിഷൻ ഡയറക്ടർമാരായ വൈദികരും ക്നാനായ നേതാക്കന്മാരും അങ്ങാടിയാത്ത് മെത്രാനെ കണ്ടു. ക്നാനായ മിഷനിലെ അംഗത്വത്തിന്റെയും എൻഡോഗമിയുടെയും കാര്യത്തിൽ റോമിൽ നിന്നുണ്ടായ തീരുമാനങ്ങൾക്കനുസരിച്ചേ മുമ്പോട്ടുപോകാൻ സാധിക്കുകയുള്ളൂ എന്നും റോമിൽനിന്ന് അക്കാര്യത്തിൽ തനിക്കു വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അങ്ങാടിയത്ത് മെത്രാൻ നിവേദക സംഘത്തോട് അറിയിച്ചു. എന്തായാലും പ്രസ്തുത ചർച്ചകളിൽ ഒരു തീരുമാനവും ഉരുത്തിരിഞ്ഞില്ലെന്നു മാത്രമല്ല, നിവേദകസംഘം ചർച്ച ബഹിഷ്കരിച്ച് ഇറങ്ങിപ്പോക്കു നടത്തുകയും ചെയ്തുവത്രേ. ഈ ലേഖകന്റെ അറിവനുസരിച്ച്, നിവേദക സംഘം മുന്നോട്ട്വച്ച ആവശ്യങ്ങൾ ആത്മാഭിമാനമുള്ള ഒരധികാരിക്കും അംഗീകരിക്കുവാൻ സാധിക്കുമായിരുന്നില്ലത്രേ.

## നിവേദക സംഘത്തിന്റെ പ്രവർത്തന ശൈലി അപഹാസ്യം?

ക്നാനായ നിവേദക സംഘം ചെയ്തത് എത്രമാത്രം നീതികരിക്കുവാൻ കഴിയും? ഇത്രമാത്രം കർക്കശമായ ഒരു നിലപാട് എടുക്കാൻ മാത്രമുള്ള അടിയന്തിര സ്വഭാവം ഉണ്ടായിരുന്നോ? പുതുതായി രൂപം കൊണ്ട ഒരു രൂപതാമെത്രാനെന്ന നിലയിൽ വലിയ അനുഭവ പരിചയമില്ലാത്ത രൂപതാദ്ധ്യക്ഷൻ, പുതിയ രൂപതയെന്ന നിലയിൽ എല്ലാക്കാര്യങ്ങളും അടിസ്ഥാനം മുതൽ കരുപ്പിടിപ്പിച്ചു കൊണ്ടുവരേണ്ട സമയം. ക്നാനായ മിഷനെ സംബന്ധിച്ച് നിയതമായ നിർദ്ദേശങ്ങൾ റോമിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ, ക്നാനായ മിഷന്റെ ആവശ്യങ്ങൾക്ക് പൊതുതാല്പര്യങ്ങളേക്കാൾ മുൻഗണന അങ്ങാടിയത്തു മെത്രാൻ കൊടുത്തില്ലെങ്കിൽ അതു മനസ്സിലാക്കാൻ കഴിയും. അതു

കൊണ്ട് അല്പംകൂടി സാവകാശം അദ്ദേഹം ആവശ്യപ്പെട്ടെങ്കിൽ അതു നീതികരിക്കാവുന്നതേയുള്ളൂ. ആദ്യഘട്ടം ചർച്ചകളിൽ അഭിപ്രായ വ്യത്യാസം ഉയർന്നുവെങ്കിൽ രണ്ടാമതൊരു വട്ടം ചർച്ചയ്ക്കുവേണ്ടി പിരിയാമായിരുന്നില്ലേ? അതിനുപകരം, തങ്ങളുടെ ആവശ്യങ്ങളിൽ അള്ളിപ്പിടിച്ചു കിടക്കുവാൻ കാട്ടിയ വ്യഗ്രത, ബുദ്ധിശൂന്യവും അപക്വവും വിവേകരഹിതവുമായിരുന്നുവെന്നും തോന്നിപ്പോകുന്നു. ഇത്തരം പ്രവർത്തന ശൈലി എന്തുകൊണ്ടായിരുന്നു എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. കേരളത്തിലെ രാഷ്ട്രീയക്കളരികളിൽ പഠിച്ചു നേടിയ അറിവും പ്രവർത്തന ശൈലിയും മാത്രമാണല്ലോ അവരുടെ കൈമുതൽ. പ്രകടനവും ഇറങ്ങിപ്പോക്കും വിലപേശലും ബഹിഷ്ക്കരണവുമൊക്കെ മാത്രമാണ് പ്രശ്നപരിഹാരത്തിന് പറ്റിയ മാർഗ്ഗങ്ങൾ എന്ന അറിവിൽ പ്രവർത്തിക്കുന്ന ഇപ്പോഴത്തെ പുത്തൻ ക്നാനായ നേതൃത്വത്തിൽ നിന്ന് ഇതിൽക്കൂടുതൽ എന്തു പ്രതീക്ഷിക്കാനാണ്! ഇത്തരം പ്രവർത്തന ശൈലികളുടെ ഫലങ്ങളും നേട്ടങ്ങളും പ്രത്യാഘാതങ്ങളും മുൻകൂട്ടി കാണാനോ വിലയിരുത്തുവാനോ ഉള്ള വിവേകമോ വിവേചനമോ പുത്തൻ നേതൃത്വത്തിൽനിന്നു പ്രതീക്ഷിക്കേണ്ടതില്ല. അതുകൊണ്ട് സംഘത്തിൽപ്പെട്ട അത്മായർ ഇറങ്ങിപ്പോക്കു നടത്തിയെങ്കിൽ അതു മനസ്സിലാക്കാവുന്നതേയുള്ളൂ.

എന്നാൽ നിവേദകസംഘത്തിൽപെട്ട വികാരി ജനറാളിന്റെയും വൈദികരുടെയും പ്രകടനം എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സമുദായത്തിനു നേതൃത്വം കൊടുത്ത് ശരിയായ മാർഗ്ഗത്തിലൂടെ നയിക്കാൻ ബാധ്യതപ്പെട്ടവർ, ഇടനിലക്കാരും മധ്യസ്ഥരുമായി നിലകൊള്ളേണ്ടവർ ഇത്തരം ബഹിഷ്കരണത്തിലും ഇറങ്ങിപ്പോക്കിലും പങ്കാളികൾ ആകുന്നതു കാണുമ്പോൾ ദുഃഖം തോന്നുന്നു. അവരുടെ നേതൃത്വഗുണങ്ങളുടെയും വിവേകപൂർണ്ണമായ പെരുമാറ്റത്തിന്റേയുമൊക്കെ മാറ്റുരയ്ക്കുന്ന സന്ദർഭങ്ങളാണിവയൊക്കെ അതിലവർ ഒഴുക്കിനൊത്തു നീന്തുന്ന പ്രവണതയാണ് കാണിച്ചത്. അതിന്റെ അർത്ഥം വ്യക്തമാണ്. അനർഹരായവർ അധികാരികളെ പ്രീണിപ്പിച്ചും ചരടു വലിച്ചും പാനൽ വച്ചും ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ കയറിപ്പറ്റുമ്പോഴുണ്ടാകുന്ന മൂല്യത്തകർച്ചയാണിവിടെ കാണുന്നത്. വികാരി ജനറാൾ സ്ഥാനം പോലെ സഭയിലെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ പ്രായവും പക്വതയും, അനുരഞ്ജന പ്രാപ്തിയും അജപാലനരംഗത്തു പ്രവർത്തന പരിചയവും നേതൃത്വവാസനയുമുള്ള വിവേക ബുദ്ധിയുള്ളവരാണ് അലങ്കരിക്കേണ്ടത്.

നിർഭാഗ്യവശാൽ, നമ്മുടെ സഭയിലെ മെത്രാന്മാർക്ക് അങ്ങനെയുള്ള ചിന്താഗതികൾ ഇല്ലെന്നുള്ളതാണ് സത്യം. അമേരിക്കയിലെ മിഷൻ ഡയറക്ടർമാരായും മറ്റും ഇങ്ങോട്ടയക്കപ്പെടുന്നവരുടെ പ്രവർത്തനരീതികളും ശൈലികളും കാണുമ്പോൾ ഇവിടെയുള്ള മിഷനുകളുടെ ഫലദായകത്വത്തിന് മെത്രാന്മാർ എന്തുമാത്രം മുൻഗണന കൊടുക്കുന്നുണ്ടെന്ന് കാണാം.

## ഇന്നത്തെ പ്രതിസന്ധി?

വസ്തുനിഷ്ഠമായി നോക്കുമ്പോൾ, എന്താണ് ക്നാനായ മിഷനുകളിലെ പ്രതിസന്ധി? അതിന്റെ മൂലകാരണങ്ങൾ എന്തൊക്കെയാണ്? ഈ പ്രതിസന്ധി ഒഴിവാക്കാമായിരുന്നോ? ഒഴിവാക്കാമായിരുന്നെങ്കിൽ ആർക്കാണ് അതിനു കഴിയുമായിരുന്നത്? ആർക്ക് എവിടെയാണ് പരാജയം സംഭവിച്ചത്? പരിഹാര മാർഗ്ഗങ്ങൾ ഉണ്ടോ? ഈ വക ചോദ്യങ്ങൾ അല്പമൊന്നു വിശകലനം ചെയ്തു നോക്കാം.

### 1. എന്താണ് പ്രതിസന്ധി?

കേരളത്തിലെ കോട്ടയം രൂപതയിൽ തെക്കുംഭാഗ സമുദായം കഴിഞ്ഞ പതിനാറുനൂറ്റാണ്ടുകളായി നിലനിർത്തി ആചരിച്ചിരുന്നുവെന്ന് അവകാശപ്പെടുന്ന എൻഡാഗമി ആചാരം, അതായത് സ്വന്തം സമുദായത്തിൽനിന്നുള്ളവരെ മാത്രം വിവാഹം ചെയ്യുകയും സമുദായത്തിനു വെളിയിൽനിന്നു വിവാഹം ചെയ്യുന്നവരെ സമുദായത്തിൽനിന്നുമാത്രമല്ല ഇടവക സമൂഹത്തിൽനിന്നും ബഹിഷ്ക്കരിക്കുന്ന പതിവ്, വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ മിഷനുകളിൽ അതേപടി തുടരണമെന്ന് ഒരു ഭാഗം ശാഠ്യം പിടിക്കുന്നു.

മറുഭാഗത്ത് ക്നാനായ മാതാപിതാക്കളിൽനിന്നു ജനിച്ചവരെന്ന നിലയിൽ ക്നാനായത്തം തങ്ങളുടെ ജന്മാവകാശമാണെന്നും, സമുദായം വിട്ട് വിവാഹം കഴിച്ചതുവഴി തങ്ങളുടെ ജന്മാവകാശം നഷ്ടപ്പെടുകയില്ലെന്നും അതുകൊണ്ട്, ക്നാനായ മിഷനുകളിൽ അംഗത്വത്തിന് തങ്ങൾക്കും അവകാശമുണ്ടെന്നും വേറൊരു വിഭാഗം വാദിക്കുന്നു.

പുതുതായി രൂപംകൊണ്ട വടക്കേ അമേരിക്കയിലെ സീറോ-മലബാർ രൂപതയുടെ മെത്രാൻ, റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷൻ തത്സംബന്ധമായി 1986-ൽ നൽകിയ തീരുമാനം അനുസരിച്ചു മാത്രമേ

തനിക്കു പ്രവർത്തിക്കാനാകൂ എന്നും, പ്രസ്തുത തീരുമാനമനുസരിച്ച് “കേരളത്തിൽ കോട്ടയം രൂപതയിൽ നിലവിലുള്ള എൻഡാഗമി (Strict Endogamy) വടക്കേ അമേരിക്കയിൽ അനുവദനീയമല്ലെന്നും” ചൂണ്ടിക്കാട്ടി. ക്നാനായ മിഷനുകൾ പുനഃസംഘടിപ്പിച്ച് പുറത്തുനിന്നു വിവാഹം കഴിച്ചവർക്കും അംഗത്വം നൽകണമെന്നും നിശ്ചയിച്ചു. മാത്രവുമല്ലാ, സമുദായത്തിനു പുറത്തുനിന്നു വിവാഹം ചെയ്തവരുടെ ഭാര്യമാർക്കും മക്കൾക്കും കൂടി ക്നാനായ മിഷനിൽ അംഗത്വം ഉണ്ടായിരിക്കുമെന്നുകൂടി അദ്ദേഹം നിർദ്ദേശം നൽകി.

ചുരുക്കത്തിൽ ക്നാനായ മിഷൻ പ്രതിസന്ധിക്കു മൂന്നു മാനങ്ങൾ ഉണ്ട്. 1. കോട്ടയം രൂപതയിൽ നിലവിലിരിക്കുന്ന രീതിയിൽ കർശനമായി എൻഡാഗമി ആചരിക്കാനും അതിൽനിന്ന് വ്യതിചലിച്ച് സമുദായത്തിനു വെളിയിൽനിന്നും വിവാഹം കഴിക്കുന്നവരെ സമുദായത്തിൽനിന്നും മിഷൻ അംഗത്വത്തിൽനിന്നും ബഹിഷ്ക്കരിക്കാനുമുള്ള സ്വാതന്ത്ര്യമുള്ള മിഷനുകൾ മാത്രം അനുവദിക്കുക; 2. ക്നാനായത്വം ജന്മാവകാശമാകയാൽ ക്നാനായ മിഷനിൽ അംഗത്വത്തിന് സമുദായം വിട്ട് വിവാഹം കഴിച്ചവർക്കും അവകാശം ലഭിക്കണം. 3. കേരളത്തിലെ കോട്ടയം രൂപതയിൽ ആചരിക്കപ്പെടുന്ന കർശനമായ എൻഡാഗമി വടക്കേ അമേരിക്കയിൽ അനുവദനീയമല്ലെന്ന ഓറിയന്റൽ കോൺഗ്രിഗേഷന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ട ക്നാനായ മിഷനുകൾ മാത്രമേ വടക്കേ അമേരിക്കയിൽ ഉണ്ടായിരിക്കൂ.

## ഈ പ്രതിസന്ധി പുതിയതല്ല

ക്നാനായ മിഷനിലെ അംഗത്വം സംബന്ധിച്ചുള്ള പ്രശ്നം ഈയിടെ ഉണ്ടായതല്ല. 1986-ൽ റോമിൽനിന്ന്, ചിക്കാഗോ ക്നാനായ മിഷനെ സംബന്ധിച്ച് ചിക്കാഗോ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബർനർഡിനു നൽകിയ തീരുമാനമാണ് ഈ പ്രശ്നത്തിന്റെ തുടക്കം.

മേല്പറഞ്ഞ തീരുമാനം പുനഃപ്പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് കോട്ടയം രൂപതാദ്ധ്യക്ഷൻ നൽകിയ റിവ്യൂ പെറ്റീഷനും അനുകൂലമായ തീരുമാനം റോമിൽനിന്നു നൽകിയില്ല. ശ്രദ്ധാർഹവും സുപ്രധാനവുമായ ഒരു കാര്യം ഇവിടെയുണ്ട്: തെക്കുംഭാഗക്കാരുടെ പാരമ്പര്യങ്ങളെയോ ആചാരങ്ങളെയോ റോം നിഷേധിച്ചിട്ടില്ല. “സമുദായത്തിനു വെളിയിൽനിന്നു വിവാഹം കഴിക്കുന്നവരെ ഇടവക സമൂഹ

ത്തിൽനിന്നു ബഹിഷ്ക്കരിക്കുന്ന നടപടി ക്രൈസ്തവ വിശ്വാസത്തിനും സുവിശേഷമൂല്യങ്ങൾക്കും നിരക്കുന്നതല്ല'' എന്നാണ് റോമിൽനിന്നു പറഞ്ഞിട്ടുള്ളത്.

കുടിയേറിയ കാലംമുതൽ പതിനഞ്ചു നൂറ്റാണ്ടുകളോളം തെക്കുംഭാഗരും വടക്കുംഭാഗരും ഒരേ പള്ളിയിൽ അംഗങ്ങളായിക്കഴിഞ്ഞിരുന്നു; ഒരേ ആരാധനയിൽ പങ്കുചേർന്നിരുന്നു; പള്ളിക്കു പതവാരവും പിരിവുകളും നൽകിയിരുന്നു; പള്ളിപ്പൊതുയോഗങ്ങളിൽ ഒരുമയോടെ സംബന്ധിച്ചിരുന്നു. ഒരു വഴക്കും വക്കാണവും ഉണ്ടായിരുന്നില്ല. അതിന്റെ പ്രധാന കാരണം, ഒരുപക്ഷേ, അന്നു കേരളസഭയിൽ നിലവിലിരുന്ന ജനാധിപത്യരീതിയിലുള്ള ഭരണസംവിധാനം ആയിരുന്നിരിക്കണം.

അന്നും തെക്കുംഭാഗർ എൻഡാഗമിയും സ്വവംശവിവാഹവും സ്വന്തം പാരമ്പര്യങ്ങളും ആചരിച്ചിരുന്നില്ലേ? ആരും തടസ്സം പറഞ്ഞതായി അറിവില്ല. എന്നാൽ, കേരള സഭയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ നശിപ്പിച്ച് മെത്രാന്റെ ആധിപത്യം അടിച്ചേൽപ്പിക്കുകയും ഇടവകകൾ മെത്രാന്റെ നുകത്തിനു കീഴിലാവുകയും ചെയ്തപ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങിയത്. അതോടെ, മുമ്പ് കേട്ടുകേൾവി ഇല്ലാതിരുന്ന "പുറത്താക്കൽ നടപടി" ആരംഭമെടുത്തു എന്നു കാണാം.

ഇപ്പോഴത്തെ അടിസ്ഥാനപ്രശ്നം, എൻഡാഗമി ആചരണത്തിന്റെ നിഷേധമല്ല. പ്രത്യുത, എൻഡാഗമി ആചരണത്തിൽനിന്നു വ്യതിചലിച്ച്, സമുദായത്തിനു പുറത്തുനിന്ന് വിവാഹം ചെയ്യുന്ന വ്യക്തികളെ പ്രത്യേകിച്ചും പുരുഷന്മാരെ, അവർ ജ്ഞാനസ്നാനത്തിലൂടെ അംഗത്വം നേടിയ ഇടവക കുടുംബത്തിൽനിന്ന്, സമൂഹത്തിൽനിന്ന് പുറത്താക്കുന്ന നടപടിയാണ്.

1986-ൽ റോം നൽകിയ തീരുമാനങ്ങൾ അമേരിക്കയിലെ ക്നാനായ നേതാക്കന്മാർ അറിഞ്ഞിരുന്നില്ലേ? അതോ കോട്ടയം രൂപതാധികാരികൾ അവരിൽനിന്ന് അതു മറച്ചുവച്ചോ? പ്രസ്തുത തീരുമാനങ്ങൾ വന്നതിനുശേഷം നടന്ന ക്നാനായ കൺവൻഷനുകളിൽ ഇത് സംബന്ധിച്ച് പ്രതിഷേധങ്ങളോ പ്രമേയങ്ങളോ ഉണ്ടായതായി കേട്ടിട്ടില്ല. പിന്നെന്തേ ഇപ്പോൾ KCCNA നേതൃത്വം പ്രതിഷേധവും ബഹിഷ്ക്കരണവുമായി മുന്നിട്ടിറങ്ങിയിരിക്കുന്നത്?

'ഗോത്രത്തലവൻ' എന്ന ഓമനപ്പേരിൽ KCCNA യും അമേരിക്കയിലെ അഭിനവ ക്നാനായ നേതാക്കളും ബഹുമാനിക്കുന്ന കുന്നശ്ശേരി മെത്രാനുപോലും ഇന്നുണ്ടായ പ്രതിസന്ധിയെപ്പറ്റി മുൻകൂട്ടി കാണാനുള്ള കഴിവും ബുദ്ധികൂർമ്മതയും ഇല്ലാതെപോയോ? അതോ അദ്ദേഹം തികച്ചും നിസ്സഹായനായിരുന്നുവോ? എത്ര ചിന്തിച്ചാലും പിടികിട്ടാത്ത, മനസ്സിലാകാത്ത അടിയൊഴുക്കുകൾ ഉണ്ടെന്നു മാത്രം പറയാനേ കഴിയൂ.

## എതിർവാദഗതികൾ

കർശനമായ എൻഡാഗമിയെ സംബന്ധിച്ച് റോമിൽ നിന്നുണ്ടായ തീരുമാനത്തിനെതിരെ എൻഡാഗമിയെ അനുകൂലിക്കുന്നവർക്ക് നിരത്തുവാൻ തൃപ്തികരമായ വാദമുഖങ്ങൾ ഒന്നുമില്ല. പതിനാറു നൂറ്റാണ്ടുകളായി പിന്തുടർന്നുവന്നിരുന്ന ഒരാചാരമായതുകൊണ്ട് അതു നിലനിൽക്കണം എന്നാണ് ഒരു വാദം. 1986 ഡിസംബറിൽ പ്രസിദ്ധീകരിച്ച "കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലി സ്മരണിക" യിൽ പറയുന്ന ഒരു വാദവും സ്മരണീയമാണ്. "ഉപരിപ്ലവമായി ചിന്തിക്കുന്നവർക്കും സത്യം അംഗീകരിക്കുവാൻ മടിക്കുന്ന സങ്കുചിത മനോഭാവക്കാർക്കും ശരിയായ ചരിത്രദർശനം ഇല്ലാത്തവർക്കും കോട്ടയം രൂപതയുടെ അസ്തിത്വം ഒരു സമസ്യ ആയി അനുഭവപ്പെട്ടേക്കാം. അപ്രമാദിത്തവരമുള്ള പുണ്യവാനായ ഒരു മാർപ്പാപ്പാ (പത്താം പീയൂസ്) പ്രാർത്ഥിച്ചും മനനം ചെയ്തും ആലോചിച്ചും എടുത്ത തീരുമാനം തെറ്റാണെന്ന് ശബ്ദമുയർത്തുന്നവർ യാഥാർത്ഥ്യത്തിൽനിന്നും ബഹുകാതമകലെ നിന്നുകൊണ്ട് സത്യത്തിൽനിന്ന് ഓടിയൊളിക്കുവാൻ ശ്രമിക്കുന്നവരാണ്".

മേല്പറഞ്ഞ പ്രസ്താവനയുടെ അന്തഃസത്ത "അപ്രമാദിത്തവരമുള്ള പുണ്യവാനായ പത്താം പീയൂസ്" കോട്ടയം വികാരിയാത്ത് സ്ഥാപിക്കുക വഴി ഒരു ശരി ചെയ്തു എന്നാണ്. കോട്ടയം വികാരിയാത്ത് സ്ഥാപിച്ചത് തെറ്റാണെന്നോ അതു പാടില്ലായിരുന്നുവെന്നോ സുബുദ്ധിയുള്ളവർ പറയുകയില്ല.

കോട്ടയം രൂപത സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മാക്കീൽ മെത്രാൻ കേരളത്തിലെ മറ്റു രണ്ടു വികാരിയാത്തുകളിലെ മെത്രാന്മാരോടൊപ്പം നൽകിയ അപേക്ഷയിൽ പറയുന്നത് എന്താണെന്നു നോക്കാം.

"പരിശുദ്ധ സിംഹാസനത്തിന് അറിയപ്പെട്ടിട്ടുള്ള പോലെ, മലയാള സുറിയാനിക്കാർക്കിടയിൽ വ്യത്യസ്തങ്ങളായ വംശാവലികളിൽ നിന്ന് ഉത്ഭൂതമായ രണ്ടു ജാതികൾ അഥവാ സമുദായങ്ങൾ ഉണ്ട്. ഏതൽക്കാരണം ഇരുഭാഗക്കാരും തമ്മിൽ പിരിഞ്ഞും വടക്കേഭാഗം, തെക്കേഭാഗം എന്ന പ്രത്യേക സംജ്ഞകളാൽ വ്യത്യസ്ഥങ്ങളായും തന്നെയിരിക്കുന്നു. ഇവർ മറ്റു പ്രകാരം നല്ല ക്രിസ്ത്യാനികളാണെങ്കിലും സാമുദായികമായും കുടുംബപരമായും ആചാരപരമായും തമ്മിൽ വളരെ വ്യത്യസ്ഥപ്പെട്ടിരിക്കകൊണ്ട് അന്യോന്യം സൗഹൃദമായിരിക്കുന്നില്ല. ഇക്കാരണത്താൽ ഇപ്പോൾ 15 നൂറ്റാണ്ടുകളോളം രക്തസംബന്ധമായോ വിവാഹസംബന്ധമായോ യാതൊരു ബന്ധവുമില്ലാതെ ഇരുകൂട്ടരും ജീവിക്കുന്നു. ഇവർ ക്ലാസ് അഥവാ വകുപ്പു സംബന്ധമല്ലാതെ ജാതി അഥവാ സമുദായ സംബന്ധമായ അന്യോന്യ വ്യത്യാസം മൂലം പ്രസ്തുത ബാന്ധവങ്ങൾക്ക് വശംവദരാകുന്നതിന് കഴിയുന്നില്ല".

തുടർന്ന് എറണാകുളം, തൃശൂർ വികാരിയാത്തുകൾ ഭരിക്കുന്ന മെത്രാന്മാർക്ക് ജനങ്ങളുടെ സഹായവും സഹകരണവും ലഭിക്കുന്നെണ്ടെന്നും, എന്നാൽ ചങ്ങനാശ്ശേരി വികാരിയാത്തിൽ രണ്ടുവിഭാഗങ്ങളിലേയും ജനങ്ങൾ ഒരുമിച്ചു ഭരിക്കപ്പെടുന്നതുകൊണ്ടും അവർ തമ്മിൽ സൗഹൃദമില്ലാത്തതിനാലും വേണ്ടത്ര സഹായമോ സഹകരണമോ ലഭിക്കുന്നില്ലെന്നു മാത്രമല്ലാ, മെത്രാന് പ്രയാസങ്ങളുടെമേൽ പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന് പ്രസ്താവിക്കുന്നു.

മേല്പറഞ്ഞ സാഹചര്യത്തിൽ, രണ്ടു പ്രതിവിധികളാണ് മെത്രാന്മാർ ചൂണ്ടിക്കാട്ടിയത്. ഒന്ന്, നിർത്തലാക്കിയ കോട്ടയം വികാരിയാത്ത് തെക്കുംഭാഗർക്കായി പുനഃസ്ഥാപിക്കുകയും മാക്കീൽ മെത്രാനെ അങ്ങോട്ടു മാറ്റുകയും, ചങ്ങനാശ്ശേരിയിൽ വടക്കുംഭാഗരിൽനിന്നുള്ള ഒരു മെത്രാനെ നൽകുകയും ചെയ്യുക. രണ്ട് തെക്കുംഭാഗർക്ക് അവരുടെ സമുദായത്തിൽ നിന്ന് ഒരു സഹായമെത്രാനെ നൽകി ചങ്ങനാശ്ശേരി മെത്രാന്റെ കീഴിൽ തെക്കുംഭാഗരെ മാത്രം അദ്ദേഹം ഭരിക്കുക. ആദ്യത്തെ നിർദ്ദേശമാണ് മെത്രാന്മാർ ഊന്നിപ്പറഞ്ഞത്.

മെത്രാന്മാരുടെ അഭ്യർത്ഥനയും ആഗ്രഹവും മാനിച്ച് പത്താം പീയൂസ് പാപ്പാ കോട്ടയം വികാരിയാത്ത് പുനഃസ്ഥാപിച്ചു. തത്സംബന്ധമായി പുറപ്പെടുവിച്ച ബൂളായിൽ (Bull) പറയുന്നത് ഇവ്വിധമാണ്.

“മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസവും ഭക്തിയും അഭിവൃദ്ധിപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി അവരുടെയിടയിൽ ഒരു പുതിയ മിസ്സം സ്ഥാപിക്കേണ്ടതാണെന്ന് നാം തീരുമാനിക്കുന്നു.

“പൗരസ്ത്യ റീത്തുകളുടെയും, ക്രിസ്തീയ വിശ്വാസ പ്രചാരണത്തിന്റേയും സംഘങ്ങളുടെ അധിപന്മാരായ അഭിവന്ദ്യ കർദ്ദിനാൾമാരുമായി ഗൗരവമായും സൂക്ഷ്മമായും നാം ആലോചന നടത്തിയതിൽ മേൽവിവരിച്ച മൂന്നു വികാരി അപ്പസ്തോലിക്കമാരും ചേർന്ന് ആലോചിച്ച് നമ്മുടെ മുമ്പാകെ ഈ ആണ്ട് മാർച്ച് മാസം 1-ാം തീയതി ബോധിപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്ന പ്രകാരം ഒരു പുതിയ വികാരിയാത്ത് സ്ഥാപിക്കേണ്ടത് അവിടങ്ങളിലെ വിശ്വാസികളുടെ ആത്മീയ ഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനും ആവശ്യമാണെന്ന് നമുക്കു ബോധ്യപ്പെട്ടിരിക്കുന്നതിനാൽ നാം അവരുടെ അപേക്ഷ കരുണാപൂർവ്വം സ്വീകരിച്ചുകൊണ്ട് നമുക്ക് അവിടുത്തെ ജനങ്ങളോടുള്ള സംതൃപ്തിക്കു സാക്ഷിയായി, കോട്ടയം എന്നു സാധാരണ വിളിച്ചുവരുന്ന പട്ടണത്തിൽ ഒരു പുതിയ വികാരിയാത്ത് സ്ഥാപിക്കുന്നതിന് നാം അനുമതി നൽകുന്നു”.

## എൻഡോഗമിയെപ്പറ്റി സൂചനയില്ല!

മേല്പറഞ്ഞ പേപ്പൽ ബൂളാ ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു:-

1. പുതിയ ഒരു വികാരിയാത്ത് സ്ഥാപിക്കുന്നതിന് ഉപോൽബലകമായി മൂന്നു വികാരി അപ്പസ്തോലിക്കമാരും ചൂണ്ടിക്കാട്ടുന്നത്, തെക്കു-വടക്കു വിഭാഗീയതയുടെ ഫലമായുണ്ടായിട്ടുള്ള അനൈക്യവും തൽഫലമായി ചങ്ങനാശ്ശേരി വികാരിയാത്ത് നേരിടുന്ന അധോഗതിയും വികാരി അപ്പസ്തോലിക്ക അഭിമുഖീകരിക്കുന്ന പ്രയാസങ്ങളുമാണ്. അവർ ഇന്നു നിലവിലിരിക്കുന്ന വിധത്തിലുള്ള എൻഡോഗമി ആചരണത്തെപ്പറ്റി അപേക്ഷയിൽ ഒരു സൂചനയും നൽകുന്നില്ല. അങ്ങനെ ഒരു ആചാരം നിലവിലുണ്ടായിരുന്നെങ്കിൽ വികാരി അപ്പസ്തോലിക്കമാർ അതു മനഃപ്പൂർവ്വം റോമിൽനിന്നു മറച്ചുവച്ചിരിക്കണം. തന്മൂലം, അത്തരമൊരു ആചാരത്തെപ്പറ്റി റോമിന് അറിയാമായിരുന്നില്ല എന്നു വ്യക്തമാണ്.

2. പത്താം പീയൂസിന്റെ ബൂളായിൽ, പുതിയ വികാരിയാത്ത് സ്ഥാപിക്കുന്നതിനു സാധൂകരണം നൽകുന്നത് ശ്രദ്ധാർഹമാണ്. “സുറിയാനി

ക്രിസ്ത്യാനികളുടെ വിശ്വാസവും ഭക്തിയും അഭിവൃദ്ധിപ്പെടുത്തുക എന്നതിനോടൊപ്പം "വിശ്വാസികളുടെ ആത്മീയ ഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനും" (വികാരിയാത്ത്) ആവശ്യ മാണെന്നു നമുക്കു ബോധ്യം വന്നിരിക്കുന്നു. പത്താം പീയൂസും എൻഡാഗമിയെപ്പറ്റി ഒരു സൂചനയും നൽകുന്നില്ല.

3. ഒരു രൂപത സ്ഥാപിക്കുന്നതിന് ഒരു മാർപ്പാപ്പയ്ക്കും അപ്രമാദി ത്തവരം പ്രയോഗിക്കേണ്ട ആവശ്യകതയില്ല; പ്രയോഗിക്കുകയുമില്ല. കാരണം, അതൊരു ഭരണനടപടി മാത്രമാണ്. വിശ്വാസവും സന്മാർഗ്ഗവും (Faith and Morals) സംബന്ധിച്ച് സഭയുടെ പ്രബോധനം ഔദ്യോഗികമായി അധ്യവസാനം (Define) ചെയ്യുമ്പോൾ മാത്രമാണ് ഒരു മാർപ്പാപ്പ തന്റെ തെറ്റാവരം പ്രയോഗിക്കുന്നത്.

4. പത്താം പീയൂസ് പുണ്യവാനായതുകൊണ്ട് അദ്ദേഹത്തിന്റ കോട്ടയം രൂപതാ സ്ഥാപനം തികച്ചും ശരിയായിരുന്നു എന്നു പറയുന്നതും ബാലി ശമായ ഒരു വാദമാണ്. പത്താം പീയൂസ് കോട്ടയം രൂപത സ്ഥാപിച്ച് വർഷങ്ങൾക്കു ശേഷമാണ് പുണ്യവാനായി പ്രഖ്യാപിക്കപ്പെട്ടതും.

## പത്താം പീയൂസ് ചെയ്തത് – പ്രായോഗിക ബുദ്ധി

1653–ലെ കൂനൻ കുരിശു സത്യത്തെ തുടർന്ന് കേരളത്തിലെ സുറി യാനി സഭ രണ്ടായി പിളർന്ന് ഒരു വിഭാഗം യാക്കോബായ സഭയിൽ ചേർന്ന് നഷ്ടപ്പെട്ട സാഹചര്യം പത്താം പീയൂസിന് അറിയാമായിരുന്നു. വീണ്ടും കേരള സഭ അത്തരമൊരു പിളർപ്പിലേക്കു നീങ്ങിയേക്കാമെന്ന് ക്രാന്തദർശിയായ പത്താം പീയൂസ് മനസ്സിലാക്കി. മാർ മാക്കീലിനെ ചങ്ങനാശ്ശേരി വികാരിയാത്തിൽ നിന്ന് മാറ്റിയില്ലെങ്കിൽ ചങ്ങനാശ്ശേരി യിലെ വടക്കുംഭാഗരായ സഭാംഗങ്ങൾ യാക്കോബായ സഭയിലേക്കു തിരിയുവാൻ സാധ്യതയുണ്ടായിരുന്നു. തെക്കുംഭാഗർക്ക് കോട്ടയം രൂപത സ്ഥാപിച്ച് മാർ മാക്കീലിനെ അങ്ങോട്ടു മാറ്റിയില്ലെങ്കിൽ തെക്കും ഭാഗർ അന്നു നിലവിലുണ്ടായിരുന്ന യാക്കോബായ ചിങ്ങവന ഭദ്രാസ നത്തിലേക്കു ചേരാനുള്ള സാധ്യതയും ഏറെയുണ്ടായിരുന്നു. കാരണം, ചിങ്ങവനം ഭദ്രാസനം തെക്കുംഭാഗരായ യാക്കോബായക്കാർക്ക് മാത്ര മുള്ളതായിരുന്നു. അതുകൊണ്ട്, പത്താം പീയൂസ് ബുദ്ധിപൂർവ്വം Principle of Double Effect എന്ന തത്വം പ്രയോഗിച്ചു. (രണ്ടു തിന്മകളിൽനിന്ന് തെരഞ്ഞെടുക്കേണ്ട സന്ദർഭമുണ്ടായാൽ തമ്മിൽ ചെറുത് സ്വീകരിക്കുക എന്നതാണതിന്റെ അർത്ഥം).

കോട്ടയം രൂപതയുടെ സ്ഥാപനത്തിലെ തെറ്റും ശരിയുമല്ല ഇവിടെ പ്രസക്തം. പ്രായോഗിക ബുദ്ധിയും ഭരണ വൈഭവവുമുള്ള ഏതു ഭരണാധികാരിയും ചെയ്യുന്ന ഒരു കാര്യമേ പത്താം പീയൂസ് ഇവിടെ ചെയ്തുള്ളൂ.

എന്നാൽ, തന്റെ സദുദ്ദേശത്തോടെയുള്ള നടപടിമൂലം, രണ്ടു സമുദായങ്ങളും ഭാവിയിൽ ക്രിസ്തീയ സ്നേഹത്തിലൂടെ ഐക്യപ്പെടുമെന്നും അന്നു നിലനിന്നിരുന്ന വിഭാഗീയതയും പരസ്പര വിദ്വേഷവുമെല്ലാം ഒരു താല്ക്കാലിക പ്രതിഭാസം മാത്രമാണെന്നും, കാലത്തിന്റെ പ്രവാഹഗതിയിൽ അതൊക്കെ കലങ്ങിത്തെളിയുമെന്നും പത്താം പീയൂസ് പ്രത്യാശിച്ചുകാണും. പക്ഷേ, പത്താം പീയൂസിന്റെ മനോഭാവവും, ലക്ഷ്യബോധവും, വിശ്വാസദാർഢ്യവും, സുവിശേഷമൂല്യങ്ങളോടുള്ള ആദരവും, ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയും ഉള്ള സഭാധികാരികളുടേയും അത്മായ നേതാക്കളുടേയും അഭാവത്തിൽ, അദ്ദേഹത്തിന്റെ സദുദ്ദേശപരമായ നടപടികൾ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അന്യവത്ക്കരണത്തിലും വിഭാഗീയതയിലും വിശ്വാസ നിഷേധത്തിലും വംശീയ വികാരാവേശത്തിലും എത്തിയിരിക്കുന്നു!

## സഭാധികാരം ചെയ്യാതിരുന്നതും ചെയ്യേണ്ടിയിരുന്നതും

ഇന്നത്തെ പ്രതിസന്ധിയെപ്പറ്റി പറയുമ്പോൾ കോട്ടയം രൂപതാധികാരികളുടെ നിരുത്തരവാദിത്തവും നിഷ്ക്രിയത്വവും ഒളിച്ചുകളികളും പരാമർശവിധേയമാക്കേണ്ടിയിരിക്കുന്നു.

ചിക്കാഗോയിലെ ക്നാനായ മിഷനിലെ എൻഡാഗമി പ്രശ്നം പെട്ടെന്ന് പൊട്ടിമുളച്ചതല്ല. ഏതാണ്ട് ഇരുപതു വർഷംമുമ്പ്, മിഷന്റെ ആരംഭം മുതലേ തുടങ്ങിയതാണ്. കാർഡിനൽ ബർനർഡീൻ ക്നാനായ മിഷനു നൽകിയ മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രശ്നങ്ങളുടെ ആരംഭം. 1986-ൽ റോമിൽനിന്ന് വ്യക്തമായ തീരുമാനവും വന്നു. പക്ഷേ, കോട്ടയം സഭാധികാരം ഈ പ്രശ്നപരിഹാരത്തിന് ക്രിയാത്മകമായി എന്തു ചെയ്തു? ഒരു കാര്യം ചെയ്തുവെന്നു സമ്മതിക്കണം. ഈ പ്രശ്നം ഇവിടുത്തെ വിശ്വാസികളുടെ പൊതുവായ ശ്രദ്ധയിൽനിന്ന് മറച്ചുവച്ച് എന്തൊക്കെയോ ചെയ്യുന്നതായി നടിച്ചു! ഇവിടുത്തെ ക്നാനായ പ്രമാണി വർഗ്ഗം അതിനു കൂട്ടും നിന്നു.

ഒന്നു രണ്ടു വർഷത്തോളം ക്നാനായ മിഷന് ഡയറക്ടർ ഇല്ലാതെ പോയശേഷം, പിന്നീടുവന്ന ഡയറക്ടർമാരെ അയച്ചപ്പോൾ, ക്നാനായ മിഷനെ സംബന്ധിച്ചുള്ള ചിക്കാഗോ ആർച്ചുബിഷപ്പിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്നു കോട്ടയം സഭാധികാരം ഉറപ്പുകൊടുത്തിരുന്നതാണ്. പ്രസ്തുത നിർദ്ദേശങ്ങളിലെ കാതലായ ഭാഗം എൻഡാഗമി ഇവിടെ സ്വീകാര്യമല്ല എന്നതാണ്. ആ കാലഘട്ടത്തിലെങ്കിലും ഇവിടുത്തെ ക്നാനായ വിശ്വാസികളോട് പ്രശ്നത്തിന്റെ ഗൗരവം വിശദമാക്കുവാനും എന്തെങ്കിലുമൊരു നീക്കുപോക്കിനു ശ്രമിക്കുവാനും കോട്ടയം രൂപതാധികാരം ശ്രമിക്കേണ്ടതായിരുന്നില്ലേ?

കോട്ടയം മെത്രാൻ നൽകിയ റിവ്യൂ പെറ്റീഷന് 1997-ൽ ലഭിച്ച മറുപടിയിലും പഴയ തീരുമാനങ്ങൾ റോം ആവർത്തിച്ചുറപ്പിക്കുകയാണു ചെയ്തത്. എന്നിട്ടും അക്കാര്യം ഇവിടെ തന്റെ ക്നാനായ മക്കളോട് വെളിപ്പെടുത്തുവാൻ "ഗോത്രത്തലവൻ" തയ്യാറായില്ല എന്നത് ചിന്താർഹമല്ലേ?

കരോട്ടെമ്പ്രയിൽ മെത്രാന്റെ റിപ്പോർട്ടനുസരിച്ച് സീറോ മലബാർ രൂപത സംസ്ഥാപിതമാകുമെന്ന് അറിയാമായിരുന്നിട്ടും പ്രസ്തുത രൂപതയിൽ ക്നാനായ മക്കളുടെ സ്ഥിതി എന്താകുമെന്നും എങ്ങനെയാകണമെന്നും 'ഗോത്രത്തലവൻ' ആരോടെങ്കിലും ചർച്ച ചെയ്തില്ലല്ലോ. വരാൻപോകുന്ന സാഹചര്യത്തെപ്പറ്റി 'ഗോത്രത്തലവന്' അറിയാമായിരുന്നില്ലേ? കാരണം, കരോട്ടെമ്പ്രയിൽ മെത്രാൻ തീർച്ചയായും കോട്ടയം മെത്രാനുമായി ക്നാനായ മിഷനുകളുടെ ഭാവിയെപ്പറ്റി ചർച്ചചെയ്തു കാണണം. റോമിന്റെ തീരുമാനമനുസരിച്ച് ക്നാനായ മിഷനുകളുടെ ഭാവിയെപ്പറ്റി ചർച്ചചെയ്തു കാണണം. റോമിന്റെ തീരുമാനമനുസരിച്ചേ ക്നാനായ മിഷനുകൾക്കു മുമ്പോട്ടു പോകാനാവൂ എന്നും 'ഗോത്രത്തലവന്' അറിയാമായിരുന്നു. എന്നാൽ, തന്റെ ക്നാനായ മക്കളെ വേണ്ടവിധം ബോധവല്ക്കരിക്കുവാനോ ഒരുക്കുവാനോ, 'ഗോത്രത്തലവൻ' എന്തുകൊണ്ടു മുൻകയ്യെടുത്തില്ല? അവിടെയും സഭാധികാരം 'ഒളിച്ചുകളി' പ്രവണതയാണ് കാട്ടിയത്. ഒരുഭാഗത്ത് "നിങ്ങളുടെ മെത്രാൻ അങ്ങാടിയാത്ത് മെത്രാനാണ്" എന്നു പ്രഖ്യാപിക്കുകയും മറുവശത്ത് "ഞാനൊന്നുമറിഞ്ഞില്ല, നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തോ" എന്ന ഒരുതരം നിലപാടല്ലേ 'ഗോത്രത്തലവൻ' എടുത്തത് എന്നു തോന്നിപ്പോകുന്നു.

## അങ്ങാടിയത്തു മെത്രാന്റെ നിലപാടും ശരിയായില്ല

ക്നാനായ മിഷൻ കാര്യത്തിൽ അങ്ങാടിയത്തു മെത്രാനും അല്പ സ്വല്പം ഒളിച്ചുകളി നടത്തിയെന്നു പറയാതിരിക്കാൻ വയ്യാ. ക്നാനായ മിഷനിലെ അംഗത്വം സംബന്ധിച്ചും എൻഡാഗമിയുടെ കാര്യവും അല്പം സങ്കീർണ്ണമായിരിക്കുമെന്ന് അറിയാൻ പാടില്ലാത്ത വ്യക്തിയല്ല അങ്ങാടിയത്ത് മെത്രാൻ. സ്ഥാനാരോഹണ ചടങ്ങിലും മറ്റും ക്നാനായക്കാർ ആളും അർത്ഥവും നൽകി സഹായിക്കുകയും സഹകരിക്കുകയും ചെയ്തത് അദ്ദേഹം കണ്ടനുഭവിച്ചതാണ്. ക്നാനായക്കാരെ സംബന്ധിച്ച് തനിക്ക് റോമിൽനിന്ന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ക്നാനായക്കാരുടേത് വളരെ sensitive ആയ പ്രശ്നമാണെന്ന് റോം പറഞ്ഞിട്ടുണ്ടെന്നും അതുകൊണ്ട് റോമിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായേ കാര്യങ്ങൾ കൈകാര്യം ചെയ്യുകയുള്ളൂ എന്നുമൊക്കെ അദ്ദേഹം പറയുന്നുണ്ട്. എങ്കിലും, അങ്ങാടിയത്തു മെത്രാൻ പ്രശ്നങ്ങളെ അവധാനതയോടെ വിവേകപൂർണ്ണമായി കൈകാര്യം ചെയ്തുവെന്ന് പറഞ്ഞുകൂടാ.

ക്നാനായക്കാരുടെ ഭാഗത്ത് തീവ്രവാദം പുലർത്തുന്ന ഒരു വിഭാഗം ഉള്ളതുപോലെ തീവ്രവാദികൾ മറുഭാഗത്തും ഉണ്ടെന്നും അവരുടെ ശക്തമായ സമ്മർദ്ദം അങ്ങാടിയത്ത് മെത്രാനുണ്ടെന്നും സമ്മതിക്കുന്നു. ചെകുത്താനും കടലിനുമിടയിലെന്നപോലെ ഒരു വല്ലാത്ത പ്രതിസന്ധിയുടെ നടുവിലാണ് അദ്ദേഹമെന്നും അംഗീകരിക്കണം. ഒരു സഭാധ്യക്ഷനെന്ന നിലയിൽ വിശ്വാസവും സ്നേഹവും ഭരണാധികാരിയെന്ന നിലയിൽ അവധാനതയും വിവേകവും കാട്ടേണ്ടത് ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ്.

ഉദാഹരണത്തിന്, ക്നാനായ സമുദായത്തിന് പുറത്തുനിന്ന് വിവാഹം ചെയ്തവരുടെ ഭാര്യയ്ക്കും മക്കൾക്കും ക്നാനായ മിഷനിൽ അംഗത്വം നൽകാമോ എന്ന പ്രശ്നം ഉയർന്നുവന്നു. അതിനദ്ദേഹം നൽകിയ തീരുമാനം ക്നാനായക്കാരെ കൂടുതൽ അസ്വസ്ഥരാക്കിയെന്നതാണ് സത്യം. എൻഡാഗമി സംബന്ധിച്ച് പ്രതിഷേധങ്ങളും ബഹിഷ്ക്കരണവുമൊക്കെ നടക്കുന്ന ഒരു സാഹചര്യത്തിൽ പുതിയ ഒരു പ്രശ്നം കൂടി ഉയർത്തണമായിരുന്നോ? അത്തരമൊരു പ്രശ്നം ഉണ്ടാകുമെന്ന് സാമാന്യബുദ്ധിയുള്ളവർക്കൊക്കെ അറിയാമായിരുന്നു. എങ്കിൽ പ്രസ്തുത പ്രശ്നം

റോമിന്റെ ശ്രദ്ധയിൽപ്പെടുത്തി അവിടെനിന്നുള്ള തീരുമാനത്തിനായി കാത്തിരിക്കാമായിരുന്നില്ലേ? അതുകൊണ്ട്, അങ്ങാടിയത്തു മെത്രാൻ പുറമേ കാട്ടുന്ന ആത്മാർത്ഥതയും അനുരഞ്ജനാഭിമുഖ്യവും സംശയാസ്പദമാണെന്നു തോന്നിപ്പോകുന്നു. അതോ അദ്ദേഹം, അജപാലകൻ എന്ന റോളിൽ നിന്നും അധികാരം അടിച്ചേല്പിക്കുന്ന റോളിലേക്കു മാറുകയാണോ?

സഭാധികാരത്തിന്റെ മുമ്പിൽ വിശ്വാസികൾക്ക് മൂന്നു കടമകളെ ഉള്ളൂ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നയവസരത്തിൽ കാർഡിനൽ ഹീനാൻ പറഞ്ഞത് ഓർക്കുന്നു: “ പ്രാർത്ഥിക്കുക, പണം കൊടുക്കുക, അനുസരിക്കുക”. ദൈവജനത്തിന് സഭയിൽ നൽകുന്ന പരിഗണന തുലോം തുച്ഛമാണെന്നും, അതിനു മാറ്റം വരുത്തണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പഴയകാലത്ത് കേരള ക്രൈസ്തവ സമൂഹത്തിൽ ആരൊക്കെയോ നട്ടുനനച്ച് വളർത്തി വലുതാക്കിയ തെക്കുംഭാഗ-വടക്കുംഭാഗ വിഭാഗീയതയും വിദ്വേഷ മനഃസ്ഥിതിയും സ്വാതന്ത്ര്യവും സമത്വവും പ്രഖ്യാപിച്ച ഏബ്രഹാം ലിങ്കന്റെ നാട്ടിലേക്കും പറിച്ചു നടുവാൻ ഒരു കൂട്ടർ ശ്രമിക്കുകയാണ്. അവർ കേരളത്തിൽ നിന്ന് ഇവിടെ വന്നവരാണ്. വേഷം മാറിയെങ്കിലും അവരുടെ മനസ്സ് മാറിയിട്ടില്ല. പക്ഷേ, അവരുടെ മക്കളുടെ ആഗ്രഹങ്ങൾക്കോ ഭാവിക്കോ ഒരു മുൻഗണന കൊടുക്കുന്നില്ല  എന്നുമാത്രമല്ല, അവരെ അപകടകരമായ ഒരു ദിശയിലേക്കു തിരിച്ചുവിടാൻ ബോധപൂർവ്വം ശ്രമിക്കുകയാണ്. സഭാധികാരികൾ അറിഞ്ഞുകൊണ്ടുതന്നെ അതിനെ പിന്തുണയ്ക്കുന്നു. കാരണം, സഭാധികാരത്തിനു വേണ്ടത് പ്രാർത്ഥിക്കുകയും സംഭാവന നൽകുകയും അനുസരിക്കുകയും ചെയ്യുന്ന ‘സാദാ’ വിശ്വാസികളെയാണ്. അതുകൊണ്ടുള്ള നേട്ടം സഭാധികാരത്തിനും നഷ്ടം വിശ്വാസികൾക്കും മാത്രമാണ്.

## മാറുന്ന ചിന്തകളും മാറുന്ന ലോകവും

ഇത്രയുംകാലം നിലവിലിരുന്ന എൻഡാഗമി എന്തുകൊണ്ട് ഇന്ന് ചോദ്യം ചെയ്യപ്പെടുവാൻ ഇടയായി? എൻഡാഗമി അഥവാ സ്വവംശവിവാഹാചാരത്തിന് ഇന്ന് രണ്ട് മാനങ്ങൾ ഉണ്ട്. ഒന്ന്, തെക്കും ഭാഗർ സ്വവംശത്തിൽ നിന്നുമാത്രമേ ഇണയെ സ്വീകരിക്കാവൂ എന്ന നിർബന്ധം; രണ്ട്, സ്വന്തം സമുദായത്തിനു വെളിയിൽ നിന്നു വിവാഹം

കഴിക്കുന്നവനെ സമുദായത്തിൽ നിന്നുമാത്രമല്ല, ഇടവകാംഗത്വ ത്തിൽനിന്നും പുറത്താക്കുന്ന പതിവ്. എൻഡാഗമി ക്നാനായ സമുദായ ത്തിനുള്ളിൽ മാത്രം നിലനിർത്തിയിരുന്ന ഒരാചാരമായിരുന്നു. വെറു മൊരു സാമുദായികാചാരം മാത്രമെന്ന നിലയിൽ ആർക്കും അതൊരു പ്രശ്നമായിരുന്നുമില്ല; എതിർപ്പും ഉണ്ടായിരുന്നുമില്ല. സാമുദായിക സമ്മർദ്ദത്തിന്റെ ഫലമായി നിലനിന്നിരുന്ന ഒരാചാരം എന്ന നിലയിൽ മാത്രം അതിനെ കരുതിയാൽ മതി.

എന്നാൽ, തെക്കുംഭാഗർക്കുവേണ്ടി കോട്ടയം രൂപത നിലവിൽ വന്ന തോടെ എൻഡാഗമി, രൂപതയുടേയും മെത്രാന്റേയും നിയന്ത്രണത്തിൽ വന്നു. സാമുദായിക സമ്മർദ്ദത്തോടൊപ്പം രൂപതാധികാരത്തിന്റെ നിയ ന്ത്രണം കൂടി ആയപ്പോൾ എൻഡാഗമിയുടെ രൂപത്തിനും ഭാവത്തിനും ഒരു ഔദ്യോഗികത കൈവന്നു. സമുദായത്തിന്റെ മുഴുവൻ നിയന്ത്രണം തന്നെ രൂപതാദ്ധ്യക്ഷൻ കയ്യാണ്ടു. 1986-ൽ നടന്ന കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലിയവസരത്തിൽ കുന്നശ്ശേരി മെത്രാന്റെ ഒരു പ്രഖ്യാ പനം ഓർമ്മിക്കുന്നു. “കോട്ടയം രൂപതയുടെയും ക്നാനായ സമുദായ ത്തിന്റെയും ഔദ്യോഗികതലവൻ ഞാനാണ്”. ചുരുക്കത്തിൽ കോട്ടയം രൂപതയുടെ മെത്രാൻ സമൂദായത്തിന്റെ ‘ഗോത്രത്തലവൻ’ ആയി സ്വയം പ്രഖ്യാപിച്ചു. എൻഡാഗമി നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്തവും അദ്ദേഹത്തിന്റേതായി.

അതോടെ സമുദായത്തിന് പുറത്തുനിന്ന് വിവാഹം കഴിക്കുന്നവർക്ക് കോട്ടയം മെത്രാന്റെ അനുവാദം വേണമെന്നു നിയമമായി, നിർബന്ധ മായി. അനുവാദം ലഭിക്കണമെങ്കിൽ, മറ്റൊരിടവകയിൽ അംഗത്വം സ്വീക രിച്ചതായി അവിടുത്തെ വികാരിയുടെ കത്തുവേണമെന്ന് നിയമം കൊണ്ടുവന്നു. കത്ത് ലഭിച്ചുകഴിഞ്ഞാൽ സമുദായത്തിനു പുറത്തു വിവാഹം കഴിക്കുന്നതിനുള്ള അനുവാദം മെത്രാൻ നൽകുന്നു. പ്രസ്തുത കല്പനയിൽ എഴുതുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. “മേല്പടി യാൻ സ്വമനസ്സാ ഇടവക മാറുന്നു”, വിവാഹസംബന്ധമായ വിളിച്ചു ചൊല്ലുകളോ ചടങ്ങുകളോ ആ ഇടവകയിൽ (ക്നാനായ) നടത്തുവാൻ പാടുള്ളതല്ല. “മേല്പടിയാന്റെ പേര് ഇടവക ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്”. വ്യക്തമായിപ്പറഞ്ഞാൽ, സ്വന്തം സമുദായത്തിനു പുറ ത്തുനിന്നു വിവാഹം കഴിക്കുന്നവൻ രൂപതാധികാരത്തിന്റെ “പ്രതികാര നടപടികൾക്ക്” വിധേയനായേ തീരൂ. “തിരുവായ്ക്ക് എതിർവായ്” പാടി

ല്ലല്ലോ. വലിയ വിദ്യാഭ്യാസമോ സാമ്പത്തികശേഷിയോ സ്വാധീനമോ ഇല്ലാതിരുന്ന സാധാരണ മനുഷ്യർക്ക് സമുദായത്തിന്റെ പിന്തുണയുള്ള സഭാധികാരത്തെ അനുസരിക്കുകയല്ലാതെ വേറെ വഴിയില്ല.

എന്നാൽ, കാലം മാറി; ലോകം മാറി. മനുഷ്യൻ ചിന്തിക്കുന്നവരായി; വിദ്യാസമ്പന്നരായി. നിലവിലിരിക്കുന്ന പ്രവണതകളെ വിമർശിക്കുവാനും സഭാധികാരികളുടെ നയങ്ങളെ ചോദ്യം ചെയ്യുവാനും ധൈര്യമുള്ള ഒരു പുതിയ തലമുറ ഉടലെടുത്തു. എം.പി.പോളും, പ്രൊഫസർ മുണ്ടശ്ശേരിയുമൊക്കെ ആ തലമുറയുടെ പ്രചോദനമായിരുന്നു; വിമർശന പ്രവണതയുടെ പ്രണേതാക്കളായിരുന്നു. ക്നാനായ സമുദായത്തിലും പുത്തൻപ്രവണതകളുടെ അനുരണനങ്ങളുണ്ടായി.

ക്നാനായ സമുദായത്തിൽ ഡോക്ടർമാർ, എൻജിനീയർമാർ, വക്കീലന്മാർ, കോളേജ് അദ്ധ്യാപകർ തുടങ്ങിയ പ്രൊഫഷണലുകളും വിദ്യാസമ്പന്നരുമായ ചെറുപ്പക്കാരുമുണ്ടായി. പക്ഷേ, വിദ്യാഭ്യാസത്തിലും പ്രൊഫഷനിലും തങ്ങൾക്കു പറ്റിയ ഇണയെ സ്വന്തം സമുദായത്തിൽത്തന്നെ കണ്ടെത്താനാവാതെ അവരിൽ നല്ലൊരു പങ്ക് സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരാകാൻ നിർബന്ധിതരായി. അന്നത്തെ പ്രമുഖ സമുദായ നേതാക്കന്മാരുടെ മക്കളും അതിലുൾപ്പെടും. അത്തരം വിവാഹങ്ങൾ ഏറിവരുന്നതു കണ്ടപ്പോൾ തറയിൽ മെത്രാൻ പറഞ്ഞ ഒരഭിപ്രായം ഓർമ്മിക്കുന്നു. 'ഇതിങ്ങനെ തുടർന്നാൽ നമ്മുടെ സമുദായത്തിന് ബുദ്ധിജീവികൾ ഏറെയും നഷ്ടപ്പെടുമല്ലോ; എന്തുകൊണ്ട് നമ്മുടെ സമുദായത്തിലെ ആൺകുട്ടികൾ സമുദായം വിട്ടു വിവാഹം കഴിക്കുമ്പോൾ അവരുടെ ഭാര്യമാരേയും മക്കളേയും കൂടി നമുക്കു സ്വീകരിച്ചുകൂടാ?' എന്നാൽ, അന്നത്തെ പ്രായംചെന്ന ചില വൈദികരും സമുദായ പ്രമാണികളും പ്രസ്തുത ചിന്താഗതിക്കു തടയിട്ടു.

## എൻഡാഗമി എങ്ങനെ നിലനിർത്തി?

തെക്കുംഭാഗ സമുദായം ഇന്നാചരിക്കുന്ന രീതിയിലുള്ള എൻഡാഗമി എങ്ങനെ നിലനിർത്തി എന്ന് ചിന്തിച്ചുനോക്കാം. ചരിത്രത്തേക്കാൾ സാമാന്യബുദ്ധി ഉപയോഗിക്കുവാൻ ശ്രമിക്കുകയാണ് നല്ലത് എന്ന് തോന്നുന്നു. ഇക്കാര്യം വിശദമായി മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. രണ്ടു കാര്യങ്ങൾ കൂടി ഇവിടെ സൂചിപ്പിക്കുകയാണ്.

ഒന്ന്: കുടിയേറിയ കാലം മുതൽ ക്നാനായക്കാർ ഒരു Closed Society ആയിട്ടാണ് കഴിഞ്ഞത്. പിൽക്കാലത്ത്, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മാറിത്താമസിച്ചപ്പോഴും അവർ സ്വന്തം സമുദായത്തിന്റേതായ ഒരു വേലിക്കെട്ട് അഥവാ ക്നാനായ ഗ്രാമങ്ങൾ നിർമ്മിച്ച്, മറ്റുള്ളവരുമായി ഇടപെടാതെ തന്നെയാണ് ജീവിച്ചത്. സ്വന്തം പള്ളി, സ്കൂൾ, മഠം എന്നിവയൊക്കെ അവർ സ്ഥാപിച്ചു. അവരുടെ മക്കൾ പിറന്നുവീഴുന്നനാൾ മുതൽ അത്തരം സ്ഥാപനങ്ങളിലാണ് പഠിക്കുന്നതും വളരുന്നതും. പ്രസ്തുത വേലിക്കെട്ടിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് സ്വതന്ത്രമായി ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധ്യമല്ലല്ലോ. അവരുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സഭാധികാരത്തിന്റെ സ്വാധീനവും നിയന്ത്രണവും ഉണ്ടായിരുന്നു. സ്വതന്ത്രമായി ചിന്തിക്കാനോ വേലിക്കെട്ടിന് വെളിയിൽ കടക്കാനോ ശ്രമിച്ചാൽ സഭാധികാരത്തിന്റെ അനുഗ്രഹാശിസുകളോടെ സമൂഹം അവനെതിരെ തിരിയും.

ക്നാനായ വേലിക്കെട്ട് നിലനിർത്തുന്നതിന് സമുദായ നേതൃത്വം ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നതിന് ഒരുദാഹരണം പറയട്ടെ. 1940 കളിൽ വടക്കേ മലബാറിലേക്ക് തെക്കുംഭാഗർ സംഘടിതമായി കുടിയേറ്റം നടത്തിയല്ലോ. രണ്ടു കോളണികളായി നടത്തിയ പ്രസ്തുത കുടിയേറ്റത്തിന് ആവശ്യമായ സ്ഥലം ജന്മിമാരോടു കോട്ടയം രൂപത വാങ്ങിയതാണ്. ആ സ്ഥലം വാങ്ങിയ ഓരോ വീട്ടുകാർക്കും എഴുതിക്കൊടുത്ത ആധാരത്തിൽ പ്രസ്തുത സ്ഥലം സമുദായത്തിനു പുറത്ത് ആർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല എന്നു ചേർത്തിരുന്നു! പുറത്തുനിന്ന് ആരെങ്കിലും വസ്തു വാങ്ങിയാൽ ക്നാനായ വേലിക്കെട്ടിൽ വിള്ളൽ ഉണ്ടാകുമല്ലോ.

## ബിജു ഉതുപ്പു കേസ് – ആദ്യ വെടിപൊട്ടൽ

സാമുദായിക സമ്മർദ്ദവും സഭാധികാരത്തിന്റെ ഒത്താശയും വഴി നിലനിർത്തിപ്പോന്ന എൻഡോഗമിക്കെതിരെ ബിജു ഉതുപ്പു കേസാണ് ആദ്യ വെടി പൊട്ടിച്ചത്. പ്രസ്തുത കേസ് കോടതിയിലേക്ക് വലിച്ചിഴയ്ക്കാതെ ഒരു പരിഹാരം നൽകേണ്ടതിന്റെ പൂർണ്ണ ചുമതല കോട്ടയം സഭാധികാരത്തിനുണ്ടായിരുന്നു. സഭാധികാരത്തിന്റെ ധാർഷ്ട്യവും വിചാര ശൂന്യതയും മൂലം അതുണ്ടായില്ല. കേസിൽ രൂപതയ്ക്കെതിരായി

വിധി വന്നു. രൂപത ഹൈക്കോടതിയിൽ നൽകിയ അപ്പീലും വിജയി ച്ചില്ല. പ്രസ്തുത കോടതി വിധി വന്ന ദിവസം സഭാധികാരവും സമുദായ നേതൃത്വവും, തങ്ങളുടെ അഹന്തയും ബുദ്ധിശൂന്യതയും ഒരിക്കൽക്കൂടി കാണിച്ചത് രസകരമായിരുന്നു. നൂറുകണക്കിന് ക്നാനായ കത്തോലി ക്കരെ കോടതി വളപ്പിൽ കൊണ്ടിറക്കി മെത്രാന്റെ ശക്തി കാണിച്ചുകൊടു ക്കുവാൻ തുനിഞ്ഞ സഭാ നേതൃത്വം നിയമങ്ങളോടും നിയമവാഴ്ച യോടും എത്രമാത്രം ബഹുമാനവും പ്രതിബദ്ധതയും കാട്ടുന്നുണ്ടെന്നു ള്ളതിനു തെളിവായിരുന്നു. ഏതായാലും, റോമും, ഇന്റർ നുൺഷ്യോയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായുമൊക്കെ ഇടപെട്ട് ബിജുവിന്റെ വിവാഹം നടത്തിക്കൊടുത്തു. പക്ഷേ, അതുവഴി ഒരു കാര്യം വ്യക്ത മായി. ശക്തവും അഭേദ്യവുമെന്നു കരുതപ്പെട്ടിരുന്ന എൻഡാഗമിയെ ചോദ്യം ചെയ്യുന്ന ഒരു തലമുറ ആവിർഭവിച്ചിരിക്കുന്നു എന്ന സത്യം.

## ചിക്കാഗോ ക്നാനായ മിഷൻ – എൻഡാഗമിയുടെ പരീക്ഷണശാല

ചിക്കാഗോയിൽ ക്നാനായ മിഷനിലെ അംഗത്വം സംബന്ധി ച്ചുണ്ടായ വിവാദങ്ങളും അതിന്റെ പരിണിത ഫലങ്ങളും മുമ്പു വിശദ മാക്കിയിട്ടുണ്ടല്ലോ.

ഇവയിൽ നിന്നെല്ലാം വ്യക്തമാകുന്നത് എന്താണ്? ഇതുവരെ ക്നാനായ സമുദായം ആചരിച്ചുവന്ന എൻഡാഗമിയെ ചോദ്യം ചെയ്യുന്ന ഒരു തലമുറ സമുദായത്തിൽ ഉണ്ടായിക്കഴിഞ്ഞുവെന്നും അവരുടെ ചോദ്യങ്ങൾക്ക് ന്യായവും യുക്തവുമായ മറുപടി നൽകുവാൻ സഭാധി കാരവും സമുദായ നേതൃത്വവും ബാധ്യസ്ഥരാണെന്നുമുള്ള യാഥാർത്ഥ്യം.

അടുത്ത കാലത്ത് വടക്കേ അമേരിക്കയിൽ കുറേ ക്നാനായ "യുവ പ്രതിഭകൾ" (?) പൊട്ടിമുളച്ചിട്ടുണ്ട്. ഇക്കാലഘട്ടത്തിന്റെ തലമുറയ്ക്കു ണ്ടായിരിക്കുമെന്ന് എല്ലാവരും പ്രതീക്ഷിക്കുന്ന പക്വതയോ, പാകതയോ, നേതൃത്വ ഗുണങ്ങളോ തൊട്ടു തേച്ചിട്ടില്ലാത്ത അവരുടെ ജല്പനങ്ങൾ ക്നാനായ സമുദായത്തിനു തന്നെ അപമാനകരവും ദോഷകരവുമാ ണെന്നു പറയാതിരിക്കുവാൻ പറ്റില്ല. അവരുടെ ചിന്താഗതിയനുസരിച്ച് ക്നാനായക്കാരുടെ പെട്ടെന്നുള്ള സാമ്പത്തിക വളർച്ചയും കോട്ടയം രൂപതയുടെ നാനാവിധ നേട്ടങ്ങളും വടക്കുംഭാഗരിൽ അസൂയയും ശത്രു

തയും വളർത്തിയിട്ടുണ്ടെന്നും അതിന്റെ ഫലമായി അവർ സമുദായത്തെ തകർക്കുവാനും പ്രശ്നങ്ങളുണ്ടാക്കുവാനും ശ്രമിക്കുകയുമാണത്രേ. വാദത്തിനുവേണ്ടി അതങ്ങു സമ്മതിക്കാം. പക്ഷേ, ചിക്കാഗോ ആർച്ചു ബിഷപ്പ് ബർനർഡീൻ, സാനോസേ മെത്രാൻ മാഗ്രത്ത്, കർദ്ദിനാൾ ലൂർദ്ദു സ്വാമി, തുടങ്ങിയവർക്കും ഓറിയന്റൽ കോൺഗ്രിഗേഷനുമൊക്കെ ക്നാനായ സമുദായത്തോട് എന്തിന് അസൂയയും ശത്രുതയും ഉണ്ടാവണം? അവരൊക്കെയാണല്ലോ ക്നാനായ സമുദായം ആചരിക്കുന്ന എൻഡാഗമി ക്രൈസ്തവാരൂപിക്കും സുവിശേഷമൂല്യങ്ങൾക്കും നിരക്കുന്നതല്ലെന്നു വിധിയെഴുതിയത്? സാനോസേ മെത്രാൻ മഗ്രാത്ത് ഒരു പടികൂടി കടന്ന് എൻഡാഗമി Classism അല്ലെങ്കിൽ Racism ആണെന്നു പോലും പറഞ്ഞുവച്ചു.

കാലത്തിന്റെ ചുവരെഴുത്തുകളും സമൂഹത്തിലെ മാറ്റങ്ങളും മാറി വരുന്ന ചിന്താഗതികളും ഉൾക്കൊണ്ട്, കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ യുവതലമുറയെങ്കിലും മുന്നോട്ടു വരേണ്ടതിനു പകരം അന്തസ്സാര ശൂന്യമായ, അന്തസ്സില്ലാത്ത പ്രസ്താവനകളുമായി മുമ്പോട്ടുപോകുന്നത് എന്തു കഷ്ടകാലമാണ്!

വ്യക്തിപരമായ സ്പർദ്ധകളും സാമുദായികമായ അനൈക്യവുമാണ് ചിക്കാഗോയിൽ എതിർപ്പുകൾക്കു തുടക്കമിട്ടത്. അന്നുതന്നെ അതു പരിഹരിച്ച് സ്നേഹവും സഹിഷ്ണുതയും ഐക്യവും ഉണ്ടാക്കുവാൻ യത്നിച്ചിരുന്നെങ്കിൽ ഇവിടെ പ്രശ്നങ്ങൾ ഇത്രത്തോളം വളരുമായിരുന്നില്ലെന്നു ചിന്തിച്ചു പോകുന്നു. കോട്ടയം രൂപതാധികാരം അക്കാര്യത്തിൽ വേണ്ടത്ര പ്രാധാന്യമോ പ്രാമുഖ്യമോ കൊടുത്തില്ലെന്നു മാത്രമല്ല, പക്ഷപാതപരമായിട്ടാണ് പെരുമാറിയത്. നാട്ടിൽ കോടികൾ മുടക്കി, കല്ലിലും കോൺക്രീറ്റിലും ജീവനില്ലാത്ത സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ അമേരിക്കയിലെത്തി പണം സമാഹരിക്കുന്നതിനു കാണിച്ച വ്യഗ്രതയുടെയും ബുദ്ധികൂർമ്മതയുടെയും ചെറിയൊരംശമെങ്കിലും ജീവൻ സ്പന്ദിക്കുന്ന ഇവിടുത്തെ ക്നാനായക്കാരുടെയിടയിലെ അനൈക്യം പരിഹരിക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ! “A stich in time saves nine”.

## മാറ്റങ്ങൾ വേദനയുളവാക്കും

ക്നാനായ സമുദായത്തിൽ മാറ്റങ്ങൾ ഉണ്ടാകണമെന്നും സൂചിപ്പിച്ചു. മാറ്റങ്ങൾ എപ്പോഴും വേദനയുളവാക്കും. വേദനയുണ്ടാകുമെന്നു കരുതി

മാറ്റങ്ങൾക്കു വിധേയരാവുകയില്ലെന്നു പറയുന്നതും ശരിയല്ലല്ലോ. മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും വ്യതിയാനങ്ങൾ സംഭവിക്കണം. പല കാര്യങ്ങളിലും സാഹചര്യങ്ങൾക്കനുസൃതം നാം മാറിയിട്ടില്ലേ? ചേരമാൻ പെരുമാൾ നൽകിയെന്നു പറയപ്പെടുന്ന സ്ഥാനങ്ങളും പദവികളും ഇന്നാരും പൊക്കിപ്പിടിച്ച്, അഹങ്കരിക്കുന്നില്ലല്ലോ. പെരുമാൾ നൽകിയ കരമൊഴിവായ ഭൂമി ആവശ്യപ്പെട്ട് നമ്മൾ കൊടുങ്ങല്ലൂർക്ക് പോകുന്നില്ലല്ലോ. അതെവിടെയാണെന്നു പോലും ആർക്കും നിശ്ചയമില്ല.

ഇന്നു ക്നാനായക്കാർ അമേരിക്കൻ സ്വപ്നലോകത്താണ് - ഒരു മാറിയ ലോകം. ഇവിടെ സ്വാതന്ത്ര്യവും സമഭാവനയും ഭരണഘടനാവകാശമാണ്. ഇവിടെ വലിപ്പച്ചെറുപ്പമോ, കുലമഹിമയിൽ കുതിർന്ന ഉച്ചനീചത്വമോ പാടില്ല. അത്തരമൊരു നാട്ടിൽ, എൻഡാഗമി എന്ന ആചാരം ചോദ്യം ചെയ്യപ്പെട്ടു. അത് ക്രൈസ്തവാരൂപിക്കും സുവിശേഷമൂല്യങ്ങൾക്കും നിരക്കുന്നതല്ലെന്ന് ക്രൈസ്തവ സഭയുടെ പരമോന്നത സമിതി തീരുമാനിച്ചു. പ്രസ്തുതാചാരം പുനഃസ്ഥാപിച്ചു കിട്ടണമെന്ന് എത്ര ശക്തിയുക്തം ആവശ്യപ്പെട്ടാലും റോമിൽനിന്ന് മറിച്ചൊരു തീരുമാനം ഉണ്ടാകില്ലെന്ന് എല്ലാവർക്കുമറിയാം. പിന്നെന്തുകൊണ്ട് ഞങ്ങൾ മാറുകില്ലെന്ന് വാശിപിടിക്കണം? എൻഡാഗമി സഭാ സമൂഹത്തിന്റെ, ക്നാനായ മിഷന്റെ ഭാഗമാക്കാൻ പാടില്ല എന്നാണ് റോമിന്റെ നിലപാട്. വ്യക്തമായി പറഞ്ഞാൽ, എൻഡാഗമി ആചരിക്കുന്ന ഒരാൾക്ക് സഭാംഗമാകാം, പക്ഷേ, സഭയിൽ, സഭയുടെ ചെറിയ പതിപ്പായ ഇടവകയിൽ എൻഡാഗമി ആചരിച്ചുകൂടാ. ക്നാനായ സമുദായത്തിന്റെ അഭിനവ നേതാക്കന്മാർ റോമിന്റെ തീരുമാനത്തെപ്പറ്റി ഗാഢമായി ചിന്തിച്ചിട്ടാണോ തീരുമാനങ്ങൾ എടുത്തതെന്നു സംശയിക്കുന്നു. മൂലക്കാട്ട് മെത്രാൻ ഒരിക്കൽ പറഞ്ഞതോർമ്മിക്കുക. "എൻഡോഗമി സമുദായ തലത്തിലും വിശ്വാസം സഭാ തലത്തിലും ആചരിക്കപ്പെടേണ്ടതാണ്". വരും തെരഞ്ഞെടുപ്പിൽ എങ്ങനെ ജയിക്കാമെന്നു ചിന്തിച്ചു മാത്രമാണ് ഇവിടുത്തെ സമുദായ നേതൃത്വം എടുത്തുചാടി പ്രമേയങ്ങൾ പാസാക്കുന്നത്. സമുദായത്തിന്റെ വിശ്വാസപരമായ നിലനിൽപ് അവർക്ക് പ്രശ്നമല്ല. കാരണം, അവരൊക്കെ വിശ്വാസജീവിതത്തേയും സന്മാർഗികമൂല്യങ്ങളേയും എത്രമാത്രം വിലമതിക്കുന്നുണ്ടെന്ന് അവരുടെ പ്രവർത്തനരീതികൾ വ്യക്തമാക്കുന്നു. മറ്റൊന്നു കൂടി നാട്ടിൽ നിന്നും ഇവിടെ ചേക്കേ

റിയ ആദ്യ തലമുറയ്ക്കാണല്ലോ പ്രധാനമായും എൻഡാഗമിയോട് കടുത്ത പ്രേമം. എന്നാൽ അടുത്ത തലമുറയെപ്പറ്റിയോ, അവർക്കതു വേണമോയെന്നതിനെപ്പറ്റിയോ, ഈ നേതൃമന്യന്മാർ ആരെങ്കിലും ഗൗരവതരമായി ചിന്തിക്കുന്നുണ്ടോ? ക്നാനായത്തനിമയേയും പാരമ്പര്യത്തേയുമൊക്കെ ശക്തമായി പിന്താങ്ങിയിരുന്ന മിക്കവരുടേയും കുടുംബത്തിൽപ്പെട്ടവർ സമുദായത്തിനു പുറത്തുനിന്നാണ് വിവാഹം കഴിച്ചതെന്ന സത്യം അവശേഷിക്കുന്നു. ഉപരിവിപ്ലവമായി ചിന്തിക്കാതെ, എടുത്തുചാടി തീരുമാനങ്ങൾ എടുക്കാതെ, നിഷേധാത്മകമായി ചിന്തിക്കുന്നവരുടെ ചിന്തകൾ കടമെടുക്കാതെ ക്രിയാത്മകമായും, തുറന്ന മനസ്സോടും വിശ്വാസത്തിലധിഷ്ഠിതമായും കൂട്ടായും ആലോചിച്ചും ചിന്തിച്ചും തീരുമാനമെടുക്കേണ്ട ഒരു വിഷയമാണിത്.

## പ്രതിവിധികൾ തേടുമ്പോൾ

വടക്കേ അമേരിക്കയിലെ ക്നാനായ പ്രതിസന്ധി ഇപ്പോഴും തുടരുകയാണ്. അതാരംഭമെടുത്തിട്ട് കാൽ ശതാബ്ദം പിന്നിട്ടുകഴിഞ്ഞു. സമുദായ നേതൃത്വം സ്വയം ഏറ്റെടുക്കുവാൻ വെമ്പുന്ന കുറേ നേതൃമ്മന്യർക്ക് അത് ഒരു തെരഞ്ഞെടുപ്പു പ്രചാരണ വിഷയവുമാണല്ലോ. ഈ പ്രതിസന്ധിക്കു പരിഹാരമില്ലേ? പരിഹാരം കാണേണ്ടതല്ലേ? ഒന്നുറക്കെ ചിന്തിക്കാൻ ശ്രമിക്കുകയാണ്.

കേരളത്തിലെ സുറിയാനി കത്തോലിക്ക സഭയിലെ കോട്ടയം രൂപതയിലും യാക്കോബായ സഭയിലെ ചിങ്ങവനം ഭദ്രാസനത്തിലും മാത്രം നിലവിലുള്ള ഒരു കീഴ്വഴക്കമാണ് എൻഡാഗമിയും സ്വവംശവിവാഹവും. എ.ഡി. 345-ൽ കേരളത്തിൽ കുടിയേറിയ കാലം മുതൽ അതു നിലനിൽക്കുന്നു എന്നവർ അവകാശപ്പെടുന്നു. ചിങ്ങവനം ഭദ്രാസനവും കോട്ടയം രൂപതയും നിലവിൽ വന്നതുവരെ, ഒരു സഭാധികാരത്തിന്റെ കീഴിൽ അല്ല എൻഡാഗമി നിലനിന്നതും നിലനിർത്തിയതും. പ്രത്യുത, സമുദായമാണ്, സമുദായത്തിലാണ് അത് ആചരിച്ചു നിലനിർത്തിയത്.

കോട്ടയം രൂപത തെക്കുംഭാഗർക്കുവേണ്ടി നിലവിൽ വന്നപ്പോൾ, സമുദായത്തിൽ മാത്രം നിലനിന്നിരുന്ന ഒരാചാരത്തിന് – എൻഡാഗമിക്ക് ഒരു സഭാമാനം (church dimension) കൊടുത്ത് മെത്രാന്റെ നിയന്ത്രണത്തിലാക്കി. അങ്ങനെ, എൻഡാഗമി പാലിക്കാത്തവരെ, സമുദായത്തിൽ നിന്നു മാത്രമല്ലാ, ഇടവക സമൂഹത്തിൽനിന്നുകൂടി പുറത്താ

ക്കുന്ന നടപടി ആരംഭിച്ചു. അക്കാലത്തോ പിന്നീട് അടുത്ത കാലംവരെയോ കേരളത്തിൽ ആരും, മെത്രാന്മാർ പോലും ഇടവക സമൂഹത്തിൽ നിന്നുള്ള പുറത്താക്കൽ തെറ്റാണെന്നു പറഞ്ഞില്ല!

ഇത്തരം നടപടിയിലൂടെ, സെക്കുലർ സമൂഹവും (secular society) സഭാസമൂഹവും (parish community) ഒന്നുതന്നെയാണെന്നും രണ്ടു സമൂഹങ്ങളുടെ മേലും മെത്രാന്മാർക്ക് അധികാരവും നിയന്ത്രണവും ഉണ്ടെന്നുമുള്ള ഒരാശയം ഉണ്ടായെന്നു തോന്നുന്നു. പ്രസ്തുതാശയത്തിൽനിന്നാണ് സഭയും സമുദായവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ് എന്ന ആശയം ഉടലെടുക്കുന്നത്.

എന്നാൽ, 1986-ലെ റിസ്ക്രിപ്റ്റ് പ്രസ്തുത ആശയം തിരുത്തുന്നതാണ്. ഇടവക സമൂഹം ആഗോള കത്തോലിക്കാസഭയുടെ ഏറ്റവും അടിസ്ഥാനഘടകമാണ്. അത് ഒരു സംവിധാനമാണ്. അതിന് ആഗോളസഭ നിർദ്ദേശിക്കുന്ന നിയമങ്ങളും സംവിധാനങ്ങളുമുണ്ട്.

സമുദായം (secular society) ഇടവക സമൂഹത്തേക്കാൾ വിപുലവും വിശാലവുമാണ്. അതിന് തനതായ പാരമ്പര്യങ്ങളും നിയമ വ്യവസ്ഥിതിയുമുണ്ട്. അത്തരം അനേകം സമുദായങ്ങൾ ചേർന്നതാണല്ലോ മനുഷ്യസമൂഹം (Human society). ഒരു സമുദായം ഒരു മതവിശ്വാസം സ്വീകരിക്കുമ്പോൾ അതൊരു മത സമൂഹമായിത്തീരുന്നു. പ്രസ്തുത മത സമൂഹത്തിൽ അംഗമാകാത്തവർ സമുദായത്തിന്റെ അംഗങ്ങൾ തന്നെ.

ക്നാനായ സമുദായം കത്തോലിക്ക വിശ്വാസം സ്വീകരിച്ചപ്പോൾ ക്നാനായ കത്തോലിക്കരാകുന്നു. എങ്കിലും സാമുദായികമായ ആചാരങ്ങൾ അവർ തുടരുന്നു. അതിലൊന്നാണ് സ്വവംശവിവാഹം. അതു സമുദായത്തിന്റെ ആചാരമായി തുടരുന്നതിന് ആരും തടസ്സം നിന്നില്ല. സ്വവംശവിവാഹനിഷ്ഠ ലംഘിക്കുന്നവരെ സമുദായത്തിൽനിന്ന് മാറ്റി നിർത്തിയിരുന്നുവെങ്കിലും കുടുംബത്തിൽ നിന്നവർ പുറത്താക്കപ്പെട്ടിരുന്നുമില്ല.

കോട്ടയം രൂപത നിലവിൽ വരികയും എൻഡോഗമിക്കും ക്നാനായ വംശീയതയ്ക്കും സഭാമാനം നൽകിത്തുടങ്ങുകയും ചെയ്തതോടെ സംഗതികൾ സങ്കീർണ്ണമായി. സ്വവംശവിവാഹനിഷ്ഠ ലംഘിക്കുന്നവരെ ഇടവക സമൂഹത്തിൽ നിന്നും പുറത്താക്കുന്ന പതിവ് ആരംഭിക്കുകയും

അത് വിശ്വാസിസമൂഹത്തിന്റെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്തു തുടങ്ങി. നേരത്തെ സൂചിപ്പിച്ചതുപോലെ, പ്രസ്തുത പുറത്താക്കൽ നടപടി തെറ്റാണെന്ന് ആരും പറഞ്ഞില്ല; പറയാൻ ധൈര്യപ്പെട്ടുമില്ല.

എന്നാൽ, സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അമേരിക്കൻ മണ്ണിൽ, പുറത്താക്കൽ നടപടി ചോദ്യം ചെയ്യപ്പെട്ടു. ചിക്കാഗോയിലാണതിന്റെ തുടക്കം. ചിക്കാഗോ രൂപതാധ്യക്ഷൻ സ്വന്തമായി ഒരു തീരുമാനം എടുത്തില്ല. പകരം, വിഷയം അദ്ദേഹം റോമിന്റെ തീരുമാനത്തിനു വിട്ടു. റോമിൽ നിന്നു വ്യക്തമായ തീരുമാനമുണ്ടായി. അതിങ്ങനെ ആയിരുന്നു: "കേരളത്തിലെ ക്നാനായ കത്തോലിക്കർ അവിടെ ആചരിച്ചുവരുന്ന എൻഡാഗമി - സ്വന്തം സമുദായത്തിൽനിന്നു മാത്രം വിവാഹപങ്കാളികളെ സ്വീകരിക്കുകയും, സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്നവരെ സമുദായത്തിൽ നിന്നു മാത്രമല്ല, ഇടവക സമൂഹത്തിൽനിന്നു പോലും പുറത്താക്കുന്ന പതിവ്, ക്രൈസ്തവാരൂപിക്കും സുവിശേഷമൂല്യങ്ങൾക്കും അനുയോജ്യമല്ലാത്തതിനാൽ വടക്കേ അമേരിക്കയിൽ അതനുവദനീയമല്ല".

ഓറിയന്റൽ കോൺഗ്രിഗേഷന്റെ മേൽപ്പറഞ്ഞ തീരുമാനം കോട്ടയം രൂപതയെ സംബന്ധിച്ചല്ല എന്ന് ഓർമ്മിക്കണം. പ്രത്യുത, വടക്കേ അമേരിക്കയിലെ ക്നാനായ മിഷനുകളെ സംബന്ധിച്ചു മാത്രമാണ്. അതിനു കാരണം, പ്രസ്തുതാചരണം, സുവിശേഷമൂല്യങ്ങൾക്കും ക്രൈസ്തവാരൂപിക്കും നിരക്കുന്നതല്ല എന്നും ഇവിടുത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനെപ്പറ്റി വിദ്യാസമ്പന്നരും നേതാക്കന്മാരുമായ ഒട്ടേറെ ആളുകളുമായി സംവദിക്കാൻ ഇടയായിട്ടുണ്ട്. അവർക്കെല്ലാം അവസാനമായി പറയാനുള്ളത്, "അങ്ങനെയെങ്കിൽ കോട്ടയം രൂപത തന്നെ റോമിൽനിന്ന് നിർത്തൽ ചെയ്യട്ടെ" എന്നാണ്. തികച്ചും ബാലിശമായ പ്രതികരണം!

കേരളത്തിൽ മാത്രം നിലവിലിരിക്കുന്ന ഒരു ആചാരം, ക്നാനായ സമുദായം ശരിയെന്നു കരുതി നടപ്പിലാക്കിയിരുന്ന സ്വവംശവിവാഹാചരണം, സഭാമണ്ഡലത്തിൽ, ഇടവകാതലത്തിൽ നടപ്പാക്കുവാൻ പാടില്ല എന്ന് അധികാരമുള്ളവർ, അറിവുള്ളവർ ഇന്നു പറയുന്നു. സമുദായതലത്തിൽ അതു പാടില്ലെന്ന് ആരും പറഞ്ഞില്ല; സ്വവംശവിവാഹനിഷ്ഠ ലംഘിക്കുന്നവരെ ഇടവകയിൽനിന്നു പുറത്താക്കരുത് എന്നുമാത്രമാണ് റോമിന്റെ നിർദ്ദേശം.

വിശ്വാസത്തെയോ, നിയമങ്ങളെയോ ആചാരങ്ങളെയോ സംബന്ധിച്ചു വിശ്വാസി സമൂഹത്തിൽ തർക്കങ്ങളോ പ്രശ്നങ്ങളോ സംശയങ്ങളോ ഉണ്ടായാൽ അന്തിമ തീരുമാനങ്ങൾ നൽകുന്നത് റോമിൽ നിന്നാണ്. അതാണിവിടെയും സംഭവിച്ചത്. അതിൽ ഒട്ടുവളരെ വിഷമവും പ്രതിഷേധവും ഉണ്ടായിട്ടുമുണ്ട്. എങ്കിലും, ക്നാനായ പിതാമഹന്മാരുടെ മാതൃകയനുസരിച്ച്, റോമിന്റെ തീരുമാനം സ്വീകരിക്കുകയാണു വേണ്ടത്. കോട്ടയം രൂപത സ്ഥാപിക്കുവാൻ മാക്കീൽ മെത്രാനോടൊത്ത് അക്ഷീണം യത്നിക്കുകയും മുപ്പത്താറുവർഷം വിജയകരമായി രൂപതയെ നയിക്കുകയും ചെയ്ത ചൂളപ്പറമ്പിൽ മെത്രാന്റെ ആപ്തവാക്യം ഓർക്കുന്നത് നല്ലതാണ്: "First a Catholic; then a sudhist"

ചുരുക്കത്തിൽ ഇവിടുത്തെ പ്രതിസന്ധിക്കുള്ള പ്രതിവിധി ഒന്നുമാത്രം, "ആർദ്രമായ സഹിഷ്ണുത" നമ്മുടെ മകനോ മകളോ സമുദായം വിട്ട് വിവാഹം ചെയ്യുമ്പോൾ അവരെ അവർ മാമ്മോദീസാ സ്വീകരിച്ച് ആരാധനയിൽ പങ്കുകൊണ്ട് ജീവിച്ച ഇടവകപ്പള്ളിയിൽ അംഗമായിത്തുടരാൻ അനുവദിക്കുക.

## എൻഡാഗമി ആചരണത്തിനുള്ള തടസ്സങ്ങൾ

കേരളത്തിലേതുപോലെ തന്നെയുള്ള എൻഡാഗമിയും സ്വവംശവിവാഹനിഷ്ഠയും ഇവിടെ വടക്കേ അമേരിക്കയിൽ അപ്പാടെ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി നമ്മൾ ഗൗരവമായി ചിന്തിക്കണം.

എതു കാര്യത്തിനും അത്യാവശ്യമുള്ളതാണ് (motivation) പ്രേരകങ്ങളും സാധൂകരണവും (justification) എൻഡാഗമിയുടേയും സ്വവംശവിവാഹത്തിന്റെയും ക്നാനായത്തനിമയുടെയുമൊക്കെ കാര്യത്തിൽ മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളും സുപ്രധാനമാണ്. അമേരിക്കയിൽ വന്നുപെട്ട മുതിർന്ന തലമുറയിൽപ്പെട്ടവർ പിറന്നുവീണ ചുറ്റുപാടുകളിലേക്കല്ല അവരുടെ മക്കൾ ജനിച്ചു വളരുന്നത്. സാംസ്കാരികവും മതപരവും സാമുദായികവും സാമൂഹികവും രാഷ്ട്രീയപരവുമായി ഒരു വ്യത്യസ്ത ലോകമാണിവിടെ കാണുക. ഇവിടെ ജനിച്ചു വളരുന്ന കുട്ടികൾ പതിനാറുവയസ്സുമുതൽ സ്വതന്ത്രരാകാൻ ആഗ്രഹിക്കുന്നവരാണ്; മാതാപിതാക്കളുടെ ഇന്ത്യൻ വീക്ഷണങ്ങളിൽ നിന്നും സമീപനങ്ങളിൽനിന്നും അകലാൻ ശ്രമിക്കുന്നവരാണ്. തന്മൂലം, കുടിയേറി വന്നവരും ഇവിടെ ജനിച്ച

അവരുടെ മക്കളും തമ്മിലുള്ള ആശയവിനിമയ (communication) ത്തിൽ അകൽച്ച അനുഭവപ്പെടന്നു.

പുതിയ തലമുറ ഇടപെടുന്നതും തുറവിയുള്ള ഒരു സമൂഹവുമായി ട്ടാണ്. ഹൈസ്കൂളിലും കോളേജിലും പഠിക്കുന്ന വ്യത്യസ്ത വർഗ്ഗ ത്തിൽപെട്ടവരായ അവരുടെ സുഹൃത്തുക്കളും സ്വതന്ത്രചിന്ത പുലർത്തു ന്നവർതന്നെ. സാമ്പത്തികാസമത്വമില്ലാതെ, ജാതി, വർണ്ണ, വർഗ്ഗമേന്മയോ ഉച്ചനീചത്വചിന്തകളോ കുലമഹിമയോ എന്താണെന്നോ എന്തിനാ ണെന്നോ അറിയാത്ത, അറിയാൻ താല്പര്യമില്ലാത്ത തലമുറയാണിത്.

സ്വവംശവിവാഹത്തിനും എൻഡോഗമിക്കും വളരാനോ വേരോടാനോ കഴിയാത്ത ഒരു സാഹചര്യമാണത്. അവിടെ ചെയ്യാവുന്നത് ഒന്നുമാത്രം, സാധൂകരണവും പ്രേരകങ്ങളും ചൂണ്ടിക്കാട്ടുക.

പ്രായോഗിക ജീവിതത്തിലേക്കു വരുമ്പോൾ, എൻഡോഗമിക്കും സ്വവംശവിവാഹത്തിനും നൽകാവുന്ന സാധൂകരണവും പ്രേരകവും എന്താണ്? ക്നാനായക്കാർ എന്ന ഒരു പ്രത്യേക വിഭാഗമായി നിലകൊ ള്ളുന്നതുകൊണ്ട്, ക്നാനായ ഇണയെത്തന്നെ വിവാഹം കഴിക്കുന്നതു കൊണ്ട് എന്തു മെച്ചമാണ് ലഭിക്കുക? അതിനു പ്രേരകമാകുന്ന എന്തു മേന്മയാണ് കണ്ടെത്താൻ കഴിയുക? ഒരു ക്നാനായ ആരാധനാസമൂ ഹത്തിന് വടക്കുംഭാഗരായ ആരാധനാസമൂഹത്തിൽ നിന്ന് എന്തു വ്യത്യ സ്തതയാണുള്ളത്? ആരാധനാസമൂഹത്തിൽ എന്തു വ്യത്യസ്തതയാ ണുള്ളത്? ഒരേ ഭാഷ; ഒരേ വേഷം; ഒരേ വിശ്വാസം; ഒരേ ഭക്തികാര്യ ങ്ങൾ. പിന്നെ എന്തിലാണ് എവിടെയാണു വ്യത്യസ്തത?

ശുദ്ധരക്തവാദവും, കുലമഹിമയുമാണ് ക്നാനായ ത്തനിമയുടെ ഒരു പ്രധാന തുറുപ്പുശീട്ട്. അമേരിക്കൻ സ്വതന്ത്ര ചിന്തയിൽ അവയ്ക്ക് എന്തു പ്രസക്തിയാണുള്ളത്? അമേരിക്ക അവസരങ്ങൾ തേടുന്നവരുടെ നാടാണ്. അവസരങ്ങൾ കണ്ടെത്തി, സ്വന്തം ജീവിതത്തിൽ ഉയർച്ചയും വളർച്ചയും നേടി വിജയം കണ്ടെത്തുക. അതാണ് ഇവിടെ എല്ലാവരും ലക്ഷ്യമിടുന്നത്. അതിനുള്ള വിദ്യാഭ്യാസവും പരിശീലനവുമാണ് ആവശ്യം. അതിന് രക്തശുദ്ധിയോ കുലമഹിമയോ മാനദണ്ഡമല്ല; പരി ഗണിക്കപ്പെടുകയുമില്ല. അത് നന്നായറിയാവുന്നവരാണ് പുതിയ തല മുറ. അതുകൊണ്ടാണ്, ഹൈസ്കൂൾ പഠനം ആരംഭിക്കുന്നതുവരെ, ഇട

വകയിലെ പ്രവർത്തനങ്ങളിലും മതപഠനത്തിലും സജീവരായിരുന്നവർ പിന്നീട് ആ രംഗത്തേക്ക് വിരളമായി സാന്നിധ്യമറിയിക്കുന്നതും.

ഒരു കാര്യം പകൽപോലെ വ്യക്തമാണ്. നാട്ടിൽനിന്ന് ഇവിടെ വന്നവർക്കും, അവിടുത്തെ മസ്തിഷ്ക്ക പ്രക്ഷാളത്തിനു വിധേയരായ ശേഷം അടുത്ത കുറേ നാളായി ഇവിടെ വരുന്ന മധ്യവയസ്കർക്കും അവർക്കു നേതൃത്വം നല്കുന്ന വൈദികർക്കും മെത്രാന്മാർക്കുമൊക്കെയാണ് ഇത്തരം ജ്വരങ്ങളും ആവേശങ്ങളും തീവ്ര മനസ്ഥിതിയും. ക്നാനായ തീവ്രവാദത്തിനും പാരമ്പര്യാനുഷ്ഠാനങ്ങൾക്കും സ്വവംശ വിവാഹത്തിനും  അവർക്കു നീതികരണവും പ്രേരകവും ചൂണ്ടിക്കാട്ടാനുണ്ട്. പക്ഷേ, അതൊക്കെ കേട്ടുകേൾവിയിലും കെട്ടുകഥകളിലും നിന്ന് ഉരുത്തിരിഞ്ഞവയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരള പശ്ചാത്തലത്തിൽ അതൊക്കെ സാധാരണക്കാർ കണ്ണുമടച്ചു വിശ്വസിച്ചെന്നും വരാം.

ഭൂരിപക്ഷമായ വടക്കുംഭാഗരുടെ ഇടയിൽ ന്യൂനപക്ഷമായ തെക്കുംഭാഗർക്ക് ഗുണം ലഭിച്ചിരുന്നില്ല എന്നതാണ് ഒരു നീതീകരണം. എന്നാൽ, ഭൂരിപക്ഷത്തിൽ നിന്ന് പീഡനങ്ങളോ ഉപദ്രവങ്ങളോ ഉണ്ടായതായി പറയുന്നില്ല. കുടിയേറിയ കാലം മുതൽ വേറിട്ടു നിലകൊള്ളുകയും, രാജകീയ സംരക്ഷണം ലഭിക്കുകയും പുരോഗമിക്കുകയും ചെയ്തിരുന്ന തെക്കുംഭാഗരോട് ഒരുപക്ഷേ അസൂയ തോന്നിയിരിക്കാം. എന്നിരുന്നാലും പതിനഞ്ചു നൂറ്റാണ്ടുകൾ പരസ്പരം ഇടപെട്ടും സഹായിച്ചും ഒരേ വിശ്വാസം പ്രഖ്യാപിച്ചും, ഒരേ ആരാധനയിൽ പങ്കെടുത്തും കഴിഞ്ഞവരാണ് രണ്ടു കൂട്ടരുമെന്ന കാര്യം വിസ്മരിക്കരുത്.

മാക്കീൽ മെത്രാന്റെ ചങ്ങനാശ്ശേരിയിലെ ഭരണത്തേയും അനുഭവങ്ങളേയും ചുറ്റിപ്പറ്റിയുള്ളതാണ് മറ്റൊരു സാധൂകരണം. അദ്ദേഹത്തിന്റെ ജീവനുപോലും ഭീഷണി ഉണ്ടായി എന്നും പറയപ്പെടുന്നു. എന്നാൽ, മാക്കീൽ മെത്രാനോട് നിസ്സഹകരിച്ചു എന്ന സത്യമൊഴിച്ച് മറ്റൊന്നും അത്ര വിശ്വസനീയമല്ല. കാരണം, ഏതാണ്ട് പതിനഞ്ചുവർഷം ഒരു പോറലുപോലുമേൽക്കാതെ അദ്ദേഹം ചങ്ങനാശ്ശേരി മെത്രാനായി ഭരണം നടത്തിയ ശേഷമാണ് കോട്ടയം മെത്രാനായത് എന്ന് ഓർമ്മിക്കേണ്ടതുണ്ട്. അതോടൊപ്പം ചാഴിക്കാടൻ പറയുന്ന കാര്യങ്ങൾ കൂടി ചേർത്തുവായിക്കുമ്പോൾ, അന്നു നടന്ന കാര്യങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചതും അതി

നൊക്കെ നേതൃത്വം കൊടുത്തതും വൈദികർ തന്നെയാണെന്നും അവരുടെ പ്രേരണയിൽ ചുരുക്കം അത്മായ പ്രമാണികളും ആയിരുന്നുവെന്നു കാണാം. സാമാന്യജനങ്ങളാകട്ടെ അവർ പറയുന്നതൊക്കെ അന്ധമായി വിശ്വസിച്ചു പ്രകോപിതരാവുകയും അവർ പറയുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈയവസരത്തിൽ ലത്തീൻഭാഷയിലെ ഒരു ചൊല്ല് ഓർത്തുപോകുന്നു: “Homo Homini Lupus; Sacerdos, Sacerdoti Luppissimus” (മനുഷ്യൻ മനുഷ്യന്റെ നേരെ ചെന്നായെപ്പോലെ; വൈദികൻ വൈദികനോട് ചെന്നായേക്കാൾ കടുത്ത നികൃഷ്ടശൗര്യത്തോടെ).

വടക്കേ അമേരിക്കയിലെ പുതിയ തലമുറയോട് ഇത്തരം കഥകൾ പറഞ്ഞാൽ അവർക്കതു മനസ്സിലാവില്ല. കാരണം, അവരിടപെടുന്നത് തുറവിയുള്ള ഒരു സമൂഹത്തോടാണ്. അവരുടെ ചുറ്റും ഇത്തരം കഥകൾ പറയുന്നവർ പഴയ തലമുറയിൽപ്പെട്ടവർ മാത്രമാണ്. ആ കഥകളുടെ പിന്നാമ്പുറത്തെ സാമൂഹ്യ വ്യവസ്ഥിതി ഇന്നില്ല; എന്നു മാത്രമല്ല, മനുഷ്യർ കൂടുതൽ സഹകരണവും ഇടപെടലുകളും തുറന്ന മനഃസ്ഥിതിയും പുലർത്തുന്നവരും, ചിന്തിക്കുന്നവരും, വിദ്യാഭ്യാസമുള്ളവരുമാണ്. അതുകൊണ്ട് കാര്യകാരണസഹിതം കാര്യങ്ങൾ വിലയിരുത്തുവാനാണ് അവർക്കു താല്പര്യം. വിദ്യാഭ്യാസത്തിലും സാംസ്കാരികതയിലുമൊക്കെ പിന്നോക്കമായിരുന്ന ഒരു തലമുറയിൽ പടർന്നുപന്തലിച്ച പഴയ കഥകൾ ഇനിയും ആവർത്തിക്കപ്പെടുമെന്ന് ഇന്നത്തെ തലമുറ വിശ്വസിക്കുന്നുമില്ല. അതുകൊണ്ട് വിഭാഗീയതയും അന്യതാബോധവും നിസ്സഹകരണവും നിലനിർത്തുവാനും വളർത്തുവാനും അവർക്കു താല്പര്യമില്ല. കേരളത്തിൽ അതു തുടരുന്നെങ്കിൽ, അതവിടെയാണ്; അവരതു കാര്യമാക്കുന്നുമില്ല. പുത്തൻ തലമുറയുടെ വിശാലമായ ഈ കാഴ്ചപ്പാട് അംഗീകരിക്കുവാനും ഇടുങ്ങിയ മനസ്ഥിതി തിരുത്തുവാനും നാട്ടിൽനിന്നു വന്ന, വന്നുകൊണ്ടിരിക്കുന്ന തലമുറ തയ്യാറാകുന്നില്ലെങ്കിൽ അവരും, ഇവിടെ ജനിച്ചു വളർന്നുവന്ന, വളർന്നുകൊണ്ടിരിക്കുന്ന അവരുടെ മക്കളും തമ്മിലുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടേയിരിക്കും എന്നു പറയാൻ മടിക്കുന്നില്ല. നാട്ടിൽനിന്നു കടൽ കടന്നുപോന്നവർ ഇനി എന്തിന് നാട്ടിലെ സാമൂഹികാവസ്ഥയെപ്പറ്റി ആകുലരാകണം?

## ക്രിയാത്മകമായ ചിന്തയും പ്രവർത്തനവും ഇന്നിന്റെ ആവശ്യം

അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് ഇന്നത്തെ സാഹചര്യത്തിൽ എന്താണ് കരണീയമായിട്ടുള്ളത്? രണ്ടു വഴികൾ അവരുടെ മുമ്പിൽ തുറന്നു കിടപ്പുണ്ട്. ഒന്നുകിൽ, സഭാധികാരികളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആദരിച്ച് അവരുമായി സഹകരിച്ച് വിശ്വാസത്തിന്റെയും ക്രൈസ്തവ സ്നേഹത്തിന്റെയും വഴിയിലൂടെ സഞ്ചരിക്കുക. അല്ലെങ്കിൽ അപക്വമതികളും വിശ്വാസപ്രതിബദ്ധരുമല്ലാത്ത ക്നാനായ നേതൃത്വത്തിന്റെ തീവ്രവാദത്തിന്റെ വഴി സ്വീകരിച്ച് സഭാധികാരത്തേയും വിശ്വാസമൂല്യങ്ങളേയും ധിക്കരിച്ച് അഭിശപ്തവും ലക്ഷ്യമില്ലാത്തതുമായ വഴിയിലൂടെ സഞ്ചരിക്കുക.

ഈ ലേഖകന്റെ അഭിപ്രായത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഒരു പക്ഷേ ഈ പ്രതിസന്ധി പരിഹരിക്കുവാൻ ഉപകരിച്ചേക്കാം.

1. എൻഡോഗാമി ആചാരം ക്രൈസ്തവമൂല്യങ്ങൾക്കും സുവിശേഷാരൂപിക്കും നിരക്കുന്നതല്ലെന്ന സഭയുടെ കണ്ടെത്തലിൽ കഴമ്പുണ്ടോയെന്നു ആഴമായി ചിന്തിക്കണം. ഇത്രയും ആചരിച്ചുവന്നു എന്നതുകൊണ്ട് അതു ശരിയാണെന്നും, തെറ്റല്ലെന്നും പറയുവാൻ കഴിയില്ലല്ലോ.

2. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും ചിന്താഗതികൾക്കും അനുസൃതമായി മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ കത്തോലിക്കാ സമൂഹവും വിശിഷ്യ ക്നാനായ സമൂഹവും തയ്യാറാകണം. ഇന്നത്തെ, ഇവിടുത്തെ തലമുറയുടെ തീരുമാനങ്ങളും ചിന്താഗതികളും വരുംതലമുറയുടെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടിയാണെന്ന കാര്യം വിസ്മരിക്കരുത്. വികാരത്തേക്കാൾ വിചാരത്തിനും യുക്തിക്കും മുൻതൂക്കം കൊടുക്കേണ്ടതുണ്ട്. ഇവിടെ ജനിച്ചുവളർന്ന്, വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ അഭിപ്രായങ്ങളും ചിന്താഗതികളും സമാഹരിക്കേണ്ടതുണ്ട്.

3. എൻഡാഗമിക്ക് വടക്കേ അമേരിക്കയിൽ ഒരു പുതിയ മാനവും വ്യാഖ്യാനവും നൽകുവാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ. ഇന്നാചരിക്കപ്പെടുന്ന വിധത്തിലുള്ള എൻഡാഗമി അടുത്ത തലമുറയിൽ എത്രമാത്രം പ്രസക്തവും പ്രാവർത്തികവുമാണെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ടുള്ള ഒരു പുനർ വ്യാഖ്യാനത്തെപ്പറ്റി എന്തുകൊണ്ട് ചിന്തി

ച്ചുകൂടാ? പുരാതന പാട്ടുകളിൽ പറയുന്ന “ഹെന്ദോവിൽ പോയാലും ബന്ധങ്ങൾ വേർപെടരുത്” എന്നത് ഒരു നിർദ്ദേശമായിരുന്നോ അതോ വേർപാടിന്റെ വേദനയിൽ പറഞ്ഞ യാത്രാമൊഴി ആയിരുന്നുവോ? “ബന്ധങ്ങൾ വേർപെടരുത്” എന്നതുകൊണ്ട് ബന്ധങ്ങൾ കൂടരുത് എന്ന വിവക്ഷ ഉണ്ടായിരുന്നുവോ എന്ന് ചിന്തിക്കുക.

4. മൂലക്കാട്ട് മെത്രാന്റെ നിർദ്ദേശവും പ്രസക്തമാണ്. എൻഡാഗമി സമുദായത്തിലും വിശ്വാസം സഭാതലത്തിലും ആചരിക്കുക. രണ്ടിനേയും പരസ്പരം കൂടിക്കുഴയ്ക്കാതിരിക്കുക. ഇക്കാര്യം നേരത്തെ വിശദമാക്കിയിട്ടുള്ളതാണ്. ഇടവകയോടും സഭാജീവിതത്തോടും ബന്ധപ്പെടുത്താതെ എൻഡാഗമിക്ക് ഒരു പുൻവ്യാഖ്യാനം നൽകുക. അതായത് ക്നാനായക്കാർക്ക് മാത്രമല്ല, അന്യസമുദായത്തിൽനിന്നു വിവാഹം കഴിക്കുന്ന ക്നാനായക്കാർക്കും ഭാര്യമാർക്കും മക്കൾക്കും ക്നാനായ മിഷനിൽ അംഗത്വം നൽകുകയും അവരുടേയും ആധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കയും ചെയ്യുക. കേരളത്തിൽ കോട്ടയം രൂപതയിലെ എത്രയോ പള്ളികളിൽ വടക്കുംഭാഗരുടെ എല്ലാവിധ ആധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നു. - വിവാഹങ്ങൾ വരെ. പിന്നെയൊരു പ്രശ്നമുള്ളത് പാരീഷ് കൗൺസിൽ അംഗത്വവും മറ്റുമാണ്. അതൊരു ഭരണസംവിധാനം മാത്രമാണ്. തെരഞ്ഞെടുപ്പും തീരുമാനങ്ങളുമൊക്കെ ഭൂരിപക്ഷ അഭിപ്രായപ്രകാരവും പാരിഷ് കൗൺസിലിൽ പുറത്തുനിന്നു കല്യാണം കഴിച്ചവർ ഉണ്ടായെന്നു കരുതി അവിടുത്തെ സന്തുലിതാവസ്ഥയ്ക്കു മാറ്റമൊന്നും വരില്ല.

മാത്രവുമല്ല, കോട്ടയം രൂപതയോടു ബന്ധപ്പെടുത്തി ചിന്തിക്കുന്നതുകൊണ്ടാണു എൻഡാഗമി പ്രശ്നത്തിന് ഇവിടെ ഇത്രയും തീവ്രത. അമേരിക്കയിൽ സീറോ-മലബാർ രൂപത മാത്രമേയുള്ളൂ. പ്രസ്തുത രൂപതയിൽ എൻഡാഗമി അംഗീകരിക്കുകയില്ലെന്നു കരുതി, എൻഡാഗമി ആചരിക്കുന്ന ഒരു സമൂഹത്തിന് ആ രൂപതയിൽ നിലകൊള്ളുന്നതിന് തടസ്സമുണ്ടാവില്ല. അതുകൊണ്ട് എൻഡാഗമി സമുദായത്തിന്റെ നാലതിരുകളിൽ നിലനിർത്തുക. വിശ്വാസപരമായ ആവശ്യങ്ങൾക്ക് - കൂദാശകൾ, മതബോധനം തുടങ്ങിയവയ്ക്ക് ഇടവകയോടു ബന്ധപ്പെടുക. മറ്റുവാക്കുകളിൽ, സഭയോടു ബന്ധപ്പെടുന്നവ സഭയ്ക്കും സമുദായത്തോടു ബന്ധപ്പെട്ടവ സമുദായത്തിനും വിട്ടുകൊടുക്കുക. കോട്ടയം രൂപത ചെയ്യുന്നതുപോലെ, സമുദായത്തിന് പുറത്തുനിന്ന് വിവാഹം

ചെയ്യുന്നവരെ ഇടവക സമൂഹത്തിൽനിന്ന് പുറത്താക്കുമ്പോഴാണല്ലോ പ്രശ്നം. അമേരിക്കയിലെ ക്നാനായ മിഷൻ "പുറത്താക്കൽ നടപടി" ഇല്ലെന്നു മാത്രം. 'കലർപ്പില്ലാത്ത ക്നാനായക്കാരും', 'സങ്കര ക്നാനായക്കാരും' ഒരേ പള്ളിയിൽ അംഗമായി കഴിയുന്നു. ഒരേ ബലിയിൽ പങ്കെടുക്കുന്നു; ഒന്നിച്ച് ദൈവസ്തുതികൾ പാടുന്നു; ഒരേ പാത്രത്തിൽ സംഭാവനകൾ ഇടുന്നു; ഒരേ വേദിയിൽ ഇരുന്ന് കണക്കുകൾ കേൾക്കുന്നു; ചോദിക്കുന്നു. എന്താണതിൽ അപാകത?

അത്തരമൊരു ക്നാനായ മിഷന് മറ്റൊരു ഗുണമേന്മ കൂടി അവകാശപ്പെടാനുണ്ട്. സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിച്ചതിന്റെ പേരിൽ എടുക്കുന്ന ഒരു "പ്രതികാര നടപടി" ആണല്ലോ പുറത്താക്കൽ. അത്തരമൊരു പ്രതികാര നടപടി അമേരിക്കയിലെ ക്നാനായ മിഷനിൽ ഇല്ലെന്നു വരുമ്പോൾ അവിടുത്തെ ക്നാനായ സമൂഹത്തിന്റെ അനന്യതയും ക്രൈസ്തവാഭിമുഖ്യവുമല്ലേ അതു പ്രഖ്യാപിക്കുന്നത്?

## അവസാനിപ്പിക്കുന്നതിനു മുമ്പ്

1911-ലാണ് കോട്ടയം രൂപത നിലവിൽ വന്നത്. മാക്കീൽ മെത്രാനോട് ചങ്ങനാശ്ശേരി വികാരിയാത്തിലെ നല്ലൊരു വിഭാഗം വൈദികർക്കും വിശ്വാസികൾക്കും ശക്തമായി എതിർപ്പുണ്ടായിരുന്നു. ഭൂരിപക്ഷത്തിന്റെ മേൽ ന്യൂനപക്ഷത്തിന് മേധാവിത്വം നൽകിയതിന്റെ പേരിലായിരുന്നു പ്രസ്തുത എതിർപ്പ്. അന്നത്തെ പ്രതിഷേധങ്ങൾക്ക് വഴിതെളിച്ച പശ്ചാത്തലങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ നമുക്കറിവില്ല. എങ്കിലും ചാഴിക്കാടിന്റെ പുസ്തകത്തിൽ ചില സൂചനകൾ കാണാം. അത്തരം എതിർപ്പുകളും പ്രതിഷേധങ്ങളും ആരംഭിച്ചതും വളർത്തിയതും അതു വിശ്വാസികളുടെ മനസ്സിൽ കുത്തിവച്ചതും വൈദിക നേതൃത്വമാണ്. ഏതായാലും തന്നോടുള്ള അതൃപ്തിയും എതിർപ്പും അനുഭവിച്ചറിഞ്ഞപ്പോൾ തന്റെ അജപാലനദൗത്യം വിജയിക്കുവാൻ ബുദ്ധിമുട്ടാണെന്നു തിരിച്ചറിവുണ്ടായപ്പോൾ ഇരു സമുദായങ്ങളുടെയും നന്മയെക്കരുതി പിന്മാറുവാൻ തീരുമാനിച്ച മാക്കീൽ മെത്രാന്റെ ഹൃദയ വിശാലതയും വിശ്വാസ പ്രതിബദ്ധതയും സമുദായ സ്നേഹവും ആദരവർഹിക്കുന്നു. ഇന്നായിരുന്നെങ്കിൽ അത്തരമൊരു പിന്മാറ്റത്തിന് അനുയായികൾ അനുവദിക്കുമായിരുന്നുവോ എന്നു സംശയിക്കണം.

കോട്ടയം രൂപത വളർന്നു പന്തലിച്ചു. ചൂളപ്പറമ്പിൽ മെത്രാനും തറയിൽ മെത്രാനും കോട്ടയം രൂപതയെ ആധ്യാത്മികവും, സാമൂഹികവും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ വളർത്തി. കേരളസഭയിൽ അതിന് തലയെടുപ്പും അനന്യതയും നേടിക്കൊടുത്തു. കേരളത്തിൽ രൂപതകൾ പെരുകി. എങ്കിലും കോട്ടയം രൂപതയുടെ അനന്യതയ്ക്ക് ഒരു ന്യൂനതയും ഉണ്ടായില്ല. അതിന്റെ നിലനിൽപ്പിന് ആരിൽനിന്നും ഒരു ഭീക്ഷണിയും ഉണ്ടായില്ല. 1974–ൽ തറയിൽ മെത്രാൻ ഭരണത്തിൽനിന്നും വിരമിക്കുന്നതുവരെ സ്ഥിതി അതായിരുന്നു.

എന്നാൽ, കുന്നശ്ശേരി മെത്രാൻ രൂപതയുടെ സാരഥ്യം ഏറ്റെടുത്തു. ഭരണ നേതൃത്വത്തിലും അത്മായ നേതൃത്വത്തിലും പുതിയ മെത്രാന്റെ അഭിരുചികളും ഇഷ്ടാനിഷ്ടങ്ങളും അറിഞ്ഞ് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള പുത്തൻ നിരയുണ്ടായി. തുടർന്ന് ക്നാനായത്തനിമയ്ക്കും വംശീയവികാരത്തിനും അമിത പ്രാധാന്യം കൊടുത്ത് അന്യവത്ക്കരണത്തിലേക്കും തീവ്രവാദത്തിലേക്കും പ്രയാണം തുടങ്ങി. കാലഹരണപ്പെട്ടതും, വിസ്മൃതിയിൽ ആണ്ടുപോയതുമായ അനാചാരങ്ങളും അനുഷ്ഠാനങ്ങളും ചികഞ്ഞെടുത്ത് പാരമ്പര്യമാണെന്ന് പറഞ്ഞ് നടപ്പിലാക്കിത്തുടങ്ങി. ക്നാനായ ത്തനിമയ്ക്ക് പുതിയ ഭാഷ്യവും വ്യാഖ്യാനവും നൽകാൻ ചരിത്ര പഠിതാക്കൾ എന്ന് സ്വയം ചമഞ്ഞ് ചിലർ രംഗത്ത് വന്നു. പലതും സമുദായത്തിന്റെ മേൽ അടിച്ചേൽപ്പിച്ചുതുടങ്ങി. ഇടയൻ എന്ന നിലയിൽ നിന്ന് മെത്രാൻ 'ഗോത്രത്തലവൻ' ആയി സ്വയം പ്രഖ്യാപിച്ചു. അതോടെ ക്നാനായ സമുദായം സ്വയമൊരു തുരുത്തായി മാറി; അന്യസമുദായങ്ങളിൽ നിന്ന് ഒറ്റപ്പെട്ട ഒരു തുരുത്ത്.

കേരള സഭാരംഗത്ത് അതിന്റെ പ്രത്യാഘാതങ്ങൾ പ്രതികരണങ്ങൾ അനുഭവപ്പെട്ടു തുടങ്ങി. കോട്ടയം രൂപതയിൽത്തന്നെ ഉരുത്തിരുഞ്ഞ ചില പ്രശ്നങ്ങളിൽ ഔദ്യോഗികമായി ഇടപെടേണ്ടിവന്ന അന്യരൂപതാദ്ധ്യക്ഷന്മാരെ ബഹുമാനിക്കാനോ അവരുടെ തീരുമാനങ്ങളെ ആദരിക്കാനോ കോട്ടയം രൂപതാദ്ധ്യക്ഷൻ വിസമ്മതിച്ചപ്പോൾ കോട്ടയം രൂപതയും സമുദായവും കൂടുതൽ ഒറ്റപ്പെടാൻ തുടങ്ങി. അതിന്റെ അനന്തരഫലമല്ലേ, രൂപതയുടെ വിഭജനം, അതിരൂപതയാക്കൽ എന്നീ ആവശ്യങ്ങൾ സിനഡ് വോട്ടിനിട്ടു നിരാകരിച്ചത്? അതിനെതിരെ തനി രാഷ്ട്രീയ ശൈലിയിൽ പ്രതികരിക്കാനാണ് സമുദായ നേതൃത്വം ഒരുമ്പെട്ടത്! മറ്റുള്ളവരെ വെറുപ്പിച്ചും പ്രകോപിപ്പിച്ചും എന്തും നേടാമെന്നും വ്യാമോഹിക്കുന്നത് തെറ്റാണ്.

1974– വരെ കോട്ടയം രൂപതാധ്യക്ഷന്മാർ മറ്റു രൂപതാദ്ധ്യക്ഷന്മാരോടു സഹകരിച്ചും സഹവർത്തിച്ചുമാണ് കഴിഞ്ഞിരുന്നത്. കോട്ടയം രൂപതയുടെ ന്യായമായ ആവശ്യങ്ങൾക്ക് അവരാരും തടസ്സം നിന്നിട്ടില്ല. പരസ്പരം ചർച്ച ചെയ്തും നീക്കുപോക്കുകൾ വഴിയും ഐക്യം അവർ നിലനിർത്തിയിരുന്നു. അത്തരമൊരു സാഹചര്യം എന്തുകൊണ്ട് ഇന്നില്ലാതെ പോയി എന്ന് ക്നാനായ കത്തോലിക്കർ ആഴത്തിൽ ചിന്തിക്കണം. എന്തുകൊണ്ട്, കേരളത്തിലെ മെത്രാന്മാർ ഭൂരിപക്ഷവും കോട്ടയം രൂപതയോടും രൂപതാദ്ധ്യക്ഷനോടും നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു?. എന്തുകൊണ്ട്, അവരുടെ സഹകരണവും സന്മനസ്സും നേടിയെടുക്കുന്നതിൽ കോട്ടയം രൂപതാദ്ധ്യക്ഷൻ പരാജയപ്പെട്ടു? കോട്ടയം രൂപതാ നേതൃത്വത്തിന്റെ ഒറ്റയാൾ പട്ടാള മനോഭാവം തിരുത്തപ്പെടണം. കോട്ടയം രൂപതയുടെ അടുത്ത മെത്രാനെങ്കിലും ഇത്തരം സങ്കീർണ്ണങ്ങളെപ്പറ്റി ആഴമായും വസ്തുനിഷ്ഠമായും പഠിക്കുമെന്നും വരും കാലങ്ങളിൽ കേരളസഭയുടെ പൊതുധാരയിലേക്ക് രൂപതയെ കൊണ്ടുവന്ന് സഹകരണത്തിന്റേയും സന്മനോഭാവത്തിന്റേയും ക്രിസ്തീയ കൂട്ടായ്മയുടെയും അന്തരീക്ഷം പുനഃസ്ഥാപിക്കുമെന്നും പ്രത്യാശിക്കട്ടെ.

ഫ്രാൻസീസ് പാപ്പായുടെ അപ്പസ്തോലിക് പ്രബോധന (Evangelii Gaudium) ത്തിൽ നിന്നുള്ള ഒരു വാചകം ഉദ്ധരിക്കട്ടെ: “സുവിശേഷത്തിന്റെ ഹൃദയവുമായി നേരിട്ടുബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങൾ അവയ്ക്ക് എത്ര ആഴമേറിയ ചരിത്ര പാരമ്പര്യമുണ്ടായാലും പുനഃപ്പരിശോധിക്കുവാൻ സഭ തയ്യാറാകണം”.

ഇടവകയിൽ നിന്നു ബഹിഷ്കരിക്കുന്ന ക്നാനായ പാരമ്പര്യത്തിനു സുവിശേഷവുമായി എന്തു ബന്ധമാണുള്ളത്?

# 8

# ഉതുപ്പ് സാർ എന്റെ ഓർമ്മയിൽ


## ജോസഫ് തോട്ടുങ്കൽ

പ്രസിഡന്റ്, കെ.സി.എൻ.എസ്.


1991–ലെ ഒരുദിവസം മനോരമ പത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ ഞാനൊരു പരസ്യം കണ്ടു. *മറ്റു രൂപതയിൽനിന്ന് വിവാഹം കഴിച്ചതിന്റെ പേരിൽ കോട്ടയം രൂപതയിൽനിന്ന് പുറത്താക്കപ്പെട്ടവരുടെ ഒരു യോഗം കോട്ടയം പടിഞ്ഞാറേക്കര ഓഡിറ്റോറിയത്തിൽ കൂടുന്നു. താല്പര്യമുള്ളവർ പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.* ഇതായിരുന്നു ആ പരസ്യം. ഞാനീ പരസ്യം എന്റെ ഗുരുവും ഞാൻ കണ്ണങ്കര സെന്റ് മാത്യൂസിൽ ജോലി ചെയ്തിരുന്നപ്പോൾ എന്റെ ഹെഡ്മാസ്റ്ററുമായിരുന്ന ബഹു. പി. എ. ജേക്കബ് സാറിനെ കാണിച്ചു. ആ പരസ്യം കൊടുത്തിരുന്ന ഒറവണക്കളം ഉതുപ്പുസാറിനെ ജേക്കബ് സാറിനറിയാമായിരുന്നു. ജേക്കബ് സാറിന് അത്ഭുതം തോന്നി. എനിക്ക് ആ പരസ്യത്തോട് താല്പര്യം തോന്നിയത് വിവാഹം മൂലം ഞാൻ കോട്ടയം രൂപതയിൽനിന്ന് പുറത്താക്കപ്പെട്ടതുകൊണ്ടാണ്. എന്നാൽ ജേക്കബ് സാറും ഉതുപ്പുസാറും കോട്ടയം രൂപതയിൽതന്നെ ഉള്ളവരുമാണ്. പിന്നെ എന്തിനാണ് ഇങ്ങനെ ഒരു പരസ്യം ഉതുപ്പ്സാർ കൊടുക്കേണ്ടിവന്നത്? അതാണ് ജേക്കബ് സാറിനെ അത്ഭുതപ്പെടുത്തിയത്. അതുകൊണ്ട് ആ യോഗത്തിൽ പങ്കെ

ടുക്കുവാൻ സാറും ആഗ്രഹിച്ചു. യോഗം ആരംഭിക്കുന്ന സമയത്താണ് ഞങ്ങൾ എത്തിച്ചേർന്നത്. ഉതുപ്പ്സാർ തന്നെയായിരുന്നു യോഗത്തിന്റെ അദ്ധ്യക്ഷൻ. മുന്നൂറോളംപേർ യോഗത്തിലുണ്ടായിരുന്നു. ശ്രീ. സി.എം. സിറിയക്കാണ് സ്വാഗതം ആശംസിച്ചത്. മുഖ്യപ്രഭാഷണം നടത്തിയത് ജോസഫ് പുലിക്കുന്നേൽ ആയിരുന്നു. അധ്യക്ഷപ്രസംഗം കഴിഞ്ഞപ്പോ ഴാണ് യോഗത്തിന്റെ പ്രധാന ഉദ്ദേശ്യം പൂർണ്ണമായും മനസ്സിലായത്. ഒറവണക്കളം ഉതുപ്പ്സാർ ചീഫ് പ്രൊമോട്ടറായ ഒരു പ്രൊമോട്ടിങ്ങ് കമ്മ റ്റിയുടെ ശ്രമഫലമായി 03-04-1991 -ൽ രജിസ്റ്റർ ചെയ്ത ക്നാനായ കത്തോലിക്കാ നവീകരണസമിതി (KCNS) എന്ന ചാരിറ്റബിൾ സംഘട നയുടെ ആദ്യ പൊതുയോഗമാണ് അവിടെ നടക്കാൻ പോകുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി. അദ്ധ്യക്ഷപ്രസംഗത്തിൽ ഈ സംഘടനയ്ക്കു രൂപം കൊടുക്കുവാൻ പ്രേരിപ്പിച്ച ഉതുപ്പുസാറിന് കോട്ടയം രൂപത യിൽനിന്നും ഉണ്ടായ വേദനിപ്പിക്കുന്ന അനുഭവം വിവരിക്കപ്പെട്ടു.

ഉതുപ്പുസാറിന് ഏഴ് മക്കളാണ്. സാറിന്റെ കുടുംബം കുമരകത്തുള്ള കോട്ടയം രൂപതയുടെ വള്ളാറപ്പള്ളി ഇടവകയിലെ ഒറവണക്കളം ആയി രുന്നു. സാർ കോട്ടയത്തേക്ക് താമസം മാറിയപ്പോൾ കോട്ടയം രൂപത യിലെ കിഴക്കേ നട്ടാശ്ശേരി ഇടവകയിലേക്ക് സാറും കുടുംബവും മാറ്റ പ്പെടുകയും ചെയ്തു. മക്കളിൽ മൂത്ത രണ്ടുപേരും കോട്ടയം രൂപത യിൽതന്നെ വിവാഹം ചെയ്തു. മൂന്നാമത്തെ മകൻ ബിജുവിന് കോട്ടയം രൂപതയിൽനിന്ന് തന്നെ വിവാഹാലോചന വരുകയും മനസ്സമ്മതത്തി നുള്ള വിവാഹക്കുറിക്കായി ഇടവകപ്പള്ളിയായ കിഴക്കേ നട്ടാശ്ശേരി യിൽ വികാരിയച്ചനെ സമീപിച്ചപ്പോൾ വിവാഹക്കുറി കൊടുക്കുവാൻ വിസമ്മതിക്കുകയാണുണ്ടായത്. കൈപ്പുഴക്കാരനായ ഒരു ചാക്കോ രൂപ താ മെത്രാന് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ ബിജുവിന്റെ അമ്മ (ഉതുപ്പുസാറിന്റെ ഭാര്യ) ക്നാനായക്കാരി അല്ലെന്നും അതിനാൽ ഉതുപ്പുസാറിന്റെ കുടുംബം മുഴുവനും കോട്ടയം രൂപതയുടെ അംഗ മായി തുടരുവാനുള്ള രക്തശുദ്ധിയില്ലെന്നും രൂപത മാറാനുള്ള അപേക്ഷ നൽകി അനുവാദം വാങ്ങിയെങ്കിൽ മാത്രമേ വിവാഹക്കുറി തരുവാൻ സാധിക്കുകയുള്ളൂ എന്നാണ് കാരണമായി അച്ചൻ പറഞ്ഞത്.

ആ സമയത്ത് സാറിനുണ്ടായ മനോവികാരം ഗദ്ഗദത്തോടെ മാത്ര മായിരുന്നു വിവരിക്കുവാൻ സാധിച്ചത്. പല പ്രാവശ്യം വാക്കുകൾ പുറ ത്തുവരാതെ വികാര പാരവശ്യംകൊണ്ട് വിഷമിക്കുന്നത് കാണാമായി

രുന്നു. ഒരു ക്രിസ്ത്യാനിക്ക് പ്രത്യേകിച്ച് കത്തോലിക്കന് ഇടവക അവന്റെ സ്വന്തം സമൂഹമാണ്. അവന് ജന്മം കൊടുത്ത മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, പേരക്കിടാങ്ങൾ, ബന്ധുക്കൾ, അയൽക്കാർ, ഇടവകയിലെ വിവിധ സാമൂഹ്യസംഘടനകൾ, ഭക്തസംഘടനകൾ, മാമ്മോദീസ, കുമ്പസാരം, കുർബാന, സ്ഥൈര്യലേപനം, വിവാഹം തുടങ്ങിയ കൂദാശകൾ സ്വീകരിച്ച ഇടവക പള്ളി എന്നിവയുമായിട്ടുള്ള ബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു പുതിയ സമൂഹത്തിലേക്ക് പോകുവാൻ ഒരു സാധാരണക്കാരന് ചിന്തിക്കുവാൻ പോലും സാധിക്കുകയില്ല.

ഉതുപ്പ് സാർ മകന്റെ വിവാഹം സ്വന്തം ഇടവകപ്പള്ളിയിൽ നടത്തിക്കിട്ടുവാൻവേണ്ടി മെത്രാപ്പോലീത്തയേയും നുൺഷ്യോയേയും കണ്ട് പരാതി സമർപ്പിച്ചു. ഫലമുണ്ടായില്ല. സിവിൽ നിയമമനുസരിച്ച് താൻ അംഗമായ ഇടവക പള്ളിയിൽനിന്നും വിവാഹക്കുറി ലഭിക്കുന്നതിന് ബിജു ഉതുപ്പിനെക്കൊണ്ട് മുൻസിഫ് കോടതിയിൽ സാർ കേസ് കൊടുത്തു. കേസ് നീണ്ടുപോയപ്പോൾ രണ്ടുവർഷത്തിനുശേഷം നുൺഷിയോയുടെ അനുവാദത്തോടെ വിവാഹക്കുറിയില്ലാതെ ചങ്ങനാശ്ശേരി രൂപതയിലെ ലൂർദ്ദ് പള്ളിയിൽവച്ച് ബിജുവിന്റെ വിവാഹം നടന്നു. കോട്ടയം രൂപതയുടെ ഈ നടപടി പൈശാചികവും അതിക്രൂരവുമാണെന്നും ഇതവസാനിപ്പിക്കേണ്ടത് അനുഭവസ്ഥരായ നാമോരോരുത്തരുടേയും കടമയാണെന്നും അതിനുവേണ്ടി രൂപം കൊടുത്തതാണ് KCNS എന്ന സംഘടന എന്നും അതിനാൽ ഇന്നുമുതൽ ഈ സംഘടനയിൽ അംഗമായിചേർന്ന് പ്രവർത്തിക്കുവാനും ആഹ്വാനം ചെയ്തുകൊണ്ടാണ് ഉതുപ്പ്സാർ അധ്യക്ഷ പ്രസംഗം അവസാനിപ്പിച്ചത്.

ആ യോഗത്തിൽ പങ്കെടുത്തുകൊണ്ടിരുന്നവരിൽ ജേക്കബ്സാർ, ശ്രീ. സി.കെ. പുന്നൻ, ശ്രീ. ജോയി ഒറവണക്കളം തുടങ്ങിയ ഏതാനും പേരൊഴിച്ചാൽ ബാക്കി എല്ലാവരും രൂപത മാറി വിവാഹം കഴിച്ചതിന്റെ പേരിൽ പുറത്താക്കപ്പെട്ടവരായിരുന്നു. യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതുകൊണ്ട് യോഗത്തിലെടുക്കുന്ന ഏതു തീരുമാനവും അംഗീകരിക്കുമെന്ന് സമ്മതിച്ചുകൊണ്ട് 100 കണക്കിന് എഴുത്തുകൾ ഉതുപ്പ്സാറിന് ലഭിച്ചിട്ടുണ്ടെന്ന വിവരവും സമ്മേളനത്തിൽ അറിയിക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അനവധി പേർ സംസാരിച്ചു. രൂപത മാറാൻ അനുവാദത്തിനുവേണ്ടി കോട്ടയം അരമനയിൽ കയറിയിറങ്ങിയ സംഭവം പലരും വിവരിച്ചു. ആദ്യമൊക്കെ ആലോചി

ക്കാൻവേണ്ടി മാർ കുര്യാക്കോസ് കുന്നശ്ശേരി 4,5 പ്രാവശ്യം തിരിച്ചുവിടുമായിരുന്നു. പിന്നീട് ദിനംപ്രതി അനേകംപേർ വരാൻ തുടങ്ങിയപ്പോൾ അതിനായി ഒരച്ചനെ തന്നെ ചുമതലപ്പെടുത്തി. അനുവാദം നല്കിക്കൊണ്ടുള്ള കല്പനയിൽ ഇയാളുടെ വിവാഹം സംബന്ധിച്ച യാതൊരു ശുശ്രൂഷകളും നമ്മുടെ പള്ളികളിൽ നടത്തപ്പെടുവാൻ ഇടയാകരുത് എന്നൊരടിക്കുറിപ്പും വികാരിയച്ചന്റെ അറിവിലേക്ക് ചേർത്തിരുന്നു. ചർച്ചയിൽ പങ്കെടുത്ത പലരും ഈ കുറിപ്പുകണ്ട് കത്തോലിക്കാസഭതന്നെ വിട്ടുപോകണമെന്ന് ആഗ്രഹിച്ചുപോയവരാണ്. എന്നാൽ ബന്ധുമിത്രാദികൾ, ജീവിതപങ്കാളി, അവരുടെ ബന്ധുക്കൾ, എന്നിവരെ ഓർത്ത് ഇന്നും കത്തോലിക്കാസഭയിൽ തുടർന്നുപോരുന്നു. പിന്നീട് പെന്തക്കോസ്തുസഭയിൽ ചേർന്ന പലരും ചർച്ചയിൽ പങ്കെടുത്തിരുന്നു. കുടുംബങ്ങൾ തമ്മിൽ ആലോചിച്ച് തീയതിവരെ നിശ്ചയിച്ച ശേഷമാണ് ഇടവകവികാരിയച്ചനെ സമീപിക്കുന്നത്. അതിനാൽ അവർ പറയുന്നതെന്തും ചെയ്യുവാൻ തയ്യാറാകേണ്ടിവരും. അനുവാദം വാങ്ങി പഴയ പള്ളിയിൽനിന്നും പിരിഞ്ഞുപോകുവാൻ അവർ പറയുന്ന തുക സംഭാവന കൊടുക്കണം. പുതിയ പള്ളിയിൽ അംഗമാകാൻ ചെല്ലുമ്പോൾ അവർ പറയുന്ന തുകയും കൊടുക്കണം. കല്യാണച്ചെലവിനു പുറമേ സംഭാവന കൊടുക്കുന്നതിനും ഒത്തിരി വിഷമിക്കേണ്ടി വന്നിട്ടുണ്ടെന്ന് ചിലർ അഭിപ്രായപ്പെട്ടു.

പുതിയ ഇടവക പള്ളിയിൽ പോകുവാൻ സാധിക്കാത്ത അവസ്ഥ പലരും പങ്കുവച്ചു. ഒന്നാമത്തേത് അകലം, രണ്ടാമത്തേത് നാണക്കേട്, മൂന്നാമത്തേത് അവഗണന. ഈ കാരണങ്ങൾ രണ്ടു പള്ളികളിലും പോകാതിരിക്കുവാൻ ചിലരെ പ്രേരിപ്പിക്കുന്നു. പഴയ പള്ളിയിൽ പുറത്താക്കപ്പെട്ടവരും പുതിയ പള്ളിയിൽ വരത്തരുമായിട്ടാണ് കണക്കാക്കുന്നതെന്ന് ചിലർ വളരെ വേദനയോടെ പങ്കുവച്ചു. അങ്ങനെ ചർച്ചയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം പേരും കല്യാണം കഴിഞ്ഞാൽ പിന്നെ കുട്ടികളുടെ മാമ്മോദീസായ്ക്കും മറ്റു കൂദാശകൾക്കും മാത്രമാണ് പള്ളിയിൽ പോകുന്നതെന്ന് ചിലർ അഭിപ്രായപ്പെട്ടു.

ചർച്ചകൾക്കവസാനം ശ്രീ. പി. എ. ജേക്കബ് സാർ തന്റെ അഭിപ്രായം പ്രകടിപ്പിക്കാനായി സ്റ്റേജിൽ വന്നു. സദസ്യരിൽ പലർക്കും സാറിനെ അറിയാമായിരുന്നു. കോട്ടയം രൂപതയിൽ പൊതുവെ അറിയപ്പെടുന്ന ഒരാളായിരുന്നു ജേക്കബ് സാർ. കൈപ്പുഴ, കണ്ണങ്കര എന്നിവിടങ്ങളിൽ

ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു അദ്ദേഹം. കോട്ടയം രൂപതാ ബിഷപ്പായിരുന്ന തോമസ് തറയിൽ പിതാവിന്റെ ഏറ്റവും ഇഷ്ടസുഹൃത്തായിരുന്നു. വികാരിയച്ചന്മാരുടെ തലവേദനയായിരുന്നു. പള്ളിപ്രസംഗങ്ങൾ വളരെ ശ്രദ്ധിച്ചു പറഞ്ഞില്ലാ എങ്കിൽ അടുത്തദിവസങ്ങളിൽ ലഘുലേഖകൾ കോട്ടയം രൂപത മുഴുവൻ പ്രചരിക്കുമായിരുന്നു. സഹഅധ്യാപകർക്കും ഭയമായിരുന്നു. നിയമം വളരെ കൃത്യമായി പാലിക്കണമായിരുന്നു. ഇല്ലെങ്കിൽ നടപടിയുണ്ടാകും. കോട്ടയം കോ-ഓപ്പറേറ്റീവ് മാനേജർക്ക് എത്രയോ പ്രാവശ്യം ഇടപെടേണ്ടിവന്നിട്ടുണ്ട്. വികാരിമാരെക്കുറിച്ചും അധ്യാപകരെക്കുറിച്ചും പൊതുയോഗ നടപടികളെക്കുറിച്ചും നിരന്തരം മെത്രാന്മാർക്ക് അദ്ദേഹം പരാതി നൽകുമായിരുന്നു. ചാക്കുട്ടിസാർ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അതിനാൽ സാറിന്റെ പ്രസംഗം എല്ലാവരും കാതോർത്ത് ശ്രവിച്ചു.

കോട്ടയം രൂപതയുടെ ഈ നടപടി വിശുദ്ധ ബൈബിളിനും കത്തോലിക്കാസഭയുടെ കാനോൻ നിയമത്തിനും വത്തിക്കാൻ - 2 ന്റെ പ്രബോധനങ്ങൾക്ക് എതിരാണെന്നും മനുഷ്യാവകാശ ലംഘനമാണെന്നും ഇന്ത്യൻ സിവിൽ ക്രിമിനൽ നിയമങ്ങൾക്ക് എതിരാണെന്നും അദ്ദേഹം തെളിവുകൾ സഹിതം പ്രതിപാദിച്ചു. പുറത്താക്കപ്പെട്ടവർ മാത്രമല്ല രൂപതയുടെ നടപടികളോട് വിയോജിപ്പുള്ള ഏവരും ഈ സംഘടനയിൽ ചേരേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കോട്ടയം രൂപതയുടെ അക്രൈസ്തവമായ ഈ നടപടിയെ ചോദ്യം ചെയ്യുവാൻ സിവിൽ കേസു കൊടുക്കുവാനും സംഘടന രൂപീകരിച്ച് അതുവഴി രൂപതയെ ശക്തമായി നേരിടുവാനും ഉതുപ്പുസാർ കാണിച്ച ധൈര്യത്തേയും അതിനാവശ്യമായ സാമ്പത്തികം മുടക്കുവാനുള്ള ത്യാഗത്തേയും അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.

പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ ഉതുപ്പുസാർ രക്ഷാധികാരിയായും ശ്രീ. പി.എ. ജേക്കബ് സാർ പ്രഥമ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. സി.എം. സിറിയക് മള്ളൂശ്ശേരി (സെക്രട്ടറി) ശ്രീ. സി.കെ. പുന്നൻ (ഏറ്റുമാനൂർ), ഖജാൻജി, ശ്രീ. ലൂക്കോസ് മാത്യു ഉഴവൂർ (ജോ. സെക്രട്ടറി), ശ്രീ. വി.സി. മത്തായി കുമരകം (ഓഡിറ്റർ) എന്നിവരോടൊപ്പം ഞാനും കമ്മറ്റിക്കാരനായി തെരഞ്ഞെടുക്കപ്പെട്ടു.

രക്ഷാധികാരി ആയിരുന്നു എങ്കിലും, സംഘടനയെ നയിച്ചുകൊണ്ടിരുന്നത് ഉതുപ്പ്സാർ ആയിരുന്നു. ഉതുപ്പ്സാർ വാടകയ്ക്കെടുത്ത ടൗണിലെ ഒരു മുറിയിലായിരുന്നു കമ്മറ്റികൾ കൂടിയിരുന്നത്. സംഘടനയുടെ സകല ചെലവുകളും വഹിച്ചിരുന്നത് സാർ തന്നെയായിരുന്നു. ബിജുവിന്റെ കേസ് നടത്തുക എന്നതായിരുന്നു സാറിന്റെ പ്രധാന ലക്ഷ്യം. കേസ് വിജയിക്കുമെന്നും അങ്ങനെ കോട്ടയം രൂപതയുടെ അക്രൈസ്തവമായ പുറത്താക്കൽ നടപടി അവസാനിക്കുമെന്നും സാർ പ്രതീക്ഷിച്ചിരുന്നു. സംഘടനയുടെ വികസനവും പ്രവർത്തനവും നടത്തുന്നതോടൊപ്പം കേസും നടത്തിക്കൊണ്ടുപോന്നു. 10 വർഷം കഴിഞ്ഞ് സാറിന് അനുകൂലമായി വിധി വന്നു. ഇളയകുട്ടികളുടെ പഠനം, ജോലി, വിവാഹം തുടങ്ങിയ വീട്ടുകാര്യങ്ങളും നടത്തേണ്ട ജീവിതത്തിലെ വിലപ്പെട്ട 10 വർഷക്കാലം ഉതുപ്പ് സാർ മുഖ്യമായും പ്രാധാന്യം കൊടുത്തിരുന്നത് കേസിനായിരുന്നു. ലക്ഷക്കണക്കിന് രൂപ ചെലവുവരികയും വിലപ്പെട്ട സമയം നഷ്ടപ്പെടുകയും ചെയ്തു എങ്കിലും കേസിൽ അനുകൂലമായ വിധിയുണ്ടായതിൽ സാർ വളരെ സന്തുഷ്ടനായി കാണപ്പെട്ടു. കോട്ടയം രൂപതയിലെ അന്നത്തെ മെത്രാനും ഒന്നാം പ്രതിയുമായ മാർ കുര്യാക്കോസ് കുന്നശ്ശേരി, താൻ ജയിലിൽ പോയാലും കോടതിവിധി നടപ്പാക്കുകയില്ലെന്നും ക്നാനായക്കാരുടെ തനിമ നിലനിർത്തുന്നതാണ് തന്റെ പ്രധാന കടമയെന്നും, ഇടയലേഖനമെഴുതി പള്ളികളിൽ വായിച്ചു. ഉഴവൂർ, കൈപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും പള്ളിച്ചെലവിൽ കുറെയാളുകൾ മെത്രാന് 'ജയ്' വിളിച്ചുകൊണ്ട് ടൗണിൽ പ്രകടനം നടത്തി. അവർ ഉതുപ്പ്സാറിന്റെ വീടിന് കല്ലെറിഞ്ഞു. വീടിന്റെ ജനൽ ചില്ലുകൾ പൊട്ടിത്തെറിച്ചു. സാറിന്റെ കുടുംബവും മക്കളും ഭയന്നുവിറച്ചു. ജനങ്ങൾ അത്ഭുതപ്പെട്ടു. കൈവെപ്പുവഴി യേശുവിന്റെ ശിഷ്യന്മാരുടെ പിൻഗാമിയായ മെത്രാന്റെ ആഹ്വാനമനുസരിച്ചാണ് സാറിന്റെ കുടുംബം ആക്രമിക്കപ്പെട്ടത്. സകല മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും അതിനാൽ എല്ലാവരും സഹോദരീസഹോദരന്മാരാണെന്നും പഠിപ്പിക്കേണ്ട മെത്രാൻ ക്നാനായക്കാരുടെ രക്തശുദ്ധി പരിപാലകനായി മാറുന്നതുകണ്ട് ജനം ആശ്ചര്യപ്പെട്ടു. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന് പഠിപ്പിച്ച തിരുവചനം ദൈവജനത്തെ പഠിപ്പിക്കേണ്ട മെത്രാൻ കോടതിവിധി അംഗീകരിക്കില്ലെന്നും പ്രഖ്യാപിക്കുകയും കോടതിവിധിക്കെതിരെ വിശ്വാസികളെ ഇളക്കിവിടുന്നതും കണ്ട് ജനങ്ങൾ അത്ഭുതപ്പെട്ടു.

കോട്ടയം മെത്രാനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരിയെ ജയിലിൽ അടയ്ക്കുവാൻ ഉതുപ്പ്സാറിന് മനസ്സുവന്നില്ല. വിധി നടത്തേണ്ടെന്ന് അദ്ദേഹം തീരുമാനിച്ചു. എങ്കിലും കോട്ടയം മെത്രാൻ ജില്ലാ കോടതിയിൽ അപ്പീൽ കൊടുത്തു. അതിന് കാരണമുണ്ട്; കോട്ടയം മെത്രാനെക്കുറിച്ചു ചില അപ്രിയ സത്യങ്ങൾ ന്യായാധിപന്റെ അഭിപ്രായങ്ങളായി ജഡ്ജ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അവയിലൊന്ന് താഴെ കൊടുക്കുന്നു.

“Reference as to what divine law came up in oral evidence DWI, Bishop of Kottayam Catholic Diocese and he has stated that divine law is either the content of revelation or substantialy based on revelation. It is also stated DWI that universal brotherhood is taught by Jesus and it cannot be said as law. DWI being a diocesan Bishop of the Roman Catholic Church went one step further in stating without any hesitation that all what Jesus Christ taught is not necessarily law”.

“സാക്ഷി വിസ്താരത്തിൽ ദൈവികനിയമങ്ങൾ എന്താണെന്നുള്ള ചോദ്യത്തിന് പ്രതിഭാഗം ഒന്നാം സാക്ഷിയായ കോട്ടയം കത്തോലിക്കാ രൂപതയുടെ ബിഷപ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ദൈവികനിയമങ്ങൾ വെളിപാടിന്റെ സംഗ്രഹമോ വെളിപാടിനെ അടിസ്ഥാനമാക്കിയിട്ടുള്ളവയോ ആണ്. അദ്ദേഹം തുടർന്ന് സാർവത്രിക സാഹോദര്യം യേശു പഠിപ്പിച്ചു. എന്നാൽ അവ നിയമങ്ങളാണെന്ന് പറയുവാൻ സാദ്ധ്യമല്ല. അതായത് യേശു പഠിപ്പിച്ചവയെല്ലാം നിർബന്ധിത നിയമങ്ങളല്ലായെന്ന് യാതൊരു മടിയുമില്ലാതെ പ്രസ്താവിക്കാൻ കത്തോലിക്കാ സഭയിലെ ഒരു രൂപതാമെത്രാനായ ഒന്നാം സാക്ഷി ഒരു ചുവട് മുന്നോട്ട് വച്ചിരിക്കുന്നു”.

മാർ കുര്യാക്കോസ് കുന്നശ്ശേരി ഒരു കത്തോലിക്കാ മെത്രാനായിരിക്കുവാൻ അയോഗ്യനാണെന്ന് കാണിക്കുന്ന ഇത്തരം പല പ്രസ്താവനകളും വിധിന്യായത്തിലുണ്ട്. അതുകൊണ്ട് ബിജു ഉതുപ്പ് കേസിന്റെ ഈ വിധി അസ്ഥിരപ്പെടുത്തേണ്ടത് മാർ കുര്യാക്കോസ് കുന്നശ്ശേരിക്ക് ആവശ്യമായിരുന്നു.

2003 ഡിസം. 2-ന് KCNS -ന്റെ പ്രസിഡന്റ് ശ്രീ. പി.എ. ജേക്കബ് ഹൃദയാഘാതം മൂലം പെട്ടെന്ന് നിര്യാതനായി. അന്നേദിവസം കൂടിയ കമ്മറ്റിയിൽ ഉതുപ്പുസാറിനെ KCNS -ന്റെ പ്രസിഡന്റായി തെരഞ്ഞെ

ടുത്തു. തുടർന്ന് ഉതുപ്പുസാറിന്റെ നേതൃത്വത്തിൽ KCNS നയിക്കപ്പെട്ടു. 2004 നവം. 7-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിന്റെ കവാടത്തി ങ്കൽ രണ്ടു മണിക്കൂർ നീണ്ടുനിന്ന പ്രാർത്ഥനാധർണ്ണ KCNS ഉതുപ്പ് സാറിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. സീറോ മലബാർ മെത്രാൻ സിനഡ് സമ്മേളനം നടന്നുകൊണ്ടിരുന്നപ്പോൾ നടത്തപ്പെട്ട പ്രസ്തുത പ്രാർത്ഥനാ ധർണ്ണ സംഘടിപ്പിക്കുന്നതിൽ ഉതുപ്പ്സാറിന് പ്രധാന പങ്കുണ്ട്. 200 ഓളം പേർ പങ്കെടുത്ത പ്രസ്തുത പ്രാർത്ഥനാ ധർണ്ണയുടെ റിപ്പോർട്ടും, പ്രസിഡന്റും ജനറൽ സെക്രട്ടറിയുമായുള്ള അഭിമുഖങ്ങളും ചാനലുകളിലും മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്തിരുന്നു.

ബിജു ഉതുപ്പ്കേസിന്റെ വിധിക്കെതിരെ മാർ കുര്യാക്കോസ് കുന്ന ശ്ശേരി കൊടുത്ത അപ്പീൽ 2008 ഡിസം. 29-ന് ചെലവു സഹിതം തള്ളി ക്കളഞ്ഞു. ഈ കേസിന്റെ നടത്തിപ്പിന് ഉതുപ്പ്സാർ അഞ്ചുവർഷക്കാലം തന്റെ ആരോഗ്യം വക വയ്ക്കാതെ കഠിനാധ്വാനം ചെയ്തിട്ടുണ്ട്. നീതി നടപ്പാക്കാതിരിക്കാൻ കോട്ടയം രൂപതയുടെ മെത്രാൻ മാർ കുര്യാക്കോസ് കുന്നശ്ശേരി അപ്പീൽ കൊടുത്തതിൽ ഉതുപ്പ്സാറിന് രൂപതയോട് യാതൊരു പകയുമില്ലായിരുന്നു. കഷ്ടപ്പാടും ത്യാഗവും വൻസാമ്പത്തിക നഷ്ടവും സഹിച്ച് സാർ അഞ്ചു വർഷക്കാലം അപ്പീൽകേസ് നടത്തി. രൂപതയുടെ അപ്പീൽ തള്ളിക്കൊണ്ട് വിധിയുണ്ടായപ്പോഴെങ്കിലും നീതി നടപ്പാക്കുമെന്ന് ഉതുപ്പ്സാർ കരുതിയിരുന്നു. മൂന്നു വർഷക്കാലം രൂപ തയ്ക്കെതിരായി ഉണ്ടായ ഈ വിധിയെക്കുറിച്ച് ഉതുപ്പ്സാർ സംഘടന യെപ്പോലും അറിയിക്കാതെ ഇപ്പോഴത്തെ കോട്ടയം രൂപതയുടെ മെത്രാ നായ മാർ മാത്യു മൂലക്കാട്ടുമായി കൂടിക്കാഴ്ച നടത്തിക്കൊണ്ടിരുന്നു. മാർ മാത്യു മൂലക്കാട്ട്, സാറിനെ പറഞ്ഞു വഞ്ചിക്കുകയായിരുന്നു എന്ന റിയാൻ സാറിന് മൂന്നു വർഷംവരെ വേണ്ടിവന്നു. മൂന്നു വർഷം കഴി ഞ്ഞപ്പോൾ രൂപത വീണ്ടും ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുക യാണെന്ന് പറഞ്ഞുതുടങ്ങി. അപ്പോഴാണ് മാർ മാത്യു മൂലക്കാട്ട് തന്നെ വഞ്ചിക്കുകയാണെന്ന് സാറിന് മനസ്സിലായത്. ഈ സമയത്താണ് വിധി യെക്കുറിച്ച് KCNS അറിയുന്നത്. വിധി നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമരം സംഘടിപ്പിക്കണമെന്നും പല കമ്മറ്റികളിലും ചർച്ച നടന്നു എങ്കിലും ഉതുപ്പ് സാർ സമ്മതിച്ചില്ല. സാറിന്റെ മനസ്സിൽ മാർ മാത്യു മൂലക്കാട്ട് വിധി നടപ്പാക്കി നീതി നടത്തിത്തരും എന്നു വിശ്വസി ച്ചിരുന്നു. സമരം അതിനു തടസ്സമാകുമോ എന്നു കരുതി സമരം വേണ്ട എന്നു പ്രസിഡന്റ് എന്നനിലയിൽ സാർ വീറ്റോ ചെയ്യുകയായിരുന്നു.

2010 ഓഗസ്റ്റിൽ കുമരകത്തു കൂടിയ KCNS-ന്റെ എക്സിക്യൂട്ടിവ് കമ്മറ്റി ക്നാനായ നവീകരണ സമിതിയുടെ ആഗോള സംഗമം 2011 ഓഗസ്റ്റ് 6-ന് നടത്തണമെന്ന് തീരുമാനിച്ചു.

ഉതുപ്പ്സാറിന്റെ നേതൃത്വത്തിൽ സംഘടനാ പ്രതിനിധികൾ 150-ഓളം ഇടവകകൾ സന്ദർശിച്ച് യോഗങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയും അംഗങ്ങളെ ചേർക്കുകയും ചെയ്തു. ഉതുപ്പ് സാർ തന്റെ അനാരോഗ്യം വകവയ്ക്കാതെ 100-ഓളം യോഗത്തിൽ പങ്കെടുത്ത് KCNS -ന്റെ ആശയങ്ങൾ പ്രകടിപ്പിക്കുവാൻ നടത്തിയ പരിശ്രമങ്ങൾ 100% വിജയിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം രൂപതയുടെ പീഡനത്തിനിരയായിട്ടുള്ള ആയിരക്കണക്കിന് വരുന്ന ക്നാനായക്കാരെ കോട്ടയത്ത് ഒന്നിച്ചുകൂട്ടി കോട്ടയം രൂപതാധികാരികളെ ബോധ്യപ്പെടുത്തി രൂപതയിൽനിന്നും നീതി നേടിയെടുക്കുക എന്ന പരമപ്രധാനമായ ലക്ഷ്യമാണ് സാറിന് ശക്തി പകർന്നുകൊണ്ടിരുന്നത്.

ഉതുപ്പ്സാറിന്റെ നേതൃത്വത്തോടുള്ള അമിതമായ ആത്മവിശ്വാസവും സത്യസന്ധതയുമാണ് സമ്മേളനത്തെ സ്പോൺസർ ചെയ്യുവാൻ KANA യ്ക്ക് പ്രേരണ നൽകിയത്. 2011 മെയ് അവസാനത്തോടെ കോട്ടയം രൂപതയുടെ 13 ഫൊറോനകളിലായി കാസർഗോഡ് മുതൽ തിരുവനന്തപുരം - വിതുരവരെ വ്യാപിച്ചുകിടക്കുന്ന 156 ഇടവകകളിലും KCNS ന്റെ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. ഫൊറോന ഭാരവാഹികളേയും തെരഞ്ഞെടുത്തു.

കോട്ടയം നഗരത്തെ പ്രകമ്പനം കൊള്ളിച്ച KCNS ന്റെ ആഗോള സംഗമവും റാലിയും കോട്ടയം രൂപതയെ ഒരു വീണ്ടുവിചാരത്തിലേക്ക് നയിക്കുമെന്നും രക്തശുദ്ധി പാരമ്പര്യത്തിന്റെ പേരിൽ നടത്തുന്ന പുറത്താക്കൽ നടപടി അവസാനിപ്പിക്കുമെന്നും ഉതുപ്പ്സാർ പ്രത്യാശിച്ചു. അദ്ദേഹം പല തവണ തന്റെ സുഹൃത്തു കൂടിയായ കോട്ടയം രൂപതയുടെ മാർ മാത്യു മൂലക്കാട്ടിനെ സന്ദർശിക്കുകയും ഇതേക്കുറിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു. മാർപ്പാപ്പായുടെ നിർദ്ദേശം ലഭിച്ചെങ്കിൽ മാത്രമേ ഇതിനൊരു മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ എന്ന് മാർ മാത്യു മൂലക്കാട്ട് പറഞ്ഞതനുസരിച്ച് നിവേദനം തയ്യാറാക്കി മേജർ ആർച്ചുബിഷപ്പുവഴി അയക്കുന്നതിന് മേജർ ആർച്ചുബിഷപ്സ് കൂരി

യായിൽ സമർപ്പിച്ചുവെങ്കിലും നേരിട്ട് അയച്ചാൽ മതിയെന്നു പറഞ്ഞ് നിവേദനം തിരികെ അയയ്ക്കുകയാണ് ചെയ്തത്. മാർപ്പാപ്പയ്ക്ക് നിവേദനം അയച്ചുവെങ്കിലും മറുപടിയുണ്ടായില്ല.

29-01-2013 കോട്ടയത്ത് ഒരു രാഷ്ട്രീയ സമ്മേളനവും റാലിയും നടത്തി. തുടർന്നുള്ള കമ്മറ്റിയോഗങ്ങളിൽ ഉതുപ്പ്സാറിന്റെ ആവശ്യം മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തണം, അതിനുള്ള അനുവാദം വാങ്ങണം, റോമിൽ പോകണം, നിവേദനം നേരിട്ട് മാർപ്പാപ്പയുടെ കയ്യിൽ കൊടുക്കണം എന്നിവയായിരുന്നു. ഉതുപ്പ്സാറിന്റെ ഈ ആഗ്രഹം സഫലീകരിക്കുന്നതിന് എന്തു ത്യാഗവും സഹിക്കുന്നതിന് എക്സ്. അംഗങ്ങൾ മുന്നോട്ടുവരികയും ചെയ്തതോടെ ഉതുപ്പ്സാറിന് സന്തോഷമായി. തന്റെ രോഗം മറന്ന് അദ്ദേഹം കമ്മറ്റി മീറ്റിങ്ങുകൾ കൂടെക്കൂടെ വിളിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ 2014 ഫെബ്രു. 5 മുതൽ 12 വരെ സിബിസിഐ സമ്മേളനം പാലായിൽ നടക്കുന്നതായി വാർത്ത വന്നു. അടുത്ത എക്സി. കമ്മറ്റിയിൽ സിബിസിഐ സമ്മേളനം ചർച്ചാവിഷയമാക്കണമെന്നും പാലായിൽ ഒരു പ്രകടനം നടത്തി സിബിസിഐ പ്രസിഡന്റിന് ഒരു നിവേദനം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും ഉതുപ്പ്സാർ എന്നെ വിളിച്ചുപറഞ്ഞു.

2013 സെപ്റ്റ. 12-ന് ഞാൻ ഉതുപ്പ്സാറിനെ വിളിക്കുന്നു. ഫോൺ എടുത്തത് സാർ ആയിരുന്നു. സംസാരത്തിൽ അല്പം ദേഷ്യമുള്ളതുപോലെ എനിക്കുതോന്നി. എങ്കിലും ഞാൻ സാറിനോട് 15-ന് എക്സ്. കമ്മറ്റി കൂടുവാൻ സൗകര്യമുണ്ടോ എന്നു ചോദിച്ചു. സാറിന്റെ മറുപടി തീരെ അപ്രതീക്ഷിതമായിരുന്നു "എനിക്ക് സുഖമില്ല, ഞാൻ ഹോസ്പിറ്റലിൽ പോകുകയാണ്. നിങ്ങൾ കൂടിക്കോ. എന്നെ ഇനി പ്രതീക്ഷിക്കേണ്ട" പിറ്റേ ദിവസം സാറിനെ വിട്ടിലേക്ക് വിളിച്ചപ്പോൾ മെഡിക്കൽ സെന്ററിൽ അഡ്മിറ്റ് ആണെന്നും, ഡയാലിസിസ് ചെയ്യേണ്ടിവരുമെന്നും അറിഞ്ഞു. ഭാരത് ഹോസ്പിറ്റലിൽ ചെന്ന് സാറിനെ കണ്ടു. ഞാൻ സാറിനെ വിളിച്ചു. മൂന്നാമത്തെ വിളിയിൽ സാർ മൂളിയതുപോലെ എനിക്കു തോന്നി. ഞാൻ സാറിന്റെ വലത്തു കൈപ്പത്തിയിൽ പിടിച്ചു. സാർ, എന്റെ വിരലുകളിൽ മുറുക്കിപ്പിടിച്ചു. ഒന്നും സംസാരിക്കുവാൻ സാറിനു ആകുമായിരുന്നില്ല. പക്ഷേ മനസ്സിലാകുമായിരുന്നു. KCNS ന്റെ

മുന്നോട്ടുള്ള പ്രവർത്തനം എന്നെ ഏല്പിക്കുന്നതുപോലെ എനിക്കു തോന്നി. നാലഞ്ചുതുള്ളി കണ്ണുനീർ എന്റെ കണ്ണിൽനിന്നു പൊഴിഞ്ഞു വീണു. 22 വർഷത്തെ സ്നേഹബന്ധം അവസാനിക്കുകയാണല്ലോ എന്ന് തോന്നി. ഞാൻ സാറിനെ അഭിവാദ്യം ചെയ്ത് പുറത്തേക്ക് പോന്നു. സെപ്റ്റ. 22-ാം തീയതി സാറിന്റെ മരണവാർത്തയാണറിയുന്നത്.

23-ാം തീയതി സാറിന്റെ മൃതസംസ്കാരമായിരുന്നു. കിഴക്കേ നട്ടാശ്ശേരി പള്ളിയിൽ കല്ലറ പണിയുന്നതിന് അഡ്വാൻസായി മുഴുവൻ തുകയും കൊടുത്ത് ബുക്ക് ചെയ്തിരുന്നു എങ്കിലും വികാരിയച്ചൻ അനുവദിച്ചില്ല. അരമനയിൽ പരാതിപ്പെട്ടിട്ടും അനുവാദം കിട്ടിയില്ല. സാധാരണ കല്ലറയിൽ അടക്കം ചെയ്യുന്നതിന് അനുവദിക്കുകയും വൈകുന്നേരം 3 മണിക്ക് സംസ്കാരചടങ്ങുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. കഞ്ഞിക്കുഴിയിൽ ഇറഞ്ഞാൽ പാലത്തിന് അടുത്തുള്ള സാറിന്റെ വസതിയിൽ മൃതശരീരം പൊതുദർശനത്തിന് വയ്ക്കുകയും നൂറുകണക്കിന് ജനങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. KCNS ന്റെ എല്ലാ യൂണിറ്റുകളിൽനിന്നും പ്രതിനിധികളെത്തി പുഷ്പചക്രങ്ങളർപ്പിച്ചു.

സംസ്കാരത്തിനുശേഷം KCNS ന്റെ നേതൃത്വത്തിൽ അനുശോചന സമ്മേളനം നടത്തി. റവ. ഡോ. ഡേവിസ് കാച്ചപ്പള്ളി, ജോസഫ് തോട്ടുങ്കൽ, സി.എം. സിറിയക്, ലൂക്കോസ് മാത്യു, സി.കെ. പുന്നൻ, വി.സി. മത്തായി, ജോണി കുരുവിള തുടങ്ങിയവർ അനുശോചനപ്രസംഗങ്ങൾ നടത്തി. ശ്രീ. ജോർജ്ജ് മൂലേച്ചാൽ, ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ അനുശോചനസന്ദേശം വായിച്ചു. സാറിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചതിനോടൊപ്പം കോട്ടയം രൂപതയുടെ അക്രൈസ്തവമായ നടപടികൾക്കെതിരായി ഉതുപ്പ്സാർ തുടങ്ങിവച്ച KCNS ന്റെ പ്രവർത്തനം വിജയം കാണുന്നതുവരെ തുടരുമെന്ന് അംഗങ്ങൾ പ്രതിജ്ഞയെടുക്കുകയും ചെയ്തുകൊണ്ടാണ് സമ്മേളനം സമാപിച്ചത്.

# 9

# സ്നേഹസ്മരണയോടെ

## ജോസ് ജേക്കബ്

ഉതുപ്പുസാറിനെ പരിചയപ്പെടുന്നത് കാൽ നൂറ്റാണ്ടു മുമ്പാണ്. കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഭാഗമായ പ്രാർത്ഥനാ ഗ്രൂപ്പ് സമ്മേളനത്തിനിടയിൽ അദ്ദേഹത്തെയും സഹധർമ്മിണി ശ്രീമതി അന്നമ്മയെയും കണ്ടുമുട്ടി. തങ്ങളുടെ വ്യക്തിജീവിതത്തിൽ ഇടപെട്ട് അതിനെ അർത്ഥപൂർണ്ണവും ലക്ഷ്യബദ്ധവുമാക്കുന്ന ദൈവത്തെ സ്തുതിക്കുക, അവിടുത്തേക്ക് നന്ദിയർപ്പിക്കുക, ദൈവാനുഭവങ്ങൾ പങ്കുവയ്ക്കുക എന്നതായിരുന്നു പ്രാർത്ഥനാ സമ്മേളനങ്ങളിൽ മുഖ്യമായി സംഭവിച്ചിരുന്നത്. പിന്നീട് ഉതുപ്പുസാറും അന്നമ്മചേച്ചിയുമായി ഇടപെട്ടപ്പോഴും മുഖ്യ സംസാരവിഷയം ദൈവാനുഭവം തന്നെയായിരുന്നു. ക്രിസ്തുവിലുള്ള ജീവിത നവീകരണമായിരുന്നു മുഖ്യ ലക്ഷ്യം. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് സമ്മേളിച്ചിരുന്ന പ്രാർത്ഥനാഗ്രൂപ്പിൽ മുടങ്ങാതെ, കൃത്യനിഷ്ഠയോടെ എത്തിയിരുന്നവരുടെ മുൻനിരയിൽ അവർ രണ്ടുപേരുമുണ്ടാകും. ക്രിസ്മസിനോട് ചേർന്നുള്ള ഞായറാഴ്ചയിൽ വീട്ടിൽ തയ്യാറാക്കിയ കേക്കുമായാണ് അന്നമ്മചേച്ചി വരിക. താൻ വിശ്വസി

ക്കുകയും ബോധ്യതലത്തിൽ സ്വീകരിക്കുകയും ചെയ്യുന്നവയോട് അനിതരസാധാരണമായ പ്രതിബദ്ധത പുലർത്തിയിരുന്നയാളാണ് ഉതുപ്പുസാർ. വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സ്വന്തമാക്കിയിരുന്ന ദൈവാനുഭവവും കൈപിടിച്ചു നടത്തുന്ന ദൈവപരിപാലനയും അദ്ദേഹത്തെ തരളിതനാക്കി. ഹൃദയാർദ്രത അദ്ദേഹത്തിന്റെ കണ്ണുകളെ സജലമാക്കുക പതിവായിരുന്നു. അദ്ധ്യാപനവൃത്തിയുടെ കൃത്യത പ്രബോധനങ്ങളിൽ പ്രകടമായിരുന്നു.

ശുചിത്വബോധം ആഴപ്പെടുന്നതനുസരിച്ച് വീടും പരിസരവും സ്വന്തമെന്നു കരുതുന്നവയും വൃത്തിയും വെടിപ്പുമുള്ളതാവണമെന്നാഗ്രഹിക്കുക നല്ലൊരു വ്യക്തിത്വത്തിന്റെ ഭാവമാണ്. ഉതുപ്പുസാർ സഭയെയും ഇടവകയെയും സ്വന്ത ജനത്തെയും സ്നേഹിച്ചിരുന്നു. അവിടെ ശുചിത്വമുണ്ടാകണമെന്ന്, ജീവന്റെ സമൃദ്ധി അനുഭവവേദ്യമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പാരമ്പര്യത്തേക്കാൾ ഉപരിയാണ് സ്നേഹം, ബലിയേക്കാൾ ശ്രേഷ്ഠമാണ് കരുണ എന്ന്, പഠിപ്പിക്കുകയും സ്വജീവിതത്തിലൂടെ നമുക്ക് പകർന്നു തരികയും ചെയ്ത യേശുവിനെ ഗൗരവപൂർവ്വം കണക്കിലെടുക്കുന്നവർക്ക് നിസ്സംഗതയിലേയ്ക്ക് പിൻവലിയുവാൻ ആവില്ല. സഭാസംവിധാനങ്ങളുടെ നവീകരണത്തിൽ പങ്കാളിയാകാനുള്ള വിളിക്ക് ഉതുപ്പ്സാർ പ്രത്യുത്തരമേകി. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനവും പോരാട്ടവും ഏറെ വർഷങ്ങൾ നീണ്ടു. തനിക്ക് വ്യക്തികളോടല്ല, കീഴ്വഴക്കങ്ങളോടാണ് എതിർപ്പ് എന്നദ്ദേഹം സ്വജീവിതത്തിലൂടെ വിളിച്ചോതി; വ്യക്തിബന്ധങ്ങൾക്ക് വില കല്പിച്ച് ഹൃദയത്തിൽ ഏറെ കരുതലോടെ കാത്തുസൂക്ഷിച്ചു. അദ്ദേഹത്തിൽ പ്രകടമായിരുന്ന ആർജ്ജവം ഉപരി നന്മ ലക്ഷ്യമിടുന്ന സകലരേയും തഴുകട്ടെയെന്ന് ആശംസിക്കുന്നു.

# 10

# ക്നാനായ കാത്തലിക് നവീകരണ സമിതി

## ഓർച്ചാർട്ട്

ക്നാനായ കത്തോലിക്കാ നവീകരണ സമിതി ഒരു സ്വാതന്ത്ര്യ മുന്നേറ്റമാണ്. ക്നാനായ സമൂഹത്തിലെ പീഡിതജനതയെ ക്നാനായ അരൂപിയുടെ അടിച്ചമർത്തലിൽനിന്നും പരിശുദ്ധാത്മ സ്വാതന്ത്ര്യത്തിലേക്ക് വിമോചിപ്പിക്കാൻ പ്രചോദിതമായതാണത്. പഴയ നിയമത്തിലെ ചില പ്രവചനങ്ങളുടെ പൂർത്തീകരണമെന്ന നിലയിൽ നിലവിൽ വന്ന ഒരു മുന്നേറ്റമാണിത്. ചില ക്നാനായ കുടുംബങ്ങൾ അടുത്ത കാലത്ത് നേരിട്ട പീഡനങ്ങളും ക്നാനായ സമൂഹത്തിലെ അനീതിയും വംശീയ വിവേചനത്തോടും നേരിടാനുള്ള ദൃഢനിശ്ചയവുമാണ് ക്നാനായ കത്തോലിക്കാ നവീകരണത്തിന്റെ അടിസ്ഥാന കാരണം. പുരോഹിതവർഗ്ഗം അനുശാസിക്കുന്ന സ്വവംശവിവാഹം എന്ന ആചാരം മൂലം കേരളത്തിൽ കഴിഞ്ഞ 17 നൂറ്റാണ്ടുകൾ അനേകം കുടുംബങ്ങൾ പീഡിപ്പിക്കപ്പെടുന്നു.

### ഇന്നത്തെ ക്നാനായ സമുദായം

ഇന്ന് ക്നാനായ സമുദായം വിഭജിക്കപ്പെട്ട് രണ്ടു ധ്രുവങ്ങളിലായി കഴിയുന്നു. ഒന്ന് അടിസ്ഥാനവാദികളും രണ്ട് വിമോചനവാദികളും. എങ്കിലും മൂന്നാമതൊരു വിഭാഗം കൂടിയുണ്ട്. അവിടെ ദൃഢമായ അഭി

പ്രായങ്ങളൊന്നുമില്ല. സമുദായം എങ്ങോട്ടു നീങ്ങുന്നുവെന്നതിനെക്കുറിച്ച് അവർക്കും ഒട്ടും താത്പര്യവുമില്ല.

ക്നാനായ സമുദായത്തിലെ മൗലിക വിഭാഗക്കാർ പഴയനിയമത്തിലാണ് തങ്ങളുടെ വിശ്വാസം കെട്ടിപ്പടുക്കുക. യഹൂദപ്രബോധനങ്ങൾ കർശനമായി പാലിക്കണമെന്ന് അവർ കരുതുന്നു. എന്നാൽ വിമോചനവാദികളാകട്ടെ യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ മാത്രമാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. മൗലിക വിഭാഗക്കാരുടെ അടിസ്ഥാന പ്രബോധനം സ്വവർഗ്ഗവിവാഹം ആചരിക്കുകയെന്നതാണ്. അബ്രാഹവും ഇസഹാക്കും യാക്കോബും അനുവദിച്ചിരുന്നത് അതാണെന്ന് അവർ കരുതുന്നു. യാക്കോബ് സ്വവംശത്തിൽനിന്ന് വിവാഹം കഴിച്ചു. നിയമാവർത്തനം 7:14, നെഹമിയ 9:3, എസ്രാ 9:10–14; 10:2–5; എന്നിവയിലൂടെ നൽകപ്പെട്ട നിയമം പാലിക്കാൻ ഉദ്ദേശിക്കുകയും ചെയ്തു. സ്വന്തം സമുദായത്തിൽനിന്ന് വിവാഹം കഴിക്കാൻ അവർ ജനങ്ങളെ പഠിപ്പിച്ചു. യഹൂദരല്ലാത്ത സ്ത്രീകളെ വിവാഹം കഴിച്ചവരെ സമുദായത്തിൽനിന്ന് ഭ്രഷ്ടരാക്കി. പഴയനിയമത്തിൽ, സ്വന്തം സമുദായത്തിൽനിന്നല്ലാത്ത ഭാര്യമാരെ ഉപേക്ഷിച്ചിരുന്നത് വംശീയപരിഗണന കൊണ്ടു മാത്രമല്ല. പരദേശികളെ വിവാഹം കഴിച്ചവരെ അവിശ്വാസികളുടെ വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് തടയുന്നതിനും കൂടിയായിരുന്നു. സ്വവംശവിവാഹം ആചരിക്കണമെന്ന് വ്യക്തമാക്കാൻവേണ്ടി ആയിരുന്നില്ല ഇത്. ഇത്, ക്നാനായ സമുദായത്തിലെ മൗലികവാദികൾ സ്വവംശവിവാഹവും ശുദ്ധരക്തവാദവും ആചരിക്കുന്നതിനുള്ള കാരണമായി ഉപയോഗിക്കുന്നു.

സമുദായത്തിലെ മൗലികവാദവിഭാഗത്തിന്റെ ധാരണയ്ക്കു വിരുദ്ധമായി യഹൂദസമുദായത്തിനു വെളിയിൽനിന്ന് വിവാഹം കഴിച്ച അനേകർ പഴയ നിയമത്തിലുണ്ട്. ഈ ആചാരം സമുദായത്തിനുള്ളിൽ നിലവിലുണ്ടായിരുന്നു. റൂത്ത്, സോളമൻ, ജോസഫ് തുടങ്ങിയവർ അതിൽപ്പെടും. മോശ വിവാഹം കഴിച്ചത് മിദിയാൻകാരിയെ ആയിരുന്നു. ദാവീദ് മോവാബുകാരിയായ റൂത്തിന്റെ പരമ്പരയിൽപ്പെട്ട ആളായിരുന്നു.

ക്നാനായ സമുദായത്തിലെ സ്വതന്ത്രവാദികൾ യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളെ പിന്തുടർന്നു. വിശുദ്ധ പൗലോസ് യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് പ്രത്യേകിച്ച് മത്തായി 28:17–20; 15:6–7 ഊന്നൽ നൽകി പ്രചരിപ്പിച്ചു. ഈ സ്വതന്ത്ര പ്രബോധനങ്ങൾ ഉൾക്കൊള്ളാൻ

വിശുദ്ധ പത്രോസിന് തുടക്കത്തിൽ ബുദ്ധിമുട്ടായിരുന്നു. കോർണേലിയസിനു ദർശനത്തിലൂടെ ലഭിച്ച യേശുവിന്റെ സന്ദേശം നൽകപ്പെട്ടപ്പോൾ മാത്രമാണ് വിശുദ്ധ പത്രോസ് അത് സ്വീകരിച്ചത് (അപ്പ. 10).

## മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ ഭരണകാലത്തുള്ള ക്നാനായ മൗലികവാദ വളർച്ച

കോട്ടയം രൂപത മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ അജപാലനത്തിലായിരുന്നപ്പോൾ ക്നാനായ മൗലികവാദം വളർന്നു. ഈ കാലയളവായിരുന്നു കോട്ടയം രൂപതയുടെ അന്ധകാരപൂർണ്ണമായ കാലഘട്ടങ്ങളിലൊന്ന്. സമുദായമൊന്നാകെ ക്നാനായ ആവേഗത്തിൽ അടിച്ചമർത്തപ്പെട്ടിരുന്നു. പരിശുദ്ധാത്മ സ്നേഹം അനുഭവിക്കുന്നതിൽ നിന്ന് തടയപ്പെട്ടിരുന്നു. കോട്ടയം രൂപതയിലെ ഞായറാഴ്ച മതബോധന ക്ലാസുകൾ ക്നാനായ സ്പിരിറ്റ് പകർന്നു നൽകുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ക്നാനായ രക്തത്തിന്റെ ശുദ്ധതയെക്കുറിച്ച് പഠിപ്പിച്ചു. ക്നാനായ വംശം മറ്റുള്ളവയേക്കാൾ ഉയർന്നതാണെന്നും പഠിപ്പിച്ചു. ഭൂരിഭാഗം പേരും ദുർവാശിക്കാരും അഹങ്കാരികളുമായിരുന്നു. ഈ കാലയളവിൽ ക്നാനായ മതഭ്രാന്തിന്റെ പ്രബോധനങ്ങളുടെ സ്വാധീനത്തിലുമായിരുന്നു.

രൂപതയിൽ യേശുവിന്റെ യഥാർത്ഥ അനുയായികൾ നന്നേ കുറവായിരുന്നു. സമുദായം ഇത്തരക്കാരെയും സ്വവംശവിവാഹം എതിർത്തവരേയും യേശുവിനെ അനുഗമിച്ചവരേയും കഠിനമായി പീഡിപ്പിച്ചു. കോട്ടയം രൂപതയുടെ അക്രൈസ്തവവും അധാർമ്മികവുമായ മാർഗ്ഗങ്ങളെ ധൈര്യപൂർവ്വം എതിർത്തിരുന്ന പ്രസംഗകരെ പീഡിപ്പിക്കുകയും തട്ടിക്കൊണ്ടുപോകുകയും മരുന്നുകുത്തിവയ്ക്കുകയും തല്ലിച്ചതയ്ക്കുകയും ചെയ്തിരുന്നു. സമുദായത്തിലെ മേൽത്തട്ടുകാർ പൊതുസ്ഥലത്ത് പൊതുജനമദ്ധ്യേ ശുദ്ധീകരണ ക്രിയകൾ നടപ്പിലാക്കി. സകല വിജാതീയരേയും ജ്ഞാനസ്നാനപ്പെടുത്തി സ്വീകരിക്കുകയെന്ന ആഗോള കത്തോലിക്കാ പ്രബോധനത്തിന് വിരുദ്ധമായിരുന്നു ഇത്. ഇത്തരത്തിലൊന്നായിരുന്നു ലത്തീൻരക്തത്തിന്റെ അശുദ്ധതയിൽനിന്നും കോട്ടയം രൂപതയെ ശുദ്ധീകരിക്കാൻ രൂപതയിൽനിന്ന് ഒറവണക്കളം കുടുംബത്തെ പുറന്തള്ളാനും ഭ്രഷ്ട് കല്പിക്കാനും വേണ്ടി നടപ്പിലാക്കിയ പരസ്യമായ ശുദ്ധീകരണ നടപടി.

ക്നാനായ സമുദായത്തിലെ മൗലികവാദികളുടെ കാഴ്ചപ്പാടിതാണ്: ബിജുവിന്റെ അമ്മയും ശ്രീ. ഉതുപ്പുമായുള്ള വിവാഹം ആശീർവദിക്കുകയും അവരെ കോട്ടയം രൂപതയുടെ അംഗങ്ങളാക്കുകയുംവഴി തറയിൽ മെത്രാൻ ഈ ലത്തീൻ അശുദ്ധത കോട്ടയം രൂപതയിലേക്ക് പ്രചരിപ്പിച്ചു എന്ന് അവർ വിശ്വസിക്കുന്നു. ഈ ലാറ്റിൻ അശുദ്ധതയെ കോട്ടയം രൂപതയിൽനിന്ന് നീക്കം ചെയ്യുന്നതിന് അശുദ്ധ ഒറവണക്കളം കുടുംബത്തെ സമുദായത്തിൽനിന്ന് പുറത്താക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തത് മാക്കീൽ കുടുംബമായിരുന്നു. ഈ സമുദായ ശുദ്ധീകരണ കർമ്മം നിർവഹിക്കുന്നതിന് ഇരയായി ഒറവണക്കളം കുടുംബാംഗമായ ബിജുവിന് മാക്കീൽ കുടുംബത്തിലെ ഒരു മകളെ അവർ നൽകി. മാക്കീൽ കുടുംബാംഗത്തെ വിവാഹം ചെയ്യാൻ സമ്മതിപ്പിച്ചതിനുശേഷം ബിജുവിനെയും ഒറവണക്കളം കുടുംബാംഗങ്ങളെയും സമുദായഭ്രഷ്ടരാക്കുകയായിരുന്നു അവർ ആസൂത്രണം ചെയ്ത പദ്ധതി. മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിരുന്ന വിവാഹ മനസമ്മതം ഭേദിക്കുന്നതുവഴി ഉളവാകുന്ന ലജ്ജയും കുറ്റബോധവും ഒഴിവാക്കാൻവേണ്ടി മാക്കീൽ കുടുംബത്തിലെ ഒരുവളെ വിവാഹം ചെയ്യുന്നതിന് ഒറവണക്കളം കുടുംബം കോട്ടയം രൂപതയിൽനിന്ന് സ്വമേധയാ പുറത്തുവരാൻ സമ്മതിക്കുമെന്ന് അവർ കരുതി. ഇതു സംഭവിക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതിന് ഒറവണക്കളം കുടുംബത്തെ കോട്ടയം രൂപതയിൽനിന്ന് ഭ്രഷ്ടരാക്കണമെന്നാവശ്യപ്പെട്ട് ആരോ ഒരു കേസ് ഫയൽ ചെയ്തു. അത് കോട്ടയം ക്നാനായ രൂപതയുടെ പൊതു ശുദ്ധീകരണത്തിനായി ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു. അവരുടെ മാർഗ്ഗങ്ങൾ ദൈവം നിരീക്ഷിക്കുന്നുണ്ടെന്ന കാര്യം അവർ അറിഞ്ഞിരുന്നില്ലെന്ന് തോന്നുന്നു.

തുടർന്നുവന്നിരുന്ന ഭ്രാന്തമായ ശുദ്ധീകരണ കർമ്മങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി, യേശുവിന്റെ പ്രബോധനങ്ങളെല്ലാം ദൈവികമല്ല എന്ന് കോടതിയിൽ പരസ്യമായി ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി പ്രഖ്യാപിച്ച കാലയളവായിരുന്നു ഇത്.

ഈയടുത്ത നാളുകളിൽ കോട്ടയം രൂപതയിൽ കുറ്റകൃത്യങ്ങളുടെയും അഴിമതിയുടെയും അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലൊന്നായിരുന്നു, കോട്ടയം രൂപതയിലെ ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്ന ഒരു കന്യാസ്ത്രീ ദുരൂഹസാഹചര്യത്തിൽ കിണറ്റിൽ വീഴുകയും മരണമടയുകയും ചെയ്തത്. മറ്റുള്ളവർ ഇതിനെ മാനസികസ്ഥി

രത നഷ്ടപ്പെട്ട കന്യാസ്ത്രീയുടെ ആത്മഹത്യയായി വിലയിരുത്തുന്നു. അന്വേഷണം നാളിതുവരെ തുടരുകയാണ്; ദുരൂഹത ഇന്നും നില നിൽക്കുന്നു. കരുത്തരായ ചില വൈദികരും കന്യാസ്ത്രീകളും കുറ്റാ രോപിതരായി അറസ്റ്റ് ചെയ്യപ്പെട്ടു. ഇത് കോട്ടയം രൂപതയ്ക്ക് മങ്ങ ലേൽപ്പിച്ചു.

ബലഹീനരും നിഷ്കളങ്കരുമായ ഒറവണക്കളം കുടുംബത്തിനെതിരെ ക്നാനായ സമുദായത്തിലെ ഒരു വിഭാഗം മൗലിക വാദികൾ കേസ് ഫയൽ ചെയ്തതിനുശേഷം മാത്രമാണ് ക്നാനായ കന്യാസ്ത്രീയുടെ മരണം സംഭവിച്ചത്. ഒറവണക്കളം കുടുംബത്തിനെതിരെയുള്ള ഈ കേസിൽ കോട്ടയം രൂപതയുടെ പിൻബലമുണ്ടായിരിക്കാൻ സാധ്യത യുണ്ട്. സ്വവംശവിവാഹമെന്ന ആചാരത്തിന്റെ ഭാഗമായി ആ കുടും ബത്തെ സമുദായത്തിൽനിന്ന് പുറത്താക്കാൻ വേണ്ടിയായിരുന്നു കേസ് ഫയൽ ചെയ്തത്. മേല്പ്പറഞ്ഞ രണ്ടു കേസുകളുടെയും സംഭവക്രമമ നുസരിച്ച് കന്യാസ്ത്രീയുടെ മരണം, നിഷ്കളങ്കർക്കെതിരെ സ്വവംശ വിവാഹ ആചാരത്തെ പ്രതിയുള്ള രൂപതയുടെ നിലപാടിനുമേലുള്ള ദൈവകരമാണെന്ന് സ്വതന്ത്രവാദക്കാരിൽ ചിലർ കരുതുന്നു. തങ്ങളു ടേതല്ലാത്ത കുറ്റത്തിന്റെ പേരിൽ പള്ളികളിൽ നിന്ന് പുറത്താക്കപ്പെടുന്ന നിരപരാധികളായ ക്നാനായ കുടുംബത്തെ പരസ്യമായി ശുദ്ധീകരി ക്കുകയും പീഡിപ്പിക്കുകയും സമുദായഭ്രഷ്ടരാക്കുകയും ചെയ്യുന്ന കോട്ടയം രൂപതയ്ക്കുമേലുള്ള ദൈവകോപമായി കന്യാസ്ത്രീയുടെ കേസ് അവർ കാണുന്നു.

പഴയ നിയമത്തിൽ ദാവീദു രാജാവിന്റെ കുടുംബത്തിൽ (2 സാമു വൽ 12:7-12) നിരപരാധിയും ദുർബലനുമായ ഉറിയായെ അടിച്ചമർത്തി അയാളുടെ ഭാര്യയുമായി ദാവീദ് രാജാവ് വ്യഭിചാരം ചെയ്തതിന് (2 സാമുവൽ 11) തദ്ഫലമായി സ്വന്തം പുത്രൻ അയാളുടെ മകളെ ബലാ ത്സംഗം ചെയ്തതിന് (2 സാമു. 13:19) പിന്നീട് തന്റെ ഭരണത്തിന്റെ ചുരു ങ്ങിയ കാലയളവിനുള്ളിൽ ദാവീദ് രാജാവ് സ്വമകനാൽ വധിക്കപ്പെട്ട തിന് (2 സാമു. 13:23-28) ഇത്തരം ശാപങ്ങളും നിന്ദനങ്ങളും ഉണ്ടായി ട്ടുണ്ട്. ക്ഷുഭിതനായ ദാവീദ്രാജാവ് സംഭവം ഒതുക്കാനും മകനെ സംര ക്ഷിക്കാനും ശ്രദ്ധിച്ചതുപോലെ, കന്യാസ്ത്രീയുടെ കാര്യത്തിലെ സത്യം അമർത്തിവയ്ക്കാനും രൂപതയുടെ പുത്രർ എന്നറിയപ്പെടുന്ന വൈദി കരെ സംരക്ഷിക്കാനും ശ്രമിക്കുന്നതുപോലെ തോന്നുന്നു.

അതേസമയംതന്നെ ദൈവം ഏതാനും ചില ക്നാനായ കുടുംബ ങ്ങളെ ഉയർത്തുകയും അനുഗ്രഹിക്കുകയും ചെയ്തു. അവരിലൂടെ ക്നാനായ കത്തോലിക്കാ നവീകരണ സമിതി മുന്നേറ്റമുണ്ടായി. രൂപ തയെ അതിന്റെ ഇരുളടഞ്ഞ കാലഘട്ടത്തിൽ ദൈവസഹായത്തോടെ നിലവിൽവന്ന പരിശുദ്ധാത്മാവിന്റെ ഒരു പ്രവാചക മുന്നേറ്റമാണിത്. മുന്നേറ്റത്തിന് രൂപം നൽകിയത് നിര്യാതനായ ശ്രീ. ചാക്കുട്ടിയാണ്. സ്വവംശവിവാഹ ആചാരവും വിജാതീയ ശുദ്ധീകരണകർമ്മവും എതിർക്കാൻ വേണ്ടിയാണ് ഇത് രൂപപ്പെട്ടത്.

## ഒറവണക്കളം ക്നാനായ പ്രതിസന്ധിയും കേസും

ബിഷപ് കുന്നശ്ശേരിയുടെ കാലത്ത് ക്നാനായ മൗലികവാദത്തിന്റെ വളർച്ചയുടെ ഇരുണ്ട യുഗത്തിൽ ക്നാനായ ചൈതന്യമാണ് ആരാധി ക്കപ്പെട്ടത്. പരിശുദ്ധാത്മാവിനെ ആരാധിച്ചവർ മതപീഡനത്തിനിരയായി. പീഡിപ്പിക്കപ്പെട്ട കുടുംബങ്ങളിലൊന്ന് ബിജു ഉതുപ്പിന്റേതായിരുന്നു. രാജ്യത്തിലെ ഏറ്റവും ഉന്നതമായ സാങ്കേതിക വിദ്യാലയങ്ങളിലാണ് ബിജു പഠിച്ചത്. മതാനുയായിയോ പരിശുദ്ധാത്മാവിന്റെ ആരാധകനോ എന്നതിനപ്പുറം അദ്ദേഹം ഒരു ശാസ്ത്രജ്ഞനും യുക്തിവാദിയുമായി രുന്നു. അത് അദ്ദേഹത്തെ എങ്ങുമെത്തിച്ചില്ല. ബാംഗ്ളൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ബിരുദാനന്തരബിരുദമെടുത്തിട്ടും ജോലി ലഭിച്ചില്ല. ക്യാമ്പസിനു പുറത്ത് നാലുവർഷം കഴിഞ്ഞിട്ടും ജോലി കിട്ടാഞ്ഞ് ഹൃദയം തകർന്ന് ഒരു ഹൈന്ദവസുഹൃത്തിന്റെ മുമ്പിൽ എത്തി. ഒരു ജോലി ലഭിക്കുന്നതിനുവേണ്ടി ഹിന്ദുവാകാൻ സുഹൃത്ത് ഉപദേശിച്ചു. യുക്തിവാദിയായിരിക്കെ ഹിന്ദുവായി മതപരിവർത്തനം ചെയ്യുകയെന്ന ആശയത്തെ ബിജു തള്ളിക്കളഞ്ഞു. പകരം തന്റെ അമ്മ യുടെ ദൈവത്തിന്റെ സഹായം തേടാനും ആയിരിക്കുന്ന ദുരവസ്ഥ യിൽനിന്ന് മോചനം നേടാനും തീരുമാനിച്ചു. യുക്തിവാദിയായി രിക്കെത്തന്നെ അദ്ദേഹം ഒരു ചെറിയ പ്രാർത്ഥന ചൊല്ലി തന്റെ അന്നത്തെ അവസ്ഥയിൽനിന്ന് രക്ഷിക്കണമേയെന്ന് അമ്മയുടെ ദൈവ ത്തോട് അപേക്ഷിച്ചു.

ഈ ചെറിയ പ്രാർത്ഥനയ്ക്ക് ദൈവം വലിയ മറുപടി നൽകി. ഈ പ്രാർത്ഥന കഴിഞ്ഞ് ഒരാഴ്ച പിന്നിട്ടപ്പോൾ, ഒരു ഞായറാഴ്ച ഉറക്ക ത്തിനിടയിൽ വലിയൊരു ശബ്ദം കേട്ടുണർന്നു. പള്ളിയിലേക്ക് പോകു

വാൻ ആ സ്വരം ആവശ്യപ്പെട്ടു. അദ്ദേഹം ഉടൻ എണീറ്റുനിന്നു; ശരീരം പനിപിടിച്ചാലെന്നവണ്ണം വിയർക്കുകയും വിറയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. സ്വപ്നം കണ്ടു ഭയചകിതനായ അദ്ദേഹം ഉടൻതന്നെ ഞായറാഴ്ച കുർബാനയ്ക്കു പോയി; വർഷങ്ങൾക്കുശേഷം. കുർബാനമദ്ധ്യേ യേശുനാമം ശ്രവിച്ചപ്പോഴെല്ലാം കരഞ്ഞു, കണ്ണീർ ധാരധാരയായി ഒഴുകി. ഇത്തരം പെരുമാറ്റത്തിന്റെ പിന്നിലെ കാരണം അദ്ദേഹത്തിനറിയില്ലായിരുന്നു. അന്നുമുതൽ എല്ലാ ഞായറാഴ്ചകളിലും കുർബാനയിൽ സംബന്ധിക്കും.

ഒരിക്കൽ കേരളത്തിലെത്തിയപ്പോൾ കുടുംബത്തോടൊപ്പം തിരുവനന്തപുരം കന്യാകുമാരി എന്നിവിടങ്ങളിൽ പോയി. ആ യാത്രയ്ക്കിടയിൽ പതിവുപോലെ കുർബാനയ്ക്കായി ഒരു ലത്തീൻപള്ളിയിൽപോയി. വിശുദ്ധ കുർബാനമധ്യേ, വൈദികൻ ഇത് യേശുവിന്റെ ശരീരമാകുന്നുവെന്ന് ഉച്ചരിച്ച് അപ്പമുയർത്തിയപ്പോൾ ആരാധനാസമൂഹമൊന്നാകെ മുട്ടുകുത്തി. ബിജുവും മുട്ടുകുത്തി. അപ്പോൾ പിന്നിൽനിന്ന് അത്യുച്ചത്തിൽ അമ്മാ എന്ന ഒരു നിലവിളി ഉയരുന്നത് കേട്ടു. ഉയർന്ന സ്വരത്തിലുള്ള നിലവിളിയായിരുന്നതിനാൽ സകലരും അതു കേട്ടുവെന്ന് ബിജുവിനുറപ്പായിരുന്നു. ആരാണ് നിലവിളിച്ചതെന്നറിയാൻ തിരിഞ്ഞുനോക്കി. എല്ലാവരും ശിരസ് നമിച്ച് ശാന്തമായി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നതുകണ്ട് ബിജു ആശ്ചര്യപ്പെട്ടു. കേട്ട സ്വരം സ്വർഗീയമായതാണെന്ന് തിരിച്ചറിഞ്ഞ ബിജു കരഞ്ഞു, നിയന്ത്രിക്കാനാവാതെ. ഈ അഭൗമിക സംഭവം ബിജുവിനെയാകെ ഉലച്ചു; ഇതേക്കുറിച്ച് ആരോടും ഒന്നും ഉരിയാടിയില്ല. അന്നുമുതൽ പുകവലിയും മദ്യപാനവും ഉപേക്ഷിച്ചു. ദുഃസ്വഭാവങ്ങളിൽനിന്ന് മോചനം നേടി; ബൈബിൾ ക്രമമായി വായിക്കാൻ തുടങ്ങി, രഹസ്യമായിത്തന്നെ. വീട്ടിലെത്തുമ്പോഴെല്ലാം മുറിയിൽ കയറി കതകടച്ച് ബൈബിൾ വായിക്കും. അപ്പോഴെല്ലാം അദ്ദേഹം കരയുമായിരുന്നു, എന്തിനെന്നറിയാതെ.

ഇക്കാലയളവിൽ, ബിജു, മാക്കീൽ കുടുംബത്തിൽപ്പെട്ട ഒരു പെൺകുട്ടിയുമായി വിവാഹ മനഃസമ്മതം നടത്തിയിരുന്നു. വിവാഹം നിശ്ചയിച്ചു. ആറുമാസത്തിനുശേഷം ബ്രൂണെയിൽനിന്ന് അദ്ദേഹത്തിന്റെ പിതാവ് അവധിക്കു നാട്ടിലെത്തുമ്പോൾ നടത്താനും തീരുമാനിച്ചിരുന്നു. ഇക്കാലത്താണ് മൗലികവാദിയായ ബിഷപ് കുര്യാക്കോസ് കുന്നശ്ശേരിയുടെ ഉദയം. ബിജുവിന്റെ വിവാഹം ഉറപ്പിച്ചതി

നുശേഷം, ഒരു കരിസ്മാറ്റിക് നവീകരണധ്യാനത്തിനുവേണ്ടി ഏർപ്പാടുകൾ ചെയ്തു. യുക്തിവാദിയിൽനിന്നും വിശ്വാസിയിലേക്കുള്ള ഈ ദൈവിക പരിവർത്തനം (സാവൂൾ പൗലോസായതുപോലെ) അനുഭവിച്ചിട്ട്, തന്റെ അമ്മ വിശ്വസിക്കുന്ന ദൈവത്തെ അനുഭവിക്കാൻ ബിജു തീരുമാനിച്ചു. അഞ്ചുദിവസം നീളുന്ന ധ്യാനം പ്രസംഗിച്ചത് ഫാ. ജെയിംസ് മഞ്ഞാക്കൽ ആയിരുന്നു. കേരളത്തിൽ സുവിശേഷം പ്രഘോഷിച്ചതിന്, കോട്ടയം രൂപതയുടെ സ്വവംശവിവാഹാചാരത്തിനെതിരേ പ്രസംഗിച്ചതിന് അദ്ദേഹം പീഡിപ്പിക്കപ്പെടുകയും പിന്നീട് കേരളത്തിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. ധ്യാനമദ്ധ്യേ ബിജു പരിശുദ്ധാത്മാവിനാൽ സ്പർശിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്തു. ബിജുവിന് പരിശുദ്ധാത്മ വരദാനങ്ങൾ ലഭിച്ചു. ധ്യാനത്തിൽ സംബന്ധിച്ചവർക്ക്, മടങ്ങുമ്പോൾ നിരവധി പരീക്ഷകളും യാതനകളും നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ് ലഭിച്ചിരുന്നു. ഇവയെല്ലാം യേശുവിന് സാക്ഷ്യം വഹിക്കാൻ വേണ്ടിയാണ്. ഇതിന്റെ പരിണിതഫലങ്ങൾ എന്തെന്നറിയാതെ ബിജു പ്രത്യുത്തരമായി പ്രാർത്ഥിച്ചു: "കർത്താവേ എല്ലാ പരീക്ഷകളും എനിക്കു നൽകണം. അവയെല്ലാം അതിജീവിച്ച് യേശുവിനായി ഉന്നത വിജയം കരസ്ഥമാക്കണം". തനിക്കുവേണ്ടി കാത്തിരിക്കുന്ന പരീക്ഷകളും യാതനകളും എന്തെന്ന് അദ്ദേഹത്തിന് തരിമ്പും നിശ്ചയമില്ലായിരുന്നു.

ധ്യാനം കഴിഞ്ഞ് ബിജു ആദ്യം ചെയ്തത് മാക്കീൽ കുടുംബത്തിലെ തന്റെ പ്രതിശ്രുത വധുവിനെ കാണുകയായിരുന്നു. മാക്കീൽ ഭവനത്തിലെ ജീവിതശൈലി പഴയനിയമത്തിലെ പരീശന്മാരുടേതിന് സമമായിരുന്നുവെന്ന് അദ്ദേഹം തിരിച്ചറിയുകയും വിശ്വസിക്കുകയും ചെയ്തു.

ഇക്കാലയളവിലാണ് ഒരജ്ഞാതൻ (പാളക്കട ചാക്കോ എന്നു കരുതപ്പെടുന്നു) ബിഷപ് കുന്നശ്ശേരി, ബിജു ഉതുപ്പ്, ഒറവണക്കളം കുടുംബം എന്നിവർക്കെതിരെ ഒരു കേസ് ഫയൽ ചെയ്തത്. കോട്ടയം രൂപതയ്ക്കുള്ളിലെ ആരോപിതമായ അശുദ്ധിയിൽനിന്ന് ശുദ്ധീകരിക്കുകയെന്ന ലക്ഷ്യത്തോടെ മാക്കിൽ കുടുംബം ആസൂത്രണം ചെയ്തുവെന്ന ആരോപണമാണ് ഈ കേസിനാധാരമെന്ന് കരുതപ്പെടുന്നു. കോട്ടയം രൂപതയിലെ കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ഇടവകയിൽനിന്നും ഒറവണക്കളം കുടുംബത്തെ സമുദായഭ്രഷ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് കേസ് ഫയൽ ചെയ്തത്; പീഡനത്തിനിരയായത് ബിജു ഉതുപ്പും അയാ

ളുടെ കുടുംബവും. ബിജു ഉതുപ്പിന്റെ വല്യമ്മ ലത്തീനാണ് എന്നാരോപിച്ചായിരുന്നു കേസ്. ഒറവണക്കളം കുടുംബമൊന്നാകെ അശുദ്ധരക്തനിരയാണെന്ന ആരോപണം ഉന്നയിക്കപ്പെട്ടു. ഇതായിരുന്നു ബിജു നേരിടേണ്ടിയിരുന്ന അസംഖ്യം പരീക്ഷകളിൽ ആദ്യത്തേത്. ഈ പരീക്ഷയിൽ പരിത്യാഗമെന്ന നിലയിൽ ബിജുവിന് തന്റെ പ്രതിശ്രുതവധുവിനെ കൈവെടിയേണ്ടിവന്നു; രണ്ടു കാരണങ്ങളാൽ, ഒന്ന് അവളുടെ ജീവിതശൈലി തനിക്ക് അനുയോജ്യമല്ലായിരുന്നു. രണ്ട്, വിവാഹത്തിനു മുമ്പ് വിധിന്യായം ഉണ്ടാകുന്നതിന് കാത്തിരിക്കാൻ അവർക്കാവില്ലായിരുന്നു. അതുകൊണ്ട് അവർ പരസ്പരം അനുയോജ്യരല്ലായെന്നു തീരുമാനിക്കുകയും വിവാഹനിശ്ചയ ഉടമ്പടി ഭേദിക്കുകയും ചെയ്തു.

ഇതെല്ലാം സംഭവിക്കുമ്പോൾ ബിജുവിന്റെ ജ്യേഷ്ഠസഹോദരനും ഇളയ സഹോദരിയും കോട്ടയം രൂപതയിൽതന്നെ വിവാഹിതരായിക്കഴിഞ്ഞിരുന്നു. അവരുടെ കുട്ടികൾ കോട്ടയം രൂപതയിൽത്തന്നെ സ്നാനം സ്വീകരിക്കുകയും അംഗങ്ങളായി ചേരുകയും ചെയ്തിരുന്നു. ജ്യേഷ്ഠസഹോദരന്റെ ഭാര്യ താമരശ്ശേരി കുടുംബത്തിലെ അംഗമാണ്. അവർ ക്നാനായ യാക്കോബായ സമുദായത്തിൽനിന്ന് ക്നാനായ കത്തോലിക്കാസഭയിൽ ചേർന്ന് ക്രിസ്തുരാജ കത്തീഡ്രലിൽവച്ചാണ് വിവാഹം കഴിച്ചത്. ബിജുവിന്റെ ഇളയ സഹോദരി വിവാഹിതയായി. ക്നാനായ കത്തോലിക്കപ്പള്ളിയിൽ അംഗമാണ്. അവൾക്കു പിറന്ന രണ്ടു കുഞ്ഞുങ്ങൾ മാമ്മോദീസ സ്വീകരിച്ച് അവിടെ അംഗങ്ങളായി. 'അജ്ഞാതൻ' ഫയൽ ചെയ്ത കേസ് നേരിടുന്നതിനുമുമ്പ്, ബിഷപ് കുര്യാക്കോസ് കുന്നശ്ശേരിക്ക് എതിരേ കേസ് ഫയൽ ചെയ്യാൻ ബിജുവും കുടുംബവും തീരുമാനിച്ചു. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾ പിൻതുടരാത്തതിനും കൂടാതെ കോട്ടയം രൂപതയിൽ സ്വവംശവിവാഹം എന്ന ആചാരം തുടരുന്നതിനും എതിരെയായിരുന്നു ഈ കേസ്. ഇത് പ്രസിദ്ധമായ ഒറവണക്കളം കുടുംബം ക്നാനായ കേസ് എന്നപേരിലറിയപ്പെട്ടു. ഈ കാലഘട്ടത്തിൽ ബിജു, ഒറ്റത്തൈക്കൽ കുടുംബത്തിലെ ലീനാ എമ്മാനുവൽ എന്ന പെൺകുട്ടിയുമായി വിവാഹസമ്മത ഉടമ്പടി ചെയ്തു. ആ കുടുംബം കേസിന് പിന്തുണയേകി, വിധിതീർപ്പിനായി ക്ഷമാപൂർവ്വം കാത്തിരുന്നു.

തിരുക്കുടുംബ ഇടവകയിലെ അംഗമെന്ന നിലയിൽ ഉടൻതന്നെ വിവാഹം നടത്തണമെന്ന തീരുമാനത്തിൽ കേസ് അതിവേഗം നീങ്ങി.

അത് അയാളുടെ മൗലികാവകാശമായിരുന്നുവല്ലോ. ബിജുവിന് ഒരു ശാസ്ത്ര കോൺഫറൻസിൽ പങ്കെടുക്കേണ്ടിയിരുന്നു. ഒന്നാം സാക്ഷി യെന്നനിലയിൽ ബിജു ക്രോസ് വിസ്താരത്തിനു വിധേയനാ കേണ്ടിവന്നു. ഇതുകേട്ടപ്പോൾ അയാൾ ക്ഷുഭിതനായി. കേസ് കോട്ടയം മെത്രാനെതിരെ ഫയൽ ചെയ്തിരുന്നതുകൊണ്ട് അദ്ദേഹമാണ് ആദ്യ സാക്ഷിയെന്നനിലയിൽ ആദ്യം വിസ്തരിക്കപ്പെടേണ്ടതെന്ന് ബിജുവിന് തോന്നി. ബിജു കർത്താവിന്റെ പക്കൽ നിലവിളിച്ചു. ഇത് എന്തുകൊ ണ്ടാണിങ്ങനെയെന്ന് വെളിപ്പെടുത്തണമെന്ന് അപേക്ഷിച്ചു. അദ്ദേഹം ഒരു മറുപടിക്കായി കാതോർത്തു. ഏശയ്യ 43:8-10 വചനങ്ങളിലൂടെ ദൈവം വെളിപ്പെടുത്തി. ഏശയ്യ നൽകിയ പ്രവചനങ്ങൾ പൂർത്തിയാ ക്കുന്നതിന് ദൈവം തന്നെ ഒരുപകരണമായി തിരഞ്ഞെടുത്തിരിക്കുന്നു വെന്ന് ബിജുവിന് ബോധ്യമായി. ഇതൊരു വലിയ വെളിപാടായിരുന്നു. പെട്ടെന്ന് കരച്ചിലടങ്ങി. പകരം അളവില്ലാത്തവിധം ആഹ്ലാദം അനുഭ വിക്കാൻ തുടങ്ങി. പെട്ടെന്നു അദ്ദേഹം തന്നെത്തന്നെ ദൈവഹിതത്തിന് സമർപ്പിച്ചു; അവിടുത്തെ ഉപകരണമാകാമെന്നേറ്റു.

ദൈവവചനത്തിലൂടെ ബിജുവിന് നൽകപ്പെട്ട വെളിപാടുമൂലം, കേസിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ താൻ കേസിൽ വിജയിച്ചിരിക്കുന്നുവെന്ന് ബിജു അറിഞ്ഞു.

ആദ്യസാക്ഷിയെന്നനിലയിൽ ബിജു കോടതിയിൽ കേസിനായി വിസ്തരിക്കപ്പെട്ടു. ദൈവമാണ് നിയന്ത്രിക്കുന്നതെന്ന് ബോധ്യപ്പെട്ട് ബാംഗ്ലൂരിലേക്ക് മടങ്ങി. നിയമവശത്ത് എന്താണ് സംഭവിച്ചതെന്ന് രണ്ടാം ഭാഗം രണ്ടാം അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നു. കേസിൽ അനേകർ സാക്ഷി പറഞ്ഞു. അതിൽ കുന്നശ്ശേരി പിതാവിന്റെ വിസ്താ രവും ക്രോസ് വിസ്താരവും ബിഷപ്സ് ഹൗസിൽ ഒരാഴ്ചയോളം നീളു കയും ചെയ്തു. ഒടുവിൽ വിസ്താരവും ക്രോസ് വിസ്താരവും അവ സാനിച്ചു. അന്തിമവിധി തീർപ്പാക്കുന്നതിന് ന്യായാധിപൻ സമയമെടുത്ത് പഠനം നടത്തി.

## വിധിയും കാത്ത്

കാത്തിരിപ്പിന്റെ ഈ കാലയളവിൽ പള്ളിയിൽനിന്നും അരമന യിൽനിന്നും അനേകർ ബിജുവിന്റെ പ്രതിശ്രുത വധുവിനെ സമീപിച്ച് വിവാഹസമ്മത ഉടമ്പടി ഭേദിക്കാനാവശ്യപ്പെട്ടു. ഇതാണ് വിജയിക്കാനും

ബിജുവിന്റെ കുടുംബം നിയമനിഷേധികളെന്ന് വിധിയെഴുതാനുമുള്ള ഏക വഴിയായി കണ്ടത്. കോട്ടയം രൂപതയിലെ ഒട്ടനവധി കന്യാസ്ത്രീകൾ ആ ഭവനത്തിലെത്തി പ്രതിശ്രുത വധുവിന്റെ അമ്മയെ ഈ ഉടമ്പടി റദ്ദാക്കാൻ നിർബന്ധിച്ചു. എങ്കിലും ലീനയും അവളുടെ അമ്മയും ബിജുവിനോടാപ്പംനിന്ന് വിധിക്കായി കാത്തിരുന്നു, കാത്തിരിപ്പ് നീണ്ടു. ലീനയുടെ അമ്മ ആകുലയായി. മെത്രാന്റെ പക്ഷം ചേരാതെ ബിജുവിനോടൊപ്പം നിൽക്കുന്നതിന് അവരെ ശപിച്ചുകൊണ്ട് അനേകം അജ്ഞാതരുടെ കത്തുകൾ അവർക്കു കിട്ടി.

ഒരു പ്രഭാതത്തിൽ, കേസിന്റെ വിധിക്കായി കാത്തുനിൽക്കുമ്പോൾ ബിജുവിനെ അമ്മ വിളിച്ച് കേരളത്തിലെ പുതിയ സംഭവവികാസങ്ങൾ അറിയിച്ചു. ലീനയെ ഉടൻ വന്നുകാണാൻ അമ്മ നിർബന്ധിച്ചു. കാരണം വിവാഹസമ്മതഉടമ്പടി റദ്ദാക്കാൻ ലീനയുടെമേൽ സമ്മർദ്ദം ഏറിവരികയാണെന്ന് അമ്മയ്ക്ക് ഒരു തോന്നൽ. ബിജു ഓടിക്കിതച്ച്, കേരളത്തിലേക്ക് പാഞ്ഞു. താൻ എത്തുമ്പോഴേക്കും റദ്ദാക്കൽ സംഭവിച്ചിരിക്കുമോ എന്ന് ബിജു ഉത്കണ്ഠപ്പെട്ടു. അങ്ങിനെ സംഭവിച്ചാൽ കേസിനുവേണ്ടിയുള്ള പോരാട്ടമത്രയും ഫലശൂന്യമാകും. വിധിക്കായുള്ള കാത്തിരിപ്പും വ്യഥാവിലാകും. ആ നിമിഷത്തിൽ ബിജു ദൈവത്തെ ചോദ്യം ചെയ്തു. ഏശയ്യ 43:8–10ൽ പ്രവചിക്കപ്പെട്ട ന്യായവിധി യാഥാർത്ഥ്യമാകേണ്ടതിന് ഒരു ഉപകരണമാകാൻ തന്നോടാവശ്യപ്പെട്ടത് ദൈവമാണ് എന്ന് ബിജു ദൈവത്തെ ഓർമ്മിപ്പിച്ചു. വിവാഹസമ്മതഉടമ്പടി തകർന്നാൽ പ്രവചനം എങ്ങനെ നിറവേറുമെന്ന് ബിജു ദൈവത്തോട് ചോദിച്ചു. ബിജു ബൈബിളിലൂടെ ഒരു ഉത്തരം ആവശ്യപ്പെട്ടു. അദ്ദേഹം ബൈബിൾ തുറന്നു. ദൈവം സംസാരിച്ചു, ഏശയ്യായിലൂടെ (41:1): “തീരദേശങ്ങളേ, നിശബ്ദമായിരുന്ന് എന്റെ വാക്കു കേൾക്കുക. ജനതകൾ ശക്തി വീണ്ടെടുക്കട്ടെ; അടുത്തുവന്നു സംസാരിക്കട്ടെ. നമുക്കു വിധിക്കായി ഒരുമിച്ചുകൂടാം”. മുമ്പെന്നപോലെ ഈ വചനങ്ങൾ ബിജുവിനെ സ്പർശിച്ചു; സ്വസ്ഥത കൈവന്നു. കർത്താവാണ് നിയന്ത്രിക്കുന്നതെന്ന മനോധൈര്യമുളവായി. ഏശയ്യ സംസാരവിഷയമാക്കിയ വിദൂരതീരദേശങ്ങൾ കേരളത്തിലെ മലബാർതീരമാണെന്നും ബൈബിളിൽ സൂചിപ്പിക്കുന്നവിധം തന്റെ വിവാഹകേസിന്റെ വിധിയാണെന്നും ബിജുവിന് മനസ്സിലായി. ബിജു ആഹ്ലാദഭരിതനായി. ലീനയുടെ ഭവനത്തിലെത്തിയപ്പോൾ മനസമ്മതം റദ്ദാക്കുന്നതിനെക്കുറിച്ച് യാതൊരു സൂചനയുമില്ല. ദൈവവുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ച്

ബിജു ലീനായോടും അമ്മയോടും പറഞ്ഞു. വാഗ്ദാനം ചെയ്തതു പോലെ ബിജുവിന്റെ അമ്മായിയമ്മ കോട്ടയം അരമനയിൽനിന്നുള്ള സമ്മർദ്ദത്തിനു വഴങ്ങിയില്ല. വിവാഹം തകർക്കാനുള്ള ശ്രമം പരാജയ മടഞ്ഞു. കേസ് ജയിക്കാനുള്ള ഏകമാർഗ്ഗമാണിതെന്ന് അവർ ധരിച്ചി രുന്നു. കേസിന്റെ വിജയം അവർക്കെതിരെ നീങ്ങുന്നതായി അവർക്ക നുഭവപ്പെട്ടു.

## അന്ത്യവിധി

ദൈർഘ്യമേറിയ നിശബ്ദ കാത്തിരിപ്പിനുശേഷം 1990 നവംബർ 24-ന് വിധി പ്രസ്താവിക്കപ്പെട്ടു. 42 പേജുള്ള വിധി ബിജു ഉതുപ്പിന് അനുകൂ ലമായിരുന്നു. കോട്ടയം ക്നാനായ കത്തോലിക്കാ രൂപതയ്ക്കുള്ളിൽ സ്വവംശവിവാഹമെന്ന ദുരാചാരം നിലനിർത്തുന്നതിന്റെ പേരിൽ പീഡി പ്പിക്കപ്പെടുന്ന നിരവധി ക്നാനായ കുടുംബങ്ങളുടെ സകല പ്രാർത്ഥന കൾക്കുമുള്ള മറുപടിയായിരുന്നു ഇത്. ഒരു സാധാരണ കുടുംബം ഒരു സിവിൽ കോടതിയിൽ നിയമപരമായി കോട്ടയം രൂപതാദ്ധ്യക്ഷനെ പരാ ജയപ്പെടുത്തുന്നത് ഇതാദ്യമാണ്. ഇത് ഏശയ്യായുടെ പുസ്തകത്തിൽനി ന്നുള്ള പ്രവചനമായി കരുതപ്പെട്ടു. ഇത് കേസിൽ പോരാടാനുള്ള കരുത്ത് ബിജുവിന് ഏകി. ഇത് ദൈവത്തിന്റെ വിധിയായി ബിജു കരുതി.

വിധി വന്നിട്ടും, തങ്ങളുടെ തെറ്റായ നിലപാടുകളുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ കോട്ടയം രൂപത വിസമ്മതിച്ചു. വിധി അംഗീകരിക്കാൻ അവർ വിസമ്മതിച്ചു. വിധിക്കെതിരെ അപ്പീൽ നൽകി. ഇത്തരുണത്തിൽ അപ്പസ്തോലിക് പ്രോ നുൺഷ്യോ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ജോസഫ് പൗവ്വത്തിലിനോടൊപ്പം ഇടപെട്ടു. വിവാഹക്കുറി കൂടാതെ കോട്ടയം ലൂർദ് ഫൊറോന പള്ളിയിൽവച്ചു വിവാഹം നടത്തി. കോട്ടയം രൂപതയിലെ ധീരനായ വൈദികൻ ഫാ. ജേക്കബ് ചൊള്ളമ്പേൽ വിവാഹം ആശീർവ്വദിച്ചു. തിരുക്കുടുംബ ഇടവകയിലെ ബിജുവിന്റെ അംഗത്വം നഷ്ടപ്പെടുത്താതെ അദ്ദേഹം വിവാഹം നടത്തി.

## വിധിക്ക് എതിർപ്പ്

വിധി ബിജുവിന് അനുകൂലമായിരുന്നു. ബിജുവും ലീനയും തമ്മി ലുള്ള വിവാഹം പ്രോ നുൺഷ്യോയുടെ നിർദ്ദേശപ്രകാരം കോട്ടയം രൂപതയിൽനിന്നുള്ള ഒരു വൈദികൻ ആശീർവദിച്ചു. എങ്കിലും ബിജു

വിനെ കോട്ടയം രൂപതയിലെ ഒരു അംഗമായി അംഗീകരിക്കാൻ വിസ മ്മതിച്ചു. അവർ ഒരു പടികൂടി കടന്ന് വിധിക്കെതിരെ അപ്പീലും നൽകി. രണ്ടു ദശാബ്ദങ്ങൾ നീണ്ടുനിന്ന നിയമയുദ്ധത്തിനൊടുവിൽ തങ്ങൾ ലക്ഷ്യമിട്ട, കോട്ടയം രൂപതയ്ക്കനുകൂലമായ വിധിക്കു പകരം, 2007-ൽ ബിജുവിന് അനുകൂലമായ രണ്ടാമത്തെ വിധിയും ഉണ്ടായി.

## വിധി - ഒരു ആത്മശോധന

ഇത്തരുണത്തിൽ എന്തുകൊണ്ട് ഇത്തരമൊരു കേസ് ഉണ്ടായി എന്ന് ആത്മശോധന ചെയ്യുന്നത് ഉചിതമാണ്. ഇതര കത്തോലിക്കാ സമുദാ യങ്ങളുടെ മുമ്പിൽ ക്നാനായ സമുദായത്തിന്റെ ഒളി മങ്ങി. ലോക ത്തിന്റെമേൽ തങ്ങൾക്കുള്ള വംശീയ മേധാവിത്വം പ്രദർശിപ്പിക്കാനാണ് ക്നാനായ സമുദായം ഈ കേസ് ആസൂത്രണം ചെയ്തത്. നിർഭാഗ്യവ ശാൽ കാര്യങ്ങൾ ആസൂത്രണം ചെയ്തതുപോലെ സംഭവിച്ചില്ല. ശ്രീ. പാളക്കട ചാക്കോ ഫയൽ ചെയ്ത് മാക്കീൽ കുടുംബം പിൻതുണച്ചതു പോലെ ആദ്യ കേസ് ഒറവണക്കളം കുടുംബത്തെ സമുദായ ഭ്രഷ്ടരാ ക്കിക്കൊണ്ട് രൂപതയെ ശുദ്ധീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നു. ഈ കേസ് തള്ളപ്പെട്ടു. പകരം, ബിജുവിന്റെ കേസ് ഏറ്റെടുത്തു; വിധി യാവട്ടെ ബിജുവിന് അനുകൂലവും. വിധി തങ്ങൾക്കനുകൂലമാക്കാൻ രൂപത നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. ക്നാനായ സമുദായത്തിന്റെ ഏറ്റം മികച്ച അഭിഭാഷകർ രണ്ടു വർഷക്കാലം തങ്ങൾക്കാവുന്നതെല്ലാം ചെയ്തു. അവരെ ദുഃഖത്തിലാഴ്ത്തി രൂപതയ്ക്ക് ബിഷപ്പിന്റെ പിന്തുണ യോടുകൂടി വിധി മാറ്റിമറിക്കാനായില്ല.

ഏശയ്യ 43:8-10 ൽ പ്രവചിച്ചതുപോലെ ഈ വിധി, ദൈവത്തിന്റെ വിധിയായിരുന്നു. യേശു ഇസ്രായേലിൽ സുവിശേഷം പ്രഘോഷിച്ചു കൊണ്ടിരുന്നപ്പോൾ, യഹൂദ ജനത യേശുവിന്റെ പ്രവൃത്തികൾ തിരിച്ച റിഞ്ഞില്ല. അവിടുത്തെ കുരിശുമരണം ഏശയ്യാപ്രവചനത്തിന്റെ നിറ വേറലായിരുന്നു. യഹൂദജനത ദൈവത്തിന്റെ പ്രവൃത്തികൾക്കെതിരെ അസ്വസ്ഥരായിരുന്നു. അവർ ക്രൂശിലേറ്റി. അതുപോലെതന്നെ ആദിമ യഹൂദക്രിസ്ത്യാനികളുടെ പിൻഗാമികൾ എന്നവകാശപ്പെടുന്നവർ തങ്ങൾക്കു മുമ്പിൽ പ്രവചനങ്ങൾ നിറവേറുന്നത് കാണുന്നതിൽ പരാ ജയപ്പെടുന്നു. അവർ ദൈവത്തിന്റെ പ്രവൃത്തികൾക്കെതിരെ അന്ധരാണ്.

ബിജുവിന്റെ കേസിലെ വിധി എന്തു സന്ദേശമാണ് നൽകുന്നത്? ഇന്നു ദൈവം ക്നാനായ സമുദായത്തിന്റെയൊന്നാകെ മുമ്പിൽ പ്രത്യ ക്ഷപ്പെട്ട് (ആദിമ യഹൂദജനതയോട് പ്രവാചകരിലൂടെ സംസാരിച്ചതു പോലെ) അവരുടെ ജീവിതശൈലി മാറ്റണമെന്നു നേരിട്ടു പറഞ്ഞാൽ അവർ ശ്രവിക്കില്ല. ദൈവം ഇഷ്ടപ്പെടാത്തത് സ്വവംശവിവാഹമെന്ന ദുരാചാരമാണ്. ക്നാനായ സമുദായത്തിൽ നിന്നുമാത്രം വിവാഹം ചെയ്യുന്നതും ഇതര സമുദായങ്ങളിൽനിന്നു വിവാഹം ചെയ്യുന്നവർക്ക് സമുദായഭ്രഷ്ട് കല്പിക്കുന്നതുമാണ് സ്വവംശവിവാഹമെന്ന ദുരാചാരം. ഇതാണ് സമുദായത്തിന്റെ ഒന്നാം കല്പന. നിന്റെ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കുകയെന്ന് മോശ യിലൂടെ ജനത്തിനു നൽകിയ കല്പനയേക്കാൾ മുൻഗണന ഈ കല്പ നയ്ക്കാണ് സമുദായം നൽകുക. യേശുക്രിസ്തു പഠിപ്പിച്ച പ്രാപഞ്ചിക സാഹോദര്യമെന്നത് നിയമമെന്ന നിലയിൽ സഭയിൽ പാലിക്കേണ്ടതി ല്ലായെന്ന് ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി കോടതിയിൽ പറഞ്ഞു. സന്ദേഹമില്ലാതെ അദ്ദേഹം കൂട്ടിച്ചേർത്തു. യേശു പഠിപ്പിച്ചതും പ്രഘോ ഷിച്ചതും സഭാനിയമമായി പരിഗണിക്കേണ്ടതില്ലായെന്നും.

ഇത് യേശുവിന്റെ പ്രബോധനത്തിനെതിരാണ്, തന്റെ പ്രിയപ്പെട്ടവർ ഇത്തരം വ്യാജ വിശ്വാസം ഉപേക്ഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഏശയ്യാ പ്രവചനം (43:8–10) നിറവേറുന്നതിന് താനൊരു ഉപകരണമായി ദൈവം ഉപയോഗിക്കുന്നത് ഈ ലക്ഷ്യപ്രാപ്തിക്കാണെന്ന് ബിജു വിശ്വ സിച്ചു. ക്നാനായ കത്തോലിക്കാ നവീകരണ സമിതിയുടെ രൂപീകര ണത്തോടെ ഇത്തരമൊരു പ്രവാചക നവീകരണ മുന്നേറ്റം യാഥാർത്ഥ്യ മാകുകയാണ്. ഇതു രൂപീകരിക്കപ്പെട്ടത് ഒറവണക്കളം ക്നാനായ കേസ്, മൂലവും ഏശയ്യാ പ്രവചനത്തിന്റെ നിറവേറലിന്റെ ഫലവും ആയാണ്. ഈ മുന്നേറ്റം ദൈവത്തിന്റെ പ്രവൃത്തിയും ആധുനിക കാലത്തെ ഒര ത്ഭുതവുമാണ്.

കെ.സി.എൻ.എസിന്റെ പരമോന്നത ലക്ഷ്യവും ക്നാനായക്കാരെ സ്വവംശവിവാഹം എന്ന ദുരാചാരത്തിന്റെ ചട്ടക്കൂട്ടിൽനിന്ന് സ്വതന്ത്ര രാക്കുകയെന്നതാണ്. ഈ സമുദായത്തിൽനിന്നുള്ള വൈദികരും മെത്രാ ന്മാരുമാണ് സ്വവംശവിവാഹം എന്ന സമ്പ്രദായം ആചരിക്കുന്നതും നിർവ്വഹിക്കുന്നതും നടപ്പിലാക്കുന്നതും. രൂപതയിലെല്ലാവരും ഈ നിയമം പാലിക്കുന്നുവെന്ന് അവർ ഉറപ്പുവരുത്തുന്നു. ഈ നിയമം പാലി

ക്കാത്തവരെയെല്ലാം ബിജുവിന്റെ കാര്യത്തിലെന്നപോലെ സമുദായഭ്രഷ്ടരാക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. കോട്ടയം രൂപത നിരപരാധികളായ കുടുംബാംഗങ്ങളെ നിർദയം പീഡിപ്പിക്കുന്നത് ദൈവം കാണുന്നുണ്ടായിരുന്നു. ബിജുവിന്റെ കുടുംബത്തെ ഒരുപകരണമാക്കിക്കൊണ്ട് പ്രവർത്തിക്കാൻ ദൈവം തീരുമാനിച്ചു. പീഡിതരായവർക്ക് അനുകൂലമായ ഒരു അത്ഭുതവിധിയിലൂടെ മലബാർതീരത്തെ കോടതികളിൽ കോട്ടയം രൂപതയിൽ നിലവിലിരിക്കുന്ന സ്വവംശവിവാഹം എന്ന ദുരാചാരത്തിനെതിരെ ദൈവം വിധി പ്രഖ്യാപിച്ചു.

ചെവിയുള്ളവർ ദൈവത്തിന്റെ വിധി കേൾക്കട്ടെ. ദൈവത്തെ സ്നേഹിക്കുകയും പരിശുദ്ധാത്മാവിന് ക്നാനായ ആവേശത്തെക്കാൾ പ്രാധാന്യം നൽകുകയും ചെയ്യുന്നവർ മുമ്പോട്ടുവന്ന് സ്വവംശവിവാഹാചാരത്തിന്റെ വിലങ്ങുകൾ തകർക്കട്ടെ. “യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ... വ്യത്യാസമില്ലാതെ; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്” എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ (ഗലാ. 3:28) എഴുതിയിരിക്കുന്നു. ക്നാനായക്കാർ ഇതു മറന്നുപോയോ? “ഒരു കർത്താവും, ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേ ഉള്ളൂ” (റോമ. ) ക്നാനായ സമുദായത്തെ എന്തിന് മാറ്റിനിർത്തണം? വിശുദ്ധ പൗലോസും സെഫാസും അപ്പോളോയും ക്രിസ്തുവിനെ അനുഗമിക്കാൻ പഠിപ്പിച്ച ദൈവത്തിന്റെ സന്ദേശവാഹകരാണ്. കേരളത്തിലെ ക്നാനായക്കാരെപ്പോലെ സ്വന്തസഭയോ ഗ്രൂപ്പോ ഉണ്ടാക്കാനല്ല അവർ അയയ്ക്കപ്പെട്ടത്. തോമാശ്ലീഹായോ, ക്നായിതൊമ്മനോ, ഫ്രാൻസിസ് സേവ്യറോ ഇന്ത്യയിലേക്ക് അയയ്ക്കപ്പെട്ടത് സ്വവംശവിവാഹത്തിൽ അടിസ്ഥാനമിട്ട തനതു സഭയോ പള്ളിയോ സ്ഥാപിക്കാനല്ല. ക്രിസ്തുവിനോടൊപ്പം പരിശുദ്ധാത്മാവിനാൽ പടുത്തയർത്തപ്പെടുന്ന ഒരു വിശാലകുടുംബമാണ് സഭ (എഫേ. 2:12-22). ശുദ്ധരക്തത്തിന്റെ പേരിൽ വിഭജിക്കപ്പെടാനുള്ളതല്ല അത്. പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിലാണ് യേശു, ഇന്ന് നമ്മെയും വിളിക്കുക (യോഹ. 17:21). അതുകൊണ്ട് ക്നാനായക്കാരും സമുദായത്തിനുള്ളിൽനിന്നു വിവാഹം കഴിക്കുന്ന ഇതര ക്നാനായക്കാരുമായി ഐക്യപ്പെടണം. ദൈവത്തിന്റെ വാഗ്ദാനം നിറവേറുന്നതിനും വിശുദ്ധ ഗ്രന്ഥത്തിലെ മേല്പറഞ്ഞ പ്രബോധനങ്ങൾ ക്നാനായ സമുദായം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ദൈവം കെ.സി.എൻ.എസ്. പോലുള്ള മുന്നേറ്റങ്ങൾക്ക് രൂപം നൽകുന്നു. സ്വവംശവിവാഹംപോലുള്ള ദുരാചാരങ്ങൾ സഭയിൽ

നിരോധിക്കണം. ദൈവത്തിന്റെ കല്പന മനുഷ്യനിർമ്മിത നിയമങ്ങൾക്കു പകരം ഭരണം നടത്തണം. സ്വവംശവിവാഹം എന്ന ദുരാചാരത്തിൽനിന്ന് ക്നാനായക്കാരെ സ്വതന്ത്രരാക്കുന്ന ദൈവത്തിന്റെ അത്ഭുത പ്രവൃത്തി കാണുവാൻ ആഗോളസഭ അവളുടെ കണ്ണുകൾ തുറക്കട്ടെ.

## അന്തിമ വിചിന്തനം

സ്വവംശവിവാഹത്തിന്റെ പേരിൽ ഒരു രൂപത നിലനിൽക്കുന്നെങ്കിൽ, അതിനർത്ഥം ക്രിസ്തുമതം ജാതി സമ്പ്രദായം അംഗീകരിക്കുന്നുവെന്നാണ്. ഭാരതത്തിൽ ജാതി സമ്പ്രദായം സ്വവംശവിവാഹാധിഷ്ഠിതമാണ്; സഭ അതിനെതിരായി പോരാടുന്നു.

ഒരുപക്ഷേ അതായിരിക്കാം ക്നാനായ സമുദായത്തിന് റോമോ, സീറോ മലബാർ സിനഡോ കൂടുതൽ രൂപതകൾ അനുവദിക്കാത്തത്. കോട്ടയം രൂപത സ്ഥാപിക്കുകവഴി പത്താം പീയൂസ് പാപ്പായ്ക്കു സംഭവിച്ച തെറ്റ് ഒരുപക്ഷേ സഭ ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ടാവാം. പത്താം പീയൂസ് മാർപ്പാപ്പ ഒരു വിശുദ്ധനാണ്. എന്നാൽ അദ്ദേഹം പറഞ്ഞതിനും ചെയ്തതിനും അപ്രമാദിത്യമില്ലായിരുന്നു. വിശുദ്ധരും തങ്ങളുടെ ജീവിതങ്ങളിൽ തെറ്റു ചെയ്തിട്ടുണ്ട്. അതുകൊണ്ട് വിശുദ്ധർ ചെയ്തതെല്ലാം നന്മയും അനുകരണീയവുമാണെന്ന് നമുക്ക് പറയാനാവില്ല.

പത്താം പീയൂസിന്റെ നാമകരണ നടപടിക്രമത്തിൽ 'സാത്താന്റെ അഭിഭാഷകൻ' അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ഏക ന്യൂനത, അദ്ദേഹം ഒരു പ്രത്യേക ജാതിക്കുവേണ്ടി ഭാരതത്തിൽ കോട്ടയം രൂപത അനുവദിച്ചു എന്നതു മാത്രമാണെന്ന് കത്തോലിക്കാസഭയുടെ അകത്തളങ്ങളിൽ സംസാരമുണ്ട്.

# ഭാഗം 2

# ഒറവണക്കളം കേസ്

# 1

# ക്നാനായ വിവാഹക്കേസ്സ് ഒരു പ്രസ്താവന

## ഒ.എം. ഉതുപ്പ്

*(കേസിനെ സംബന്ധിച്ച് ശ്രീ. ഒ.എം. ഉതുപ്പ് പ്രസിദ്ധീകരിച്ച നോട്ടീസ് - ഓർച്ചാർട്ട്)*

എന്റെ മകൻ ബിജു ഒ.എസ്. 923/89 ആയി കോട്ടയം മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ, അവൻ കോട്ടയം രൂപതയിൽപ്പെട്ട നട്ടാശ്ശേരിപ്പള്ളി ഇടവകാംഗമാണെന്നും ബിജുവിന്റെ വിവാഹം കോട്ടയം രൂപതയിൽ വച്ചു നടത്തുന്നതിന് ആവശ്യമായ വിവാഹക്കുറി മുപ്പതു ദിവസത്തിനകം നൽകുന്നതിന് കോട്ടയം രൂപതാധ്യക്ഷനോടു കല്പിച്ചുകൊണ്ട് ബഹു: കോടതിയിൽനിന്നും വിധിയുണ്ടായി. തുടർന്നു എതിർകക്ഷിയായ കോട്ടയം രൂപതാദ്ധ്യക്ഷൻ ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കുകയും മേൽപ്പടി അപ്പീൽ കേസിൽ കീഴ്ക്കോടതി വിധി സ്റ്റേ ചെയ്യുന്നതിന് അപേക്ഷ ബോധിപ്പിക്കുകയും, ആയത് വാദം കേട്ടതിൽ തർക്കത്തിന് വിധേയമായി 10 ദിവസത്തിനകം വിവാഹക്കുറി കൊടുക്കുന്നതിന് നിർദ്ദേശിച്ച് കോട്ടയം സബ് കോടതിയിൽ നിന്ന് 31-01-91 ൽ ഉത്തരവാകുകയും അതിന്മേൽ, രൂപതാദ്ധ്യക്ഷൻ ബഹു: ഹൈക്കോടതിയിൽ റിവിഷൻ ഹർജി ബോധിപ്പിക്കുകയും, ടി റിവിഷൻ ഹർജി തള്ളി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. അതി

നുശേഷവും വിവാഹക്കുറി തരുന്നതിന് രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരിയോ പള്ളി വികാരിയോ തയ്യാറായില്ല.

ഈ കേസിൽ അന്തർഭവിച്ചിരിക്കുന്ന മൗലിക പ്രശ്നം, ബിജു കോട്ടയം രൂപതയിലെ അംഗമാണോ എന്നുള്ളതായിരുന്നു. ബഹു. കോടതി തെളിവുകൾ ശേഖരിച്ചും വിശദമായ വാദപ്രതിവാദങ്ങൾക്കു ശേഷവും ബിജു കോട്ടയം രൂപതയിലെ അംഗമാണെന്നു കാണുകയുണ്ടായി. ബഹു. കോടതികളെ അനുസരിക്കാൻ തയ്യാറാകാത്ത പരിതസ്ഥിതിയിൽ ഇനി ബിജുവിന് കരണീയമായിട്ടുള്ളത് അദ്ദേഹത്തിനെതിരെ മറ്റു നടപടിയെടുക്കാൻ കോടതിയെ സമീപിക്കുക മാത്രമാണ്.

ഒരു മതാധികാരി എന്നനിലയിൽ നിയമവാഴ്ചയ്ക്ക് കലവറയില്ലാതെ പിന്തുണ നൽകാൻ ധാർമ്മികമായി ബാദ്ധ്യതയുള്ള ഒരു മെത്രാൻ അതിനു തയ്യാറാകാതിരിക്കുന്നത് ഗർഹണീയവും ശിക്ഷാർഹവും അധാർമ്മികവും ആണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇത്തരം അവസരങ്ങളിൽ ഒരു ക്രൈസ്തവനെന്ന നിലയിൽ ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗത്തിലൂടെ അധാർമ്മികമായ ഈ പ്രവൃത്തിയെ സമാധാനപരവും ധാർമ്മികവുമായി ചെറുക്കാൻ മാത്രമേ ബിജു ഉദ്ദേശിക്കുന്നുള്ളൂ. "കശാപ്പിനുള്ള കുഞ്ഞാടിനെപ്പോലെ അവനെ കൊണ്ടുപോയി രോമം കത്രിക്കുന്നവന്റെ മുമ്പിൽ നിശ്ശബ്ദം നിൽക്കുന്ന കുഞ്ഞാടിനെപ്പോലെ അവൻ വായ് തുറക്കാതെ നിന്നു. അപമാനിതനായ അവന് നീതി നിഷേധിക്കപ്പെട്ടു" (അപ്പ. 8:32-33) എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ സംസ്ഥാനത്തെ പരമോന്നത നിയമാസനം കല്പിച്ചിട്ടുപോലും കോട്ടയം മെത്രാൻ ബിജുവിന് നീതി നിഷേധിച്ച നിലയ്ക്ക് ആ നിയമ നിഷേധത്തെ വീണ്ടും ചോദ്യം ചെയ്യാൻ ഉദ്ദേശിക്കുന്നില്ലെന്ന വിവരം ഞങ്ങളുടെ അഡ്വക്കേറ്റ് പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ അറസ്റ്റ്, ജപ്തി മുതലായവ സ്വീകരിക്കാതെ ഇരുന്നിട്ടുള്ളതുമാണ്.

"ദുശ്ശാഠ്യക്കാരെ, ഹൃദയത്തിലും കാതുകളിലും പരിച്ഛേദമേൽക്കാത്ത മനുഷ്യരെ, നിങ്ങൾ പരിശുദ്ധാത്മാവിനോട് ചെറുത്തു നിൽക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ ചെയ്തവ തന്നെ നിങ്ങളും ചെയ്യുന്നു. നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാത്ത പ്രവാചകന്മാർ ആരുണ്ട്" (അപ്പ. 7:51,52). എന്നു വിശുദ്ധ സ്തെഫാനോസ് യഹൂദ പുരോഹിതരോടു

പറഞ്ഞ വാക്കുകൾ ഇന്നും സാർത്ഥകമാണെന്ന് ഈ കേസ്സിലൂടെ തെളിയിക്കാൻ കഴിയാത്തതുമായ പാരമ്പര്യത്തിന്റെ പേരിലാണല്ലോ എളിയവനായ ബിജുവിന് സഭാവിശ്വാസമനുസരിച്ചുള്ള കൂദാശകൾ അവന്റെ പള്ളിയിൽവെച്ചു നൽകുന്നതിനെ കോട്ടയം മെത്രാൻ നിഷേധിച്ചത്. "നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവകല്പന നിരാകരിക്കുന്നത്?"എന്ന് യഹൂദയാ പുരോഹിതരോടു ചോദിച്ച യേശുവിന്റെ സഭയിൽ ജാതീയതയും രക്തശുദ്ധിയും പരിരക്ഷിക്കുന്നതിന് അന്ധരായ വഴികാട്ടികളെപ്പോലെ ഒരു വിഭാഗം ദുഃശ്ശാഠ്യക്കാർ നീങ്ങിയപ്പോൾ അവരിൽ നീതിബോധം സൃഷ്ടിക്കുന്നതിന് ഈ കേസ്സിലൂടെ കഴിയുമെന്നു ബിജു വ്യാമോഹിച്ചു. ജാതിവ്യവസ്ഥയുടെ ഭ്രാന്താലയമായിരുന്ന കേരളത്തിലെ ഹിന്ദുമതത്തിൽ ജാതിവ്യവസ്ഥയുടെ മണൽതിട്ടകൾ തകർന്നുപോയെങ്കിലും ജാതി രാക്ഷസി കോട്ടയം കത്തോലിക്കാ രൂപതയിൽ അവളുടെ അവസാനത്തെ രക്ഷാസങ്കേതം കണ്ടുപിടിച്ചു എന്നത് ഒരു സാമൂഹ്യസത്യമായിത്തീർന്നിരിക്കുന്നു.

സ്വന്തം രാജ്യത്തും ലോകമെമ്പാടും മാനവികതയെക്കുറിച്ചുള്ള അടിസ്ഥാന പുത്തൻ ദർശനങ്ങൾ ഉരുത്തിരിയുമ്പോൾ അവയൊന്നും കണ്ടില്ലെന്നു നടിച്ചു മതം നൽകുന്ന പരിരക്ഷയുടെ തുരുത്തിലിരുന്നു സംസ്ഥാനത്തെ പരമോന്നത കോടതിത്തീർപ്പിനെപ്പോലും വെല്ലുവിളിക്കുമ്പോൾ അതു നിയമപ്രശ്നത്തിലുപരി ഒരു സാമൂഹ്യപ്രശ്നമാണ് എന്നു ഞാൻ കണക്കാക്കുന്നു.

സ്ഥാപിതതാല്പര്യക്കാരായ മത പുരോഹിതർ എന്നും സാമൂഹ്യമാറ്റത്തിനെതിരെ നിലകൊണ്ടിട്ടുണ്ട്. പഴകി ദുർബ്ബലമായ ആചാരനൂലുകളിൽ ബ്രാഹ്മണമേധാവിത്വത്തെ കെട്ടിനിർത്താമെന്നുള്ള വ്യാമോഹം. "മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ" എന്ന മഹത്തായ ആശയത്തിന്റെ മാറ്റൊലി തകർത്ത ജാതിയുടെയും പാരമ്പര്യത്തിന്റെയും മണൽകോട്ടകൾ യാഥാസ്ഥിതികത്വത്തിന്റെ പട്ടടയിൽ ഇന്ന് എരിഞ്ഞുതീർന്നിരിക്കുന്നു. കത്തോലിക്കാ സഭയിലെ ജാതിവ്യവസ്ഥയും കാലത്തിന്റെ തികവിൽ സ്വയം ഇല്ലാതാകുമെന്നു എനിക്കുറപ്പുണ്ട്. അതുകൊണ്ട് കോടതിയുടെ ഉത്തരവിനെ ലംഘിച്ച കോട്ടയം രൂപതാമെത്രാൻ മാർ കുന്നശ്ശേരിക്കെതിരെ ഒരു നിയമ നടപടിയും എടുക്കാൻ ഞങ്ങൾ സത്യക്രിസ്ത്യാനികൾ എന്ന നിലയിൽ ഉദ്ദേശിക്കുന്നില്ല. ആയത് ഞങ്ങളുടെ വിശ്വാസത്തിന് ചേർന്നതുമല്ല.

മഹാപുരോഹിതന്മാർ വധിച്ച് കല്ലറക്കുള്ളിൽ അടക്കിയ സത്യം അവരുടെ എല്ലാ ശുഭപ്രതീക്ഷകളെയും നിരാശപ്പെടുത്തികൊണ്ട് ഉയിർത്തെഴുന്നേറ്റതുപോലെ കോടതിയുടെ ഉത്തരവിൽ അന്തർഭവിച്ചിരിക്കുന്ന പരമസത്യം കത്തോലിക്ക സഭയും നാളെ കണ്ടെത്തുമെന്നും ഇന്ന് അവരെ ബന്ധിച്ചിരിക്കുന്ന പാരമ്പര്യത്തിന്റെ കെട്ടുകൾ കാലത്തിന്റെ തികവിൽ സ്വയം ജീർണ്ണിച്ചുപൊട്ടുമെന്നും ഞാൻ വിശ്വസിക്കുന്നു.

ജാതിവ്യവസ്ഥയുടെ ജീർണ്ണിച്ച കോട്ടകൊത്തളങ്ങളിൽ സ്വയം സംരക്ഷണത്തിനായി ക്രൈസ്തവ മാനവികതയേയും, സഭയുടെ നിയമങ്ങളെയും, പരമോന്നത നീതിന്യായക്കോടതിയേയും തള്ളിപ്പറയുന്നവർ, കാലത്തിന്റെ കുത്തിഒഴുക്കിൽ സ്വയം അപ്രത്യക്ഷമാകും.

ക്രിസ്തുവിനെ ക്രൂശിച്ച മഹാപുരോഹിതരുടെ അധികാര സിംഹാസനങ്ങൾ ഇന്നെവിടെ?

ക്രിസ്തുവിന്റെ പരമോദാരമായ മനുഷ്യസാഹോദര്യത്തെ ക്രൂശിലേറ്റിയവർ, അവർ ചെയ്യുന്ന തെറ്റിനെക്കുറിച്ചു ബോധവാന്മാരാകുവാൻ വേണ്ടി പ്രാർത്ഥിക്കാം.

# 2

# ഒറവണക്കളം ക്നാനായ കേസിന്റെ നിയമവശം

## അഡ്വക്കേറ്റ് ഫ്രാൻസിസ് തോമസ്

യേശു തന്റെ ശിഷ്യരോട് പറഞ്ഞു: “ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ”. ശിഷ്യർ എല്ലായിടത്തും യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളും ക്രിസ്തുമതവും പ്രചരിപ്പിച്ചു.

സഭ പടുത്തുയർത്തപ്പെട്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിലാണ്. സഭ പ്രേഷിതയാണ്. സഭയിൽ ബൈബിളിലെ പ്രബോധനങ്ങൾക്കു വിരുദ്ധമായ ആചാരമോ പ്രയോഗമോ പാടില്ല. ബൈബിളിലെ പ്രബോധനം ദൈവികനിയമമാണ്, ക്രിസ്തീയതയുടെ അടിസ്ഥാനം തന്നെ ജാതിയുടെയോ വിശ്വാസത്തിന്റെയോ പേരിലുള്ള വേർതിരിവിന് നേർവിപരീതമാണ്. സുവിശേഷം പ്രചരിപ്പിക്കാനുള്ള ലക്ഷ്യത്തോടെയാണ് യേശുവിന്റെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. കാനോൻ നിയമത്തിനും ദൈവി

കനിയമത്തിനും കീഴിൽ ഒരു ആചാരത്തിന് നിയമത്തിന്റെ കരുത്തു ണ്ടാകുന്ന പ്രശ്നമേയില്ല.

ക്രിസ്തുമതം ജാതിസമ്പ്രദായം അംഗീകരിക്കുന്നില്ല. സകല ക്രിസ്ത്യാനികളേയും തുല്യരായി കരുതുന്നു. ഒരു ക്രിസ്ത്യാനിയും വേറൊരു ക്രിസ്ത്യാനിയും തമ്മിൽ യാതൊരു പ്രത്യേകതയുമില്ല. ക്രിസ്തീയത ഒരിക്കലും ജാതി സമ്പ്രദായം അംഗീകരിക്കുന്നില്ല. ഏതെ ങ്കിലും ജാതിയുടെ പേരിൽ ജനതകളെ വിഭജിക്കുകയോ വിവേചനാ പൂർവ്വം വേർതിരിക്കുകയോ ചെയ്യുന്ന ക്രിസ്തീയ വിശ്വാസം പ്രഘോ ഷിക്കുന്നവർക്കെതിരെ ക്രിസ്തീയതയുടെ പ്രബോധനം പോരാടുന്നു. ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം സഹോദരീസഹോ ദരന്മാരാണ്. ജാതിയുടെയോ, മതത്തിന്റെയോ, വർണ്ണത്തിന്റെയോ ലിംഗ ത്തിന്റെയോ പേരിൽ അവർക്കിടയിൽ യാതൊരു വിവേചനവും പാടില്ല.

സ്വവംശവിവാഹം ആചരിക്കുന്ന ഒരു ക്നാനായ കത്തോലിക്കൻ കാനോൻ നിയമത്തിനും യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും എതിരെയാണ് പ്രവർത്തിക്കുന്നത്. അവർ ക്നായി തോമായുടെയും ഏഴു യഹൂദ ഇല്ലങ്ങളിലെ 72 കുടുംബങ്ങളുടെയും പിൻഗാമികളാണെന്ന് അവ കാശപ്പെടുന്നു. മധ്യപൂർവ്വദേശത്തുനിന്ന് 345 എ.ഡി.യിൽ ക്നായി തോമ സിന്റെ നേതൃത്വത്തിൽ ഇന്ത്യയിലേക്ക് കുടിയേറിയതിന്റെ ലക്ഷ്യം പ്രേഷിത പ്രവർത്തനമായിരുന്നു. ഇന്നത്തെ ക്നാനായ ക്രിസ്ത്യാനികൾ, കാനാ തോമസിന്റെ നേതൃത്വത്തിൽ എ.ഡി. 345 ൽ മലങ്കരയിൽ എത്തി ച്ചേർന്ന 72 യഹൂദക്രിസ്ത്യൻ കുടുംബങ്ങളുടെ പിൻഗാമികളാണ്. സമു ദായത്തിന്റെ പുറത്തുനിന്ന് യാതൊരുവിധ വൈവാഹികബന്ധവുമി ല്ലാതെ ക്നാനായക്കാർ ഒരു സ്വവംശവിവാഹസമൂഹമായി നിലകൊണ്ടു എന്നവർ അവകാശപ്പെടുന്നു. അവരുടെ ആചാരമനുസരിച്ച്, ഒരു ക്നാനാ യക്കാരൻ, ക്നാനായക്കാരനല്ലാത്തയാളെ വിവാഹം ചെയ്താൽ അയാൾ ക്നാനായക്കാരനല്ലാതായിത്തീരുന്നു; ക്നാനായക്കാരനായിത്തുടരാൻ അയാൾക്കവകാശമില്ല. ആ വിവാഹത്തിൽ നിന്നുണ്ടാകുന്ന മക്കൾ ക്നാനായക്കാരായി കരുതപ്പെടില്ല.

ക്നാനായക്കാരുടെ നിലപാടനുസരിച്ച്, തോമസ് കാനായുടെ നേതൃ ത്വത്തിൽ ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്ത 72 യഹൂദകുടുംബങ്ങളുടെ പിൻതുടർച്ചക്കാരാണവർ, ഇന്ത്യക്കുപുറത്ത് യഹൂദ ക്രിസ്ത്യൻ സമൂ

ഹങ്ങളാണ്. ഇന്ത്യക്കു പുറത്ത് യഹൂദക്രിസ്ത്യാനികൾക്ക് രൂപതകളില്ല. അവർ താമസിക്കുന്നിടത്തുള്ള പ്രത്യേകമായ രൂപതയിൽ അംഗങ്ങളാണ്. ഇന്ത്യക്കു വെളിയിലുള്ള യഹൂദ ക്രിസ്ത്യൻ പരിവർത്തിതർ സ്വവംശവിവാഹം ആചരിക്കുന്നില്ല.

ദാവീദുരാജാവിന്റെ വല്യമ്മയായിരുന്നു റൂത്ത്. അവൾ ഒരു മൊവാബ്യയായിരുന്നു; യഹൂദ വംശജ അല്ലായിരുന്നു. എന്നാൽ സമൂഹം അവളെ യഹൂദയായി സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. യഹൂദസമൂഹം അവളെ ഒരു വിശുദ്ധയായി കരുതി.

യഹൂദർ സമുദായത്തിനു വെളിയിൽനിന്ന് വിവാഹം ചെയ്ത അനേക സംഭവങ്ങൾ പഴയനിയമത്തിലുണ്ട്. അവരെല്ലാം സമുദായത്തിലെ അംഗങ്ങളായി സ്വീകരിക്കപ്പെട്ടു. സാർവ്വത്രിക സാഹോദര്യം സഭ അംഗീകരിക്കുന്നു. സ്ത്രീ പുരുഷൻ എന്നതൊഴിച്ച് മറ്റൊരു വേർതിരിവിന് യാതൊരു സാധ്യതയുമില്ല.

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളെല്ലാം ദൈവികനിയമമായി കത്തോലിക്കാ സഭ സ്വീകരിച്ചിരിക്കുന്നു. ദൈവികനിയമത്തിനു വിരുദ്ധമായ സകല സമ്പ്രദായങ്ങളും, പാരമ്പര്യങ്ങളും, ആചാരങ്ങളും കത്തോലിക്കാ സഭയുടെ കാനോൻ നിയമമനുസരിച്ച് വിലകെട്ടതാണ്. മലബാർ തീരത്തെത്തും മുമ്പ് കാനാ തോമസും 72 കുടുംബങ്ങളും സ്വവംശവിവാഹ സ്വഭാവം പിൻതുടർന്നുവെന്നതിന് ചരിത്രപരമായ തെളിവുകളില്ല. ചരിത്രഗ്രന്ഥങ്ങളിൽ ക്നായി തോമസിന്റെ രണ്ടു ഭാര്യമാരെക്കുറിച്ച് സൂചനയുണ്ട്. അവർ ഹിന്ദു ഭാര്യമാരായാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ചില ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കുന്നത് മലങ്കരയിലെത്തിയതിനുശേഷം കാനാ തോമസ് ഇന്നാട്ടിലെ ഒരു നായർ സ്ത്രീയെ വിവാഹം കഴിച്ചു എന്നാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ചു പഠനം നടത്തിയ മിക്ക ചരിത്രകാരന്മാരുടെയും അഭിപ്രായം, മലങ്കരയിലെത്തിയ ക്നായി തോമ നാട്ടുകാരിയായ നായർയുവതിയെ വിവാഹം കഴിച്ചുവെന്നാണ്. ചില ഗ്രന്ഥങ്ങളിൽ ക്നായി തോമയുടെ രണ്ടു ഭാര്യമാരിലേയും മക്കൾക്കിടയിൽ തർക്കങ്ങളുണ്ടായിരുന്നതായി സൂചനകളുണ്ട്.

പഴയനിയമ കാലഘട്ടത്തിൽ പാലസ്തീനായിൽ ക്നാനൈറ്റ്സ് എന്ന പേരിലറിയപ്പെട്ടിരുന്ന ഗോത്രവർഗക്കാരുണ്ടായിരുന്നതായി സൂചനകൾ ഉണ്ട്. അവർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. ചില ചരി

ത്രകാരന്മാർ പറയുന്നു, ക്നായി തോമായും അനുചരന്മാരും ആ ഗോത്ര ക്കാരായിരുന്നുവെന്ന്.

നിര്യാതനായ ശ്രീ. ഒ.എം. ഉതുപ്പിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ക്നാനായക്കാരനായിരുന്നുവെന്നതിന് യാതൊരു തർക്കവു മില്ല. എന്നാൽ ഇപ്പോൾ നട്ടാശ്ശേരി തിരുക്കുടുംബ ദേവാലയത്തിലെ വികാരിയും കോട്ടയം രൂപതയിലെ മെത്രാനും പറയുന്നു; ഒ.എം. ഉതു പ്പിന് ക്നാനായക്കാരിയല്ലാത്ത അന്നമ്മയെ വിവാഹം ചെയ്തതുമൂലം കോട്ടയം രൂപതയിലെ അംഗത്വം നഷ്ടപ്പെട്ടുവെന്ന്. കാരണം അന്നമ്മ യുടെ മാതാവ് ലില്ലി ഒരു ലത്തീൻ കത്തോലിക്കയായിരുന്നു. എന്നാൽ ഉതുപ്പും അന്നമ്മയും തമ്മിലുള്ള വിവാഹം ആശീർവദിക്കപ്പെട്ടത് പടി ഞ്ഞാറെ ഓതറ പള്ളിയിലാണ്; അതും വധുവിനെ ആ ഇടവകാംഗമാ ക്കിയതിനുശേഷം എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു. ബിഷപ്പിന്റെ നിലപാടനുസരിച്ച് ഒരു ക്നാനായ സമുദായംഗമല്ലാത്തയാളുമായുള്ള വിവാഹം കോട്ടയം രൂപതയ്ക്കു കീഴിലുള്ള പള്ളിയിൽവച്ച് ആശീർവ ദിക്കപ്പെടാനാവില്ല. കോട്ടയം രൂപതയുടെ കീഴിലുള്ള പള്ളിയിൽവച്ച് വിവാഹം ആശിർവദിക്കപ്പെട്ടത് അന്നമ്മയും ക്നാനായക്കാരിയാണെന്ന് വ്യക്തമാക്കുന്നു.

വിവാഹത്തെത്തുടർന്ന് വാദിക്കാരന്റെ മാതാപിതാക്കൾ കുമരകം സെന്റ് ജോൺസ് ഇടവകാംഗങ്ങളായി തുടർന്നു. പിറന്ന കുട്ടികൾ എല്ലാം കോട്ടയം രൂപതയിലെ വിവിധ ഇടവകകളിൽനിന്ന് ജ്ഞാന സ്നാനം സ്വീകരിച്ചു. ആദ്യ കുർബാനയും മറ്റു കൂദാശകളും, കുമ രകം സെന്റ് ജോൺസ് പള്ളി, ഓതറ ചെറുപുഷ്പം പള്ളി, എന്നിവി ടങ്ങളിലും കോട്ടയം രൂപതയിലെ മറ്റു ദൈവാലയങ്ങളിലും നൽക പ്പെട്ടു. പെൺമക്കളെ കോട്ടയം രൂപതാംഗങ്ങൾ വിവാഹം കഴിച്ചു. വിവാഹങ്ങൾ ആശീർവദിക്കപ്പെട്ടത് കോട്ടയം രൂപതയിലെ പള്ളിക ളിലായിരുന്നു. ശ്രീ. ഉതുപ്പിന്റെ പേരമക്കളിൽ ചിലർക്ക് ജ്ഞാന സ്നാനവും ഇതര കൂദാശകളും നൽകിയത് കോട്ടയം രൂപതയിലെ ദേവാലയങ്ങളിൽ നിന്നായിരുന്നു.

അങ്ങനെ, ഒ.എം. ഉതുപ്പും, അദ്ദേഹത്തിന്റെ ഭാര്യ അന്നമ്മയും മറ്റു കുടുംബാംഗങ്ങളും കോട്ടയം രൂപതയുടെ കീഴിലുള്ള ക്നാനായ പള്ളി കളിൽ അംഗങ്ങളായി സ്വീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും

ചെയ്തു. അദ്ദേഹത്തിന്റെ മകൻ ബിജു ഉതുപ്പിന് ജ്ഞാനസ്നാനം നൽകിയത് കോട്ടയം രൂപതയിലെ ഇടവകയായ ഓതറ ചെറുപുഷ്പം പള്ളിയിൽനിന്നായിരുന്നു. ബിജു ഉതുപ്പ് ആദ്യകുർബാനയും ഇതര കൂദാശകളും സ്വീകരിച്ചത് കോട്ടയം രൂപതയിൽപ്പെട്ട പള്ളികളിൽ നിന്നായിരുന്നു. 1986-ൽ ശ്രീ. പി.എം. ചാക്കോ കോട്ടയം മുൻസിഫ് കോർട്ടിൽ ഒ.എസ്.നം.1086/88 ആയി ഒരു കേസ് ഫയൽ ചെയ്തു. ഒ.എം. ഉതുപ്പ് ക്നാനായക്കാരിയല്ലാത്ത ഒരുവളെ വിവാഹംചെയ്തതുമൂലം അദ്ദേഹവും കുടുംബാംഗങ്ങളും ക്നാനായക്കാരല്ലായെന്നും ക്നാനായക്കാരായി തുടരാൻ യാതൊരു അവകാശവുമില്ലെന്നും ആരോപിച്ചാണ് പ്രസ്തുത സ്യൂട്ട്.

1989-ൽ, കോട്ടയം രൂപതയിൽപ്പെട്ട വിതുര സെന്റ് മേരീസ് ഇടവകാംഗമായ ലീനയുമായി മനസമ്മതം നടത്തുന്നതിന് വിവാഹക്കുറിയാവശ്യപ്പെട്ടുകൊണ്ട് ബിജു ഉതുപ്പ് നട്ടാശ്ശേരി തിരുക്കുടുംബ ദേവാലയത്തിലെ വികാരിയെ സമീപിച്ചു. അന്നത്തെ വികാരി, കോട്ടയം രൂപതാദ്ധ്യക്ഷന്റെ പ്രേരണയിൽ വിവാഹക്കുറി നിരസിച്ചു. ബിജു തന്റെ വിവാഹസമ്മതത്തിനാവശ്യമായ വിവാഹക്കുറിക്കുവേണ്ടി എല്ലാ സഭാധികാരികളേയും സമീപിച്ചു. കുറി ലഭിക്കാത്തതിനാൽ, പ്രസ്തുത കുറി നൽകാൻ വികാരിക്കും കോട്ടയം രൂപതാദ്ധ്യക്ഷനും നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ബിജു കോട്ടയം മുൻസിഫ് കോടതിയിൽ പരാതി നൽകി. ഒ.എസ്.നം. 723/87

പ്രസ്തുത ഒറിജിനൽ സ്യൂട്ടിൽ കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ദേവാലയ വികാരിയും കോട്ടയം രൂപതാമെത്രാനുമായിരുന്നു എതിർകക്ഷികൾ. ബിജു തിരുക്കുടുംബ ഇടവകാംഗമല്ലെന്നും അദ്ദേഹത്തിന്റെ വല്യമ്മ-അമ്മയുടെ അമ്മ-ലില്ലി ക്നാനായക്കാരിയല്ലാതിരുന്നതിനാൽ ബിജുവിന് ഒരിക്കലും അംഗമാകാനാവില്ലായെന്നുമായിരുന്നു അവരുടെ വാദം. കെ.സി. ചാക്കോ, ലില്ലി ദമ്പതികളുടെ മകളായ അന്നമ്മയെ വിവാഹം കഴിച്ചതുമൂലം ഒ.എം. ഉതുപ്പിന് സഭയിലെ അംഗത്വം നഷ്ടമായി. അതുകൊണ്ടു തിരുക്കുടുംബ ഇടവക ദേവാലയത്തിൽനിന്നും വിവാഹക്കുറിക്ക് അവകാശമില്ല. ക്നായിതോമസിന്റെ കാലംമുതൽ അവർ സമുദായത്തിലെ ആചാരങ്ങൾ തുടർന്നുവരുന്നുണ്ട്. ചരിത്രാതീതകാലം മുതൽ ആ സമ്പ്രദായവും ആചാരങ്ങളും സ്വവംശവിവാഹവും കാത്തുപാലിച്ചുപോരുന്നു. വിസ്താരത്തിനിടയിൽ ക്നാനായ കത്തോ

ലിക്കാ കോൺഗ്രസ് കക്ഷി ചേരുകയും സമുദായത്തിന്റെ ശുദ്ധതയും പാരമ്പര്യവും കാത്തുസംരക്ഷിക്കുന്നതിനാണ് ക്നാനായ കത്തോലിക്കാ കോൺഗ്രസ് സ്ഥാപിതമായതെന്ന് അവർ വാദിച്ചു. ക്നാനായ കത്തോലിക്കാ സമുദായം ഒരു സ്വവംശവിവാഹസമൂഹം. ആരെങ്കിലും സമുദായത്തിനു വെളിയിൽനിന്ന് വിവാഹം കഴിച്ചാൽ അവനോ അവളോ അതിനാൽത്തന്നെ ക്നാനായ സമൂഹത്തിലെ അംഗമല്ലാതായിത്തീരുന്നു. അതുകൊണ്ട് വാദി കോട്ടയം രൂപതയുടെ ഒരംഗമല്ല.

ഈ വാദഗതികളെക്കുറിച്ചുള്ള തെളിവുകൾ ശേഖരിച്ചു. വാദിഭാഗത്തുനിന്നു 8 സാക്ഷികളെ വിസ്തരിച്ചു. വാദിയുടെ ഭാഗം തെളിയിക്കുന്നതിന് 19 രേഖകൾ അടയാളപ്പെടുത്തി. എതിർകക്ഷികൾ 5 സാക്ഷികളെ വിസ്തരിച്ചു; അവരുടെ ഭാഗം തെളിയിക്കുന്നതിന് 29 രേഖകൾ അടയാളപ്പെടുത്തി. 3 രേഖകൾ വിളിച്ചുവരുത്തി കോടതി രേഖപ്പെടുത്തി. പിഡബ്ളിയു 1 വാദി തന്നെ. മുഖ്യവിസ്താരത്തിൽ, താൻ കോട്ടയം രൂപതയിലെ നട്ടാശ്ശേരി തിരുക്കുടുംബ ഇടവകാംഗമാണെന്നും വിവാഹക്കുറി തനിക്കവകാശപ്പെട്ടതാണെന്നും അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. പ്രതിഭാഗം 3 ദിവസം വളരെ വിശദമായി ക്രോസ് വിസ്താരം നടത്തിയെങ്കിലും വാദിയുടെ തെളിവുകൾ തെറ്റാണെന്നു സ്ഥാപിക്കാനായില്ല. വാദിയുടെ രേഖകൾ മിക്കതും അയാളിലൂടെയും തിട്ടപ്പെടുത്തി.

വാദിഭാഗം രണ്ടാം സാക്ഷിയായി കുമരകം വള്ളാറ സെന്റ് ജോൺസ് പള്ളിയിലെ വികാരി ഫാ. ജോസ് ചെറുശേരിലിനെ വിസ്തരിച്ചു. 1956 -ലെ വിളിച്ചുചൊല്ല് രജിസ്റ്റർ ഹാജരാക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് പള്ളിയിൽ ലഭ്യമായിരുന്നില്ല. 1930 -1969 കാലയളവിലുള്ള മാമോദീസാ രജിസ്റ്റർ അദ്ദേഹം ഹാജരാക്കി. അതിൽ ബിജുവിന്റെ മാമോദീസാ രേഖപ്പെടുത്തിയ ഭാഗം കോടതി അടയാളപ്പെടുത്തി. ഈ പ്രമാണരേഖയിൽനിന്ന് കോട്ടയം രൂപതയിൽപ്പെട്ട സെന്റ് ജോൺസ് പള്ളിയിലെ രജിസ്റ്ററിൽ വാദി ശ്രീ. ബിജുവിന്റെ പേര് എഴുതിച്ചേർത്തിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടു. പടിഞ്ഞാറെ ഓതറയിലെ ചെറുപുഷ്പ ക്നാനായ പള്ളിയിലാണ് ബിജുവിന് മാമോദീസ നൽകിയത്. അതിന്റെ സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കി. പള്ളിയിലെ രജിസ്റ്റർ ചേർത്തിട്ടുണ്ട്. മാമ്മോദീസായ്ക്കുശേഷം, പ്രസ്തുത വിവരം കോട്ടയം സെന്റ് ജോൺസ് വെള്ളാറപള്ളിയിലെ രജിസ്റ്ററിൽ മേൽസൂചിപ്പിച്ചതുപോലെ ചേർത്തിട്ടുണ്ട്.

വാദിഭാഗം മൂന്നാം സാക്ഷി ബിജുവിന്റെ അമ്മാവനായ ശ്രീ. കെ. സി. പീറ്റർ ആണ്. ഉതുപ്പുമായുള്ള വിവാഹത്തിനുമുമ്പ് തന്റെ സഹോദരിയെ തോമസ് തറയിൽ മെത്രാന്റെ അനുമതിയോടെ പടിഞ്ഞാറേ ഓതറയിലെ ചെറുപുഷ്പം ക്നാനായ കത്തോലിക്കാ പള്ളിയിലെ വികാരി, ആ ഇടവകയിലെ അംഗമാക്കിയെന്ന് അദ്ദേഹം അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. അദ്ദേഹം നൽകിയ തെളിവ് ഫാ. ചാക്കച്ചേരിൽ എഴുതിയ കത്ത് എന്നിവയിൽ നിന്ന്, വാദിയുടെ മാതാപിതാക്കളുടെ വിവാഹത്തിന് സഭാപരമായ അനുമതിയുണ്ടായിരുന്നെന്നും വിവാഹം ആശിർവദിക്കപ്പെട്ടത് വാദിയുടെ മാതാവ് അന്നമ്മയ്ക്ക് പടിഞ്ഞാറെ ഓതറ പള്ളിയിൽ അംഗത്വമനുവദിച്ചു നൽകിയതിനുശേഷമായിരുന്നുവെന്നും കോടതി കണ്ടെത്തി. വാദിയുടെ അളിയൻ പി. ജെ. സിറിയക്ക് നാലാം സാക്ഷിയായി വിസ്തരിക്കപ്പെട്ടു. താൻ കോട്ടയം രൂപതയിലെ അംഗമാണെന്നും വാദിയുടെ സഹോദരിയെ 25-12-85-ൽ വിവാഹം കഴിച്ചുവെന്നും കോട്ടയം രൂപതയിൽപ്പെട്ട കണ്ണങ്കര സെന്റ് സേവ്യഴ്സ് പള്ളിയിൽ വിവാഹം ആശിർവദിക്കപ്പെട്ടതെന്നും നട്ടാശ്ശേരി തിരുക്കുടുംബ ദേവാലയത്തിൽവച്ചാണ് തന്റെ മനസമ്മതം നടന്നതെന്നും പി. ജെ. സിറിയക്ക് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. തന്റെ മകന്റെ മാമോദീസാ കോട്ടയം രൂപതയുടെ കത്തീഡ്രൽ പള്ളിയിൽവച്ചാണു നടന്നതെന്നും കണ്ണങ്കര പള്ളിയിലെ മാമോദീസ രജിസ്റ്ററിൽ പേർ ചേർത്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്ന് പ്രസ്താവിച്ചു. തന്റെ അളിയനായ ബൈജു വിവാഹം കഴിച്ചത് പരുത്തിക്കാട് ക്നാനായ യാക്കോബായ പള്ളിയിലെ അംഗമായ റീബയെ ആണ് എന്നും അദ്ദേഹം തുടർന്ന് പ്രസ്താവിച്ചു. റീബയെ നട്ടാശ്ശേരി തിരുക്കുടുംബ ഇടവകാംഗമാക്കി. അവരുടെ വിവാഹം കോട്ടയം രൂപതയിലെ കത്തീഡ്രൽ പള്ളിയിലാണ് നടന്നത്.

വടവാതൂർ അപ്പസ്തോലിക് സെമിനാരിയിലെ പ്രൊഫസറായ ഫാ. ഡോ. ജോസഫ് കോയിക്കുടിയായിരുന്നു വാദിഭാഗം 5-ാം സാക്ഷിയായി വിസ്തരിക്കപ്പെട്ടത്. അദ്ദേഹം കാനോൻ നിയമ പ്രൊഫസറായിരുന്നു. വിവാഹം ഒരു കൂദാശയാണെന്നും കാനോൻ നിയമം 9 പ്രകാരം ഒരു റീത്തിൽപ്പെട്ട പെൺകുട്ടിക്ക് വിവാഹവേളയിൽ തന്റെ ഭർത്താവിന്റെ റീത്തിൽ ചേരാനുള്ള സ്വാതന്ത്ര്യമുണ്ട്. ദൈവികനിയമം വിലക്കുകയോ വിവാഹം അസാധുവാക്കുകയോ ചെയ്യുന്ന കേസുകളിൽ ആധികാരികമായി പ്രഖ്യാപിക്കാൻ സഭയുടെ പരമാധികാരത്തിനുമാത്രമേ അധി

കാരമുള്ളൂവെന്ന് കാനോൻ നിയമം 28 അനുശാസിക്കുന്നുണ്ടെന്ന് അദ്ദേഹം അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. ഇതര വിലക്കുകളോ ദോഷകരമായ വിവാഹതടസ്സങ്ങളോ സ്ഥാപിക്കുവാൻ പരമോന്നത അധികാരത്തിനുമാത്രമേ അവകാശമുള്ളൂ.

കാനോൻ 30 അനുസരിച്ച് ഒരു പുതിയ തടസ്സമോ, നിലവിലുള്ള തടസ്സങ്ങൾക്ക് വിരുദ്ധമായതൊന്നോ ചേർക്കുന്ന ആചാരം അസാധുവാണ്. ക്നാനായക്കാർ പിന്തുടരുന്നുവെന്ന് ആരോപിക്കപ്പെടുന്ന ആചാരത്തിന് കാനോൻ നിയമമനുസരിച്ച് സാധ്യതയില്ലായെന്ന് അദ്ദേഹം തുടർന്നു. വാദിഭാഗം ആറാം സാക്ഷി പടിഞ്ഞാറേ ഓതറ ചെറുപുഷ്പം ക്നാനായ പള്ളിയിലെ വികാരി ഫാ. ജോസ് തറപ്പുതൊട്ടിയിൽ ആയിരുന്നു. 1956 മുതലുള്ള വിവാഹ രജിസ്റ്റർ അദ്ദേഹം ഹാജരാക്കി. ആ വിവാഹ രജിസ്റ്ററിൽ വാദിയുടെ മാതാപിതാക്കളുടെ വിവാഹം രേഖപ്പെടുത്തിയിട്ടുണ്ട്. ബിജുവിന്റെ പേര് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് കാണിക്കുവാനായി അദ്ദേഹം പള്ളിയിലെ മാമോദീസാ രജിസ്റ്റർ ഹാജരാക്കി.

വാദിഭാഗം 7-ാം സാക്ഷി ശ്രീമതി റോസമ്മ ആണ്. അവർ പതിയൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ അംഗമാണ്. ക്നാനായക്കാരിയല്ല. ഒരു സുപ്രഭാതത്തിൽ അവളെ ഉഴവൂർ സെന്റ് സ്റ്റീഫൻസ് പള്ളിയിൽ അംഗമാക്കുകയും ആ ഇടവകാംഗമായ അബ്രാഹാമുമായി വിവാഹിതയാവുകയും ചെയ്തു. കായംകുളത്തുള്ള ഓർത്തഡോക്സ് സഭയിലെ ക്നാനായേതര പള്ളിയിൽ ആണ് അവർ മാമോദീസാ സ്വീകരിച്ചതും. അവളുടെ പിതാവിന് ആ ഇടവകയിൽ അംഗത്വമുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. അവളുടെ മാതാപിതാക്കൾ ക്നാനായക്കാരായിരുന്നുവെന്നോ ക്നാനായ സഭയിലെ അംഗങ്ങളായിരുന്നുവെന്നോ സൂചിപ്പിക്കുന്നതിന് 7-ാം സാക്ഷിയുടെ മൊഴിയിൽ യാതൊന്നും ഇല്ലായിരുന്നു.

വാദിഭാഗം 8-ാം സാക്ഷി ഉഴവൂർ സെന്റ് സ്റ്റീഫൻസ് പള്ളിയിലെ വികാരിയാണ്. മേൽപ്പറഞ്ഞ റോസമ്മ (ക്നാനായക്കാരിയല്ല) യും അബ്രഹാവും (ക്നാനായക്കാരനാണ്) തമ്മിലുള്ള വിവാഹം തെളിയിക്കാനാണ് അദ്ദേഹത്തെ വിസ്തരിച്ചത്. അവർ ഇരുവരും ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഇടവകാംഗങ്ങളാണ്, ഒരാൾ ക്നാനായക്കാരിയല്ലെങ്കിൽപ്പോലും

ഇതിൽനിന്നു വ്യക്തമാകുന്നത് സ്വവംശവിവാഹം വേർതിരിവോടെ ആചരിക്കുന്നത് സഭയുടെ തോന്നലുകൾക്കനുസൃതമായാണ് എന്നാണ്.

പ്രതിഭാഗം ഒന്നാം സാക്ഷിയായി കോട്ടയം രൂപതയുടെ മെത്രാൻ റൈറ്റ് റവ. ഡോ. കുര്യാക്കോസ് കുന്നശ്ശേരിയെ വിസ്തരിച്ചു. മെത്രാനെ വിസ്തരിക്കുന്നതിന് അഡ്വ. തോമസ് മാപ്പിളശ്ശേരി കമ്മീഷണറായി നിയമിക്കപ്പെട്ടു. വിസ്താരം കോട്ടയം ബിഷപ്സ് ഹൗസിൽ പലനാൾ നീണ്ടു. പ്രതിഭാഗത്ത് നാലു സാക്ഷികളെക്കൂടി വിസ്തരിച്ചു. വാദിക്കുവേണ്ടി അഡ്വ. പി.വി. തോമസ്, ശ്രീ. ഫ്രാൻസിസ് തോമസ് എന്നിവർ ഹാജരായി. ശ്രീ. കെ. ജോർജ്ജ്, എം.ജെ. തോമസ് എന്നിവരായിരുന്നു പ്രതിഭാഗം വക്കീലന്മാർ. ശ്രീ. റ്റി. ആർ. ജി. വാര്യർ, മുൻ സുപ്രീംകോടതി ജഡ്ജി ബാലസുബ്രഹ്മണ്യം എന്നിവർ പ്രതിഭാഗത്തിനും വേണ്ടി പലതവണ ഹാജരായി.

സീറോ മലബാർ സഭയിലെ മൂന്നു മെത്രാൻമാർ യോജിച്ച് 01.03.1911–ൽ വത്തിക്കാനിൽ പത്താം പീയൂസ് മാർപ്പാപ്പയ്ക്ക് സമർപ്പിച്ച കൂട്ട ഹർജിയുടെ മലയാളം പരിഭാഷ പ്രതിഭാഗം പ്രമാണരേഖയുടെ പരിശോധന മധ്യേ ഹാജരാക്കി. മറ്റൊരു പ്രമാണരേഖ 29.08.1911–ൽ കോട്ടയം രൂപത രൂപീകരിച്ച് സ്ഥാപിച്ച പേപ്പൽ ബൂൾ ആണ് ബി 38 ബി 39 ആയി ഹാജരാക്കിയത്. കോട്ടയം രൂപതയുടെ സ്ഥാപനലക്ഷ്യം, Ext ബി 39 യിൽ കാണാവുന്നതാണ്. രൂപതയുടെ രൂപീകരണ ഉദ്ദേശം തെക്കുംഭാഗക്കാരുടെ ആത്മീയ പുരോഗതിയും അക്കാലത്ത് വിശ്വാസികളുടെയിടയിലെ പോരടിക്കുന്ന ശുശ്രൂഷകരുടെ അനുരഞ്ജനവും ആയിരുന്നു. സ്വവംശവിവാഹാചാരം രൂപതയിൽ തുടരുന്നതിനോ പുതുതായി സ്ഥാപിക്കപ്പെട്ട രൂപതയുടെ രക്തശുദ്ധി നിലനിർത്തുന്നതിനോ ആണ് കോട്ടയം രൂപത രൂപീകരിച്ചതും സ്ഥാപിച്ചതുമെന്ന് ബൂളായിൽ ഒരിക്കലും പരാമർശിച്ചിട്ടില്ല. തന്നെയുമല്ല ക്നാനായ സമൂഹത്തിന്റെ സ്വവംശവിവാഹ സ്വഭാവത്തെക്കുറിച്ച് യാതൊന്നും പറയുന്നുമില്ല.

പ്രതിഭാഗം ഒന്നാം സാക്ഷി കോട്ടയം രൂപതാ മെത്രാനായ മാർ കുര്യാക്കോസ് കുന്നശ്ശേരി പറഞ്ഞത് യേശുക്രിസ്തു പഠിപ്പിച്ച സാർവ്വത്രിക സാഹോദര്യം സഭയുടെ ചട്ടമാണെന്ന് പറയാനാവില്ല. യേശുക്രിസ്തു പഠിപ്പിച്ചതെല്ലാം ആവശ്യമായ നിയമമല്ലായെന്നു സന്ദേഹമില്ലാതെ പ്രസ്താവിക്കുന്നതുവഴി ഒരു പടി കൂടി മുമ്പോട്ടുപോയി. യേശുക്രിസ്തു

വിന്റെ പ്രബോധനങ്ങൾക്കനുസൃതമല്ലാത്ത സ്വകീയമായ തനത് നിയമ ങ്ങൾ രൂപീകരിക്കാൻ കോട്ടയം രൂപതയ്ക്കാവുമെന്ന പരോക്ഷമായ സൂചനയതിലുണ്ട്. ഒന്നാം സാക്ഷിയുടെ മേൽ പ്രസ്താവന ഖണ്ഡി ക്കുന്നതിന് റവ. ഡോ. ജോസഫ് കോയിക്കുടി മതിയായ തെളിവുകൾ നൽകി. സഭ അടിസ്ഥാനമിട്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രബോ ധനങ്ങളിലാണ്. അത് ഒരു പ്രേഷിതസഭയാണ്. ബൈബിളിലെ പ്രബോ ധനങ്ങൾക്കു വിരുദ്ധമായ ആചാരമോ, വ്യക്തിഗത പ്രവർത്തനപരിധി യോ, വിനിയോഗമോ ഒരിക്കലും പാടില്ല; ബൈബിളിലെ പ്രബോധന ങ്ങൾ ദൈവീകനിയമമാണ്. ക്രിസ്തുമതത്തിന്റെ ഉത്ഭവംതന്നെ ജാതി യുടെയും വിശ്വാസത്തിന്റെയും പേരിലുള്ള വേർതിരിവിന് എതിരാണ്.

ഇരുവിഭാഗക്കാരും നിരത്തിയ എല്ലാ തെളിവുകളും വിലയിരുത്തു കയും അവർ ഹാജരാക്കിയ പ്രമാണങ്ങൾ പരിശോധിക്കുകയും ഇരു വിഭാഗക്കാരുടെയും വക്കീലന്മാർ മുന്നോട്ടുവച്ച് ഉന്നയിച്ച വാദഗതികൾ കേൾക്കുകയും ചെയ്തിട്ട് പണ്ഡിതനായ മുൻസിഫ് ശ്രീ. ജോർജ്ജ് ഉമ്മൻ, വാദി ക്നാനായ സമുദായത്തിന്റെയും നട്ടാശ്ശേരി തിരുക്കുടും ബദേവാലയത്തിന്റെയും അംഗമാണെന്നും അയാൾക്ക് വിവാഹക്കുറി അവകാശപ്പെട്ടതാണെന്നും കണ്ടെത്തി. 24.11.90 മുതൽ ഒരു മാസത്തി നുള്ളിൽ വാദിക്ക് മനസമ്മതവും വിവാഹവും നടത്തുന്നതിനാവശ്യ മായ വിവാഹക്കുറി നൽകാൻ വികാരിക്കും മെത്രാനും ഉത്തരവ് നൽകി.

വാദി മേല്പറഞ്ഞ കാലയളവ് കാത്തിരുന്നു. എന്നാൽ കോടതി നിർദ്ദേശിച്ച പ്രകാരമുള്ള വിവാഹക്കുറി എതിർഭാഗം നൽകിയില്ല. ഒരു മാസം കഴിഞ്ഞപ്പോൾ വാദി വിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിധി നടപ്പാക്കാൻ പരാതി നൽകി. അപ്പോഴും വിവാഹക്കുറി നൽകാൻ എതിർകക്ഷികൾ തയ്യാറായില്ല. ഒടുവിൽ വിധി അനുസരിക്കാത്തതിന് മെത്രാനെ അറസ്റ്റ് ചെയ്ത് തടവിൽ വയ്ക്കാൻ കോടതി ഉത്തരവിട്ടു. ആ ഘട്ടത്തിൽ മെത്രാനെ അറസ്റ്റ് ചെയ്യാനോ തടവിൽ വയ്ക്കാനോ ഉള്ള ഒരു നടപടിയും വാദി സ്വീകരിച്ചില്ല. കാരണം അയാൾ യേശുക്രി സ്തുവിലും അവിടുത്തെ പ്രബോധനങ്ങളിലും അടിയുറച്ച് വിശ്വസി ക്കുന്ന ഒരാളായിരുന്നു. മെത്രാൻ യേശുക്രിസ്തുവിന്റെ അപ്പസ്തോ ലൻമാരുടെ പിൻഗാമിയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

വിധിയനുസരിക്കുന്നതിനു പകരം, എതിർകക്ഷികൾ കോട്ടയം ജില്ലാ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തു. അത് എറണാകുളം ജില്ലാ

കോടതിയിലേക്ക് മാറ്റി, ഒടുവിൽ എസ് 244, 254/04 എന്ന് നമ്പറിട്ടു. രണ്ടാം അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജി ശ്രീ. അശോക് മേനോൻ അനവധി ദിവസങ്ങളിൽ അപ്പീൽ വിശദമായി കേട്ടു. ഒടുവിൽ 20.12.2008–ൽ വിധി പാസാക്കി. കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തി, അപ്പീൽ തള്ളി. ബിജു ഉതുപ്പിനുവേണ്ടി കോട്ടയം മുൻസിഫ് കോടതി യിൽ ഹാജരായ വക്കീലന്മാർ ശ്രീ. പി.വി. തോമസ്, ഫ്രാൻസിസ് തോമസ് എന്നിവർ വാദിക്കുവേണ്ടി അപ്പീൽ കോടതിയിലും ഹാജരായി. ജില്ലാകോടതിയിൽ എം.ജെ. തോമസ്, ജയകുമാർ എന്നിവർ എതിർഭാ ഗത്തിനുംവേണ്ടി ഹാജരായി.

അപ്പസ്തോലിക് പ്രൊ നുൺഷ്യോയുടെ ഇടപെടലിൽ വാദിയുടെ വിവാഹം ലൂർദ് ഫൊറോന പള്ളിയിൽ വച്ചുനടന്നു. ആശീർവദിച്ചത് ഫാ. ജേക്കബ് ചൊള്ളമ്പേൽ; കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ഇടവ കയിലെ അംഗത്വം നിലനിർത്തി. ആ ദാമ്പത്യത്തിൽ പിറന്ന പെൺകു ഞ്ഞിനെ ചിക്കാഗോയിലെ ക്നാനായ കത്തോലിക്ക മിഷനിൽ 16.06.2002 –ൽ ജ്ഞാനസ്നാനം നൽകി. ബിജുവും കുടുംബവും 15 മാസത്തേക്ക് അവധിയിൽ പോയപ്പോഴായിരുന്നു അത്.

അപ്പീൽ നിലനിൽക്കേ, കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ദേവാല യത്തിലെ മാമോദീസ രജിസ്ട്രറിൽ മകൾ ലീബ ആൻ ചാക്കോയുടെ പേർ ചേർക്കുന്നതിനായി വികാരിയെ സമീപിച്ചു. അപ്പീൽ നില നിൽക്കുന്നതുകൊണ്ട്, അപ്പീൽ തീരുമാനമാകുമ്പോൾ ഈ അഭ്യർത്ഥന പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞു. അപ്പീൽ തീർപ്പാക്കിയപ്പോൾ, പള്ളിയിലെ മാമോദീസ രജിസ്റ്ററിൽ മകളുടെ പേര് ചേർക്കണമെന്ന ആവ ശ്യവുമായി വാദി വികാരിയെ സമീപിച്ചു. എതിർകക്ഷികൾ അത് നിര സിച്ചു. നട്ടാശ്ശേരി തിരുക്കുടുംബദേവാലയത്തിലെ മാമോദീസാ രജിസ്റ്റ റിൽ തന്റെ മകളുടെ പേര് ചേർക്കുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് വാദി കോട്ടയം മുൻസിഫ് കോടതിയിൽ OS No. 298/2 ആയി സ്യൂട്ട് ഫയൽ ചെയ്തു.

ഈ ക്നാനായകേസിനു വേണ്ടി പോരാടുകയും ശക്തൻമാരുടെ പീഡനത്തിനിരയാകുന്ന സകലർക്കും നീതി ഉറപ്പിക്കുന്നതിനുവേണ്ടി നിലകൊണ്ട കുടുംബത്തിന് വിജയം നേടിക്കൊടുക്കുകയും ചെയ്ത നിയമ ടീമിൽനിന്നും ഒറവണക്കളം ക്നാനായ കേസിന്റെ നിയമവശ ത്തുനിന്നുള്ള കഥയാണിത്.

# 3

# പ്രശ്നവിശകലനം

## ജോസഫ് പുലിക്കുന്നേൽ

*(പ്രൊഫ. മാത്യു മാക്കീൽ ഉദ്ധരിക്കുന്ന രണ്ടു രേഖകൾ:*

1. *1911–ൽ വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പ കോട്ടയം മിസ്സം സ്ഥാപിച്ചു കൊണ്ട് പുറപ്പെടുവിച്ച തിരുവെഴുത്ത്*
2. *കോട്ടയം മിസ്സം സ്ഥാപനത്തിന്റെ മുഖ്യ കാരണഭൂതനായ മാക്കീൽ മത്തായി മെത്രാന്റെ നാളാഗമം)*

ബഹുമാന്യനായ പ്രൊഫ. മാത്യു മാക്കീൽ ഉദ്ധരിക്കുന്ന രണ്ടു രേഖകൾ ഞാൻ നേരത്തെ കണ്ടിട്ടുള്ളതാണ്. ഓരോ ചരിത്രസന്ധികളിലും ഉന്നയിക്കപ്പെടുന്ന സാമൂഹ്യപ്രശ്നങ്ങളോട് കത്തോലിക്കാസഭാ ഭരണാധികാരികളും കാലികങ്ങളായി പ്രതികരിക്കാറുണ്ട്. വിശ്വാസത്തെ സംബന്ധിച്ചുള്ള ആധികാരിക പ്രഖ്യാപനങ്ങളൊഴിച്ചുള്ള മറ്റെല്ലാ കല്പനകളും തീരുമാനങ്ങളും മനുഷ്യസംസ്കാരത്തിന്റെയും ചിന്തയുടെയും മാറ്റങ്ങളനുസരിച്ച് മാറ്റപ്പെട്ടിട്ടുണ്ട്, മാറ്റപ്പെടേണ്ടതാണ്.

കേരള കത്തോലിക്കാ സഭയിൽ വൈവിധ്യമാർന്ന പാരമ്പര്യങ്ങളുള്ള ജനപദങ്ങളുണ്ട് എന്ന കാര്യത്തിൽ ആർക്കും എതിർപ്പില്ല. ഈ ഓരോ ജനപദങ്ങൾക്കും വ്യത്യസ്തങ്ങളായ സാമൂഹ്യാചാരങ്ങളുണ്ട്. ഈ സാമൂ

ഹ്യാചാരങ്ങൾ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളോട് എതിർപ്പില്ലാത്തതാണെങ്കിൽ അവയെ ആദരിക്കുന്നതിന് ചരിത്രപരമായ കാരണങ്ങളാൽ സഭ തയ്യാറായിട്ടുണ്ട്. കേരളസഭയിൽ പരസ്പരം രണ്ടു വ്യത്യസ്ത സമൂഹധാരയായി നിലനിന്നിരുന്നവരാണ് സുറിയാനി ക്രിസ്ത്യാനികളും ലത്തീൻകാരും. അതിൽ സുറിയാനി ക്രിസ്ത്യാനികൾ മാർത്തോമ്മാ ശ്ലീഹാ ജ്ഞാനസ്നാനം നൽകിയ നമ്പൂതിരിമാരുടെ പാരമ്പര്യത്തിൽപ്പെട്ടവരാണെന്ന് വിശ്വസിച്ചുപോന്നു. വർഗ്ഗശുദ്ധിയുടെ കാര്യത്തിൽ ഒരു കാലത്ത് ക്നാനായക്കാരെപ്പോലെതന്നെ തീക്ഷ്ണതയുള്ളവരായിരുന്നു അവരും. അയിത്തം നിലനിന്നിരുന്ന കാലത്ത് അവർണ്ണർ തൊട്ട് അശുദ്ധമാക്കിയ വസ്തുക്കൾ നമ്പൂതിരിരക്തം സിരകളിലൂടെ ഓടിയിരുന്ന സുറിയാനി ക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകും എന്നു പാരമ്പര്യവും ഉണ്ടായിരുന്നു.

സുറിയാനി ക്രിസ്ത്യാനികൾ (ഇന്നത്തെ സീറോ മലബാർ സഭ) ഒരു കാലത്ത് ലത്തീനിൽനിന്നും വിവാഹം കഴിച്ചിരുന്നില്ല. അഥവാ അങ്ങനെ വിവാഹം കഴിച്ചാൽ ഇന്നത്തെ ക്നാനായക്കാരെപ്പോലെ വിവാഹിതരെ സമൂഹത്തിൽനിന്നും പുറന്തള്ളിയിരുന്നു.

ഇത്തരം പാരമ്പര്യങ്ങളുടെ ലിസ്റ്റുകൾ വാദിച്ചതിന്റെ ഫലമായാണ് സുറിയാനി ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ രൂപതകളും ഹൈരാർക്കിയും റോമാ അനുവദിച്ചത്. എന്നാൽ രൂപതകൾ സ്ഥാപിക്കുമ്പോൾ ഏതെങ്കിലും ഒരു ജനസമൂഹത്തിന്റെ രക്തശുദ്ധി പരിരക്ഷിക്കും എന്ന് മാർപ്പാപ്പയോ സഭയോ പ്രഖ്യാപിച്ചിട്ടില്ല. അതിനു പൊതുവായ ഒരു നിയമമുണ്ട്. പൗരസ്ത്യ കാനോൻ നിയമമനുസരിച്ച് ഏതെങ്കിലും റീത്തിൽപ്പെട്ട ഒരു പുരുഷൻ മറ്റൊരു റീത്തിൽനിന്നും വിവാഹം കഴിച്ചാൽ പുരുഷന്റെ റീത്തിൽ സ്ത്രീയും ഉൾപ്പെടും എന്നുള്ളതാണ് നിയമം.

മാർ മാത്യു മാക്കീൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന കാലത്ത് 1904-ൽ പ്രസിദ്ധീകരിച്ച ദെക്രെത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്. "കാരണവന്മാർ അവരുടെ മക്കൾക്ക് കല്യാണം പറഞ്ഞൊപ്പു നിശ്ചയിച്ചുറപ്പിക്കുന്നതിനു മുൻപിൽ, മക്കളുടെ സമ്മതം വാങ്ങിച്ചിരിക്കേണ്ടതും, അവരുടെ സമ്മതം താഴെ വിവരിച്ചിരിക്കും പ്രകാരം ബഹു. വികാരിയുടെ മുമ്പാകെ വെളിപ്പെടുത്തേണ്ടതും ആകുന്നു. എന്തുകൊണ്ടെന്നാൽ

കല്യാണപ്പറഞ്ഞൊപ്പിന്റെ വസ്തുതയ്ക്ക് അവരുടെ ഈ സമ്മതം ആവശ്യമായിരിക്കുന്ന മണവാളനെ അഥവാ മണവാട്ടിയെ തിരഞ്ഞെടുക്കുന്നതിൽ സമ്പത്തും, ബഹുമാനവും നോക്കുന്നതിനേക്കാൾ അവരുടെ പുണ്യത്തെയും സ്വഭാവഗുണത്തെയും കാരണവന്മാർ ഏറ്റം സൂക്ഷിച്ചു അന്വേഷിക്കേണ്ടതാകുന്നു" (പേജ് 112). ആ ദെക്രെത്തിൽ 17-ാം അധ്യായത്തിൽ 13 പേജുകളിലായി വിവാഹത്തെ സംബന്ധിച്ച നിബന്ധന അദ്ദേഹം എഴുതിയിട്ടുണ്ട്. അതിലൊന്നും വിവാഹമെന്ന കൂദാശ വർഗ്ഗീയപരമായ കാരണങ്ങളാൽ നടത്തിക്കൊടുത്തുകൂടാ എന്ന നിബന്ധന കാണുന്നില്ല.

ക്നാനായക്കാർ വർഗ്ഗശുദ്ധി പാലിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ അങ്ങനെ സാമൂഹികമായി പ്രവർത്തിക്കുന്നതിന് അവർക്കവകാശമുണ്ട്. എന്നാൽ കോട്ടയം രൂപതയിലെ വിവാഹപ്രശ്നം കൈ ചൂണ്ടുന്നത് ക്നാനായക്കാരുടെ രക്തശുദ്ധി പരിരക്ഷിക്കുന്നതിനുവേണ്ടി വിവാഹമെന്ന കൂദാശയെയും സഭയുടെ ആദ്ധ്യാത്മികാധികാരത്തെയും ദുരുപയോഗിക്കാമോ എന്നതാണ്. നാളെ സുറിയാനി ക്രിസ്ത്യാനികൾ നമ്പൂതിരിയുടെ പാരമ്പര്യത്തിൽപ്പെട്ടവരാണെന്നതുമൂലം ക്നാനായ സഭയിൽനിന്നോ ലത്തീൻ സഭയിൽനിന്നോ വിവാഹിതരായവർക്ക് സഭയിൽ ഭ്രഷ്ട് കല്പിക്കുന്നുവെന്നു വന്നാൽ അതിന്റെ പരിണിതഫലം എന്തായിരിക്കും?

വിവാഹം ഒരു കൂദാശയാണ്. സഭാവിശ്വാസമനുസരിച്ച് അത് ദൈവികമാണ്. ഭൗതിക പാരമ്പര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ദൈവീകമായ ഒരു കൂദാശയെ ഉപയോഗിക്കുന്നതിന്റെ ദൈവശാസ്ത്രപരമായ സാധുതയാണ് ഈ വിവാഹപ്രശ്നത്തിൽ അന്തർഭവിച്ചിരിക്കുന്നത്. വിവാഹംപോലെ തന്നെ മറ്റൊരു കൂദാശയാണല്ലോ തിരുപ്പട്ടം. വിവാഹത്തിൽ പുരുഷനും സ്ത്രീയും തമ്മിൽ കൗദാശികമായി ബന്ധിക്കപ്പെട്ട് സഭയിൽ ഏക ശരീരമായിത്തീരുന്നു. തിരുപ്പട്ടത്തിലും ഒരു പുരോഹിതൻ മെത്രാന്റെയടുക്കൽ വിശ്വാസപ്രഖ്യാപനവും അനുസരണവും വ്രതവാഗ്ദാനം ചെയ്ത് സഭാശരീരത്തിന്റെ ശുശ്രൂഷകനെന്ന കൂദാശ സ്വീകരിക്കുന്നു. മാക്കീൽ മെത്രാൻ അദ്ദേഹത്തിന്റെ പൗരോഹിത്യകൂദാശ സ്വീകരിച്ചത് ലത്തീൻകാരനായ മെത്രാനിൽനിന്നായിരുന്നു. അദ്ദേഹം ലത്തീൻ മെത്രാനായിരുന്ന മർസലീനോസിന്റെ സെക്രട്ടറിയുമായിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ, തെക്കുംഭാഗരും വടക്കുംഭാ

ഗരും ഒരുമിച്ചുനിന്ന് പാരമ്പര്യ സംരക്ഷണാർത്ഥം സ്വയം ഭരണസമ്പ്ര ദായത്തിനുവേണ്ടി ത്യാഗപൂർവ്വം പരിശ്രമിച്ചിരുന്ന കാലഘട്ടത്തിലാണ്. സ്വയംഭരണ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ എതിരാളിയായിരുന്ന മർസലീനോസ് മെത്രാന്റെ സെക്രട്ടറിയായി അദ്ദേഹം പ്രവർത്തിച്ചത്. ലത്തീൻ സെമിനാരിയിൽ അദ്ദേഹം ജോലിയും നോക്കി.

അൽമായന് കൂദാശ നൽകുമ്പോൾ മാത്രം ഈ തെക്കുംഭാഗ വട ക്കുംഭാഗ വിഭജനം പൊക്കിപ്പിടിക്കുന്നതിന്റെ അന്തസ്സാരശൂന്യത ഏപ്രിൽ ലക്കം *ഓശാന*യിൽ സൂചിപ്പിച്ചിരുന്നു. ക്നാനായ രൂപത സ്ഥാപിച്ചത് തെക്കുംഭാഗരുടെ പ്രത്യേകമായ ആദ്ധ്യാത്മിക ശുശ്രൂഷയ്ക്കു മാത്രമല്ല, അവരുടെ വർഗ്ഗവിശുദ്ധിയും കൂടി പരിരക്ഷിക്കുന്നതിനുവേണ്ടിയാ ണെന്ന് മാർപ്പാപ്പ പ്രഖ്യാപിച്ചിട്ടില്ല. ഈ പ്രശ്നത്തിൽ അന്തർഭവിച്ചിരി ക്കുന്ന കാതലായ പ്രശ്നവും അതുതന്നെയാണ്. ഇന്ന് കോട്ടയം മെത്രാൻ കുന്നശ്ശേരിക്ക് ചെയ്യാവുന്ന ഏറ്റവും നല്ല കൃത്യം റോമിലേ ക്കെഴുതി 10-ാം പീയൂസ് മാർപ്പാപ്പയുടെ കല്പനയ്ക്ക് ഒരു വിശദീക രണം തേടുകയാണ്. ക്നാനായക്കാരുടെ രക്തസംശുദ്ധിയെ പരിരക്ഷി ക്കുന്നതിനും കൂടി വേണ്ടിയാണ് ഈ രൂപത സ്ഥാപിച്ചതെന്ന് മാർപ്പാപ്പ യിൽനിന്ന് വ്യക്തമായൊരു കല്പന നേടിയെടുക്കാൻ അദ്ദേഹം പരി ശ്രമിക്കണം.

കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ അടിയന്തിര കാരണം സംഭവ ബഹുലമായ ചില സംഭവങ്ങളായിരുന്നു. ആ സംഭവങ്ങൾകൂടി കണ ക്കിലെടുത്താൽ മാത്രമേ കോട്ടയം രൂപതയുടെ സ്ഥാപനത്തിൽ റോമി നുണ്ടായിരുന്ന ലക്ഷ്യം മനസ്സിലാക്കാൻ കഴിയൂ.

കൂനൻ കുരിശിനുശേഷം ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികൾ രണ്ടായി പിരിഞ്ഞു. യാക്കോബായക്കാരും കത്തോലിക്കരും. ഇതിൽ കത്തോലിക്കാ വിഭാഗം വിദേശ മെത്രാന്മാരുടെ കീഴിലും യാക്കോബായ വിഭാഗം സ്വദേശീയ മെത്രാന്മാരുടെ കീഴിലും ഭരിക്കപ്പെട്ടുപോന്നു. വിദേശ മെത്രാന്മാരോടുള്ള എതിർപ്പിന്റെ ഫലമായി കഴിഞ്ഞ നൂറ്റാണ്ടിൽ സഭയ്ക്കുള്ളിൽ ഛിദ്രങ്ങളുണ്ടായി. റോക്കോസിന്റെയും മേലൂസി ന്റെയും ആഗമനം കത്തോലിക്കാ സഭയുടെ അംഗസംഖ്യ കുറയ്ക്കാനും ഛിദ്രത്തിനുമിടയാക്കി. ഇതിനെ ഗൗരവപൂർവ്വം കണക്കിലെടുത്ത് ആഭ്യ ന്തര അട്ടിമറിയെ തന്ത്രപൂർവ്വം ചെറുക്കാനാണ് നാട്ടുമെത്രാന്മാരായ മാർ

മാക്കീലിനെയും മാർ പഴയപറമ്പിലിനെയും മാർ മേനാച്ചേരിയെയും നിയമിച്ചത്. ഇവർ മൂവരും അധികാരസഭയുടെ ഇഷ്ടഭാജനങ്ങളുമായിരുന്നു. (മാർ മാത്യു മാക്കീൽ ലത്തീൻകാരായ മർസലീനോസ് മെത്രാന്റെ സെക്രട്ടറിയായി പ്രശസ്ത സേവനം അനുഷ്ഠിച്ചു. മാർ ലൂയീസ് പഴയപറമ്പിൽ ലെവീഞ്ഞ് മെത്രാന്റെ പാദദാസനുമായിരുന്നല്ലോ).

അതീവ തന്ത്രജ്ഞനായ ഭരണാധികാരിയായിരുന്നു ലവീഞ്ഞ്. വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം നന്നായി അറിയാമായിരുന്ന ലവീഞ്ഞ് മാർ മാത്യു മാക്കീലിനെ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനാക്കിയത് സുറിയാനിക്കാരെ വികാരപരമായി രണ്ടായി വിഭജിക്കുന്നതിനു വേണ്ടിയായിരുന്നു. മാത്യു മാക്കീൽ തെക്കുംഭാഗക്കാരനായിരുന്നതുകൊണ്ടല്ല ചങ്ങനാശ്ശേരി രൂപതയിൽ അദ്ദേഹത്തിന്റെ നിയമനത്തിനെതിരെ എതിർപ്പുണ്ടായത്. മറിച്ച് ഇവിടുത്തെ സുറിയാനിക്കാർ സ്വയംഭരണത്തിനുവേണ്ടി തീവ്രമായി ത്യാഗപൂർവ്വം വാദിച്ചിരുന്ന അവസരത്തിൽ ഇതിൽനിന്നെല്ലാം മാറി ലത്തീൻ മെത്രാന്റെ സെക്രട്ടറിയായി ലത്തീൻ മെത്രാന് പാദസേവ ചെയ്ത ഒരാളെ തങ്ങൾക്കു മെത്രാനായി നിയമിച്ചതായിരുന്നു എതിർപ്പിനു കാരണം. ഈ താത്വികമായ എതിർപ്പിനെ വർഗ്ഗീയമായ എതിർപ്പാക്കി മാറ്റേണ്ടത് സ്വന്തം നിലനിൽപ്പിന് മാക്കീൽ മെത്രാന്റെ ആവശ്യമായിരുന്നു.

കലക്കവെള്ളത്തിൽ മീൻ പിടിക്കുക എന്ന പൗരോഹിത്യതന്ത്രം ഈ അവസരത്തിൽ യാക്കോബായക്കാർ അവസരോചിതമായി നടപ്പിലാക്കി. 1910-ൽ അന്തിയോക്യാ സഭ ക്നാനായക്കാർക്കു മാത്രമായി ഒരു രൂപത സ്ഥാപിച്ചു. ഇതോടുകൂടി കത്തോലിക്കാ സഭയിൽനിന്നും അന്തിയോക്യാ സഭയിലേക്ക് പുരോഹിതരും ജനങ്ങളും പ്രവഹിച്ചേക്കുമെന്ന ധാരണ റോമിലുണ്ടായി. ഇതിനെ ചെറുക്കുന്നതിനുവേണ്ടിയാണ് 1911-ൽ മാർപ്പാപ്പാ കോട്ടയം രൂപത സ്ഥാപിച്ചത്. ഈ രൂപതാസ്ഥാപനം തെക്കുംഭാഗരുടെ രക്തശുദ്ധി പാലിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണെന്നു സ്ഥാപിക്കാൻ യാതൊരു തെളിവുകളുമില്ല.

ലത്തീൻ രൂപതാ മെത്രാനോട് വ്രതവും അനുസരണവും പ്രഖ്യാപിച്ച് ലത്തീൻ മെത്രാന്റെ സെക്രട്ടറിയായി പാദസേവ ചെയ്ത മാക്കീൽ മെത്രാൻ ലത്തീൻ പൗരോഹിത്യ പാരമ്പര്യം സ്വീകരിച്ച ഒരു പുരോഹിതനായിരുന്നു. അദ്ദേഹത്തിന് തെക്കുംഭാഗം രൂപതയുടെ മെത്രാനാകാ

മെങ്കിൽ തന്റെ മാതാമഹി ഒരു ലത്തീൻകാരിയായിരുന്നു എന്നതുകൊണ്ട് ക്നാനായ ഇടവകയുടെ അംഗത്വം ബിജു ഉതുപ്പിന് നിഷേധിക്കുന്നതിൽ എന്തു ന്യായീകരണമാണുള്ളത്? അച്ചനും മെത്രാനും ലത്തീനാകാം. ലത്തീൻകാരുടെ കൂടെ പോകാം. അൽമായനുമാത്രം ഇതനുവദനീയമ ല്ലെന്ന പിടിവാശി കുറെ കടന്ന കൈയല്ലേ.

## ഇണ്ടംതുരുത്തിയുടെ ആത്മാവ്

വൈക്കം സത്യാഗ്രഹ സമരകാലത്ത് സവർണ്ണരൊഴിച്ചുള്ള ആർക്കും ക്ഷേത്രവഴിയിലൂടെ പോകാൻ അനുവാദമില്ലെന്ന് ശ്രുതികളും സ്മൃതി കളും ഉദ്ധരിച്ച് വർഗ്ഗശുദ്ധിയുടെ ശാശ്വതീകരണത്തിനുവേണ്ടി ശക്ത മായി വാദിച്ച ആളായിരുന്നു ഇണ്ടംതുരുത്തി നമ്പൂതിരി. അദ്ദേഹത്തിൽ കുറച്ചു വിവരം വിതയ്ക്കാൻ ഇല്ലത്തെത്തിയ മഹാത്മഗാന്ധിയെ ഇല്ലത്തു പ്രവേശിപ്പിച്ചാൽ തന്റെ വർഗ്ഗശുദ്ധി നഷ്ടപ്പെടും എന്നു വാദിച്ച് ഇല്ലത്തിനുമുൻപിൽ ഒരു പുത്തൻ പടിപ്പുര നിർമ്മിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചത്.

ഇന്ന് ആ ഇണ്ടംതുരുത്തിമന കമ്മ്യൂണിസ്റ്റുപാർട്ടിയുടെയും ചെത്തു തൊഴിലാളിയുടെയും ഓഫീസാണെന്ന വസ്തുത നാം മറക്കരുത്!! "മാറ്റു വിൻ ചട്ടങ്ങളെ" എന്ന മനുഷ്യത്വത്തിന്റെ ഗർജ്ജനം രക്തശുദ്ധിയു ടെയും സവർണ്ണതയുടെയും കോട്ടകൊത്തളങ്ങളെ ഉഴുതുമറിച്ച ഈ ഭാരതത്തിൽ, "സഹോദരരേ, വിജാതീയർ എന്റെ അധരങ്ങളിൽനിന്നു സുവിശേഷവചനം കേട്ടു വിശ്വസിക്കുന്നതിനുവേണ്ടി കുറേനാൾ മുമ്പ് ദൈവം നിങ്ങളുടെ ഇടയിൽനിന്ന് എന്നെ തിരഞ്ഞെടുത്തതായി നിങ്ങൾക്ക് അറിയാമല്ലോ. ഹൃദയങ്ങളെ അറിയുന്നവനായ ദൈവം നമുക്കു നൽകിയപോലെ, പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവർക്കും സാക്ഷ്യം വഹിച്ചു. നമ്മളും അവരും തമ്മിൽ അവൻ ഒരു വ്യത്യാസവും കല്പിച്ചിട്ടില്ല. അവരുടെ ഹൃദയങ്ങളെ വിശ്വാസത്താൽ അവൻ ശുദ്ധീകരിച്ചതേ ഉള്ളൂ. ആയതിനാൽ, നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ ചുമക്കാൻ കഴിയാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ കഴുത്തിൽവച്ച് നിങ്ങൾ എന്തിനു ദൈവത്തെ പരീക്ഷിക്കുന്നു?" (അപ്പ. 15:7-10) എന്ന് ഉദ്ഘോഷിച്ച പത്രോസിന്റെ പടവിൽ ഈ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ, യേശുവിന്റെ പേരിൽ രക്തശുദ്ധിയുടെ മാളങ്ങൾ നിർമ്മിക്കാമെന്ന് വ്യാമോഹിക്കുന്നത് ഒരു കടുത്ത കൈയല്ലേ?

# ഭാഗം 3

# എൻഡാഗമിയും കോട്ടയം രൂപതയും

# 1

# കോട്ടയം രൂപതയുടെ സ്ഥാപന ചരിത്രം

കെ.സി.എൻ.എസ്.

വിഭജിച്ചു ഭരിക്കുക എന്നത് എല്ലാ സാമ്രാജ്യ ശക്തികളുടെയും അതിപ്രധാനമായ ഒരു തന്ത്രമാണ്. മനുഷ്യസമൂഹം വംശീയമായി, ജാതീയമായി, മതപരമായി, പ്രാദേശികമായി വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സംസ്കാരം ജനഹൃദയങ്ങളിൽ രൂഢമൂലമാകുമ്പോൾ ഈ വിഭാഗീയതയുടെ അതിർവരമ്പുകൾ താനെ ഇടിഞ്ഞുവീണ് ജനതകൾ ഒന്നാകുന്നു. ക്രിസ്തുവിന്റെ ജനനകാലത്ത് യഹൂദരും വിജാതീയരും എന്ന വിഭജനം അതിശക്തമായിരുന്നു. യഹൂദയാ പാരമ്പര്യം അവകാശപ്പെട്ട സമരിയാക്കാരും യഹൂദരും തമ്മിലുള്ള വിഭജന ഭിത്തികൾ ശക്തമായിരുന്നു. ലോകചരിത്രത്തിൽ ക്രിസ്തുസന്ദേശത്തിന്റെ സുപ്രധാന സ്വാധീനം അത് മാനവരാശിയെയാകമാനം ഒന്നിപ്പിക്കുന്നതിനു സഹായിച്ചു എന്നുള്ളതാണ്. ജാതീയ വിഭജനം കർക്കശമായിരുന്നപ്പോഴാണ് അവിടുന്നാജ്ഞാപിച്ചത് "നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യരാക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുക. ഞാൻ

നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കാൻ അവരെ പഠിപ്പിക്കുക" (മത്താ. 28:19,29) അവിടുത്തെ കല്പന ഇതായിരുന്നു. "ഇതത്രേ എന്റെ കല്പന; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങൾ പരസ്പരം സ്നേഹിക്കണം" (യോഹ. 15:12).

പത്രോസ് അപ്പസ്തോലൻ പരിശുദ്ധാത്മപ്രചോദിതനായി പ്രസംഗിച്ചപ്പോൾ ആകാശത്തിൻകീഴിലുള്ള എല്ലാ ജനതകളിൽനിന്നും ഭക്തരായ യഹൂദർ അതുകേട്ടു (അപ്പ. 2:5). "യേശുവിന്റെ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും, വിദൂരസ്ഥരായ എല്ലാവർക്കും, നമ്മുടെ കർത്താവായ ദൈവം തന്റെ അടുക്കലേക്കു വിളിക്കുന്ന ഓരോരുത്തനും വേണ്ടിയുള്ളതാണ്" (അപ്പ. 2:39) എന്നു പത്രോസ് പ്രഖ്യാപിച്ചു. അങ്ങനെ "വിശ്വാസം സ്വീകരിച്ച എല്ലാവരും ഒരു സമൂഹമായി" (അപ്പ. 2:44) വിശ്വാസികളുടെ ആ സമൂഹം ഒരേ ഹൃദയവും ഒരേ ആത്മാവുമായി വ്യാപരിച്ചു (അപ്പ. 4:32) വിജാതീയരും യഹൂദരും ക്രിസ്തുവിൽ ഒന്നായി.

യഹൂദ വിജാതീയ വിഭജനത്തിന്റെ ഭിത്തി ഉയർത്തി യഹൂദവംശപ്രമാണിത്തത്തിന്റെ കുംഭഗോപുരമുയർത്താൻ ആഗ്രഹിച്ചിരുന്ന വംശ ബുദ്ധിക്കാരുടെ മുഖത്തുനോക്കി പത്രോസ് പറഞ്ഞു, "ഹൃദയങ്ങളെ അറിയുന്നവനായ ദൈവം നമുക്കു നൽകിയപോലെ, പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവർക്കും സാക്ഷ്യം വഹിച്ചു. നമ്മളും അവരും തമ്മിൽ അവൻ ഒരു വ്യത്യാസവും കല്പിച്ചിട്ടില്ല. അവരുടെ ഹൃദയങ്ങളെ വിശ്വാസത്താൽ അവൻ ശുദ്ധീകരിച്ചതേയുള്ളൂ. ആയതിനാൽ, നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ ചുമക്കാൻ കഴിയാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ കഴുത്തിൽവച്ച് നിങ്ങൾ എന്തിനു ദൈവത്തെ പരീക്ഷിക്കുന്നു? കർത്താവായ യേശുവിന്റെ കൃപയാൽ അവരെപ്പോലെതന്നെ നമ്മളും രക്ഷ പ്രാപിക്കും എന്നു നാം വിശ്വസിക്കുന്നു" (അപ്പ. 15:8-11).

പത്രോസിന്റെ പ്രഖ്യാപനത്തെ ശക്തിയായി പിന്തുണച്ചുകൊണ്ട് യാക്കോബ് പ്രഖ്യാപിച്ചു: "ആയതിനാൽ ദൈവത്തിലേക്കു തിരിയുന്ന വിജാതീയരെ നാം വിഷമിപ്പിക്കരുത് എന്നാണ് എന്റെ അഭിപ്രായം" (അപ്പ. 15:19). "യഹൂദരിൽ നിന്നുമാത്രമല്ല, വിജാതീയരിൽനിന്നു കൂടിയും വിളിക്കപ്പെട്ട നമ്മളും ആ പാത്രങ്ങളിൽ പെടുന്നു. അവിടുന്ന് ഹോസിയാവഴി അരുളിച്ചെയ്യുന്നതുപോലെ, എന്റെ ജനമല്ലാത്തവരെ എന്റെ ജനം എന്നു ഞാൻ വിളിക്കും; പ്രിയപ്പെട്ടവളല്ലാത്തവളെ പ്രിയപ്പെട്ടവളെന്നും.

“നിങ്ങൾ എന്റെ ജനമല്ല” എന്ന് അവരോടു പറയപ്പെട്ട അതേ സ്ഥലത്തു വച്ചു ജീവിക്കുന്ന ദൈവത്തിന്റെ മക്കളെന്ന് അവർ വിളിക്കപ്പെടും. (റോമ. 9:24-26) എന്നു വിശുദ്ധ പൗലോസ് പ്രഖ്യാപിച്ചു.

രക്ഷയിലേക്കുള്ള ദിവ്യദാനം ജാതിക്കതീതമായി ഏവരിലും ചൊരിഞ്ഞു എന്നു സുവിശേഷത്തിൽ കാണാം. വംശീയവും ജാതീയവുമായി പരസ്പരം ഭിന്നിച്ചിരുന്ന റോമാ സാമ്രാജ്യത്തിലെ ജനങ്ങളെ വിശ്വാസത്തിൽ ഒന്നിപ്പിക്കുവാൻ ക്രിസ്തുസന്ദേശത്തിനു കഴിഞ്ഞു.

## ജാതീയതയും ക്നാനായക്കാരും

4-ാം നൂറ്റാണ്ടിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ അവരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി ജന്മനാടു വിട്ടു വിദൂരമായ കേരളത്തിലെത്തി. ഇവിടുത്തെ പൂർവ്വ ക്രൈസ്തവരും വിജാതീയ രാജാക്കന്മാരും അവരെ ആദരിച്ചു സ്വീകരിച്ചു. പതിനാറു നൂറ്റാണ്ടുകാലം നാമിവിടെ ജീവിച്ചു. ഒരേ വിശ്വാസത്തിൽ, ഒരേ പള്ളിയിൽ, ഒരേ രക്ഷയുടെ കൂദാശകൾ സ്വീകരിച്ച് ഒരു നാഥനോട് നാം പ്രാർത്ഥിച്ചു ജീവിച്ചു. വംശീയമായ പൂർവ്വകാല ചരിത്രം നാം മറന്നില്ലെങ്കിലും ഒരിക്കലും ഈ മണ്ണിലെ ക്രൈസ്തവസഹോദരന്മാരുമായി ഭിന്നിച്ചല്ല കഴിഞ്ഞത്. ഈ പതിന്നാലു നൂറ്റാണ്ടുകാലം നമ്മുടെ പിതാക്കന്മാർ രക്തശുദ്ധി പാലിച്ചതായി ചരിത്രവുമില്ല. നമ്മുടെ പുരോഗാമികൾ നമ്മുടെ സഭാജീവിതത്തിനാകെ ധീരമായ നേതൃത്വം കൊടുത്ത ചരിത്രവും നമ്മുടെ മുമ്പിലുണ്ട്. പാശ്ചാത്യ മിഷനറി മെത്രാന്മാരുടെ കുതന്ത്രങ്ങൾക്കെതിരെ കേരള ക്രൈസ്തവർ കൂനൻ കുരിശിൽവച്ച് ആർത്തിരമ്പിയപ്പോൾ തെക്കുംഭാഗസമുദായക്കാരനായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ സമൂഹത്തിനാകെ നേതൃത്വം കൊടുത്തിരുന്നു. തെക്കുംഭാഗ-വടക്കുംഭാഗ വിഭജനം കഴിഞ്ഞ നൂറ്റാണ്ടുവരെ വളരെ ലോലമായിരുന്നു. തിരുവിതാംകൂറുകാരും കൊച്ചിക്കാരും എന്ന വിഭജനംപോലെ അതിലോലവും സാങ്കേതികവുമായ ഒരു വിഭജനം മാത്രമായിരുന്നു ഇത്. ഈ വിഭജനത്തെ ആര് എന്തിനുവേണ്ടി എങ്ങനെ ഇന്നത്തെ രക്തശുദ്ധിവാദത്തിൽ കൊണ്ടുചെന്നെത്തിച്ചു എന്നത് ചരിത്രപഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

## വിഭജിച്ചു ഭരിക്കുക

കഴിഞ്ഞ നൂറ്റാണ്ടിൽ പാശ്ചാത്യാധിപത്യത്തിനെതിരെ അതിശക്തമായ ഒരു സമരം സുറിയാനി ക്രിസ്ത്യാനികൾ ആരംഭിച്ചു. ഈ സമരത്തിൽ തെക്കുംഭാഗ-വടക്കുംഭാഗ വ്യത്യാസമുണ്ടായിരുന്നില്ല. തദ്ദേശ മെത്രാന്മാർക്കുവേണ്ടിയുള്ള ഈ സമരം ശക്തിപ്പെട്ടപ്പോൾ ആ സമരത്തെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി വരാപ്പുഴ കേന്ദ്രമാക്കിയുള്ള വിദേശ കർമ്മലീത്താ മെത്രാന്മാർ "വിഭജിച്ചു ഭരിക്കുക" എന്ന നയം ആവിഷ്ക്കരിച്ചു.

1. വിദേശ മെത്രാന്മാരുടെ അധികാരഭരണം ദുസ്സഹമായപ്പോൾ സമുദായസ്നേഹിയായ ബഹു. കുടക്കച്ചിറ അന്തോണി അച്ചന്റെ നേതൃത്വത്തിൽ വരാപ്പുഴയ്ക്കെതിരായി കേരളത്തിലെ ബഹുഭൂരിപക്ഷം പള്ളികളും ഉറച്ചുനിന്നു. വരാപ്പുഴയുടെ അഹങ്കാരത്തെ ശമിപ്പിക്കുന്നതിനുവേണ്ടി കല്ദായയിൽനിന്നും റോക്കോസ് മെത്രാനെ മലങ്കര സുറിയാനിക്കാർ ക്ഷണിച്ചുവരുത്തി. ഒറ്റക്കെട്ടായി നിന്ന സുറിയാനിക്കാരെ ഭിന്നിപ്പിക്കാൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വരാപ്പുഴ മെത്രാൻ അന്ന് ഒരു കരുവായി ഉപയോഗിച്ചു. ഇതിനായി അദ്ദേഹത്തെ സുറിയാനിക്കാർക്കുള്ള വികാരി ജനറാളായി വരാപ്പുഴയിൽ നിയമിക്കുകയും ചെയ്തു. സമരോത്സുകരായി നിൽക്കുന്ന ജനങ്ങളിൽ ഒരു വിഭാഗത്തെ സ്ഥാനമാനങ്ങൾ കൊടുത്തു പ്രീണിപ്പിച്ചു വിഭജിക്കുക എന്നത് 'വിഭജിച്ചു ഭരിക്കുക' എന്ന രാഷ്ട്ര തന്ത്രത്തിന്റെ അതിപ്രധാനമായ ശൈലിയാണല്ലോ. ബ്രിട്ടീഷുകാർ തങ്ങളുടെ ഭരണം ഇന്ത്യയിൽ ഉറപ്പിക്കാൻ രാജസ്ഥാനവും പാദുഷാസ്ഥാനവും ചിലർക്കു നൽകി ഭാരതീയരെ വിഭജിച്ച ചരിത്രം ഓർക്കുക.

2. റോക്കോസ് മെത്രാൻ കേരളത്തിൽനിന്നും തിരിച്ചുപോയതോടുകൂടി വിദേശ മെത്രാൻ പഴയപടി അധികാരഭരണം ആരംഭിച്ചു. നിധിയിരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ വരാപ്പുഴയ്ക്കെതിരെ സുറിയാനിക്കാർ വീണ്ടും തിരിഞ്ഞു; കേരള കർമ്മലീത്താ സഭയും ഈ സമരത്തിൽ പങ്കാളികളായി. ഏഴു കർമ്മലീത്താ സന്യാസികൾ പേരുവയ്ക്കാതെ വരാപ്പുഴക്കെതിരെ ഒരു കത്ത് റോമിലേക്കയച്ചു. ഈ കർമ്മലീത്താ സന്യാസികൾക്കെതിരെ നടപടിയെടുക്കാനും സ്വാതന്ത്ര്യ സമരത്തെ തളർത്താനും സുറിയാനി ക്രൈസ്തവരെ വീണ്ടും പിളർത്താനും

വരാപ്പുഴയുടെ ഏജന്റായി നിയമിതനായതു മർസലിനോസ് എന്ന ഒരു പാതിരിയായിരുന്നു. ഈ പാതിരിയാകട്ടെ മലങ്കര ദേശീയ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ എതിരാളിയും ആയിരുന്നു. (കാണുക, മാർ ലൂയിസ് പഴേപറമ്പിൽ, ജീവിതവും കാലവും - ഐ.സി. ചാക്കോ)

വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ വിദ്യാർത്ഥിയായിരുന്ന മാക്കീൽ ശെമ്മാശന്റെ റെക്ടറും മല്പാനും കുമ്പസാരക്കാരനും ഇദ്ദേഹമായിരുന്നു. (കോട്ടയം മിസ്സത്തിന്റെ സ്ഥാപനചരിത്രം, മാത്യു മാക്കീൽ, പേജ് -1)

സുറിയാനിക്കാരെ ഭിന്നിപ്പിക്കുന്നതിന് ഒരു കോടാലിക്കൈ അന്വേഷിച്ച പാതിരി അതു മാക്കീൽ മത്തായി കത്തനാരിൽ കണ്ടെത്തി. അന്നു കൈപ്പുഴ പള്ളി വികാരിയായിരുന്ന മാക്കീൽ മത്തായി കത്തനാരെ തന്റെ സെക്രട്ടറിയായി മർസലിനോസ് നിയമിച്ചു.

1887-ൽ സുറിയാനിക്കാരെ വരാപ്പുഴ കർമ്മലീത്താ ഭരണത്തിൽ നിന്നും വിടർത്തി അവർക്കായി കോട്ടയം, തൃശൂർ എന്നീ രണ്ടു രൂപതകൾ സ്ഥാപിച്ചു. തെക്കുംഭാഗം പള്ളികളും ജനങ്ങളും പൂർണ്ണമായും ഉൾപ്പെട്ടിരുന്ന കോട്ടയം മിസ്സത്തിന്റെ ഉത്തരവാദിത്വം ഫ്രഞ്ചുകാരനും ഈശോസഭക്കാരനുമായിരുന്ന ലവീഞ്ഞു മെത്രാനാണു ലഭിച്ചത്. ഇങ്ങനെ സുറിയാനിക്കാർക്കു മാത്രമായി രണ്ടു രൂപതകൾ സ്ഥാപിച്ചതിനെ എതിർത്ത വരാപ്പുഴയ്ക്കു തങ്ങളുടെ നഷ്ടപ്പെട്ട അധികാരം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി വീണ്ടും കോടാലിക്കൈകളെ ആവശ്യമായിരുന്നു. മാക്കീൽ മത്തായി കത്തനാർ തലയാളായി തെക്കുംഭാഗരെ വരാപ്പുഴ ലത്തീൻ മെത്രാനായ മാർ മർസലിനോസിന്റെ ഭരിപ്പിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് റോമിലേക്ക് നിവേദനം അയച്ചു. (കാണുക. കോട്ടയം മിസ്സത്തിന്റെ സ്ഥാപന ചരിത്രം പേജ് 2).

വിദേശ മിഷനറിമാരോടുള്ള എതിർപ്പിൽ ഒന്നിച്ചുനിന്നിരുന്ന കേരളത്തിലെ സുറിയാനിക്കാരെ രണ്ടായി വിഭജിച്ചു തെക്കുംഭാഗരെ വരാപ്പുഴയുടെ കീഴിലാക്കുന്നതിനു മാക്കീൽ മത്തായി അച്ചൻ പരിശ്രമിക്കുകയുണ്ടായി എന്ന് ഇവിടെ വ്യക്തമാണല്ലോ. വരാപ്പുഴയുടെ ഭരണത്തിൻകീഴിൽ തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും പ്രത്യേകമായ യാതൊരു പരിഗണനയും അക്കാലഘട്ടംവരെ ലഭിച്ചിരുന്നില്ല. തെക്കുംഭാഗരെയും വടക്കുംഭാഗരെയും രണ്ടായി വിഭജിച്ച് സുറിയാനി കത്തോലിക്കരുടെ

ദേശീയ സമരത്തെ തളർത്താം എന്നു മനസ്സിലാക്കിയ മർസെലീനോസ് മെത്രാൻ ഇതിനായി ബഹു. മാക്കീൽ മത്തായി അച്ചനെ തന്ത്രപൂർവ്വം ഉപയോഗിക്കുകയായിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. മാക്കീൽ മത്തായി അച്ചൻ മാത്രമായിരുന്നില്ല വരാപ്പുഴയോടൊപ്പം നിന്ന് സ്വാതന്ത്ര്യ സമരത്തിനു വിരുദ്ധമായി പ്രവർത്തിച്ചത്. കർമ്മലീത്താ സഭാംഗങ്ങളായ തട്ടാശ്ശേരിലച്ചൻ, കാരാടനച്ചൻ, മാനാട്ടച്ചൻ മുതലായ വടക്കുംഭാഗക്കാരും വരാപ്പുഴയുടെ ഭാഗത്തായിരുന്നു. വരാപ്പുഴയ്ക്കനുകൂലമായുള്ള ഈ നീക്കങ്ങളെ ഏറ്റവും ശക്തമായി എതിരിട്ടതു നിധിയിരിക്കൽ മാണിക്കത്തനാരായിരുന്നു.

1887-ൽ ഫ്രഞ്ചുകാരനായ ഡോ. കാർലോസ് ലവീഞ്ഞിനെ കോട്ടയം രൂപതയുടെ മെത്രാനായി നിയമിച്ചു. ലവീഞ്ഞുമെത്രാൻ നിയമിതനായ തോടുകൂടി ബഹു. മാക്കീൽ മത്തായി അച്ചൻ വരാപ്പുഴയെ വിട്ടു ലവീഞ്ഞുപക്ഷം ചേർന്നു. ഈ മനംമാറ്റത്തെ സംബന്ധിച്ച് ശ്രീ. ഐ. സി. ചാക്കോ ഇങ്ങനെ എഴുതുന്നു. "ഇതെങ്ങനെയായാലും ലവീഞ്ഞു മെത്രാന്റെ വരവിനു മുൻപ് അദ്ദേഹം (ഫാ. മാക്കീൽ) വരാപ്പുഴയുടെ പക്ഷത്തിലും അതിന്റെശേഷം ലവീഞ്ഞു മെത്രാന്റെ പക്ഷത്തിലുമായിരുന്നു. അദ്ദേഹത്തിന്റെ ആ മനോവൃത്തി സ്വാഭാവികവുമായിരുന്നു. ചെറിയ സമുദായങ്ങൾ എല്ലായ്പ്പോഴും വർത്തമാനാധികാരികളെ ആശ്രയിച്ചുനിൽക്കും; അധികാരികളുടെ ആനുകൂല്യം കൊണ്ടല്ലാതെ സ്വബലംകൊണ്ട് യാതൊന്നും സാധിക്കാൻ നിവൃത്തിയില്ലെന്നുള്ള ബോധം ചെറിയ സമുദായങ്ങളെയും ബലഹീനന്മാരെയും ബാധിക്കുന്നു; ആ ബോധം അവരുടെ നടപടികളെ രൂപീകരിക്കുകയും ചെയ്യുന്നു. വരാപ്പുഴക്കാർ വർത്തമാനാധികാരികൾ ആയിരുന്നപ്പോൾ അവരുടെ പക്ഷത്തിലും ലവീഞ്ഞുമെത്രാൻ വർത്തമാനാധികാരിയായിത്തീർന്നപ്പോൾ അദ്ദേഹത്തിന്റെ പക്ഷത്തിലും മാക്കീലച്ചൻ പ്രവർത്തിച്ചത് സ്വാഭാവികമായ ഈ മനോവൃത്തികൊണ്ടാകുന്നു" (മാർ ലൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും പേജ് 494).

ബഹു. നിധിയിരിക്കൽ മാണിക്കത്തനാർക്കും സ്വാതന്ത്ര്യേച്ഛുക്കളായ ഇതര വൈദികർക്കും അൽമായർക്കും ഈശോസഭക്കാരും കർമ്മലീത്താക്കാരും ഒരുപോലെ വിദേശിയരായിരുന്നു. തന്മൂലം ലവീഞ്ഞുമെത്രാന്റെ ഭരണവും ഒരു താത്ക്കാലിക ഭരണമാറ്റം മാത്രമായേ അവർക്കു കാണാൻ കഴിഞ്ഞുള്ളൂ. തറയിൽ യൗസേപ്പച്ചനെപ്പോലെ പ്രഗൽഭരായ

തെക്കുംഭാഗ വൈദികർ അക്കാലഘട്ടത്തിൽ മാണിക്കത്തനാരുടെ സഹ പ്രവർത്തകരായിരുന്നു. മാണിക്കത്തനാർ കേരളത്തിലെ സുറിയാനി സഭയിൽ വിഭജിച്ചു നിൽക്കുന്ന എല്ലാവരേയും ഒന്നിച്ചുകൊണ്ടുവരാൻ പരിശ്രമിച്ചുപോന്നു. ഇതിനായി *ജാത്യൈക്യസംഘം* എന്ന ഒരു സംഘ ടനയ്ക്കുതന്നെ അദ്ദേഹം രൂപം കൊടുത്തിരുന്നു.

ലവീഞ്ഞ് മെത്രാന്റെ ഭരണാരംഭത്തിൽ കോട്ടയം വികാരിയാത്തിലെ തെക്കും വടക്കും വിഭാഗങ്ങളിലെ നേതൃത്വ സ്വഭാവമുള്ള വൈദികർ തറയിലച്ചനും നിധിയിരിക്കലച്ചനുമായിരുന്നു. ഇരുവരും ലവീഞ്ഞ് മെത്രാന്റെ ആലോചനക്കാരുമായിരുന്നു. ജാതീയമായ വിഭാഗീയത അവ സാനിപ്പിച്ച് ദൈവജനത്തെ ഒന്നിപ്പിക്കുന്നതിന് അവർ ഒരു ലയന പദ്ധതി ലവീഞ്ഞ് മെത്രാന്റെ മുമ്പിൽ സമർപ്പിക്കുകയും അദ്ദേഹം അത് അംഗീകരിക്കുകയുമുണ്ടായി. ഓരോ വിഭാഗത്തിലേയും പ്രമുഖ വൈദി കർ മറുവിഭാഗത്തിന്റെ പള്ളികളിൽ വികാരിസ്ഥാനം ചോദിച്ചുവാങ്ങി പ്പോകുകയും അവരുടെ ഉത്സാഹത്തിൽ ഇരു വിഭാഗങ്ങളിലേയും പ്രബല കുടുംബങ്ങളെ വിവാഹബന്ധങ്ങളിലേർപ്പെടുത്തി ജാതീയത യവസാനിപ്പിക്കുകയുമായിരുന്നു ആ പദ്ധതി. എന്നാൽ തറയിലച്ചന്റെ അകാലചരമംമൂലം അത് നടപ്പിലാകാതെ പോയി.

മാക്കീൽ മെത്രാന്റെ ഭരണത്തിന് വെറും എട്ടു വർഷം മുമ്പ് വൈദി കരുടെയും മെത്രാന്റെയും മാത്രം ലവലിൽ പരിഹാരം കണ്ടെത്താവുന്ന ഒന്നായിരുന്നു ഈ ജാതീയത, തങ്ങളുടെ പള്ളികളിൽ മറു വിഭാഗ ത്തിൽപ്പെട്ട വൈദികരെ സ്വീകരിക്കുക പണ്ടുമുതൽക്കേ ഇരുകൂട്ടർക്കും നിഷിദ്ധമായിരുന്നെന്നും മറ്റും ഇന്നു ചിലർ എഴുതിപ്പിടിപ്പിക്കാറുണ്ട്. എന്നാൽ ജാതീയ ഭിന്നത ശക്തമായിരുന്നെന്ന് പറയപ്പെടുന്ന മാക്കീൽ പിതാവിന്റെ കാലത്തുതന്നെ വടക്കുംഭാഗരുടെ മുഹമ്മ പള്ളിയുടെ വികാ രിസ്ഥാനം തെക്കുംഭാഗക്കാരനായിരുന്ന മോൺ. മാത്യു കുപ്ലിക്കാട്ട് അവ രുടെ തന്നെ ആഗ്രഹപ്രകാരവും അവർക്ക് തികച്ചും തൃപ്തികരമായ വിധവും നിർവ്വഹിച്ചിരുന്നു എന്നുള്ളത് ഇവിടെ എടുത്ത് പറയപ്പെടേ ണ്ടതാണ്.

തീരെ അനുരഞ്ജന സാദ്ധ്യതയില്ലാത്ത ജാതീയ ഭിന്നത തെക്കും വടക്കും വിഭാഗങ്ങൾ തമ്മിൽ ലവീഞ്ഞു മാക്കീൽ തിരുമേനിമാരുടെ ഭരണത്തിനു മുൻപേ നിലനിന്നിരുന്നുവെങ്കിൽ റോമിന് അത് അജ്ഞാ

തമായിരിക്കുകയില്ലായിരുന്നു. വി. ക്രിസോസ്തോം പറയുന്നതുപോലെ, റോമാ സിംഹാസനത്തെ അലങ്കരിക്കുന്നവൻ ഇൻഡ്യയിലെ ജനങ്ങളും തന്റെ അംഗങ്ങളാണെന്നറിയുന്നു. പതിനഞ്ച് വർഷക്കാലം വലിയ കുരിശ് ചുമക്കാൻ ന്യൂനപക്ഷത്തിലെ ഒരാളെ ഭൂരിപക്ഷത്തിന്റെ മേൽ അവരോധിക്കുന്ന അവിവേകം റോം അറിഞ്ഞുകൊണ്ടു പ്രകടിപ്പിക്കുമായിരുന്നില്ല. തെക്കുംഭാഗർക്ക് ഒരു പ്രത്യേക രൂപത ലഭിച്ചുകഴിഞ്ഞപ്പോൾ അത് ഒഴിവാക്കാനാവാത്ത ആവശ്യമായിരുന്നെന്ന് കാണിക്കേണ്ടത് സ്ഥാപനസഭയുടെ സ്ഥാപിത താല്പര്യത്തിന് ആവശ്യമായിത്തീർന്നുവെന്നുള്ളതാണ് കൂടുതൽ ശരി. രക്തശുദ്ധി തീവ്രവാദികളും സംരക്ഷണപ്പടയുമെല്ലാം, രൂപതാധികാരത്തിന്റെ സ്ഥാപിത താല്പര്യം മുകളിൽനിന്നു കുത്തിയിളക്കുന്നില്ലെങ്കിൽ, നിർജ്ജീവമായിരിക്കുമെന്നുള്ളതിന് മേൽസൂചിപ്പിച്ച 'തറയിൽ നിധിയിരി പദ്ധതി' മതിയായ തെളിവാണ്. രൂപതയും മെത്രാനും അവയെ ചുറ്റിപ്പറ്റിയുള്ള സ്ഥാനമാനങ്ങളും കൈവന്നുകഴിഞ്ഞപ്പോൾ അവയുടെ പ്രതിരോധത്തിനുവേണ്ടിയുള്ള ന്യായവാദങ്ങളല്ലാതെ, പണ്ടേ സ്വാഭാവിക മരണം പ്രാപിക്കുമായിരുന്ന ഈ ജാതീയത അൽമായ ജനത ജാഗ്രതയോടെ കാത്തുസൂക്ഷിച്ചിരുന്നതല്ല. മാക്കീൽ പിതാവിനോടുണ്ടായിരുന്ന വ്യക്തിപരമായ എതിർപ്പ് ജാതീയമായി ചിത്രീകരിക്കപ്പെടുകയായിരുന്നു.

1889 സെപ്തംബർ 8-ാം തീയതി ലവീഞ്ഞുമെത്രാൻ നിധിയിരിക്കൽ മാണിക്കത്തനാരെ വിശേഷാധികാരങ്ങളോടുകൂടിയ വികാരി ജനറാളായി നിയമിച്ചു. രൂപതയുടെ ഭരണകാര്യത്തിൽ ലത്തീൻ കാഴ്ചപ്പാടിൽനിന്നും വളരെ വ്യത്യസ്തവും കേരളസഭയുടെ പാരമ്പര്യത്തിനനുസരണവുമായ ഒരു വീക്ഷണമായിരുന്നു മാണി അച്ചനുണ്ടായിരുന്നത്. മെത്രാനെ ഉപദേശിക്കുന്നതിനു നാലു പട്ടക്കാരെ തെരഞ്ഞെടുക്കണമെന്നും "പള്ളിക്കടുത്ത സകല കാര്യങ്ങളിലും അവരുടെ ആലോചനകളെ സ്വീകരിക്കുകയും വേണം" എന്നുമായി മാണിയച്ചന്റെ നിലപാട്. മെത്രാൻ ഒരു വ്യവസ്ഥാപിത ഭരണാധികാരി മാത്രം!!! പക്ഷേ, ഇതു ലത്തീൻ ഭരണസമ്പ്രദായത്തിനു വിരുദ്ധമായിരുന്നു. ശ്രീ. ഐ.സി. ചാക്കോ ഇങ്ങനെ എഴുതുന്നു: 'വികാരി അപ്പസ്തോലിക്കമാരുടെ അധികാരത്തിൽ മാണിയച്ചൻ കല്പിച്ച പരിധിമൂലം ലവീഞ്ഞുമെത്രാനും അദ്ദേഹവും തമ്മിൽ അനവധി തെറ്റിദ്ധാരണകൾക്കിടയായി' (മാർ ലൂയിസ്: പേജ് 502).

സുറിയാനി ക്രിസ്ത്യാനികളെ ഒന്നിപ്പിക്കുന്നതിനുള്ള എല്ലാ പരിശ്രമത്തെയും ലവീഞ്ഞു മെത്രാൻ എതിർത്തു. ചങ്ങനാശേരിയിൽ കൂടിയ ഒരു സമ്മേളനത്തിൽ ഡോ. ലവീഞ്ഞു ചെയ്ത പ്രസംഗത്തെക്കുറിച്ച് പാലാക്കുന്നേൽ അച്ചൻ ഇങ്ങനെ എഴുതി: "പുത്തൻകൂറ്റുകാരോട് ഒട്ടും അടുത്തുകൂടരുത് എന്നും അവരുടെ സ്കൂളിൽ ഒന്നിച്ചു പഠിച്ചുകൂടാ എന്നും അതികർശനമായി കൂടിയിരുന്ന സമൂഹത്തോട് മേൽപട്ടക്കാരൻ പ്രസംഗിക്കുകയും വിരോധിക്കുകയും ചെയ്തു. ഇതിനാൽ ഈ സഭയെ ഒന്നിപ്പിച്ചുകൊള്ളാമെന്നുള്ള പാവപ്പെട്ട ഞങ്ങളുടെ അഭിപ്രായം അശേഷം നശിപ്പിച്ചിരിക്കുന്നു" (മുൻ ഗ്രന്ഥം പേജ് 532-533).

സുറിയാനി സമൂഹത്തിനുള്ളിൽ ഐക്യമുണ്ടായാൽ തന്റെ ഭരണം നിലനിറുത്താനാവില്ലെന്നു ബോദ്ധ്യപ്പെട്ട ലവീഞ്ഞുമെത്രാൻ ഈ സമുദായത്തെ ഭിന്നിപ്പിക്കുന്നതിനു ശ്രമമാരംഭിച്ചു. മാക്കീൽ അച്ചനെ തെക്കുംഭാഗക്കാരുടെ വികാരി ജനറാളാക്കി. അങ്ങിനെ ഒരു വികാരി ജനറാൾ എന്നതിനു പകരം രണ്ടു വികാരി ജനറാൾമാരെ സൃഷ്ടിച്ചു.

തെക്കുംഭാഗ-വടക്കുംഭാഗ വിഭജനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലവീഞ്ഞു മെത്രാൻ മറ്റൊരടവു പ്രയോഗിച്ചു. 1890 ജനുവരി 7-ാം തീയതിയായിരുന്നു കേരള കർമ്മലീത്താസഭയുടെ രണ്ടാമത്തെ പ്രയോർ ജനറാളായ പോരുക്കര കുര്യാക്കോസ് ഏലിയാസച്ചൻ (ചാവറയച്ചനല്ല) മരിച്ചത്. അന്നു കേരള കർമ്മലീത്താസഭയുടെ പ്രയോർ ജനറാളെ (?) സുറിയാനിക്കാരുടെ ഒരു അനൗദ്യോഗിക ആദ്ധ്യാത്മിക നേതാവായിട്ടാണു കണക്കാക്കിയിരുന്നത്. പലരും അഭ്യർത്ഥിച്ചിട്ടും അന്നു കോട്ടയത്തു താമസിച്ചിരുന്ന ലവീഞ്ഞുമെത്രാൻ മാന്നാനത്തുപോയി കബറടക്കത്തിന്റെ കാർമ്മികത്വം വഹിച്ചില്ലെന്നു മാത്രമല്ല, വികാരി ജനറാളായ മാണിയച്ചൻ തന്റെ സ്ഥാനചിഹ്നങ്ങളോടുകൂടി അതിൽ സംബന്ധിക്കുന്നതിന് മെത്രാൻ അദ്ദേഹത്തെ അനുവദിച്ചുമില്ല. (മാർ ലൂയിസ്, ഐ.സി. ചാക്കോ പേജ് 552) എന്നാൽ പിറ്റേദിവസം ലവീഞ്ഞുമെത്രാൻ കൂടുതൽ അകലെയുള്ള കടുത്തുരുത്തിപ്പള്ളിയിൽ പോയി മാക്കീൽ മത്തായി അച്ചനെ തെക്കുംഭാഗക്കാരുടെ വികാരി ജനറാളായി സ്ഥാനാരോഹണം ചെയ്യിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. ഇതു തെക്കുംഭാഗ-വടക്കുംഭാഗ വിഭജനത്തിന് ആക്കം കൂട്ടുന്നതിനു ലവീഞ്ഞുമെത്രാൻ ബോധപൂർവ്വം ചെയ്തതായിരുന്നു എന്നതിനു സംശയമില്ല. തെക്കുംഭാഗ-വടക്കുംഭാഗ വിഭജനത്തെ കൂടുതൽ ആഴമാക്കുന്നതിനായി നിധിയി

രിക്കൽ മാണിക്കത്തനാരെ വികാരി ജനറാൾ സ്ഥാനത്തുനിന്നും ലവീഞ്ഞുമെത്രാൻ നീക്കംചെയ്തു. ലവീഞ്ഞു മെത്രാന്റെ ഈ നടപടി കൾക്കെല്ലാം കൂട്ടുനിന്നതു മാക്കീൽ മത്തായി അച്ചനും ലൂയീസ് പഴേ പറമ്പിലുമായിരുന്നു. ലൂയീസ് അച്ചൻ പിന്നീട് എറണാകുളം മെത്രാനുമായി.

ലവീഞ്ഞുമെത്രാന്റെ ഏകാധിപത്യപരമായ നടപടികൾക്കെതിരെ റോമിൽ പരാതിപ്പെട്ടതിന്റെ ഫലമായി ലവീഞ്ഞുമെത്രാനെ കോട്ടയം രൂപതയിൽനിന്നും ഒഴിവാക്കി. എന്നാൽ റോമിലെ തന്റെ സ്വാധീനമുപ യോഗിച്ചു തന്റെ ആശ്രിതരായിരുന്ന മാക്കീലച്ചനെ ചങ്ങനാശേരിയിലും ലൂയിസ് പഴേപറമ്പിലിനെ എറണാകുളത്തും മെത്രാന്മാരായി നിയമിക്കു ന്നതിൽ ലവീഞ്ഞുമെത്രാൻ വിജയിച്ചു.

മാർ മാത്യു മാക്കീലിനെ ചങ്ങനാശേരി രൂപതയിൽ മെത്രാനായി നിയ മിച്ചതിലുള്ള എതിർപ്പ് അദ്ദേഹം ഒരു തെക്കുംഭാഗക്കാരനായിരുന്നു എന്ന തിലല്ല, മറിച്ച് സുറിയാനി ക്രൈസ്തവരുടെ ഐക്യത്തിനും സ്വാതന്ത്ര്യ ത്തിനുംവേണ്ടി അവർ പോരാടിയപ്പോൾ, ആദ്യം വരാപ്പുഴയോടു ചേർന്നും പിന്നീടു ലവീഞ്ഞുമെത്രാനോട് ഒത്തും അദ്ദേഹം നടത്തിയ കരുനീക്കങ്ങളായിരുന്നു. തെക്കുംഭാഗരെ ലത്തീൻ റീത്തിൽ നിറുത്തു ന്നതിനുവേണ്ടി വരാപ്പുഴയോടുചേർന്നു റോമിൽ അപേക്ഷ സമർപ്പിച്ച ഒരാളെ സുറിയാനിക്കാരുടെ മെത്രാനായി അവരോധിച്ചതായിരുന്നു എതിർപ്പിനു കാരണം. തന്ത്രശാലിയായ മാക്കീൽ മെത്രാൻ തന്നോട് വ്യക്തിപരമായി ഉണ്ടായ എതിർപ്പിനെ തന്റെ സമുദായത്തോടുള്ള എതിർപ്പാക്കി ചിത്രീകരിക്കാൻ പരിശ്രമിച്ചു.

പതിന്നാലു നൂറ്റാണ്ടുകാലം ഒരേ പള്ളിയിൽ ആരാധിച്ചിരുന്ന തെക്കും ഭാഗരെയും വടക്കുംഭാഗരെയും സ്വാതന്ത്ര്യസമ്പാദനാവസരത്തിൽ ഭിന്നി പ്പിക്കുക എന്ന വിദേശ മെത്രാന്മാരുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനു മത്തായി മെത്രാൻ ഒരു ഉപകരണമായി വർത്തിച്ചു.

ചങ്ങനാശേരി രൂപതയിൽ മാർ മാക്കീൽ മത്തായി മെത്രാനെ നിയ മിച്ചതിലുള്ള എതിർപ്പ് വർഗ്ഗീയമായിരുന്നില്ല, മത്തായി മെത്രാന്റെ പൂർവ്വ കാല ചെയ്തികളോടുള്ള കഠിനമായ എതിർപ്പായിരുന്നു. അതിനെ വർഗ്ഗീയമാക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു എന്നുമാത്രം. എന്നാൽ

വടക്കുംഭാഗക്കാരായ പല പ്രബല വ്യക്തികളും കുടുംബങ്ങളും അദ്ദേഹത്തിന് അളവറ്റ സ്നേഹവും പിന്തുണയും നൽകിയിരുന്നെന്നുള്ളതും വസ്തുതയാണ്.

## കോട്ടയം രൂപതാ സ്ഥാപനം

പാശ്ചാത്യ മെത്രാന്മാർ കേരളത്തിലെ സുറിയാനി സഭയിൽ വിതച്ച വിഭജനത്തിന്റെ വിത്ത് മാക്കീൽ മെത്രാൻ നനച്ചു വളർത്തുകയായിരുന്നു. തെക്കുംഭാഗ വിഭാഗക്കാർ കത്തോലിക്കാ സമൂഹത്തിലും യാക്കോബായ സമൂഹത്തിലുമായി വിഭജിക്കപ്പെട്ടിരുന്നു. കത്തോലിക്കാ വിഭാഗത്തിൽ തെക്കുംഭാഗ-വടക്കുംഭാഗ വിഭജനം രൂക്ഷമായതോടുകൂടി ഇതിൽ നിന്നു മുതലെടുക്കാൻ അന്ത്യോക്യാ പാത്രീയർക്കീസ് തീരുമാനിച്ചു. 1910-ൽ അന്ത്യോക്യ പാത്രിയർക്കീസ് തെക്കുംഭാഗക്കാർക്കായി ചിങ്ങവനം കേന്ദ്രമാക്കി ഒരു രൂപത സ്ഥാപിച്ചു. ഈ രൂപതയുടെ സ്ഥാപനം കത്തോലിക്കാ വിഭാഗത്തിൽനിന്നും യാക്കോബായ സമൂഹത്തിലേക്ക് വിശ്വാസികൾ ഒഴുകിപ്പോകാൻ ഇടയാക്കും എന്ന വ്യാജ ഭീതി വളർത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് തെക്കുംഭാഗരുടെ "ആത്മീയ ഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനുംവേണ്ടി" കോട്ടയം രൂപത സ്ഥാപിച്ചത്.

ഭിന്നിപ്പിച്ചു ഭരിക്കുക എന്നുള്ളത് എല്ലാ സാമ്രാജ്യ ശക്തികളുടേയും തന്ത്രമാണ്. വരാപ്പുഴ സഹായ മെത്രാനായിരുന്ന മർസെലീനോസ് പാതിരി തുടങ്ങിവച്ച്, ലവീഞ്ഞുമെത്രാനിലൂടെ വളർത്തിയെടുക്കപ്പെട്ട, തെക്കുംഭാഗ വടക്കുംഭാഗ വിഭജനം കൂടുതൽ രൂഢമൂലമാക്കേണ്ടത് ഇന്നത്തെ ഭരണാധികാരികളുടെ ആവശ്യമാണ്. ഈ വിഭജന പ്രക്രിയയ്ക്ക് മാർ മാത്യു മാക്കീൽ മാത്രമല്ല ഉത്തരവാദി. എറണാകുളം മെത്രാനായിരുന്ന ലൂയീസ് പഴേപറമ്പിലിനും ഭാഗികമായ ഉത്തരവാദിത്വമുണ്ട്. ഇവർ രണ്ടുപേരും വിദേശീയ മെത്രാന്മാരുടെ കൈകളിൽ വിഭജന പ്രക്രിയയുടെ ആയുധങ്ങളായിരുന്നു.

കേരളത്തിലെ കത്തോലിക്കാ സമൂഹം ഇന്നു വിവിധ റീത്തുകളിലായി ഭിന്നിപ്പിക്കപ്പെട്ടിരിക്കുന്നു. സഭയ്ക്കുള്ളിൽ തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി അൽമായർക്ക് യോജിക്കാനാകാത്തവിധം വൈകാരികമായ മതിലുകൾ ഓരോ റീത്തുകാരും കെട്ടിപ്പൊക്കുകയാണ്.

ആരാധനാക്രമത്തിന്റെ പേരിൽ, വംശീയതയുടെ പേരിൽ, ജനങ്ങളെ അവർ ഭിന്നിപ്പിക്കുന്നു. ലോകമെമ്പാടും വിഭജനത്തിന്റെ ഭിത്തികൾ ഇടിച്ചുനിരത്തപ്പെടുമ്പോൾ വംശീയതയുടെ ഭിത്തികൾ കേരള ക്രൈസ്തവസമൂഹത്തിൽ കെട്ടിയുയർത്തുന്നതിനായി ബോധപൂർവ്വം മെത്രാന്മാർ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. കാരണം, ജനങ്ങളെ ഇങ്ങനെ വൈകാരികമായി വിഭജിക്കുന്നതിൽനിന്നും അധികാരസ്ഥാനികൾക്കു പലതും നേടാനുണ്ട്. വൈകാരികമായി ഈ വിഭജനത്തെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി പൂർവ്വകാല ചരിത്രത്തെ വികലമായി അവതരിപ്പിക്കുന്നതിനു ഇവർ പരിശ്രമിക്കുന്നു. ഈ അവാസ്തവ ചരിത്രത്തിന്റെ വിഷബീജങ്ങൾ അവർ ഈ തലമുറയ്ക്കും പകർന്നുകൊടുക്കുന്നു.

## ക്രിസ്തു എന്ന സംയോജന ബിന്ദു

പഴംപുരാണങ്ങളും പാരമ്പര്യങ്ങളും നമ്മെ ലത്തീനും, സുറിയാനിയും, അഞ്ഞൂറ്റിക്കാരും, എഴുനൂറ്റിക്കാരും, തെക്കുംഭാഗരും, വടക്കുംഭാഗരും, മലങ്കര കത്തോലിക്കരും, നാടാർ കത്തോലിക്കരും, ഹരിജന കത്തോലിക്കരും ആയി അകറ്റി നിർത്തുമ്പോൾ നാം ഒരുകാര്യം മറക്കുന്നു; ക്രിസ്തു തന്നിൽ വിശ്വാസമർപ്പിക്കുന്നവരോട് എല്ലാ വിഭജന ശക്തികൾക്കുമുപരിയായി ഒന്നിക്കുന്നതിനായി ആഹ്വാനം ചെയ്തു എന്ന കാര്യം. ക്രിസ്തുവിനെക്കാളും ക്രിസ്തുസന്ദേശത്തിന്റെ ജാജ്വല്യമാനമായ സാഹോദര്യസന്ദേശത്തെക്കാളും തങ്ങളുടെ അധികാരങ്ങളും സ്ഥാനമാനങ്ങളും ദുരഭിമാനവും പ്രധാനമായി കാണുന്ന സഭാഭരണാധികാരികൾ ഇന്നു നമ്മെ ഭിന്നിപ്പിച്ച് അവരുടെ അധികാരക്കസേര കൂടുതൽ ഉറപ്പിക്കുന്നു.

ജാതിവ്യവസ്ഥ ഹിന്ദുസമൂഹത്തിൽ കെട്ടിവച്ചുകൊണ്ടാണു ബ്രാഹ്മണന്മാർ അവരുടെ ആധിപത്യം ഹൈന്ദവരിൽ ഉറപ്പിച്ചുനിർത്തിയത്.

മനുസ്മൃതിയുടെ തണലിലാണ് നൂറ്റാണ്ടുകളോളം ബ്രാഹ്മണർ ഹിന്ദുസമുദായത്തെ വിഭജിച്ചു തങ്ങളുടെ കാൽക്കീഴിൽ നിർത്തിയത്. വർണ്ണസമ്പ്രദായം അവസാനിപ്പിച്ചതോടുകൂടി ഹൈന്ദവ സമൂഹത്തിൽ ബ്രാഹ്മണാധിപത്യം അസ്തമിക്കുകയും ആ സമൂഹം വമ്പിച്ച പുരോഗതി നേടുകയും ചെയ്തു.

സ്വരക്തവിവാഹം എന്ന വികലമായ ആചാരം ഇന്നു ലോകത്തൊരിടത്തുമില്ല. തെക്കുംഭാഗരുടെ ആത്മീയോൽക്കർഷത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണു കോട്ടയം രൂപത. ലോകമെമ്പാടും പുറന്തള്ളിക്കളഞ്ഞ രക്തശുദ്ധിവാദം സംരക്ഷിക്കുന്നതിനുവേണ്ടിയല്ല, കോട്ടയം രൂപത സ്ഥാപിച്ചത്. ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികൾ നമ്പൂതിരിമാരായിരുന്നു എന്ന് ഒരുകാലത്ത് അവർ അഭിമാനിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഈ 'നമ്പൂതിരി രക്തശുദ്ധി' നിലനിറുത്താൻവേണ്ടിയല്ലല്ലോ സീറോ-മലബാർ രൂപതകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

കാലഹരണപ്പെട്ടവയും ലിറ്റർജിയുമായി യാതൊരു ബന്ധവുമില്ലാത്തവയുമായ ചില ആചാരങ്ങളല്ലാതെ, വടക്കുംഭാഗക്കാരിൽനിന്നും വിഭിന്നമായ ഒരു റീത്തിനുവേണ്ട പൈതൃകമൊന്നും ഈ പതിനാറു നൂറ്റാണ്ടുകളായി വളർത്തിയെടുക്കാൻ തെക്കുംഭാഗത്തിന് (കോട്ടയം രൂപതയ്ക്ക്) കഴിഞ്ഞിട്ടില്ലെന്നുള്ളത് എങ്ങനെ അവഗണിക്കാൻ കഴിയും? ലിറ്റർജിയാണല്ലോ വ്യക്തിസഭയെ സൃഷ്ടിക്കുന്നത്. ആചാരങ്ങൾ മാനുഷികമാണ്. സാമുദായികത്വം അവയുടെ സന്തതിയാണ്. എന്നാൽ സഭാജീവിതം വിശ്വാസത്തിലധിഷ്ഠിതമാണ്. വിശ്വാസം മാനുഷികമല്ല. അതു വെളിപാടിൽ നിന്നുള്ളതാണ്. രൂപത സഭയാണ്. സഭ ജാതിക്കതീതവുമാണ്.

ഒരുകാലത്തു കേരളത്തിൽ പുതുക്രിസ്ത്യാനികൾക്കായി പ്രത്യേക പള്ളികൾ പണിതുകൊടുത്തിരുന്നു. സംസ്കാരം പുരോഗമിക്കുകയും ക്രിസ്തുസന്ദേശത്തിന്റെ ഉൾക്കാമ്പിനെക്കുറിച്ചുള്ള ജ്ഞാനം വർദ്ധിക്കുകയും ചെയ്തപ്പോൾ ഈ ജാതീയവിഭജനം അപ്രത്യക്ഷമായി. വെള്ളക്കാരും കറുത്തവരും എന്ന വിഭജനവും ആ വിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യ-സമ്പർക്ക നിരോധനവും സംസ്കാരമുള്ള ജനതകളെല്ലാം ഇന്ന് അപലപിക്കുന്നു. അങ്ങനെ ലോകം മുഴുവൻ ഒരു പുത്തൻ സംസ്കാരത്തിനുവേണ്ടി ഈറ്റുനോവ് അനുഭവിക്കുമ്പോൾ, ഇവയെല്ലാം തങ്ങളെ ബാധിക്കുകയില്ല എന്ന വിചാരത്തിൽ കോട്ടയം മെത്രാനും കുറേ പുരോഹിതരും ചില പ്രഭുകുടുംബജാതരും സ്ഥാപിത താല്പര്യക്കാരും പ്രവർത്തിക്കുന്നതു വിദ്യാസമ്പന്നരായ ഈ സമുദായാംഗങ്ങളെ അപമാനിക്കലാണ്, ക്രിസ്തുവിന്റെ മാനവ സാഹോദര്യവീക്ഷണത്തെ അവമതിക്കലാണ്. പഴംപുരാണങ്ങളുടെ പഴകിപ്പറിഞ്ഞ നൂലിൽ ഒരു സമൂഹത്തെയാകെ ജാതിവ്യവസ്ഥയിൽ കെട്ടി

നിർത്താമെന്ന വ്യാമോഹം ആധുനിക മാനവികതയും സംസ്കാരവും ഉൾക്കൊണ്ടിട്ടുള്ള സുമനസ്കരായ ജനങ്ങൾ എതിർത്തു തോല്പിക്കേണ്ടിയിരിക്കുന്നു.

പതിന്നാലു നൂറ്റാണ്ടുകാലം ഒരേ പള്ളിയിൽ ഒരേ ക്രിസ്തുവിനെ ആരാധിച്ചുപോന്ന തെക്കുംഭാഗരെയും വടക്കുംഭാഗരെയും ഭിന്നിപ്പിച്ചതു വിദേശിയരായ മെത്രാന്മാരുടെ തന്ത്രമായിരുന്നു എന്നു നാം കണ്ടു. വിദേശമെത്രാന്മാരുടെ ആസ്ഥാനമായ വരാപ്പുഴയിൽ തെക്കുംഭാഗരെ തളച്ചിടുന്നതിനു മാർ മാക്കീലിനെ വിദേശീയ കർമ്മലീത്താക്കാർ ഒരു ഉപകരണമാക്കി. അവരുടെ തന്ത്രം പരാജയപ്പെട്ടപ്പോൾ തെക്കുംഭാഗരെയും വടക്കുംഭാഗരെയും തമ്മിൽ ഭിന്നിപ്പിക്കുന്നതിനു മറ്റൊരു വിദേശ മെത്രാനായ ഡോ. ലവീഞ്ഞ്, മാർ മാത്യു മാക്കീലിനെ ഉപയോഗിച്ചു. സ്വന്തം സമുദായത്തിന്റെ നന്മയ്ക്കാണെന്ന ഭാവേന വിദേശീയരിൽനിന്നും തനിക്കു ലഭിച്ച സ്ഥാനമാനങ്ങളെ നില നിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വിഭാഗീയതയുടെ മതിലുകൾ മാർ മാത്യു മാക്കീൽ ശക്തമാക്കി.

ഈ സമുദായങ്ങൾ തമ്മിലുള്ള വൈകാരികമായ വിഭജനം നില നിർത്തേണ്ടത് ഇന്നത്തെ സഭാധികാരികൾക്കും ഒരാവശ്യമാണ്. ആർച്ചുബിഷപ്പ് സ്ഥാനം നേടുന്നതിനുവേണ്ടിയുള്ള മാർ കുന്നശ്ശേരിയുടെ പരിശ്രമത്തിൽ ക്നാനായ രക്തശുദ്ധിവാദം ഒരു പ്രധാന തുറുപ്പുചീട്ടാണ്. രക്തശുദ്ധിയുള്ള ക്നാനായക്കാർക്ക് ഒരു ആർച്ചുബിഷപ്പ് വേണമെന്നു (പിന്നീടു പാത്രിയർക്കാ) വാദിക്കുന്നതിനു കളമൊരുക്കുകയാണു മാർ കുന്നശ്ശേരി. തനിക്കു ഭരണാധികാരം ലഭിച്ചാൽ ലോകമെമ്പാടും പോകാനും പണം പിരിക്കാനുമുള്ള സാധ്യതകളും അദ്ദേഹം മുന്നിൽ കാണുന്നു. ഇതിനെല്ലാം ബലിയാടാകേണ്ടതു സാധാരണക്കാരായ അൽമായരും വൈദികരുമാണ്.

സമുദായവും സഭയും രണ്ടാണ്. തങ്ങളുടെ രക്തശുദ്ധി പാലിക്കണമെന്ന് ആഗ്രഹമുള്ള പ്രഭു കുടുംബങ്ങൾക്ക് അതിനുള്ള അവകാശം ആരും നിരോധിക്കുന്നില്ല. എന്നാൽ സഭയുടെ കൗദാശിക ശുശ്രൂഷകൾ രക്തശുദ്ധിയുടെ പേരിൽ നിഷേധിക്കുന്നത് ക്രിസ്തുവിന്റെ പഠനത്തിനു നിരക്കാത്തതും മാനവസംസ്കാരത്തിനു യോജിക്കാത്തതുമാണെന്നു മനസ്സിലാക്കാൻ ഓരോ തെക്കുംഭാഗനും കഴിയണം. വിഭജന

ത്തിന്റെ മതിലുകൾ കെട്ടിയുയർത്തിക്കൊണ്ടല്ല, അത് ഇടിച്ചുനിരത്തിക്കൊണ്ടാണ് 21-ാം നൂറ്റാണ്ടിലേക്ക് നാം പ്രവേശിക്കേണ്ടത്.

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിൽ അഞ്ഞൂറ്റിക്കാരനും എഴുന്നൂറ്റിക്കാരനും തെക്കുംഭാഗനും വടക്കുംഭാഗനും ലത്തീനും സുറിയാനിയും മലങ്കരയും ഒന്നുമില്ല. വിശ്വസിക്കുന്നവർ ഏവരും ഏകമനസ്സോടെ കൂദാശകളിലൂടെ ക്രിസ്തുവിനെ ആരാധിക്കുന്ന വേദിയാണു സഭ.

# 2

# ‘രക്തശുദ്ധി പാരമ്പര്യം’ നീതീകരിക്കാനാവുമോ?

## ഫാ. ഡേവിസ് കാച്ചപ്പിള്ളി

യാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ ഒരു എൺപതുകാരനും മറ്റൊരു എഴുപതുകാരനും പങ്കുവച്ച ക്രിസ്തീയ ജീവിതപ്രശ്നങ്ങളാണ് മേല്പറഞ്ഞ ചോദ്യമായി എന്നിൽ രൂപപ്പെട്ടത്. കോട്ടയം രൂപതക്കാരായ അവർ കഴിഞ്ഞ 25 വർഷങ്ങളായിട്ട് സഭയിൽ വളരെ ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരുന്ന ‘രക്തശുദ്ധിപാരമ്പര്യ’ത്തിന്റെ പ്രായോഗിക പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഹൃദയഭേദകമായ വേദനയോടെ ഞാനുമായി പങ്കുവച്ചു. തങ്ങളുടെ കത്തോലിക്കാ സമൂഹത്തിന്റെ നേതൃസ്ഥാനത്തുണ്ടായിരുന്ന ക്നാനായ തോമ്മായുടെ കാലം മുതൽ എ.ഡി. 345 സഭയിൽ നിലനിന്നിരുന്നതെന്ന് വിശ്വസിക്കപ്പെടുന്ന ‘രക്തശുദ്ധി പാരമ്പര്യ’ത്തിന് ആധുനിക സഭയുടെയോ സംസ്കാരത്തിന്റെയോ പശ്ചാത്തലത്തിൽ വിലയും നിലയും കല്പിക്കാനാകില്ലെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചുകൊണ്ടാണ് ദീർഘമായ ഞങ്ങളുടെ സംഭാഷണത്തിന് അവർ വിരാമമിട്ടത്. കോട്ടയം രൂപതയിലെ ഒരുവിഭാഗം കത്തോലിക്കർ ഈ പാരമ്പര്യത്തിനെതിരെ രംഗത്തിറങ്ങി, ആധുനിക സഭാനവീകരണ

ചിന്താഗതിയിൽ (രണ്ടാം വത്തിക്കാൻ കൗൺസിൽ) സഭയിൽ നവീകരണമുണ്ടാക്കണമെന്ന നിർബന്ധബുദ്ധിയോടെ പരിശ്രമിച്ചുവരികയാണിപ്പോൾ. അതുകൊണ്ട് ഇക്കാര്യം ക്നാനായ കത്തോലിക്കരുടെ മാത്രമല്ല, കേരള കത്തോലിക്കാ സമൂഹത്തിന്റെ ചിന്തയ്ക്കും പ്രതികരണത്തിനും നീതിയുക്തമായ നവീകരണ നടപടികൾക്കും വഴിയൊരുക്കേണ്ടിയിരിക്കുന്നു.

## ഭാരത ക്രൈസ്തവസഭയും കാനായിതൊമ്മനും

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ തോമസ് എ.ഡി. 52-ൽ കൊടുങ്ങല്ലൂരിനടുത്ത് മുസിരിസ് (Muziris) എന്ന തുറമുഖത്ത് കപ്പലിറങ്ങുകയും, തന്റെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ഏതാനും കുടുംബങ്ങളെ ക്രിസ്തുമതത്തിൽ സ്നാനപ്പെടുത്തുകയുമുണ്ടായി. പിന്നീട് കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ, ക്രിസ്തുമതം സ്വീകരിച്ചവർക്കുവേണ്ടി 7 ക്രിസ്തീയ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഭാരത ക്രൈസ്തവരുടെ പിതാവെന്ന് വിശുദ്ധ തോമസ് അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതിന്റെ അടിസ്ഥാനമിതാണ്.

എ.ഡി. 345 ൽ കാനായി തോമായുടെ (Thomas of Cana) നേതൃത്വത്തിൽ ബാഗ്ദാദ്, ജറുസലെം, നിനവേ എന്നീ സ്ഥലങ്ങളിൽനിന്ന് കേരളത്തിൽ കപ്പലിറങ്ങിയ 72 സിറിയൻ ക്രിസ്തീയ കുടുംബങ്ങളിലെ 400 ക്രിസ്ത്യാനികളിലൂടെ കേരള ക്രൈസ്തവ സമൂഹം കൂടുതൽ വ്യാപകമാവുകയും ശക്തി പ്രാപിക്കുകയും ചെയ്തു എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്. അന്നത്തെ ക്രൈസ്തവരുടെ മതകർമ്മങ്ങളിലെല്ലാം ഉപയോഗിച്ചിരുന്നത് സുറിയാനി ഭാഷയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത തിരുകർമ്മ നവീകരണത്തോടെയാണ് സുറിയാനി ഭാഷയ്ക്ക് പകരം മലയാള ഭാഷ ഉപയോഗിച്ചു തുടങ്ങിയത്. ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കേരള നസ്രാണികൾ സിറിയൻ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നത്. (Survey of Kerala History by Sreedhara Menon, page 84,85) സീറോ മലബാർ റീത്തിന്റെ ഭാഷാപരമായ അടിസ്ഥാനവും ഇതുതന്നെയാണ്.

## സീറോ മലബാർ സഭ

മേജർ ആർച്ചുബിഷപ്പിന്റെ ഭരണനേതൃത്വത്തിൽ ആറ് പ്രാദേശിക സഭകളിലായി 29 സുറിയാനി രൂപതകൾ ചേർന്നതാണ് സീറോ മലബാർ സഭ. ഇവയിൽ ഒരു രൂപത മാത്രമായി പ്രവർത്തിക്കുന്ന പ്രാദേശിക സഭയാണ് കോട്ടയം രൂപത. ക്നാനായ സുറിയാനി കത്തോലിക്കരെ മാത്രം ഉൾപ്പെടുത്തിയാണിത് സ്ഥാപിതമായിരിക്കുന്നത്. ഈ ഒറ്റപ്പെട ലിന്റെ അടിസ്ഥാനമായി പറയപ്പെടുന്നതാണ് രക്തശുദ്ധി പാരമ്പര്യം. ഇവർക്ക് മറ്റ് പ്രാദേശിക സഭകളിലെ കത്തോലിക്കർക്കുള്ളതുപോലെ സ്വാതന്ത്ര്യം വിവാഹബന്ധങ്ങൾക്ക് ലഭിക്കുന്നില്ലായെന്നത് വേദനാജ നകമാണ്. "വാമൊഴി"യായി ലഭിച്ച ഒരു പാരമ്പര്യം എന്നതിലുപരി സഭ യുടെ എഴുതപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ നിയമമോ, വി. ഗ്രന്ഥമോ, ആഗോള കത്തോലിക്കാ സഭയിൽ നിന്നുള്ള നിർദ്ദേശമോ ഈ രക്തശുദ്ധി പാരമ്പര്യത്തിന് അടിസ്ഥാനമായി കാണാനാകില്ല. തന്മൂലം ആധുനിക മനുഷ്യസംസ്കാരത്തിനും പുരോഗതിക്കും വിഘാ തമായി അനുവർത്തിച്ചുപോരുന്ന ഈ പാരമ്പര്യത്തെ അതിജീവിച്ച് മുന്നേറാനുള്ള സ്വാതന്ത്ര്യം ക്നാനായ കത്തോലിക്കർക്ക് നൽകാതെ 'രക്തശുദ്ധി പാരമ്പര്യം' അടിച്ചേൽപ്പിക്കുന്നത് അനീതിയും മനുഷ്യാവ കാശലംഘനവുമായി കാണേണ്ടതല്ലേ?

## ക്രൈസ്തവ സഭയും ക്രൈസ്തവ രക്തവും

ഫാ. റാഫേൽ ചിറ്റിലപ്പള്ളിയുടെ "ഞങ്ങളിലില്ല ക്രൈസ്തവ രക്തം" എന്ന ഗ്രന്ഥം വായിച്ചപ്പോൾ എന്താണ് ക്രൈസ്തവരക്തമെന്നും, മനു ഷ്യജീവിതത്തിൽ ക്രൈസ്തവരക്തത്തിന്റെ ശക്തിയും പ്രാമാണികതയും മഹത്വവും എത്രമാത്രം വിലപ്പെട്ടതാണെന്നുമുള്ള ആഴമായ ഉൾക്കാഴ്ച ലഭിക്കാനിടയായി. ക്രൈസ്തവരക്തത്തിന്റെ ഉറവിടം ക്രിസ്തുവാണല്ലോ. ലോകത്തിൽ ഇന്നോളം ജനിച്ചിട്ടുള്ളവരിൽ ഏറ്റവും പൂർണ്ണനായ മനു ഷ്യൻ ക്രിസ്തുവാണ്. കാരണം, ക്രിസ്തുവിൽ മനുഷ്യത്വവും ദൈവ ത്വവും അവയുടെ പൂർണ്ണതയിൽ സ്ഥിതി ചെയ്യുന്നതായി കാണാനാകും. ഇവൻ പൂർണ്ണനായ മനുഷ്യനാണ് എന്ന് ഒരു മനുഷ്യനെ കാണിച്ചു കൊണ്ട് പറയാനാകുന്ന വ്യക്തി ക്രിസ്തു മാത്രമാണ്. അതുകൊണ്ടാണ് ദൈവത്തിന്റെ അനന്തപരിപാലനയിൽ, രക്താഭിഷിക്തനായി മുൾമുടിചൂടി നിൽക്കുന്ന യേശുവിനെ ലോകചരിത്രത്തിന് ചൂണ്ടിക്കാ ണിച്ചുകൊണ്ട് ന്യായാധിപനായ പീലാത്തോസ് പ്രസ്താവിച്ചത്: "ഇതാ മനുഷ്യൻ" (യോഹ. 19:15).

യേശുക്രിസ്തുവിന്റെ ഈ പൂർണ്ണതയിലേക്ക് വളരാനും ഉയരാനും നിലനിൽക്കാനുമായി യേശുവിന്റെ ആഹ്വാനമനുസരിച്ച്, യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചവരുടെ സമൂഹമാണല്ലോ കത്തോലിക്കാ സഭ. യേശുവിന്റെ ഭൗതിക ശരീരമാണത് (1 കൊറി. 12:12–31). യേശുക്രിസ്തുവിന്റെ ഭൗതികശരീരത്തിന്റെ സജീവ അവയവങ്ങളായ ക്രൈസ്തവരിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത് യേശുവിന്റെ ആത്മീയരക്തമാണ്. അതിന്റെ ഫലമായി ക്രൈസ്തവർ ദൈവീക മനുഷ്യരും സനാതന നന്മകളുടെ ഫലങ്ങൾ സമൃദ്ധമായി പുറപ്പെടുവിക്കുന്നവരുമായിത്തീരും എന്നാണ് മുന്തിരിച്ചെടിയുടെയും ശാഖകളുടെയും ഉപമയിലൂടെ ക്രിസ്തുനാഥൻ തന്റെ അനുയായികളായ ക്രൈസ്തവർക്ക് നൽകിയിരിക്കുന്ന വാഗ്ദാനം (യോഹ. 15:1–8). ഈ സത്യം നാം അറിയണമെന്നും, ഈ സത്യം നമ്മെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുകയും ചെയ്യുമെന്നുകൂടി യേശു അരുളിച്ചെയ്തു (യോഹ. 8:32). അതുകൊണ്ട് യേശുവിന്റെ ഭൗതികശരീരത്തിലെ അംഗങ്ങളിലെ ക്രൈസ്തവരക്തത്തിലുപരി മറ്റൊരു രക്തശുദ്ധി സഭയ്ക്കുള്ളിലെ പ്രത്യേക വിഭാഗത്തിനുണ്ട് എന്ന് വിശ്വസിക്കുന്നത് എത്രമാത്രം നീതീകരിക്കാനാകും, എത്രമാത്രം യഥാർത്ഥ ക്രൈസ്തവവിശ്വാസത്തിന് സ്വീകാര്യമാകും എന്നാണ് ചിന്തനീയമായിരിക്കുന്നത്. ക്രിസ്തുവിൽ നിന്ന് പാപമോചനം സ്വീകരിക്കുകയും, ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നതിലൂടെ ശുദ്ധീകൃതരാകുന്ന ക്രൈസ്തവർക്ക് മറ്റൊരു രക്തശുദ്ധിയെക്കുറിച്ച് ചിന്തിക്കാനാകുമോ?

ശാരീരിക രക്തശുദ്ധിക്ക് വൈദ്യശാസ്ത്രം നൽകുന്ന മാർഗം ഡയാലിസിസാണല്ലോ. ഇതിനുപുറമേ, ശരീരത്തിൽ രക്തം അപര്യാപ്തമായവർ രക്തം സ്വീകരിക്കുന്നത് അതേ രക്തഗ്രൂപ്പുള്ളവരിൽ നിന്നാണ്. ഇത് ജാതിമതഭേദമെന്യേ മനുഷ്യവർഗ്ഗം മുഴുവനിലും കണ്ടെത്താനാകും. ചുരുക്കത്തിൽ ആത്മീയരക്തപ്പൊരുത്തം എല്ലാ ക്രൈസ്തവരിലും ശാരീരിക രക്തപൊരുത്തം എല്ലാ മനുഷ്യരിലും വ്യാപിച്ചിരിക്കെ കത്തോലിക്കാസഭയിലെ ഒരു വിഭാഗത്തിന് (ക്നാനായ) മാത്രം പ്രത്യേകിച്ചൊരു ആത്മീയ രക്തശുദ്ധിയോ ശാരീരികശുദ്ധിയോ ഉണ്ടെന്ന് വിശ്വസിക്കുന്നത് ക്രൈസ്തവ വിശ്വാസത്തിനോ മാനുഷിക ബുദ്ധിക്കോ നിരക്കുന്നതല്ലല്ലോ.

ആത്മീയ ഗ്രന്ഥകാരനായ തോമസ് മെർട്ടന്റെ ഭാഷയിൽ ലോകത്ത് ആരും ഒറ്റപ്പെട്ടവരല്ല (No man is an Island) ഇതിനൊരു വൈപരീത്യമല്ലേ ക്നാനായ സമൂഹത്തിന്റെ രക്തശുദ്ധി പാരമ്പര്യത്തിലൂടെയുള്ള ഒറ്റപ്പെട്ട ജീവിതം? ലോകത്ത് എവിടെയൊക്കെ ക്നാനായ കത്തോലിക്കരുണ്ടോ, അവരെല്ലാം ഒറ്റപ്പെട്ട ദ്വീപുകളായി നിലനിൽക്കുന്ന സ്ഥിതിയാണി ന്നോളമുള്ളത്. ഇതിനൊരു മാറ്റം സംഭവിക്കേണ്ടിയിരിക്കുന്നു. മനുഷ്യ സമൂഹം ഏകലോക സമൂഹമായി വളരുകയും പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ യുഗത്തിൽ ക്നാനായ സമൂഹം ഒറ്റപ്പെ ടാനിടയാകുന്നത് നാശത്തിന് കാരണമാകും എന്നതിൽ സംശയിക്കാ നുണ്ടോ?

## യേശുവിന്റെ മനോഭാവവും ആഹ്വാനവും

യേശുവിൽ സ്നാനം സ്വീകരിച്ചവരെല്ലാവരും ഒരു സമൂഹമായി സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ഐക്യത്തിൽ ജീവിക്കണമെ ന്നാണ് യേശുവിന്റെ അഭീഷ്ടവും ആഹ്വാനവും. "അവരെല്ലാവരും ഒന്നാ കണമെന്നാണല്ലോ" യേശു പ്രാർത്ഥിച്ചത് (യോഹ. 17:21-22). തന്മൂലം കത്തോലിക്കാസഭയ്ക്കുള്ളിൽ യാതൊരു തരത്തിലുള്ള വിഭാഗീയ തക്കും പ്രസക്തിയില്ല. ഞങ്ങൾ മറ്റുള്ളവരേക്കാൾ നല്ലവരും ഉന്നതരും നീതിമാന്മാരുമാണ് എന്ന അഹങ്കാരമനോഭാവം ക്രിസ്തീയതയല്ലാ യെന്നും അത് ഫരിസേയിസമാണെന്നുമാണ് യേശുവിന്റെ പ്രബോധനം (ലൂക്കാ. 18:9-14). എല്ലാ കത്തോലിക്കരും വിശുദ്ധിയിലേക്ക് വിളിക്ക പ്പെട്ടിരിക്കുന്നു എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോ ധനം വിശുദ്ധിയിലേക്കുള്ള തീർത്ഥാടനത്തിൽ എല്ലാവരും പങ്കുചേര ണമെന്നാണല്ലോ വ്യക്തമാക്കുന്നത്. വിശ്വാസികൾക്കിടയിൽ യാതൊരു കാരണത്താലും വിഭാഗീയതയ്ക്കോ ഭിന്നതയ്ക്കോ ഇടമുണ്ടാകരു തെന്നും (1 കൊറി. 1:10-13). എല്ലാവരും ഒരേ ആത്മാവിൽ എകശരീരമാ കാൻ സ്നാനം സ്വീകരിച്ചവരാണെന്നും, തന്മൂലം യഹൂദരെന്നോ, ഗ്രീക്കു കാരെന്നോ, അടിമകളെന്നോ, സ്വതന്ത്രരെന്നോ, വ്യത്യാസമില്ലാതെ ഐക്യത്തിൽ ജീവിക്കേണ്ടവരാണെന്നും (1 കൊറി. 12:12), എല്ലാവർക്കും എല്ലാമാകേണ്ടവരാണെന്നും (1 കൊറി. 9:19-23), വിശുദ്ധ പൗലോസ് നൽകുന്ന ക്രിസ്തീയ പ്രബോധനം എല്ലാവർക്കും സ്വീകരിക്കാനാക ണം. ആദിമസഭയിലെ "പരിഛേദന" നിയമത്തെ തള്ളിക്കളഞ്ഞ്, വിശ്വാ സത്തിൽ ക്രിസ്ത്യാനികളെ ഐക്യപ്പെടുത്തിയ പത്രോസിനെ മാതൃക യാക്കാം (നടപടി 15:1-11).

## ക്രിസ്തീയ കൂട്ടായ്മയിൽ ശക്തരാകാം

മേൽ പ്രസ്താവിച്ചവയുടെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ, ക്രിസ്തീയകൂട്ടായ്മയായിരിക്കണം ക്രൈസ്തവരുടെ മുഖമുദ്ര, കൂട്ടായ്മ തന്നെയാണ് ക്രൈസ്തവന്റെ അടിസ്ഥാനശക്തി. പരസ്പരബന്ധങ്ങളിലൂടെ വളർത്തി വലുതാക്കേണ്ടതാണ് കൂട്ടായ്മ. മനുഷ്യജീവിതത്തിലെ ഏറ്റവും ശക്തവും ആഴപ്പെട്ടതും, ഐക്യത്തിനടിസ്ഥാനവുമായ ബന്ധമാണ് ദാമ്പത്യബന്ധം, വിവാഹം. തന്മൂലം ക്നാനായ കത്തോലിക്കാ സമൂഹത്തിലെ വ്യക്തികൾക്ക് ആഗോള കത്തോലിക്കാ സമൂഹത്തിലെ വ്യക്തികളുമായി വിവാഹബന്ധത്തിലേർപ്പെടുകയെന്നത് ക്രിസ്തീയ കൂട്ടായ്മയുടെ മഹനീയതയായിട്ടാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് മുൻവിധികളൊന്നുമില്ലാതെ, ക്രിസ്തീയ ഐക്യം മാത്രം ഉന്മുഖമാക്കിയുള്ള ക്രിസ്തീയ വളർച്ച ത്വരിതപ്പെടുത്താൻ എല്ലാ കത്തോലിക്കരും സഭാധികാരികളും കൈകോർക്കേണ്ടിയിരിക്കുന്നു. യേശു തന്നെയാണ് കത്തോലിക്കരുടെ നിയമവും നിയമദാതാവും എന്നത് നമ്മുടെ ഹൃദയഭിത്തികളിൽ ആലേഖനം ചെയ്യപ്പെടട്ടെ; യേശുവിന്റെ ആശയാദർശങ്ങൾ ആഞ്ഞുപുൽകാൻ പ്രതിജ്ഞാബദ്ധരാകട്ടെ. എങ്കിൽമാത്രമേ, യേശുവിന്റെ മഹത്വത്തിൽ നമുക്ക് നിത്യം പങ്കുകാരാകാനാകൂ (വെളി. 14:1-5). ഇതിനായിരിക്കട്ടെ എല്ലാ കത്തോലിക്കരുടേയും പ്രാർത്ഥനയും പ്രയത്നവും.

# 3

# രണ്ടാം വത്തിക്കാൻ കൗൺസിലും കോട്ടയം രൂപതയും

പി. എ. ജേക്കബ്
(മുൻ പ്രസിഡന്റ്, കെ.സി.എൻ.എസ്)

രണ്ടാം വത്തിക്കാൻ കൗൺസിൽ രൂപതകളെ പരാമർശിക്കുന്നത് 'പ്രത്യേക സഭകൾ' എന്നാണ്. തിരുസഭയുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിക്കുന്ന ഡിക്രി 2-ാം ഖണ്ഡികയിൽ കൗൺസിൽ പ്രസ്താവിക്കുന്നത്, "തീർത്ഥാടക സഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ്" എന്നാണ്. "സ്വഭാവത്താലെ" എന്നതിനർത്ഥം "ജന്മനാ" എന്നാണ്. എന്തിന്റെയും ജന്മനായുള്ള പ്രകൃതം സ്വന്തമായുള്ളതാണ്; പുറമേ നിന്ന് ആർജ്ജിക്കുന്നതല്ല. അങ്ങിനെയെങ്കിൽ, യാതൊരു സഭാപരമായ അധികാരത്തിനും സഭയെ ഈ പ്രകൃതത്തിൽനിന്ന് ഒഴിവാക്കാനാവില്ല. ക്രിസ്തു, തന്റെ സഭയെ ഭരമേൽപിച്ച പ്രേഷിതദൗത്യത്തിനുള്ള കല്പനയിൽനിന്ന് പത്താം പീയൂസ് മാർപ്പാപ്പ 1911-ൽ കോട്ടയം രൂപത സ്ഥാപിച്ചപ്പോൾ ആ രൂപതയെ ഒഴിവാക്കിയില്ല; അദ്ദേഹത്തിന് ഒഴിവാക്കാനാവില്ല. യഥാർത്ഥത്തിൽ തിരുസഭയുടെ സ്ഥാപനോദ്ദേശ്യം തന്നെ സുവിശേഷവത്ക്കരണമാണ്.

പ്രേഷിത പ്രവർത്തനം സംബന്ധിച്ച് 20-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു: "പ്രാദേശികസഭകൾ ആവുന്നിടത്തോളം സാർവ്വത്രികസഭയെ പ്രതിനിധാനം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കാതെ ഒരു ഭൂപ്രദേശത്ത് തങ്ങളോടൊത്തു സഹവസിക്കുന്ന വരുടെ പക്കലേക്ക് തങ്ങൾ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത ശരിക്കും മനസ്സിലാക്കണം". കൗൺസിൽ തുടർന്നു പഠിപ്പിക്കുന്നു: "മെത്രാൻ പ്രഥമതഃ ക്രിസ്തുവിലേക്ക് നവശിഷ്യരെ ആനയിക്കുന്ന വിശ്വാസപ്രഘോഷകൻ ആയിരിക്കണം".

വിശ്വാസികളുടെ ഗണത്തെ തീറ്റിപോറ്റുകയും ദൈവികാരാധന ആഘോഷിക്കുകയും മാത്രം പോരാ. ബാഹ്യലോകത്തിന് സുവിശേഷം പ്രഘോഷിക്കുകയെന്നത് പ്രത്യേകസഭയുടെ കടമയാണ്. അതാണ് പ്രേഷിതപ്രവർത്തനം.

പ്രേഷിതപ്രവർത്തനം രക്ഷയുടെ പ്രഘോഷണമാണ്. ദൈവത്തിന്റെ സഭ കത്തോലിക്കമാണ്. അത് ഒരു ജനതയ്ക്കോ രാജ്യത്തിനോ അന്യ മല്ല (മേറ്റ്ർ.എറ്റ്. മജിസ്ട്രാ ജോൺ 23-ാമൻ പാപ്പ) സുവിശേഷം പ്രഘോ ഷിക്കുക, ശ്രോതാവിൽ മാനസാന്തരമുണ്ടാകുക, മാനസാന്തരപ്പെട്ടവരെ ക്രിസ്തുവിലേക്കും അവിടുത്തെ ശരീരമായ തിരുസഭയിലേക്കും സംയോജിപ്പിക്കുക എന്നിവ ഉൾക്കൊള്ളുന്നതാണ് പ്രേഷിതപ്ര വർത്തനം. അത് വിശ്വാസികളുടെയിടയിൽ പരിശീലിക്കുന്ന അജപാല നപ്രവർത്തനങ്ങളിൽനിന്നും ക്രിസ്ത്യാനികളുടെയിടയിൽ ഐക്യം പുനഃ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർവഹണത്തിൽനിന്നും വിഭിന്നമാണ് (ഖണ്ഡിക 6).

ജ്ഞാനസ്നാനം വഴി സഭയിലേക്ക് ഉൾചേർക്കുന്നില്ലെങ്കിൽ പ്രേഷിത പ്രവർത്തനം ഇല്ല.

കോട്ടയം രൂപത അജപാലനധർമ്മം മാത്രമേ അനുഷ്ഠിക്കുന്നുള്ളൂ. അത് എക്യുമെനിക്കൽ മുന്നേറ്റത്തിൽ സഹകരിക്കുന്നുണ്ട്. പക്ഷേ അതിന് ക്രിസ്തുവിന്റെ സഭയുടെ പ്രേഷിത സ്വഭാവമില്ല. കാരണം അത് ക്നാനായക്കാരല്ലാത്തവർക്ക് ആ പ്രത്യേക സഭയിൽ അംഗത്വം നൽകുന്നില്ല.

വംശീയവിദ്വേഷം ഒന്നുകൊണ്ടുമാത്രം അത് മറ്റു രൂപതകളിൽനിന്ന് ജീവിതപങ്കാളിയെ കണ്ടെത്തുന്നവരെ സമുദായഭ്രഷ്ടരാക്കുന്നു. ക്രിസ്തുവിന്റെ സഭയുടെ സാർവ്വത്രികതയെ പുറംതള്ളിക്കൊണ്ട് ക്നാനായ സമുദായത്തിന്റെ രക്തശുദ്ധത സംരക്ഷിക്കുന്നതിനുവേണ്ടി കോട്ടയം രൂപതയുടെ പരമിതിക്കുള്ളിൽ ഒതുങ്ങിക്കൂടുവാൻ അതിന് യാതൊരവകാശവുമില്ല.

'സഭ ആധുനികലോകത്തിൽ' എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ 58-ാം ഖണ്ഡികയിൽ, "സഭ എല്ലാക്കാലത്തും സ്ഥലത്തുള്ള എല്ലാ ജനങ്ങൾക്കുമായി സഭ അയയ്ക്കപ്പെട്ടിരിക്കുന്നു"വെന്ന് കൗൺസിൽ പഠിപ്പിക്കുന്നു: "ഏതെങ്കിലുമൊരു വിഭാഗത്തോടോ, രാഷ്ട്രത്തോടോ ഒരു പ്രത്യേക ജീവിതരീതിയോടോ, പുരാതനമോ ആധുനികമോ ആയ ഒരാചാരത്തോടോ പ്രത്യേകമായോ അഭേദ്യമായോ അവൾ ബന്ധിതയല്ല. സ്വന്തം പാരമ്പര്യത്തോട് ഒട്ടിച്ചേർന്നും അതോടൊപ്പം തന്റെ സാർവത്രിക ദൗത്യത്തെക്കുറിച്ച് ബോധമുള്ളവളായും വിവിധ സംസ്ക്കാരങ്ങളോടും ബന്ധപ്പെട്ടു കഴിയാൻ സഭയ്ക്കു സാധിക്കും".

സഭയൊന്നാകെ പ്രേഷിതയാണെന്നും, സുവിശേഷവത്ക്കരണപ്രവർത്തനം ദൈവജനത്തിന്റെ അടിസ്ഥാന ധർമ്മമാണെന്നും, സഭ സകലരേയും ആഴമേറിയ ആന്തരിക നവീകരണത്തിനായി ആഹ്വാനം ചെയ്യുന്നുവെന്നും അപ്രമാദിത്യമുള്ള കൗൺസിൽ പ്രഖ്യാപിക്കുന്നു (പ്രേഷിത പ്രവർത്തനം 35) കോട്ടയം രൂപത പ്രേഷിതയല്ലാത്തതിനാൽ അത് ക്രിസ്തുവിന്റെ സഭയുടെ സാർവത്രികതയിൽ പങ്കുചേരുന്നില്ല. ഇത് തിരുത്തേണ്ട തെറ്റുതന്നെയാണ്. അതിന്റെ സ്വഭാവത്തിലും പ്രവർത്തനത്തിലുമുള്ള സൈദ്ധാന്തിക തെറ്റുകൾ തിരുത്താതെ, ഈ പ്രത്യേക സഭയുടെയും അതിന്റെ അദ്ധ്യക്ഷൻമാരുടെയും വാഴ്ത്തും ഉയർത്തിപ്പിടിക്കലും കർത്താവിന്റെ കല്പനയുടെയും സഭാത്മക പ്രബോധനങ്ങളുടെയും ധിക്കരിക്കൽ ആയിരിക്കും.

# 4

# കത്തോലിക്കാസഭയിൽ ജാതിക്കുവേണ്ടിയൊരു രൂപത

## കെ.സി.എൻ.എസ്.

*(1998–ൽ പുറപ്പെടുവിച്ച നോട്ടീസ് - ഓർച്ചാർട്ട്)*

ആഗോള കത്തോലിക്കാ സഭ ഇന്ന് അനവധി പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ആത്മീയ അരാജകത്വം മൂലവും വൈദികരുടെമേൽ ഉയർന്നിട്ടുള്ള ലൈംഗികാപവാദങ്ങൾ മൂലവും കത്തോലിക്കാ പള്ളികൾ പൂട്ടിക്കൊണ്ടിരിക്കുന്നു. കേരളത്തിലാകട്ടെ മേലദ്ധ്യക്ഷന്മാരുടെ ഏകാധിപത്യവും സുതാര്യമല്ലാത്ത സമ്പത്ത് വ്യവസ്ഥിതിയും സ്ഥാപനങ്ങളുടെ നടത്തിപ്പും മൂലം ജനങ്ങൾക്കു വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

സീറോ-മലബാർ സഭയിൽ മെത്രാൻ സിനഡ് എടുക്കുന്ന തീരുമാനങ്ങൾക്ക് വിരുദ്ധമായി ഓരോ രൂപതയും അവരവർക്ക് ഇഷ്ടമുള്ള വികലമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നു.

വിശുദ്ധ ബലിയർപ്പണം പോലും വിവിധ രൂപതകൾ വ്യത്യസ്തരീതിയിൽ നടത്തി ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നു. സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈദികരും സന്യസ്തരും തമ്മിൽ

അക്രമങ്ങളും പോലീസ് കേസുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മെഡിക്കൽ കോളേജുകളും ആശുപത്രികളും വിദ്യാഭ്യാസസ്ഥാപനങ്ങളും സേവനത്തിനേക്കാളുപരി സമ്പത്ത് സമാഹരിക്കാനുള്ള മാർഗ്ഗങ്ങളായി മാറിയിരിക്കുന്നു.

അപ്പസ്തോലന്മാരുടെ പിൻതുടർച്ചക്കാരായ സഭാധികാരികൾ തങ്ങളുടെ സഭയുടെ കീഴിലുള്ള തെറ്റായ കീഴ്‌വഴക്കങ്ങളെ തിരുത്തുവാനുള്ള ധൈര്യം കാണിക്കുന്നില്ല. എസക്കി. 33:5–9 തിരുവചനങ്ങൾ അവരെ സ്വാധീനിക്കുന്നില്ല. സ്ഥാനമാനങ്ങളും ബഹുമാനാദരവുകളും മോഹിച്ച് കീഴിലുള്ളവരുടെ കുത്തഴിഞ്ഞ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു.

കത്തോലിക്കാ സഭയിൽ നൂറുവർഷമായി നിലനിൽക്കുന്ന ഒരു വലിയ തെറ്റാണ് കോട്ടയം രൂപത. ഈ രൂപത വിശുദ്ധ ബൈബിളിനും കത്തോലിക്കാ സഭയുടെ നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്കും മനുഷ്യാവകാശങ്ങൾക്കും എതിരായി വർഗീയ തീവ്രവാദം പ്രചരിപ്പിക്കുകയും അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭയുടെ കഴിഞ്ഞകാല ചരിത്രമനുസരിച്ച് പാഷണ്ഡത കല്പിച്ച് പണ്ടേ ഈ രൂപതയെ കത്തോലിക്കാസഭയിൽനിന്നും പുറത്താക്കേണ്ടതായിരുന്നു. എന്നാൽ രൂപതയുടെ സാമ്പത്തിക സാമൂഹിക, സ്വാധീനത്തിന് വിധേയരായി സഭയുടെ മേലധികാരികൾ മൗനം അവലംബിക്കുന്നു.

വിശുദ്ധ ബൈബിളിൽ മത്തായിയുടെ സുവിശേഷം 28–ാം അദ്ധ്യായം 19,20 തിരുവചനങ്ങൾ അനുസരിച്ച് കത്തോലിക്കാ സഭ സ്ഥാപിതമായത് ലോകം മുഴുവനുമുള്ള ജനങ്ങളുടെ ഇടയിൽ യേശുവിന്റെ സുവിശേഷം പ്രചരിപ്പിക്കുകയും വിശ്വസിച്ചു വരുന്നവരെ ജ്ഞാനസ്നാനപ്പെടുത്തി സഭയിലേക്ക് സ്വീകരിക്കുന്നതിനും വേണ്ടിയാണ്. എന്നാൽ കോട്ടയം രൂപത വിശ്വസിച്ചുവരുന്നവരെ വർഗീയതയുടെപേരിൽ രൂപതയിലേക്ക് ചേർക്കുന്നില്ല. ഇത് വിശുദ്ധ ബൈബിളിനെതിരാണ്.

കോട്ടയം രൂപത ക്നാനായ ജാതിയുടെ മാത്രമാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. കത്തോലിക്കാ സഭയിൽ ജാതിക്കുവേണ്ടി രൂപതയില്ല. ഇത് സഭയ്ക്കും ബൈബിളിനും എതിരാണ്. കൊളോസോസുകാർക്കുള്ള വിശുദ്ധ പൗലോസിന്റെ ലേഖനം 3–ാം അദ്ധ്യായം 10,11 തിരു

വചനങ്ങൾ ഇപ്രകാരമാണ്: "ഇവിടെ ഗ്രീക്കുകാരെനെന്നോ യഹൂദനെന്നോ, പരിച്ഛേദിതനെന്നോ, അപരിച്ഛേദിതനെന്നോ, അപരിഷ്കൃതനെന്നോ, സിഥിയനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ വ്യത്യാസമില്ല. പിന്നെയോ, ക്രിസ്തു എല്ലാമാണ്, എല്ലാവരിലുമാണ്". അതിനാൽ കോട്ടയം രൂപതയുടെ ഈ ജാതീയത വിശുദ്ധ ബൈബിളിനും സഭയ്ക്കും എതിർസാക്ഷ്യമാണ്.

കോട്ടയം രൂപതയിലെ ജനങ്ങൾക്ക് ചില പാരമ്പര്യാചാരങ്ങൾ ഉണ്ടെന്നും അത് സംരക്ഷിക്കുകയാണ് രൂപതയുടെ ചുമതലയെന്നും രൂപതാധികാരികൾ പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതും ബൈബിളിനും കത്തോലിക്കാസഭയ്ക്കും വിരുദ്ധമാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 15:6-9 തിരുവചനങ്ങൾ ഇപ്രകാരമാണ്. "നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെ നിങ്ങൾ വ്യർത്ഥമാക്കിയിരിക്കുന്നു. കപടനാട്യക്കാരേ, ഏശയ്യ നിങ്ങളെപ്പറ്റി ശരിയായിത്തന്നെ പ്രവചിച്ചു. ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് വളരെ അകലെയാണ്. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു".

കോട്ടയം രൂപതയിലെ അംഗങ്ങൾ കോട്ടയം രൂപതയിൽപെട്ടവരെ മാത്രം വിവാഹം ചെയ്യുന്നതിന് രൂപതാധികാരികൾ നിർബന്ധിക്കുന്നു. ആരെങ്കിലും മറ്റു കത്തോലിക്കാ രൂപതയിൽനിന്നും വിവാഹം കഴിച്ചാൽ അവരെ രൂപതയിൽനിന്നും പുറത്താക്കുന്നു. ഇത് ചില കാട്ടുവർഗ ഗോത്രങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന കിരാത നിയമമാണ്. തീണ്ടൽ, തൊടീൽ എന്ന നിരോധിക്കപ്പെട്ട സവർണ്ണ നിയമമാണിത്. ഇതും വിശുദ്ധ ബൈബിളിനും കാത്തോലിക്കാ സഭയ്ക്കും എതിരാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 19:5, യോഹ. 10-16, 17,21 തിരുവചനങ്ങൾക്ക് എതിർസാക്ഷ്യങ്ങളാണിവ. മാത്രമല്ല, ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധവും മനുഷ്യാവകാശലംഘനവുമാണ്.

വിവാഹം മൂലം രൂപതയിൽനിന്നും പുറത്താക്കപ്പെട്ട യുവാവിന്റെ ഭാര്യ മരിച്ചുപോയാൽ അയാളെ രൂപതയിൽ വീണ്ടും ചേർക്കുകയും രൂപതയിൽനിന്നുതന്നെ വീണ്ടും വിവാഹം ചെയ്യുവാൻ അനുവദിക്കുകയും ചെയ്യുന്നു. ഇതുമൂലം ആദ്യഭാര്യയിലെ കുട്ടികൾ മറ്റൊരു രൂപത

യിലും രണ്ടാമത്തെ ഭാര്യയിലെ മക്കളും മാതാപിതാക്കളും കോട്ടയം രൂപതയിലും നിലനിൽക്കുന്ന അവസ്ഥ ഉണ്ടാകുന്നു. ഇത് വളരെ ഗുരുതരമായ കുടുംബപ്രശ്നമാണ്. ഒരുവീട്ടിൽത്തന്നെ രണ്ടു രൂപതകളിലെ ഇടവകാംഗങ്ങളായി കഴിഞ്ഞുകൂടേണ്ട അവസ്ഥ കോട്ടയം രൂപതയിലെ ഭൂരിഭാഗം വീടുകളിലും ഉണ്ട്.

സ്വന്തം മാതാപിതാക്കളുടെ കുടുംബ കല്ലറയിൽ (സെമിത്തേരികളിൽ) അടക്കം ചെയ്യപ്പെടാൻ സാധിക്കാത്തതിൽ മാനസികമായി വിഷമിക്കുന്ന എത്ര പേരാണ് കോട്ടയം രൂപതയിലെ കുടുംബങ്ങളിലുള്ളത്.

രൂപതയിലെ മക്കളില്ലാത്ത ദമ്പതികൾ ദത്തെടുക്കുന്ന കുട്ടികളെ സ്വന്തം മാതാപിതാക്കളുടെ ഇടവക പള്ളികളിൽ അംഗങ്ങളാക്കുന്നില്ല. ദത്തെടുക്കൽ നിയമമനുസരിച്ച് ഇത് ക്രിമിനൽ കുറ്റമാണ്. ഈ കുട്ടികൾ മാതാപിതാക്കളുടെ എല്ലാ സ്വത്തുക്കളുടെയും അവകാശികളാണെങ്കിലും മാതാപിതാക്കളുടെ ഇടവക പള്ളികളിൽ മാത്രം അവർക്ക് അവകാശമില്ല.

കോട്ടയം രൂപതയിൽനിന്നും അനുയോജ്യരായ ജീവിതപങ്കാളിയെ ലഭിക്കാത്തതിനാലും മറ്റു രൂപതയിൽനിന്നും വിവാഹം ചെയ്താൽ പുറത്താക്കപ്പെടുമെന്ന ഭയത്താലും കോട്ടയം രൂപതയിൽ അനേകം യുവതീയുവാക്കൾ അവിവാഹിതരായി കഴിയേണ്ടിവരുന്ന ദയനീയാവസ്ഥയും നിലനിൽക്കുന്നു.

കോട്ടയം രൂപതയിലെ കുടുംബങ്ങളിൽ കുടുംബ കൂട്ടായ്മ (കൂടാരയോഗം) നടക്കുമ്പോൾ കുടുംബത്തിലെ പുറത്താക്കപ്പെട്ട ഒരുവിഭാഗം പുറത്തുനിൽക്കേണ്ടി വരുന്നു.

കോട്ടയം രൂപതയിലെ പള്ളികളുടെയും സെമിത്തേരികളുടെയും തൊട്ടടുത്തു താമസിക്കുന്നവർ കൂദാശകൾക്കും തിരുകർമ്മങ്ങൾക്കുമായി വളരെ ദൂരെയുള്ള പുതിയ പള്ളികളെ ആശ്രയിക്കേണ്ടിവരുന്നു.

ഇപ്രകാരം കോട്ടയം രൂപതയിലെ വിശ്വാസികൾക്കിടയിൽ അനേകം സാമൂഹിക കുടുംബപ്രശ്നങ്ങൾ നീറി പുകഞ്ഞുകൊണ്ടിരിക്കുന്നു. വിഭാഗീയതയുടെയും ഒറ്റപ്പെടലിന്റെയും കനത്ത പീഡനങ്ങൾ മൂലം ഒരുവിഭാഗം ജനങ്ങൾ വൈകാരികമായി വിങ്ങിപ്പൊട്ടുകയാണ്.

രക്തശുദ്ധി പാരമ്പര്യത്തിന്റെ പേരിലാണ് കോട്ടയം രൂപത ഈ അതിക്രമം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ രക്തശുദ്ധി ഒരു സങ്കൽപ്പം മാത്രമാണ്. ക്നായിതൊമ്മന്റെ നേതൃത്വത്തിൽ എ.ഡി. 345-ൽ കേരളത്തിൽ കുടിയേറിയ യഹൂദവംശപാരമ്പര്യത്തിൽപെടുന്നവരാണ് കോട്ടയം രൂപതക്കാരെന്നും ഇപ്പോഴും ആ രക്തശുദ്ധി പാരമ്പര്യം സംരക്ഷിക്കുന്നവരാണ് തങ്ങളെന്നും രൂപതാധികാരികൾ അഭിമാനിക്കുന്നു. എന്നാൽ ക്നായിതൊമ്മൻ തന്നെ ഇന്ത്യൻ സ്ത്രീകളെ വിവാഹം ചെയ്തിട്ടുണ്ടെന്നും വംശവർദ്ധനവിനുവേണ്ടി അനുയായികളെ അതിന് പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. അത് സത്യമാണെന്ന് കോട്ടയം രൂപതയിലെ ജനങ്ങളുടെ നിറവും, വേഷവും, ഭാഷയും വ്യക്തമാക്കുന്നുണ്ട്. യഹൂദന്മാരുടെ പാരമ്പര്യം കാത്തുസൂക്ഷിച്ചിരുന്നുവെങ്കിൽ കോട്ടയം രൂപതക്കാർ യഹൂദരെപ്പോലെ വെളുത്ത് ചുമന്നിരിക്കുമായിരുന്നു.

കുടുംബങ്ങളിലെങ്കിലും യഹൂദഭാഷ സംസാരിക്കണമായിരുന്നു. വേഷത്തിലും മാറ്റമുണ്ടാകുമായിരുന്നു. അതുകൊണ്ടുതന്നെ കോട്ടയം രൂപതക്കാർ യഹൂദത്തനിമ നിലനിർത്തുന്നില്ലെന്നും മറ്റുള്ളവരെപ്പോലെ ദ്രാവിഡസങ്കരവർഗമാണെന്നും വ്യക്തമാണ്.

തെക്കുംഭാഗർക്കുവേണ്ടിയാണ് വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പ കോട്ടയം രൂപത അനുവദിച്ചതെന്നും അതുകൊണ്ടാണ് ഈ വർഗീയത പരിപാലിക്കുന്നതെന്നും രൂപതാധികാരികൾ പ്രചരിപ്പിക്കുന്നുണ്ട്. ഇത് തികച്ചും തെറ്റിദ്ധരിപ്പിക്കലാണ്. പുതിയ രൂപത അനുവദിക്കുമ്പോൾ ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ വികസനത്തിനുവേണ്ടി എന്ന് കൽപ്പനയിൽ പറയാറുമുണ്ട്. അതുപോലെയാണ് തെക്കുംഭാഗർക്കുവേണ്ടി രൂപത അനുവദിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത്.

തെക്കുംഭാഗരിൽനിന്ന് ധാരാളം വൈദികരും സന്യാസിനികളും ഉണ്ടാകുവാനും വിദ്യാഭ്യാസവും ആരോഗ്യക്ഷേമവും കൊടുത്ത് അവരെ സാമൂഹ്യമായി വളർത്താനും രൂപതയ്ക്ക് അവസരം കൊടുക്കുകയാണ് ഇതുവഴി ചെയ്തിട്ടുള്ളത്. അല്ലാതെ വംശീയത നിലനിർത്താനെന്നോ രക്തശുദ്ധി പാലിക്കാനോ, മറ്റുള്ളവരെ ചേർക്കരുതെന്നോ, മറ്റു കത്തോലിക്കാവിഭാഗങ്ങളുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടരുതെന്നോ, പുറത്താക്കണമെന്നോ കൽപ്പനയിൽ പറഞ്ഞിട്ടില്ല. ആയതിനാൽ കോട്ടയം

രൂപത അനുവദിച്ച വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പയെ പോലും ഇവർ അപമാനിക്കുകയാണ് ചെയ്യുന്നത്.

കോട്ടയം രൂപത നൂറുവർഷമായി ചെയ്തുവരുന്ന ഈ ക്രൂരമായ തെറ്റ് ഇല്ലായ്മ ചെയ്യുവാൻ രൂപത തന്നെ മുന്നോട്ടുവരുകയോ സഭാധികാരികൾ അതിന് പ്രേരിപ്പിക്കുകയോ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇല്ലെങ്കിൽ ഇത് തിരുത്തുവാൻ ജനങ്ങൾ മുന്നോട്ടുവരും. അല്ല, അവർ വന്നുകഴിഞ്ഞു. 'ക്നാനായ കത്തോലിക്കാ നവീകരണസമിതി' അതേറ്റെടുത്തുകഴിഞ്ഞു.

# 5

# ജനങ്ങളെ കബളിപ്പിക്കാൻ വത്തിക്കാൻ കൗൺസിൽ രേഖകൾ ഉദ്ധരിക്കുന്നു

## പി. എ. ജേക്കബ്

(മുൻകാല പ്രസിദ്ധീകരണം - ഓർച്ചാർട്ട്)

റവ. ഡോ. ജോസ് തറയിൽ രചിച്ച "കോട്ടയം രൂപതയുടെ ചരിത്രം" എനിക്ക് ന്യൂയോർക്കിൽനിന്ന് ലഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സാർവ്വത്രിക സഭയിലെ കോട്ടയം രൂപതയുടെ വംശീയാസ്തിത്വം ന്യായീകരിക്കാൻ ഈ ഡോക്ടർ ഏറെ അദ്ധ്വാനിച്ചിട്ടുണ്ട് എന്നു വ്യക്തമാണ്. സഭ പരിപോഷിപ്പിക്കുന്ന വൈവിധ്യത്തിലെ ഘടകങ്ങളിൽ അദ്ദേഹം 'വംശം' ഉൾപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രമാണരേഖയിലെ 2ഉം 4ഉം ഖണ്ഡികകൾ ആശയക്കുഴപ്പത്തോടെ മിശ്രണം ചെയ്യുകയും കൂട്ടലും കിഴിക്കലും നടത്തി ഉദ്ധരിച്ച് വായനക്കാരെ വഞ്ചിക്കുകയും ചെയ്യുന്നു. അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത് ഞാനിവിടെ പകർത്താം; തുടർന്ന് കൗൺസിൽരേഖ അസ്സലായും ചേർക്കാം.

"സഭയ്ക്കുള്ളിലെ വൈവിധ്യം അവളുടെ ഐക്യത്തിന് ദോഷം വരുത്തുന്നില്ല, പിന്നെയോ അത് ആവിഷ്ക്കരിക്കുന്നു. സ്ഥലകാലങ്ങളുടെ വ്യത്യസ്ത ആവശ്യങ്ങൾക്കനുസൃതമായി ജീവിതരീതിയെ ക്രമപ്പെടു

ത്തിക്കൊണ്ടുതന്നെ ഓരോ വ്യക്തിഗത, പ്രത്യേക സഭയോ അല്ലെങ്കിൽ റീത്തോ അതിന്റെ പാരമ്പര്യം സമഗ്രമായി നിലനിർത്തുകയെന്നത് കത്തോലിക്കാസഭയുടെ മനസിലുള്ളതാണ്. അതുകൊണ്ട് ഓരോ വ്യക്തി ഗതസഭയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും ആവശ്യമായ ശ്രദ്ധ നൽകേണ്ടതാണ്. വിശ്വാസികളുടെ ആത്മീയനന്മയ്ക്കുവേണ്ടി ആവശ്യ മാകുന്നിടത്തെല്ലാം ഈ ലക്ഷ്യം മുൻനിർത്തി ഇടവകകളും പ്രത്യേക ഹയരാർക്കികളും സ്ഥാപിക്കേണ്ടതാണ്. വിവിധ സഭകളുടെ ഹയരാർക്കി കൾക്ക് ഒരേ സ്ഥലത്തുതന്നെ അജപാലനാധികാരമുണ്ടാകാം".

പൗരസ്ത്യ കത്തോലിക്കാസഭകളെ സംബന്ധിക്കുന്ന ഡിക്രി.

"പ്രാദേശികസഭകൾ അല്ലെങ്കിൽ റീത്തുകൾ" രണ്ടാം ഖണ്ഡിക ഇപ്ര കാരമാണ്.

4. ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേക സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസി കളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം. വിവിധ സഭകളുടെ ഹയരാർക്കികൾക്ക് ഒരേ സ്ഥലത്തുതന്നെ അജപാലനാധി കാരമുണ്ടാകാം. അവർ പൊതുചർച്ചകൾ നടത്തി പ്രവർത്തനൈക്യം വളർത്തണം.

"അല്ലെങ്കിൽ പ്രത്യേക" യെന്ന വാക്കുകൾ അപ്രമാദിത്യമുള്ള പൊതു കൗൺസിലിന്റെ വിശുദ്ധമായ പ്രഖ്യാപനങ്ങൾക്കുള്ളിലേക്ക് ദോഷ ബുദ്ധ്യാ ചേർത്തതാണ്.

ഈ ഖണ്ഡികയിൽ കൗൺസിൽ കൈകാര്യം ചെയ്യുന്നത് പ്രാദേ ശികസഭകളോ റീത്തുകളോ ആണ്; പ്രത്യേക സഭകളല്ല. 'പ്രത്യേക സഭ' എന്ന പദംകൊണ്ട് കൗൺസിൽ വിവക്ഷിക്കുന്നത് 'രൂപതകൾ' മാത്ര മാണ്. രൂപതകളെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് മെത്രാന്മാരുടെ അജ പാലനധർമ്മം എന്ന ഖണ്ഡിക ശ്രദ്ധിക്കണം.

ഒരു വ്യക്തിഗത സഭയിൽ പല പ്രത്യേക സഭകൾ ഉണ്ടാവാം. ഒരു വ്യക്തിഗത സഭയ്ക്കോ റീത്തിനോ മാത്രമേ അതിന്റെ പാരമ്പര്യങ്ങൾ അഭംഗമായും പൂർണ്ണമായും സംരക്ഷിക്കാൻ അനുമതിയുള്ളൂ. വ്യക്തി ഗത സഭയ്ക്കുള്ള ഈ അനുമതിപോലും പൂർണ്ണമല്ല. കാരണം സ്ഥല

കാലങ്ങളുടെ വിവിധ ആവശ്യങ്ങൾക്കനുസൃതമായി അതിന്റെ ജീവിതത്തെ ക്രമവത്ക്കരിക്കണമെന്നതിനും ഊന്നൽ നൽകിയിരിക്കുന്നു. സീറോ മലബാർ സഭ ഒരു വ്യക്തിഗത സഭ ആണ്.

കോട്ടയം രൂപത ഒരു വ്യക്തിഗത സഭയോ റീത്തോ അല്ല. സീറോമലബാർ സഭയിലെ അനേക രൂപതകളിൽ ഒന്നുമാത്രമാണത്. അതിനാൽ സീറോമലബാർ സഭയ്ക്ക് കല്പിച്ചനുവദിച്ചിരിക്കുന്ന അവകാശങ്ങൾ മാത്രമേ അതിനുള്ളൂ. സഭകൾ ആരാധനാക്രമപരമായ സമ്മേളനങ്ങൾ മാത്രമാണ്; വംശീയസംഘങ്ങളോ വംശങ്ങളോ അല്ല.

ഒരു വ്യക്തിഗത സഭയ്ക്ക് തനതായ ആരാധനാക്രമവും, സഭാത്മകമായ ശിക്ഷണക്രമവും ആദ്ധ്യാത്മിക പൈതൃകവുമുണ്ട്. കോട്ടയം രൂപതയ്ക്ക് തനതായി ഇവയിലൊന്നുപോലുമില്ല. സീറോ-മലബാർ സഭയിലെ സകല രൂപതകൾക്കുമുള്ളവ മാത്രമേ ഈ രൂപതയ്ക്കുമുള്ളൂ. വിവാഹവേളയിലെ വരന്റെ ആഘോഷപൂർവ്വമായ ക്ഷൗരം ചെയ്യലോ ഉച്ചത്തിലുള്ള 'നട'വിളിയോ ആണ് പാരമ്പര്യമായി കണക്കാക്കപ്പെടുന്നതെങ്കിൽ, അവ ആരാധനക്രമത്തിനും സഭാത്മകജീവിതത്തിനും വെളിയിലായതിനാൽ ശുദ്ധ മണ്ടത്തരമാണ്.

വത്തിക്കാൻ കൗൺസിലിന്റെ കാഴ്ചപ്പാടിൽ 'വംശം'ത്തെക്കുറിച്ച് ഒരു വാക്ക്. "ജനതകളുടെ പ്രകാശം" (Luman Gentium) എന്നപേരിൽ അറിയപ്പെടുന്ന സഭയെപ്പറ്റിയുള്ള പ്രമാണരേഖ തിരുസഭ സ്ഥലകാലങ്ങളുടെ സകല പരിധികളെയും അധികരിക്കുന്നുവെന്ന് പഠിപ്പിക്കുന്നു. തിരുസഭ അല്ലെങ്കിൽ ദൈവത്തിന്റെ പുതിയ ജനം പഴയനിയമത്തിൽനിന്നും വ്യത്യസ്തമായി, യൂദനിൽനിന്നും പുറംജാതിയിൽനിന്നും വിളിച്ചുകൂട്ടിക്കൊണ്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ക്ഷയിച്ചുപോകുന്ന ബീജത്തിൽനിന്നല്ല, ജീവനുള്ള ദൈവത്തിന്റെ വചനത്തിൽനിന്നും, മാംസത്തിൽ നിന്നല്ല, പ്രത്യുത ജലത്തിൽനിന്നും പരിശുദ്ധാത്മാവിൽനിന്നുമാണ് പുനർജനനം പ്രാപിക്കുന്നത്; അവർ 'തിരഞ്ഞെടുക്കപ്പെട്ട വംശ'മായിത്തീരുന്നു. ഇതാണ് ഈ പ്രമാണരേഖ പഠിപ്പിക്കുന്നത്.

ഭൂമിയിലെ സകല ജനതകൾക്കുമിടയിൽ ഒരു ദൈവജനം മാത്രമെയുള്ളൂ. അതാകട്ടെ സകല വംശങ്ങളിലും നിന്ന് പൗരന്മാരെ സ്വീകരിക്കുന്നു. അവരെ ദൈവരാജ്യത്തിന്റെ പൗരന്മാരാക്കുന്നു. ദൈവരാജ്യ

ത്തിന്റെ പ്രകൃതം സ്വർഗീയമാണ്; ഭൗമികമല്ല, സഭ രക്തമല്ല, ആത്മാക്കളെയാണ് കണക്കിലെടുക്കുന്നത്. ജീവനുള്ള ദൈവത്തിന്റെ വചനത്തിൽനിന്ന് ഉദിച്ചുയരുന്ന 'തെരഞ്ഞെടുക്കപ്പെട്ട വംശ' ത്തിനുള്ളിൽ ഒരു വംശത്തെ കണക്കിലെടുക്കുന്നില്ല. പ്രേഷിതപ്രവർത്തനം എന്ന ഡിക്രിയിലെ 15-ാം ഖണ്ഡികയിൽ ക്രിസ്ത്യാനികൾ ഒന്നാകെ 'വർഗവിദ്വേഷം' വെടിയണമെന്ന് വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നു. ഇത്തരമൊരു സഭ, പ്രത്യേക സഭകളോ രൂപതകളോ ഭൂമുഖത്തുള്ള സകലവംശങ്ങൾക്കുംവേണ്ടി സൃഷ്ടിച്ചുകൊണ്ട് 'വംശം' പരിപോഷിപ്പിക്കുന്നുവെന്ന് എങ്ങനെ പറയാനാവും? വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ വഞ്ചനാത്മകമായി ഉദ്ധരിച്ചുകൊണ്ട് കൗൺസിലിനോട് ഡോ. ജോസ് തറയിൽ അനാദരവ് കാട്ടി എന്ന വസ്തുതയോടൊപ്പം അദ്ദേഹം പഴയനിയമത്തെക്കുറിച്ചുള്ള തന്റെ അജ്ഞതയും ഈ ലേഖനത്തിൽ പ്രകടമാക്കി. തങ്ങളുടെ യഹൂദപൈതൃകത്തിൽനിന്നുള്ള സാഡിസ്റ്റുകളുടെ ഒരാചാരമായി അദ്ദേഹം സ്വവംശവിവാഹത്തെ ഉയർത്തിക്കാട്ടുന്നു. എന്നാൽ യഹൂദർ എൻഡോഗമി ആചരിച്ചിരുന്നതേയില്ല. റൂത്ത് യഹൂദയല്ലായിരുന്നു. അവൾ ഒരു മൊവാബൈറ്റ് ആയിരുന്നു. യഹൂദനായ ബോവസ് അവളെ വിവാഹം കഴിച്ചു. ദാവീദിന്റെ വല്യപ്പൻ ഒബെദ് അവരിൽനിന്ന് ജനിച്ചതാണ്. വിവാഹത്തിൽ അവർ തന്റെ മുമ്പിൽ നിന്നപ്പോൾ ദൈവം യഹൂദനെയും പുറംജാതിയെയും സമൃദ്ധമായി അനുഗ്രഹിച്ചു.

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ മായം ചേർത്ത് വിശ്വാസികളെ വഴിതെറ്റിക്കുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് കടിഞ്ഞാണിടാൻ നമ്മുടെ സഭയിൽ ആരുമില്ലായെന്നത് ദുഃഖപൂർണ്ണവും നിർഭാഗ്യകരവുമായ ഒരു അവസ്ഥയാണ്. പൊതു കൗൺസിലിന്റെ പവിത്രമായ പ്രഖ്യാപനങ്ങൾ പുറംലോകത്തിനു നൽകുമ്പോൾ വൈദികരുടെ ഭാഗത്ത് കൃതുകൃത്യതയും സത്യസന്ധതയും വിശ്വസ്തതയും അങ്ങേയറ്റം ഉറപ്പാക്കണം. മേജർ ആർച്ചുബിഷപ്പിന്റെ ചുമതല നിർവഹിക്കുന്ന സീറോ-മലബാർ സഭയ്ക്കുള്ള പൊന്തിഫിക്കൽ ഡെലിഗേറ്റ് അവസരത്തിനൊത്തുയരുമെന്ന് പ്രത്യാശിക്കുന്നു.

# 6

# സ്വവംശവിവാഹത്തെ ചൊല്ലി ഒരു കലഹം

## ജയിംസ് കോട്ടൂർ

*(ആഗസ്റ്റ് 3-ാം തീയതി ചിക്കാഗോയിലെ സെന്റ് തോമസ് കത്തീഡ്രൽ ഹാളിൽ നടന്ന ക്നാനായ സെമിനാറിൽ ജയിംസ് കോട്ടൂർ നടത്തിയ മുഖ്യപ്രഭാഷണത്തിന്റെ എഡിറ്റ് ചെയ്ത ഒരുപതിപ്പ് ചുവടെ ചേർക്കുന്നു - ഓർച്ചാർട്ട്)*

"കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ, പണിക്കാരുടെ അദ്ധ്വാനം വൃഥാവിലാകും. കർത്താവ് ഭവനം കാക്കുന്നില്ലെങ്കിൽ കാവല്ക്കാരുടെ കാവൽ നിഷ്ഫലവും". എന്റെ കഴിഞ്ഞ 78 വർഷക്കാലം ഞാൻ ഉറപ്പായി പഠിച്ച വലിയ പാഠമിതാണ്. ഇവിടെ സന്നിഹിതരായിരിക്കുന്ന നാമെല്ലാവരും യേശു നമ്മെ നയിക്കാനില്ലാതെ വന്നാൽ കടലിൽപോയ അപ്പസ്തോലന്മാരെപ്പോലെ നിഷ്ഫലമായി കഠിനാദ്ധ്വാനം ചെയ്യുകയാവും. സത്യം കണ്ടെത്തുമ്പോൾ അതിന്റെ മുമ്പിൽ കുമ്പിടാനും സാഷ്ടാംഗം പ്രണമിക്കാനും നമുക്കു വളരെയേറെ വിനയമാവശ്യമുണ്ട്. കേരളത്തിൽ കോട്ടയം രൂപതയിലെ ക്നാനായ സമുദായത്തിലെ അംഗങ്ങൾക്കിടയിൽ രക്തശുദ്ധത സംരക്ഷിക്കുന്ന 'സ്വവംശവിവാഹം' എന്ന ആചാരത്തിനുവേണ്ടിയുള്ള കടുത്തപോരാട്ടത്തിൽനിന്ന് ഒരു രക്ഷാ

മാർഗ്ഗം കണ്ടെത്താനാണ് നാമിവിടെ ആയിരിക്കുന്നത്. സമുദായത്തിനു വെളിയിൽനിന്നു വിവാഹിതരാകുന്ന സ്ത്രീയെയോ പുരുഷനെയോ പുറത്താക്കുക, വെളിയിൽനിന്നു ദത്തെടുക്കുന്ന ശിശുക്കൾക്കുപോലും കൂദാശകളും ഇടവകയിൽ അംഗത്വവും നിഷേധിക്കുക എന്നിവ ഈ ആചാരത്തിൽപ്പെടുന്നു. ഇന്നത്തെ ഇറാക്കിൽനിന്നും ഒരു വ്യാപാരിയായ ക്നായിതൊമ്മന്റെ നേതൃത്വത്തിൽ എ.ഡി. 345-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ 7 വർഗ്ഗങ്ങളിലെ 72 കുടുംബങ്ങളുടെ പിൻഗാമികളാണ് ഇവർ എന്നു കരുതപ്പെടുന്നു. ഇന്ന് ഈ വൈറസ് ചിക്കാഗോയിലെ സീറോ -മലബാർ രൂപതവഴി അമേരിക്കൻ ഐക്യനാടുകളിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു.

എനിക്കു അടിസ്ഥാനപരമായ രണ്ടു ലളിത സന്ദേശങ്ങൾ മാത്രമേ നിങ്ങളുമായി പങ്കുവയ്ക്കാനുള്ളൂ 1. യേശു നിങ്ങൾക്ക് ആരാണ്? ദൈവപുത്രൻ, മനുഷ്യപുത്രൻ, അല്ലെങ്കിൽ ഒരു റോൾ മോഡൽ? 2. സഭ നിങ്ങൾക്കെന്താണ്? മാർപ്പാപ്പ, മെത്രാന്മാരും പുരോഹിതരും, അൽമായർ; നിങ്ങളുടെ സീറോ-മലബാർ ഇടവക അല്ലെങ്കിൽ ക്നാനായ ഇടവക?

ഈ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം ഇപ്പോൾത്തന്നെ നൽകാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, സ്വവംശവിവാഹം ആചരിക്കുന്ന കാര്യവും, ശുദ്ധരക്തത്തിന്റെ സങ്കല്പിതവും വെളിച്ചം കടക്കാത്തതുമായ ആഭ്യന്തര ചുമരുകൾക്കുള്ളിൽ ജീവിക്കുന്ന, ചിന്തിക്കുന്ന ഏതു വ്യക്തിക്കും കത്തിക്കാളുന്ന സൂര്യനു മുമ്പിൽ മഞ്ഞുപർവ്വതം പോലെ ബാഷ്പീകരിക്കും. ജാതി സമ്പ്രദായത്തെക്കുറിച്ചുള്ള മനുവിന്റെ സംഹിത പ്രോത്സാഹിപ്പിക്കുന്നത് ശരിയാണോ എന്ന ചോദ്യംപോലെ ലളിതമാണ് ഈ പ്രശ്നം. അതിന് ഉത്തരം നൽകാൻ നമുക്കൊരു സോളമനെ ആവശ്യമില്ല.

## യുഗങ്ങളിലെ വിജ്ഞാനം

യുഗങ്ങളിലെ ജ്ഞാനം ഒന്നു ശ്രവിക്കുക: 1948-ലെ യു.എൻ. മനുഷ്യാവകാശ പ്രഖ്യാപനം: “സകല മനുഷ്യരും സ്വതന്ത്രരായി ജനിച്ചു, മാഹാത്മ്യത്തിലും അവകാശങ്ങളിലും സമന്മാരാണ്. അവർക്ക് യുക്തിയും മനസാക്ഷിയും നൽകപ്പെട്ടിരിക്കുന്നു. അവർ പരസ്പരം സാഹോദര്യത്തിന്റെ ചൈതന്യത്തിൽ വർത്തിക്കണം”. അതിന്റെ മുൻഗാമികളാണ് 1215-ലെ മാഗ്നാകാർട്ടാ 1687-ലെ ഇംഗ്ലീഷ് മനുഷ്യാവ

കാശബിൽ. 1787-ലെ മനുഷ്യന്റെയും പൗരന്റെയും അവകാശത്തെക്കുറിച്ചുള്ള ഫ്രഞ്ച് പ്രഖ്യാപനം തുടങ്ങിയവ. നാം നമ്മുടെ വേരുകളിലേക്ക് മടങ്ങുകയാണെങ്കിൽ അപ്പസ്തോലിക കാലഘട്ടത്തിലെ വിശുദ്ധ പൗലോസ് പറയുന്നത് നമുക്കു കേൾക്കാം: "യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്" (ഗലാത്തിയ 3:28).

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയുടെ അർത്ഥമെന്താണ്? 'ഞങ്ങളുടെ' എന്ന വാക്ക് കോട്ടയം രൂപതയിലെ സ്വവംശവിവാഹിതരെ മാത്രം ഉൾക്കൊള്ളുന്നതാണോ? ബാക്കിയെല്ലാവരേയും പുറന്തള്ളുമോ? പുരാതന ഭാരതീയ ചിന്തയിൽ ഇതേ ആശയം ഉൾച്ചേർന്നിരിക്കുന്നത് ശ്രദ്ധിക്കുക. *'വസുദൈവ കുടുംബകം'* ലോകമൊന്നാകെ ഒരു കുടുംബമാണ്. ഭാരതീയ ആത്മാവ് കേഴുന്നത് ശ്രവിക്കുക. "ലോകാ സമസ്താ സുഖിനോ ഭവന്തു" സമസ്ത ലോകത്തിനും സുഖം ഭവിക്കട്ടെ, ശ്രീ നാരായണഗുരു എപ്രകാരം സാർവ്വത്രിക ദർശനം ഉറപ്പിക്കുന്നത് എന്ന് ചിന്തിക്കുക: "ഒരു ദൈവം, ഒരു മതം, ഒരു ജാതി, മനുഷ്യജാതി".

## ഒരു മനുഷ്യാവകാശപ്രശ്നം

ഇവയെല്ലാം ദിവംഗതനായ കർദിനാൾ വർക്കി വിതയത്തിൽ തിരുമേനിയെ ഭാരപ്പെടുത്തിയിട്ടുണ്ടാവണം. അദ്ദേഹം പറഞ്ഞു: "ഇത് ഒരു മനുഷ്യാവകാശ പ്രശ്നമാണ്" സ്വവംശവിവാഹത്തിനനുകൂലമായി ഒന്നും പറയാനില്ലായെന്ന് വിവക്ഷ. എന്നാൽ തുടർന്ന് കർദിനാൾ ജോർജ് ആലഞ്ചേരി പറയുന്നു: സ്വവംശവിവാഹം സീറോ മലബാർ സഭയുടെ അവിഭാജ്യഘടകമാണ്. ക്നാനായ മീഡിയ (വാരിക)യിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതുപോലെ ക്നാനായക്കാരുടെ ഇടയിലെ അതിന്റെ പരിപോഷണം സീറോ മലബാർ മിഷന്റെ പ്രധാന ഭാഗമാണ്. വോട്ട് ബാങ്ക് രാഷ്ട്രീയത്തിനുവേണ്ടി രാഷ്ട്രീയക്കാർ ജാതി അടിസ്ഥാനമായ റാലികൾ നടത്തുന്നതും അവയുടെമേൽ അലഹബാദ് ഹൈക്കോടതി കർശന നിലപാട് കൈക്കൊള്ളുന്നതും പോലെയാണ്. സീറോ മലബാർ സഭാനേതൃത്വം അവരെ അനുകരിച്ച് സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾക്കുവേണ്ടി വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കുകയാണോ?

വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ആത്മീയവും മതാത്മകവുമായ മൂല്യങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. എന്നാൽ സംഘടിതവും തീവ്രവുമായി വിശ്വാസം അടിച്ചേൽപ്പിക്കുന്ന രീതി ആധുനിക ലോകത്തിൽ സമാധാനത്തിനും പാരസ്പര്യത്തിനും വലിയ ഭീഷണിയാണെന്നത് ആകുലപ്പെടുത്തുന്ന സത്യമാണ്. സ്വന്തം രാജ്യത്തിൽ ഒരു മാതൃകാ പൗരനായിരിക്കേണ്ടതും സത്യസന്ധനും വിശ്വാസിയെങ്കിൽ, ആത്മീയനുമായ ഒരു വ്യക്തിയായിരിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

ഒരു നല്ല പൗരനായിരിക്കുകയെന്നത് ഏതെങ്കിലും സംഘടിത രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായിരിക്കുന്നതല്ല. എനിക്ക് ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗത്വമില്ല. കാരണം, ഞാൻ എല്ലാ പാർട്ടികളേയും കാണുന്നത് പാവങ്ങളെ ശുശ്രൂഷിക്കാനെന്ന പേരിൽ ജനങ്ങളുടെയും രാഷ്ട്രത്തിന്റെയും പൊതുമുതൽ കവർച്ച ചെയ്യുന്നവരായിട്ടാണ്. ഞാൻ എപ്പോഴും നല്ല സ്ഥാനാർത്ഥികൾക്ക് - കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, ബി.ജെ.പി. - വോട്ട് നൽകിയിട്ടുണ്ട്; ഒരിക്കലും പാർട്ടികൾക്കല്ല. കാരണം ഏറ്റവും പഴക്കമുള്ളതും വലുതുമായ ജനാധിപത്യരാജ്യങ്ങൾ കപടനാട്യക്കാരാൽ കപടനാട്യക്കാർക്കുവേണ്ടി ഭരിക്കുന്ന കപടനാട്യക്കാരുടെ സർക്കാറുകൾ ആയിത്തീർന്നിരിക്കുന്നു.

## പബ്ളിസിറ്റിയും പരസ്യവും

അപ്പോൾ, സത്യവും സംഘടിതവുമായ മതങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണ്? പബ്ളിസിറ്റിയും പരസ്യപ്പെടുത്തലും തമ്മിലുള്ള വ്യത്യാസമാണത്. വളരെയെളുപ്പത്തിൽ ഗ്രഹിക്കാവുന്ന ഒരുദാഹരണം യേശു ഈ വാക്കുകളിൽ നൽകുന്നു: "വിളക്ക് കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിൻ മേലാണു വയ്ക്കുക, അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" (മത്തായി 5:15-16). അമേരിക്കൻ ഐക്യനാടുകളെക്കുറിച്ചും സദൃശ്യമായ ചിലത് പറയുന്നു; സ്വതന്ത്രരുടെ നാട്, ധൈര്യശാലികളുടെ ഭവനം, പ്രചോദനമേകാനും നയിക്കാനുംവേണ്ടി മലമുകളിൽ ഇരിക്കുന്ന നഗരം. പ്രകാശിതമായ വിളക്ക് ഒരു വാക്ക് ഉരിയാടാതെ ഇരുട്ടിനെയാകമാനം നീക്കുന്നു. വിശുദ്ധ ഫ്രാൻസിസ്

അസ്സീസിയുടെ വാക്കുകൾ പോലെയാണത്. "ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുക. ആവശ്യമുള്ളപ്പോൾ മാത്രം വായ് തുറക്കുക". നന്മ പുളിപ്പുപോലെ നിഗൂഢവും, സാംക്രമികവും വ്യാപിക്കുന്നതുമാണ്.

പരസ്യം ചെയ്യുന്നതിന്റെ ഭാവം തന്നെ സമാനതകളില്ലാത്തവണ്ണം ഊതിപ്പെരുപ്പിച്ചു കാട്ടുകയെന്നതാണ്. പേരുകേട്ട ദൈവശാസ്ത്രജ്ഞനും പ്രശസ്തനായ പത്രപ്രവർത്തകനും എന്ന് എന്നെക്കുറിച്ച് നോട്ടീസിൽ പരാമർശിച്ചപ്പോൾ ഞാനും ഇത്തരം പരസ്യപ്പെടുത്തലിന് ഒരു ഉദാഹരണമായി. ഞാൻ ഇവിടെ ആയിരിക്കുന്നത് കെവുറീൻകാരൻ ശിമയോന്റെ – ആ വഴിയെ കടന്നുപോയ ഒരുവൻ – റോളിൽ മാത്രം എന്നതാണ് സത്യം. ഇവിടെ ചിക്കാഗോയിൽ എന്റെ സുഹൃത്തുക്കൾ സ്വവംശവിവാഹാചാരം എന്ന ഭാരമേറിയ, അപഹാസ്യമായ കുരിശ് ഏറെക്കാലമായി ചുമക്കുന്നു; വീഴുന്നു, വീണ്ടും വീഴുന്നു. ഞാൻ ഈ വഴിയെ കടന്നുപോകുന്നതവർ കണ്ടു. അല്പനേരം ഇതു ചുമന്നു സഹായിക്കാൻ അവർ യാചിച്ചു; ഞാൻ അല്പം സഹായിക്കുന്നുവെന്നു മാത്രം.

അന്താരാഷ്ട്ര വിപണനത്തിന്റെ ലോകത്തിലെ കഴുത്തറപ്പൻ മാത്സര്യത്തിന്റെ നമ്മുടെ ഈ കാലഘട്ടത്തിൽ സകല ചരക്കുകളും സേവനങ്ങളും വിറ്റഴിക്കുന്നതിനായി സമാനമായ പെരുപ്പിച്ചുകാട്ടലുകളെ ആശ്രയിക്കുന്നു. അങ്ങനെ നാം കേൾക്കുന്നു: ''ഏറ്റവും നല്ല ടൂത്ത്പേസ്റ്റ്", "ലോകത്തിലെ ഏറ്റവും സ്വാദിഷ്ഠമായ ഭക്ഷണം", ''കഷണ്ടിക്ക് ഏകപരിഹാരം'' (പരസ്യത്തിൽ കാണുക കഷണ്ടിതലയനെ ആണ്). ''രക്ഷയുടെ ഏകമാർഗ്ഗം'' – കത്തോലിക്കാസഭ, തുടങ്ങിയവ. സഭയ്ക്കുള്ളിൽനിന്നും സഭയ്ക്കു പുറത്തുനിന്നുമുള്ള ഹാനികരമായ വിമർശനങ്ങളുടെ കടന്നാക്രമണത്തിൽ സഭ വളരെയധികം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് തീർച്ച. യേശു ഇത്തരം കുടില പരസ്യപ്പെടുത്തൽ തന്ത്രങ്ങളെ ഒരിക്കലും ആശ്രയിച്ചില്ലായെന്നതാണ് രത്നചുരുക്കം.

## ശ്രേഷ്ഠഗുണങ്ങളുള്ള മാനവികത വെളിവാക്കുക

ഒരു പുതിയ മതം പരസ്യപ്പെടുത്തുകയല്ലാതെ യേശു എന്താണ് ചെയ്തുകൊണ്ടിരുന്നത്? മറ്റുള്ളവർ അനുകരിക്കുന്നതിനായി അവിടുന്ന് മനുഷ്യോചിത ഗുണങ്ങളുള്ള ഒരു മാനവികതയ്ക്ക് അനുകരണത്തിന്റെ

മാതൃകയായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. അതിനായി സുവിശേഷങ്ങളിൽ തന്നെത്തന്നെ 85 തവണ 'മനുഷ്യപുത്രനായി' അവതരിപ്പിച്ചു. 'ദൈവപുത്രനായി' 38 തവണ മാത്രം. സന്ദേശം നിർവചിക്കത്തക്കവണ്ണം വ്യക്തമാണ്. സകല ദേശത്തിനും, സകല ജനതകൾക്കും സർവകാലത്തിനും സകല രാഷ്ട്രങ്ങൾക്കും സകല സംസ്കാരത്തിനും സകല കാലാവസ്ഥയ്ക്കും അനുയോജ്യനായ ആദർശപുരുഷനായി സ്വയം അവതരിപ്പിച്ചു; നമ്മുടെ ആധുനിക ആഗോളഗ്രാമത്തിലെ മാതൃകാലോകപൗരൻ!

ഈ അവകാശം ആരും ഇതുവരെ ഉന്നയിച്ചിട്ടില്ല. ഗാന്ധിജി തന്നെ പറഞ്ഞില്ലേ? "ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു; ക്രിസ്ത്യാനികളെ ഇല്ല". പ്രൊട്ടസ്റ്റുകാരനായിരുന്ന ജി. കെ. ചെസ്റ്റർട്ടൺ കത്തോലിക്കനായി, "അനശ്വരനായ മനുഷ്യൻ" എന്ന ഗ്രന്ഥം എഴുതി; ആർച്ചുബിഷപ് ഫുൾട്ടൻ ജെ. ഷീൻ "നിത്യനായ ഗലീലിയൻ" എന്ന പുസ്തകം എഴുതി. "അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ മുഖം" എന്നാണ് ക്രിസ്തുവിനെ സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്.

യേശുവിനെക്കുറിച്ചുള്ള ഏറ്റവും ഉന്നതും ഹ്രസ്വവുമായ വിവരണമിതാണ്. "അവൻ നന്മ ചെയ്ത് നാടുനീളെ സഞ്ചരിച്ചു: അവനിൽ കുറ്റമാരോപിക്കാൻ ആർക്കും കഴിഞ്ഞില്ല". അവിടുത്തെ മരണത്തിനുശേഷം ഏറെക്കാലം കഴിഞ്ഞാണ് അവിടുത്തെ ശിഷ്യർ അന്ത്യോക്യയിൽ വച്ച് ക്രിസ്ത്യാനികൾ എന്നുവിളിക്കപ്പെട്ടത്. അപ്പോഴേക്കും വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ ക്രിസ്തുമതം എത്തിച്ചിട്ടുണ്ടാവും. അവന്റെ അനുയായികൾ ക്രിസ്ത്യാനികൾ എന്നല്ല, 'മാർഗ്ഗം കൂടിയവർ' (യേശുവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നവർ) എന്നാണ് വിളിക്കപ്പെട്ടിരുന്നത്. അതാണ് ശരിയായ വിവരണം എന്നു ഞാൻ കരുതുന്നു. അവരിലൊരാളാകാൻ മാത്രമാണ് ഞാനാഗ്രഹിക്കുക. ക്രിസ്തു യഥാർത്ഥത്തിൽ എന്താണു ചെയ്തത്? നമ്മൾ എഴുത്തുകാരെപ്പോലെയല്ല, അവിടുന്ന് ഒന്നും എഴുതിയില്ല; എന്നാൽ പ്രഘോഷിച്ചു. അതുപോലെ യേശുവിന്റെ ഇന്നത്തെ അനുയായികളെപ്പോലെ പള്ളിയോ ദേവാലയമോ പണിതില്ല, ഒരാൾക്കും പുരോഹിതപട്ടം നൽകിയില്ല; പുരോഹിതനെന്ന് അവകാശപ്പെട്ടില്ല. ബലിയർപ്പിക്കാനോ പ്രാർത്ഥിക്കാനോ ഒരു ദേവാലയത്തിലും പോയില്ല.

## യേശു - സജീവ ദേവാലയങ്ങളുടെ ശില്പി

കല്ലും കുമ്മായവും കൊണ്ട് നിർമ്മിച്ച ദേവാലയങ്ങൾ യേശുവിന് താത്പര്യമില്ലായിരുന്നുവെങ്കിലും അവിടുത്തെ അനുയായികൾക്ക് ഉത്തുംഗങ്ങളായ കോൺക്രീറ്റ് സൗധങ്ങൾ ഏറെ ആകർഷകമായിരുന്നു. ശിഷ്യർക്ക് ജറുസലെം ദേവാലയം വിസ്മയകരമായ സൗധമായിരുന്നു. അതുകൊണ്ട് അവർ അതു ചൂണ്ടിക്കാട്ടി പറഞ്ഞു: "ഗുരോ നോക്കൂ, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ!" (മർ. 13:1). അവിടുത്തെ മറുപടി ഇങ്ങനെയായിരുന്നു: "ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും" (13:2). റോമൻ ആക്രമണത്തിൽ അത് എങ്ങനെ നിലംപരിശാക്കപ്പെട്ടു എന്നും തദൃശ്യമായി കല്ലും കുമ്മായവും കൊണ്ട് മനുഷ്യനിർമ്മിതമായ ദേവാലയങ്ങൾ നശിപ്പിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തുവെന്നും നമുക്കറിയാം. നമ്മുടെ സീറോ മലബാർ കത്തീഡ്രലിനും ഇതുതന്നെ സംഭവിക്കാതിരിക്കട്ടെയെന്ന് നമുക്കു പ്രത്യാശിക്കാം.

അവിടുന്ന് ഏതെങ്കിലുമൊരു ദേവാലയത്തിൽ യാതൊരു ബലിയും അർപ്പിച്ചിട്ടില്ല. എന്നാൽ ബലിയെക്കുറിച്ച് വളരെ ചിന്തോദ്ദീപകവും യുക്തവുമായ ചില കാര്യങ്ങൾ യേശുവിന് നമ്മോടു പറയാനുണ്ടായിരുന്നു. ബലിയർപ്പിക്കുന്നതിനുമുമ്പ് , നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്നു തോന്നിയാൽ ബലിവസ്തു അവിടെ വച്ചിട്ട് സഹോദരനുമായി രമ്യതപ്പെട്ട് ബലിയർപ്പിക്കാൻ അവൻ നമ്മോട് പറഞ്ഞു. കരുണ, അനുരഞ്ജനം എന്നിവയോട് താരതമ്യപ്പെടുത്തുമ്പോൾ അവന് ബലി അത്ര പ്രാധാന്യമുള്ള കാര്യമായിരുന്നില്ലായെന്ന് ഇത് വ്യക്തമാക്കുന്നു. പ്രാർത്ഥിക്കാൻപോലും യേശു ദേവാലയത്തിൽ പോയിരുന്നില്ലായെന്ന് തോന്നുന്നു. എന്റെ ദൈവമേ, അതിനെക്കുറിച്ച് നിനക്ക് എന്തു ചിന്തിക്കാനാവും? ദേവാലയങ്ങൾ പ്രാർത്ഥിക്കാനും ബലിയർപ്പിക്കാനും വേണ്ടിയല്ലായെങ്കിൽ മറ്റെന്തിനുവേണ്ടിയാണ്? എന്നാൽ യേശു നിശബ്ദതയിൽ പ്രാർത്ഥിക്കുവാൻ മലമുകളിലേക്ക് പോയി. നിശബ്ദതയിൽ പ്രാർത്ഥിക്കാനും, ദൈവം ബധിരനാണെന്ന മട്ടിൽ വിജാതീയരെപ്പോലെ അലറാതിരിക്കാനും അവിടുന്ന് നമ്മോട് പറഞ്ഞു. ദൈവത്തിന്റെ ആലയത്തെ കവർച്ചക്കാരുടെ ഗുഹയാക്കിയ കച്ചവടക്കാരെ പുറത്തിറക്കാൻ അവിടുന്ന് ദേവാലയത്തിൽപ്പോയി.

വിശുദ്ധ ലിഖിതങ്ങളനുസരിച്ച്, പുതിയ ഒരു മതം സ്ഥാപിക്കുകയായിരുന്നില്ല, അവിടുത്തെ ദൗത്യം. പിന്നെയോ, 1. ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളെ നേരായ പാതയിലേക്ക് മടക്കിക്കൊണ്ടുവരിക 2. ധൂർത്തപുത്രന്മാരെ പിതൃഭവനത്തിലേക്ക് തിരികെ കൊണ്ടുവരിക. അതിന് അവിടുന്ന് പറഞ്ഞില്ലേ? "ഞാനാണ് വാതിൽ" 3. നഷ്ടപ്പെട്ടവയെ മനുഷ്യോചിതമായ മാനവികതകൊണ്ട് പുനഃസൃഷ്ടിക്കുക. അതിനായി "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയിൽ, "സ്വർഗ്ഗത്തിലെപ്പോലെ ഇവിടെ ഭൂമിയിലും" ദൈവരാജ്യം പടുത്തുയർത്തുവാൻ അവിടുന്ന് നമ്മെ ആഹ്വാനം ചെയ്തില്ലേ?

ചുരുക്കത്തിൽ, യേശുവിനെക്കുറിച്ച് സവിശേഷമായത് ഇതായിരുന്നു; കാലിത്തൊഴുത്തിൽ ജനിച്ച നിമിഷം മുതൽ കാൽവരിയിലെ അന്ത്യം വരെ അവിടുന്ന് ഇടപഴകിയത് താണ ജാതിക്കാർ, ഭ്രഷ്ടരാക്കപ്പെട്ടവർ, തൊട്ടുകൂടാത്തവർ, തെരുവിൽ കഴിഞ്ഞവർ, സമൂഹത്തിൽ കളങ്കിതരായവർ, മദ്യപാനികൾ, വേശ്യകൾ തുടങ്ങിയ അശുദ്ധവും മലീമസവും ദുഷിച്ചതുമായ രക്തമുള്ളവരോടാണ്; രാജരക്തമോ, കുലീനരക്തമോ, നീലരക്തമോ, വിശുദ്ധരക്തമോ, മലിനമാകാത്ത സ്വവംശവിവാഹിതരുടെ രക്തമോ ഉള്ള ആൾക്കാരോടായിരുന്നില്ല. ആദ്യ ക്രിസ്തുമസിന് അവന് സത്രത്തിൽ ഇടം കിട്ടാതിരുന്നത്, ഞാൻ സംശയിക്കുന്നത്, സത്രങ്ങളെല്ലാം ശുദ്ധരക്തവും, നീലരക്തവും, രാജകീയരക്തവുമുള്ള ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നതിനാലാവാം. സന്ദേശമിതാണ്: "നിനക്ക് യേശുവിനോടൊത്ത് അത്താഴം കഴിക്കാനും ബ്രാഹ്മണവംശജരോടൊത്ത് ഉറങ്ങാനുമാവില്ല".

## സഭാപൗരത്വം ഉത്ഥാനം ചെയ്യുക

ഞാൻ പങ്കുവയ്ക്കാനാഗ്രഹിക്കുന്നത് സഭയെക്കുറിച്ച് യഥാർത്ഥവും ആദിയിൽ ഉണ്ടായിരുന്നതുമായ ആശയമാണ്. ഐക്യവും, സാർവ്വത്രികതയും, സമത്വവും സാഹോദര്യവും ഉള്ള, ഹയരാർക്കി സംബന്ധമായ ഏറ്റക്കുറച്ചിൽ മൂലമുള്ള വൈദിക അല്മായ വിഭാഗീയത ഇല്ലാത്ത, ഒരു കൂട്ടായ്മയാണ് സഭ. ഏറ്റവും മുകളിൽ മഹാപുരോഹിതൻ എന്ന നിലയോടുകൂടിയതും തനിക്കു സ്വന്തവുമായ യഹൂദമതഘടന തകിടം മറിച്ചുകൊണ്ടാണ് അവിടുന്ന് പത്രോസിന്റെ പാദം കഴുകുകയും പരിപൂർണ്ണസമത്വത്തിന്റേതായ ഒരു ഗാർഹികസഭയ്ക്ക് അടിത്തറയിടുകയും

ചെയ്തത്; അവിടുന്ന് അതിലേറെ ചെയ്തു. ഏറ്റവും ഉന്നതസ്ഥാനീയരെ ഏറ്റവും താഴ്ന്ന സ്ഥാനം ഏറ്റെടുക്കുന്നതിന് മറ്റുള്ളവരുമായി മത്സരിക്കാൻ ക്ഷണിക്കുകയും ചെയ്തു.

ആദ്യത്തെ ക്രിസ്തീയ സഭയ്ക്ക് സകലതും പൊതുവായിരുന്നതിനാൽ ഒന്നിന്റെയും കുറവോ ആവശ്യമോ ഇല്ലായിരുന്നു. "അവർ എത്ര മാത്രം പരസ്പരം സ്നേഹിക്കുന്നു" വെന്നു പറയുവാൻ പുറത്തുള്ളവർ നിർബന്ധിതരായി. "ഓരോരുത്തർക്കും അവനവന്റെ ആവശ്യമനുസരിച്ച്, ഓരോരുത്തരിലുംനിന്ന് അവന്റെ കഴിവനുസരിച്ച്" എന്ന തത്വം നടപ്പിലാക്കിയിരുന്നതുകൊണ്ട് ആദ്യത്തെ കമ്മ്യൂണിസ്റ്റ് സമൂഹം മുളപൊട്ടാനും വളരാനും സഹായമായി. ഫുൾട്ടൻ ജെ. ഷീൻ അതിനെ ഇങ്ങനെ വിശദീകരിച്ചു: "ക്രിസ്ത്യൻ കമ്മ്യൂണിസ്റ്റുകാർ പറയുന്നു; "എന്റേതെല്ലാം നിന്റേതാണ്" ഇതായിരുന്നു ഗാർഹികസഭയുടെ ഐശ്വര്യദിനങ്ങൾ. എ.ഡി. 100 മുതൽ 300 വരെയുള്ള മതപീഡനങ്ങളിൽ അത് റോമിലെ ക്യാറ്റക്കോമ്പുകളിലേക്ക് പോയി. അക്കാലത്തെല്ലാം കുടുംബനാഥൻ, സ്ത്രീയോ പുരുഷനോ എന്ന വ്യത്യാസമില്ലാതെ കുടുംബങ്ങളിൽ പ്രാർത്ഥനാമീറ്റിംഗുകളുടെയും വിരുന്നുകൂട്ടായ്മകളുടെയും അദ്ധ്യക്ഷസ്ഥാനത്തിരുന്നു. കാരണം അന്ന് പുരോഹിത വർഗ്ഗമില്ലായിരുന്നു.

എ.ഡി. 312 –ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തോടെ രാജകീയ ഇംപീരിയൽ സഭ ആഗതമായി. ബലം പ്രയോഗിച്ച് മറ്റുള്ളവരെ അനുസരിപ്പിക്കുന്ന, കൊട്ടാരത്തിന്റെയും രാജത്വ സംസ്കാരത്തിന്റെയും ആധിപത്യം ജോൺ 23–ാമൻ മാർപ്പാപ്പയുടെ കാലംവരെ തുടർന്നു. സംഘടിതവും തുല്യഭരണാവകാശവും തുല്യഉത്തരവാദിത്വവുമുള്ള ഒരു സഭാസംവിധാനത്തിന്റെ ഉദയത്തിന് അദ്ദേഹം താത്വികമായി നേതൃത്വം നൽകി. തുടർന്നുവന്ന മാർപ്പാപ്പമാരുടെ നിരന്തരമായ ചെറുത്തുനിൽപ്പുമൂലം പ്രാവർത്തികമായില്ല. ഇന്ന് ഫ്രാൻസീസ് മാർപ്പാപ്പ മാറ്റത്തിനു തുടക്കമിട്ടിരിക്കുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തിയോടുകൂടി വികസിതമായ ഹയരാർക്കിക്കൽ ഘടന, "പരിശുദ്ധപിതാവ് സഭയും" നല്ല പാപ്പയായ ജോൺ 23–ാമനോടൊപ്പം അവസാനിച്ച വിവിധ ഗ്രേഡോടുകൂടിയ പുരോഹിതസഭയും കുഴിച്ചു മൂടപ്പെടണം.

ഉത്ഥാനം ചെയ്യേണ്ടത് ദൈവജനത്തിന്റെ കൂട്ടായ്മയാണ്. മുഖ്യപങ്കാളികൾ അല്മായർ ആണ്. അവർ സഭയുടെ മുന്നണിയിൽ മാത്രമല്ല, രണ്ടാം വത്തിക്കാൻ കൗൺസിൽപ്രകാരം അവരാണ് സഭ. അത് ഇനിയും പ്രവൃത്തിപഥത്തിലാക്കേണ്ടിയിരിക്കുന്നു. തീരുമാനങ്ങൾ എടുക്കുന്നതിലോ നേതൃത്വറോളിലോ അല്മായർ ഒരിടത്തുമില്ല, സഭയുടെ ആത്മീയമോ, ധാർമ്മികമോ, സാമൂഹികമോ, ഭരണപരമോ ആയ മേഖലകളിൽ ഒരിടത്തുമില്ല. "കരമസോവ് സഹോദരന്മാർ" എന്ന നോവലിൽ മതദ്രോഹവിചാരണ സഭയിലെ അംഗവും യേശുവും തമ്മിൽ ജയിലിൽവച്ച് ഒരു സംഭാഷണമുണ്ട്. ശിരസ്സറ്റ കോഴിയെപ്പോലെ സഭയിൽ കിടന്നുപിടയുന്ന അല്മായനെ വിവരിക്കുന്നു. യേശു സ്പെയിനിലെ സെവില്ലയിലുള്ള പള്ളിയിൽ തന്റെ അജഗണത്തെ സന്ദർശിക്കാനെത്തുന്നു. സുവിശേഷങ്ങളിൽ വിവരിക്കുന്നതിനു സദൃശ്യമായ ചില അത്ഭുതങ്ങൾ യേശു അവിടെ പ്രവർത്തിക്കുന്നു. ജനം യേശുവിനുവേണ്ടിയും ക്രൂരനായ ഇൻക്വിസിറ്റർ കർദ്ദിനാളിനെതിരെയും മുറവിളി കൂട്ടുന്നു. തന്റെ സിംഹാസനം അപകടത്തിലാകുമെന്നു മണത്തറിഞ്ഞ കർദ്ദിനാൾ, യേശുവിനെ തടവിലാക്കുന്നു; അടുത്തനാൾ ജീവനോടെ ദഹിപ്പിക്കാൻവേണ്ടി. ഗുരുതരമായ പ്രത്യാഘാതങ്ങൾ ഭയന്ന് അയാൾ രാത്രിയിൽ ജയിലിൽ യേശുവിനെ സന്ദർശിച്ച് സ്വർഗ്ഗത്തിലേക്ക് മടങ്ങാൻ നിർബന്ധിക്കുന്നു. മരുഭൂമിയിൽ വച്ചുണ്ടായ സാത്താന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങാതിരുന്നതാണ് യേശുവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ മണ്ടത്തരമെന്ന് അയാൾ യേശുവിനോട് പറയുന്നു: ചെകുത്താനുപോലും അവകാശപ്പെട്ടത് നൽകണം!

യേശു ഈ ഉപദേശം ചെവിക്കൊള്ളുന്നില്ലായെന്നു മാത്രമല്ല, ഇത്തരം പ്രലോഭനങ്ങളെ നേരിടുവാൻ സാത്താന്റെ കല്പനകൾ നിരാകരിക്കണമെന്ന് തന്റെ അനുയായികളെ പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിന് കടകവിരുദ്ധമായി, ഇൻക്വിസിറ്റർ തന്റെ കീഴിലുള്ള ക്രിസ്ത്യാനികളെ സ്വതന്ത്രമായി പ്രവർത്തിക്കാനനുവദിക്കാതെ, തന്റെ നിയന്ത്രണത്തിലാക്കുന്നു. അവർക്കുവേണ്ടിയുള്ള സകല ധാർമ്മിക തീരുമാനങ്ങളുമെടുക്കുന്നത് ഇൻക്വിസിറ്ററും അയാളുടെ സ്തുതിപാഠകരുമാണ്. "പ്രാർത്ഥിക്കുക, പണം നൽകുക, അനുസരിക്കുക" തുടങ്ങിയ മന്ത്രങ്ങൾ അടിച്ചേൽപ്പിച്ച് വിശ്വാസികളെ അടിമകളെന്നവണ്ണം ചൂഷണം ചെയ്യുന്നു. ഫലമോ ഇൻക്വിസിറ്ററുടെ സഭയിലെ എല്ലാക്കാര്യങ്ങളും അനായസേ

നയും ചിട്ടയായും അന്തസ്സായും നീങ്ങുന്നു. അതുകൊണ്ട് തന്റെ രാജകീയഭരണനിർവ്വഹണത്തിൻ കീഴിലുള്ള സഭയിലെ സമഗ്രമായ ക്രമത്തെയും അച്ചടക്കത്തേയും ഭജ്ഞിക്കരുതെന്ന് അയാൾ യേശുവിനോട് പറയുന്നു. സഭയക്ക് ഇനിമേലിൽ യേശുവിനെ ആവശ്യമില്ല. ജീവനോടെ അഗ്നിക്കിരയാക്കുന്നതിൽനിന്ന് രക്ഷപ്പെടുന്നതിന് യേശുവിനോട് സ്വർഗ്ഗത്തിലേക്ക് വന്നതുപോലെ മടങ്ങിപ്പോകാൻ അയാൾ ഉപദേശിക്കുന്നു. യേശു മടങ്ങുന്നു. തത്വമിതാണ്; ഒരു മനുഷ്യന്റെ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താനാവുന്നവന്, അവനിൽനിന്ന് സകല സ്വാതന്ത്ര്യവും പിടിച്ചെടുക്കാനാവും.

കഥയുടെ ഗുണപാഠമിതാണ്. സഭയിലെ ധാർമ്മികവും നേതൃത്വപരവുമായ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ അത്മായർ സജ്ജരല്ല, അല്ലെങ്കിൽ അവർക്ക് അനുമതിയില്ല. പുരോഹിതവർഗ്ഗം അവർക്കു മൂക്കു കയറിട്ട് നിയന്ത്രിക്കുന്നു. അതുകൊണ്ട് അത്മായർ പുരോഹിതവർഗ്ഗത്തിന് പ്രീതികരമായതുമാത്രം ചെയ്യുന്നു. അല്മായർ പുരോഹിതവർഗ്ഗത്തിന്റെ കുപ്പായച്ചരടിൽ തൂങ്ങിക്കിടക്കുന്ന ബലഹീനൻ എന്ന അവസ്ഥയ്ക്ക് അന്ത്യംകുറിച്ച് മുകൾ മുതൽ താഴെവരെയുള്ള തങ്ങളുടെ നേതാക്കന്മാരെ യോഗ്യതയുടെയും സിദ്ധിയുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന പൂർണ്ണവളർച്ചയെത്തിയ പൗരന്മാരായിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഫ്രാൻസീസ് മാർപ്പാപ്പ പറഞ്ഞില്ലേ? “സഭയിൽ ഒരാൾ ഒരു വിശുദ്ധനാണ് എങ്കിൽ അയാൾ ബാക്കിയുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കട്ടെ; ഒരുവൻ വിദ്യാസമ്പന്നനെങ്കിൽ, മറ്റുള്ളവരെ പഠിപ്പിക്കട്ടെ. ഒരുവൻ വിവേകമതിയെങ്കിൽ അവൻ ഭരിക്കട്ടെ!” കോട്ടയം രൂപതയിലും മറ്റെവിടെയെങ്കിലും ഉയർത്തുന്ന സ്വവംശവിവാഹാചാരത്തിനുവേണ്ടിയുള്ള മുറവിളിയുടെ കാരണം എന്റെ ചിന്തയിൽ, യേശുവിന്റെ അനുയായിയും അവിടുത്തെ സഭയിലെ അംഗവും എന്നതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഇടറുന്ന ദൈവാശ്രയപരമായ അജ്ഞതയാണ്. അവിടുത്തെ സഭ, വിളിക്കുന്ന പേര് ഏതുമാകട്ടെ, ക്രിസ്ത്യൻ ആചാരവും, മനുഷ്യാവകാശവും നാടിന്റെ നിയമങ്ങളും വിശ്വസ്തതയോടെ പാലിക്കുന്ന ഒരു കൂട്ടായ്മയാവണം.

യേശു സദാ നിലകൊണ്ടത് സമൂഹത്തിലെ ഏറ്റവും താഴ്ന്നവർക്കുവേണ്ടി, ഏറ്റം ഒടുവിലത്തവനുവേണ്ടി, ഏറ്റവും ചെറിയവനുവേണ്ടി നഷ്ടപ്പെട്ടവനുവേണ്ടി ആയിരുന്നു. ദരിദ്രർക്കുവേണ്ടിയുള്ള ഒരു ദരിദ്ര

സഭയ്ക്കുവേണ്ടി ഇന്നത്തെ മാർപ്പാപ്പ കഴിയുന്നു. ക്നാനായ സമുദായത്തിലെ സ്വവംശവിവാഹാചാരം ഒരു ചായക്കപ്പിലെ കൊടുങ്കാറ്റുമാത്രമാണ്; സാർവ്വത്രികസഭയിലെ ഒരു കരടും. ഈ മനുഷ്യാവകാശപ്രശ്നത്തിൽ സഭയ്ക്ക് വിട്ടുവീഴ്ച ചെയ്യാനാവില്ല, ചെയ്യരുത്. റിപ്പോർട്ടുകൾ പ്രകാരം, ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, തന്റെ അന്ത്യകാലയളവിൽ ഈ പ്രശ്നം എന്നന്നേക്കുമായി തീർപ്പാക്കുന്നതിനായി പഠനം നടത്തുവാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ക്രിസ്തീയപ്രബോധനങ്ങൾ നടപ്പിലാക്കാൻ വിസമ്മതിച്ചാൽ കോട്ടയം രൂപതയെ അമർച്ച ചെയ്യാൻ കമ്മീഷൻ ശുപാർശ ചെയ്തതായി റിപ്പോർട്ടുണ്ട്. മാർപ്പാപ്പ ആസന്നമരണനായിരുന്നതിനാൽ ശുപാർശ നടപ്പിലാക്കാനായില്ല. മനുഷ്യോചിതമായി മനുഷ്യരാകുന്നതിനും സർവ്വതിനെയും സമാശ്ലേഷിക്കുന്നവരും ആയി യേശുവിന്റെ മാതൃക പിൻചെല്ലുന്നതിലേക്ക് ക്നാനായ സമൂഹം എല്ലായിടത്തും രൂപാന്തരപ്പെടുന്നത് സമൂഹത്തിന്റെ ഉന്നതിക്ക് യോജ്യമാണ്. അല്ലെങ്കിൽ പ്രതിവർഷം 500-ലധികം പേർ വിട്ടുപോകുന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു മുങ്ങുന്ന കപ്പലിന്റെ അന്ത്യമാകും അത് നേരിടുക.

# 7

# സ്വവംശവിവാഹം സൂക്ഷ്മാവലോകനം

മാത്യു ഇടിക്കുള

ലോകം വൈവിധ്യത്തിന്റെ വിസ്മയനീയമായ ആവിഷ്കാരമാണ്. ഈ വൈവിധ്യബോധത്തിനുള്ളിൽ, അതിലൂടെ നമ്മെത്തന്നെ തിരിച്ചറിഞ്ഞുകൊണ്ട് നാം ജീവിക്കുന്നു. നാം ഹിന്ദുക്കളാണ്, ക്രിസ്ത്യാനികളാണ്, മുസ്ലിമുകളാണ്, ഭാരതീയരാണ്, ഇറ്റലിക്കാരാണ്, ഫ്രഞ്ചാണ് ഏതു പേരും നൽകാം. എങ്കിലും ഈ വൈവിധ്യത്തിനിടയിൽ നാം ബോധപൂർവ്വമോ അല്ലാതെയോ ഐക്യത്തിനുവേണ്ടി കേഴുന്നു. ഏതെങ്കിലും രീതിയിലുള്ള ഐക്യത്തിനായുള്ള പലായനം ആണ് നമ്മുടെ ജീവിതം തന്നെ. ഐക്യമാണ് നമ്മുടെ യഥാർത്ഥ സ്വഭാവം. നാമെല്ലാം ഒരുനാൾ സാക്ഷാത്കരിക്കാൻ വിധിക്കപ്പെട്ട ആത്യന്തികസത്യമതു മാത്രമാണ്. നമ്മുടെ അസ്തിത്വത്തിന്റെ ദൈവിക അടിത്തറയായ ഐക്യത്തിലെത്തുന്നതുവരെ നാം വൈവിധ്യത്തിന്റെ മഹാസമുദ്രത്തിലൂടെ തുഴഞ്ഞേ മതിയാവൂ. ഇതാണ് നാമെല്ലാം പിറന്നുവീണിരിക്കുന്ന പ്രകൃതിയുടെ മാറ്റാനാവാത്ത പദ്ധതി.

മാനവവംശത്തിന്റെ സഞ്ചാരം ആരംഭിക്കുന്നത് തന്റെ അഹത്തെ - അവന്റെ മൃഗസഹജമായ വ്യക്തിത്വത്തെ - മാത്രം സ്നേഹിച്ചിരുന്ന കിരാതമനുഷ്യനോടു കൂടിയായിരുന്നു, എന്നാൽ സ്നേഹത്തെ ഒതുക്കിനിർത്താനാവില്ല. അത് സ്വഛന്ദം നിർഗ്ഗളിച്ചേ മതിയാകൂ. അതുകൊണ്ട് സ്വാത്മസ്നേഹം വിസ്തൃതമായ മേഖലകളിലേക്ക് പരന്നൊഴുകാനാരംഭിച്ചു; കുടുംബം, സമൂഹം, രാജ്യം, ജനത തുടങ്ങിയ അവസ്ഥകൾക്ക് രൂപമേകിക്കൊണ്ട്. ഒരോ ഐക്യവും സംയോജിപ്പിക്കപ്പെടുന്നത് സ്നേഹമെന്ന ശക്തിയിലാണ്. ഈ സ്നേഹം വ്യാപകമാകുംതോറും, അതിന്റെ പ്രവർത്തന ശൈലി ക്ഷയിക്കുന്നു. ഒരു രാഷ്ട്രത്തോടുള്ള സ്നേഹം ഒരുവന്റെ കുടുംബത്തോടുള്ള സ്നേഹത്തിന്റെയത്ര ശക്തമല്ല. കാരണം നാമെല്ലാം അഹം കേന്ദ്രീകൃതമായാണ് ജനിച്ചിരിക്കുന്നത്. മനുഷ്യർ തങ്ങളുടെ സ്നേഹത്തിന്റെ പ്രവർത്തനപരിധി ചുരുക്കി പരിമിതപ്പെടുത്തുന്നത് സ്വാഭാവികമാണ്. ഉദാഹരണത്തിന്, സ്വന്തം ആൾക്കാരോട്, സ്വന്തം തറവാടിനോട്, സ്വന്തം ഭാഷയോട്, സ്വന്തം മതത്തോട് ഉള്ള സ്നേഹം... അത് സ്നേഹം വ്യാപരിക്കുന്നയിടംവരെ.

ക്നാനായ സമൂഹം ഒരു മാതൃകാ ഐക്യമാണ്. ഞങ്ങൾ ഒരു ജനമായി ആരംഭിച്ചു; ഞങ്ങൾ ഇന്ന് ഒരു ജനമാണ്; ഒരു ജനമായി നിലനിൽക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സമുദായം എൻഡോഗമി - വിവാഹം സ്വന്ത സമുദായത്തിന്റെ ചുവരുകൾക്കുള്ളിൽ പരിമിതപ്പെടുത്തുന്ന ആചാരം - മുറുകെപ്പിടിക്കുന്നു. ഇത് ക്നാനായ സമൂഹത്തിനുള്ള ഒരു പുത്തൻ സങ്കല്പമല്ല; അതിന് സമുദായത്തോളം പ്രായമുണ്ട്. ഞങ്ങളുടെ അംഗങ്ങളിൽ ഭൂരിപക്ഷവും ഈ ആചാരം അനുഷ്ഠിക്കുന്നു.

ഇതര സമുദായങ്ങളിൽ നിന്നകന്ന് ഒരു സമൂഹമായി കഴിയുകയെന്ന ലക്ഷ്യം സ്വവംശവിവാഹം സാക്ഷാത്കരിക്കുന്നു. അനന്യമായ പൈതൃകംകൊണ്ട് ക്നാനായ സമൂഹം 'വ്യത്യസ്ത' മാണെന്ന് സമുദായം അവകാശപ്പെടുന്നു. സമുദായത്തിന്റെ വെളിയിലുള്ള വൈവാഹികബന്ധം തങ്ങളുടെ പ്രത്യേകമായ അസ്തിത്വത്തിന് കടുത്ത ഭീക്ഷണിയാണെന്നാണ് അവരുടെ കാഴ്ചപ്പാട്. ഈ ഏകജാതീയ സമുദായത്തെ സംരക്ഷിച്ചു നിലനിർത്താൻ സമൂഹം ലക്ഷ്യമിടുന്നു. സ്വവംശവിവാഹം ലക്ഷ്യം സാക്ഷാത്കരിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

സ്വവംശവിവാഹം എന്ന ആശയത്തിലേക്കു നയിക്കുന്ന മൊത്തം സംഭവ പരമ്പര ആരംഭിച്ചത് വ്യത്യസ്തത എന്ന ആശയത്തിൽനിന്നും തുടർന്ന് ക്നാനായക്കാർ നമ്മുടെ സമൂഹവുമായി താദാത്മ്യപ്പെടുന്ന തിൽനിന്നുമാണെന്ന് തോന്നുന്നു. നമ്മുടെ ഹൃദയവും ആത്മാവും നമ്മുടെ സമൂഹത്തിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ അധി കമാവില്ല. നാം അതിനോട് വൈകാരികമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. താദാത്മ്യപ്പെടലും ബന്ധിക്കലും കൈകോർത്തുപിടിക്കും; രണ്ടും മാന സിക പ്രക്രിയകളാണ്. താദാത്മ്യപ്പെട്ടത്, താദാത്മ്യപ്പെടാത്തതിന് കടക വിരുദ്ധമാണെന്നാണ് സാധാരണ കരുതപ്പെടുന്നത്. ഫലമോ, പ്രകടമായ ഭിന്നത, ഒരു കൂട്ടം ആളുകൾ മറ്റൊരു കൂട്ടത്തിനെതിരായ നിലപാട് സ്വീക രിക്കുന്നത്, അനുഭവപ്പെടുന്നു.

എന്തിനേറെ, യഥാർത്ഥ സ്നേഹം അപ്രത്യക്ഷമാവുന്നു, നിരുപാധിക സ്നേഹം സോപാധികമായിത്തീരുന്നു. അതിരുകളില്ലാത്ത സ്നേഹം, നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, നമ്മുടെ സ്നേഹത്തിനു ചുറ്റും തീർത്ത കൃത്രിമ വേലിക്കെട്ടിനുള്ളിൽ തളച്ചി ടുന്നു; ഒപ്പം വേലിക്കെട്ടിനു വെളിയിലുള്ള അനേകമാളുകളുടെ താല്പ ര്യങ്ങൾ അവഗണിച്ചുകൊണ്ടുതന്നെ.

## വിപ്രതിപത്തിയുടെ ആവശ്യകത

സമുദായത്തിന്റെ ജീവിതത്തിൽ പ്രതിപത്തി ഒരു വലിയ പങ്കു വഹി ച്ചുവെന്നത് നിസ്തർക്കമാണ്. അതാവട്ടെ സ്വവംശവിവാഹം എന്ന ആചാരത്തിന്റെ ഇറക്കുമതി ഉറപ്പാക്കി. ഈ സാഹചര്യത്തിൽ പ്രതിപത്തി ചർച്ചാവിഷയമാക്കുന്നത് പ്രസക്തമാണ്. പ്രതിപത്തി എന്നത് കൈവശ മാക്കുന്ന പ്രകൃതമാണ്. ഉദാഹരണത്തിന്, നിങ്ങൾ ഒരു വിമാനയാത്ര നടത്തുകയാണെന്ന് സങ്കല്പിക്കുക. നിങ്ങളുടെ ഇരിപ്പിടവുമായി ഒരു ബന്ധം സ്ഥാപിച്ചിട്ടില്ലായെങ്കിൽ യാത്രാവസാനം അതിനെ വിട്ടുപിരി യാൻ നിങ്ങൾക്കു വിഷമമുണ്ടാവില്ല. നിങ്ങളുടെ ഇഷ്ടംപോലെ സീറ്റ് വിട്ടുപോകാൻ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. നിങ്ങൾ സീറ്റുമായി ബന്ധ ത്തിലായിരുന്നെങ്കിൽ കഥ വ്യത്യസ്തമായേനെ.

പ്രതിപത്തിയിൽ പ്രവർത്തന സ്വാതന്ത്ര്യമില്ല; യഥാർത്ഥ സ്നേഹവു മില്ല. 15-ാം നൂറ്റാണ്ടിലെ കത്തോലിക്കാ സന്യാസിയും വിശ്വവിഖ്യാത ക്രിസ്ത്യൻ കൃതിയായ 'ക്രിസ്താനുകരണം' എന്ന ഗ്രന്ഥത്തിന്റെ

കർത്താവുമായ തോമസ് അക്കെമ്പിസ് പറയുന്നു: "നിങ്ങൾ ഒരു സൃഷ്ടിയെ സ്നേഹിക്കുകയും അതുമായി ഒട്ടിച്ചേർന്നിരിക്കുകയും ചെയ്യുന്ന അതേ അളവിൽ അത് നിങ്ങളെ പിന്നിലേക്കു വലിക്കുന്നു".

നമ്മിൽ പലർക്കും ഏറ്റവും അടുത്ത ബന്ധുക്കൾ, സ്വത്തുക്കൾ, സ്ഥാനമാനങ്ങൾ, സുഹൃത്തുക്കൾ എന്നിങ്ങനെ പലതിനോടും കടുത്ത പ്രതിപത്തിയുണ്ട്. ഈ മാർഗത്തിലൂടെ അവയെ പരിപോഷിപ്പിക്കാമെന്ന് നാം തെറ്റിദ്ധരിക്കുന്നു. പക്ഷേ, യഥാർത്ഥത്തിൽ നമുക്കു കഴിയുമോ? പ്രശസ്തനായ പണ്ഡിതനും മിസ്റ്റിക്കുമായ ഏക്നാഥ് ഈശ്വരനെ നമുക്ക് ശ്രവിക്കാം. "ഏതു ബന്ധത്തിനും നിങ്ങളുടെ ഏറ്റവും നല്ലത് നല്കാനാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ വേറിട്ട് നിൽക്കണം- മറ്റുള്ളവരിൽ നിന്നല്ല, നിങ്ങളിൽനിന്നുതന്നെ. അല്ലെങ്കിൽ, ആ ബന്ധത്തിൽ നിന്ന് നിങ്ങൾക്ക് എന്തു സ്വന്തമാക്കാനാവുമെന്നതാവും നിങ്ങൾ എപ്പോഴും ആലോചിക്കുക. നിങ്ങൾ, നിങ്ങളിൽ നിന്നുതന്നെ വേറിട്ടുനിൽക്കുകയാണെങ്കിൽ, എന്തു നൽകാനാവുമെന്നതാവും നിങ്ങൾ സദാ ചിന്തിക്കുക, മറ്റുള്ളവരുടെ ആവശ്യങ്ങൾ നിങ്ങളുടെ സ്വന്തമെന്നപോലെ അനുഭവപ്പെടും; നിങ്ങൾക്ക് നിഷേധാത്മകമാകാനാവില്ല; നിങ്ങൾക്ക് ആർദ്രതയില്ലാത്തവനാകാനാവില്ല; നിങ്ങൾ സദാ പിൻതാങ്ങുന്നവനാകും".

ഈ പ്രബോധനങ്ങൾ യഥാസ്ഥിതികർക്ക് അനാകർഷമാകാം. ഭക്ത ക്രിസ്ത്യാനികൾ എന്ന നിലയിൽ അവർ യേശുവിൽനിന്നു നേരിട്ട് കേൾക്കാനാഗ്രഹിക്കും. അങ്ങനെയെങ്കിൽ, യേശുവിനെ ശ്രവിക്കുക. "ലോകത്തെയോ, ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്. ലോകവും, അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു" (1 യോഹ. 2:15-17).

തെറ്റു പറ്റരുത്. നമ്മുടെ കുടുംബങ്ങൾ, സമൂഹങ്ങൾ, ഇടപെടലുകൾ, സമുദായങ്ങൾ, കൺവെൻഷനുകൾ തുടങ്ങിയവയുടെ നേരെ പുറംതിരിയണമെന്ന് ഈ പ്രബോധനങ്ങൾ നമ്മോട് ആവശ്യപ്പെടുന്നില്ല. സത്യം നേരെ വിപരീതമാണ്. ഏറ്റവും മെച്ചപ്പെട്ട പരിപാലനം നൽകി,

സ്നേഹിച്ച് അവയെ ശുശ്രൂഷിക്കണം; എന്നാൽ അവയിൽ കുരുങ്ങിക്കിടക്കരുത്. നമുക്കു ചെയ്യാനാവുന്നതെല്ലാം അവയ്ക്കു ചെയ്തുകൊടുക്കണം; വിപ്രതിപത്തിയോടെ എന്നുമാത്രം. ലോകത്തോടോ, അതിലെ വസ്തുക്കളോടോ ഉള്ള ആസക്തിയിൽ കഴിയരുത് എന്ന് യേശു മുന്നറിയിപ്പു നൽകുന്നു. ലോകവും അതിലെ വസ്തുക്കളും ലക്ഷ്യമല്ല. പിന്നെയോ നമ്മുടെ ജീവിതയാത്രയുടെ എത്തിച്ചേരേണ്ടിടത്തേക്കുള്ള - ജീവന്റെ ഐക്യത്തിലേക്കുള്ള - മാർഗ്ഗം മാത്രം.

ക്നാനായ സമുദായത്തിന് ഈ പ്രബോധനവുമായി എന്തു ബന്ധം എന്ന ചോദ്യമുയർന്നേക്കാം. മിക്ക മനുഷ്യരും ഒന്നിനോട് അല്ലെങ്കിൽ മറ്റൊന്നിനോട് ഒട്ടിച്ചേർന്ന് കഴിയുമ്പോൾ എന്തിന് ക്നാനായ സമുദായത്തെ ചൂണ്ടിക്കാട്ടുന്നു? ഉത്തരമിതാണ്; സ്വവംശവിവാഹം എന്ന ആചാരം നടപ്പിലാക്കുകവഴി നാം സാധാരണ പ്രതിപത്തിയെക്കാൾ ഒരു ചുവടുകൂടി വച്ചിരിക്കുന്നു. സ്വവംശവിവാഹത്തെ ആശ്ലേഷിക്കുകവഴി, നാം പ്രതിപത്തി എന്ന ആശയത്തിന് പച്ചക്കൊടി, ഔദ്യോഗിക അംഗീകാരം നൽകിയിരിക്കുന്നു. മറ്റുള്ളവരിൽനിന്ന് നാം വ്യത്യസ്തരാണെന്നു തോന്നുമ്പോഴെല്ലാം, അത് സത്യത്തിനെതിരായ ഒരു ചുവടുവയ്പാണ്; അത് പ്രകൃതിക്കെതിരായ ചുവടുവയ്പുകൂടിയാണ്. നാം ഒഴുക്കിനെതിരേ നീന്തുന്നു. പ്രകൃതിക്കോ സത്യത്തിനോ എതിരായ ഏതു നീക്കവും നമ്മുടെ ജീവിതത്തിലേക്ക് ദുരിതം വിളിച്ചുവരുത്തുന്നു.

## ഏകത്വം എന്ന അടിസ്ഥാനം

നാം ആരെന്നും നമ്മുടെ ലൗകിക ഇടപെടലുകൾ എപ്രകാരമായിരിക്കണമെന്നും പഠിക്കാനുള്ള താക്കോൽ ആണ് അറിവ്. നമ്മുടെ ലൗകിക അസ്തിത്വത്തെക്കുറിച്ചുള്ള സത്യം, നാമെല്ലാം തുല്യരാണെന്നതാണ്. ഉന്നതനോ താഴ്ന്നവനോ ഇല്ല; ശുദ്ധരക്തമോ അശുദ്ധരക്തമോ ഇല്ല. വ്യത്യസ്തതയെക്കുറിച്ചുള്ള നേരിയ വിചാരം- ഞാൻ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണ് - പോലും വ്യാജമാണ്. സൃഷ്ടിയൊന്നാകെ, നാം അറിയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു ഏകീകൃത പൂർണ്ണതയാണ്. എന്റെ ജീവശക്തി അല്ലെങ്കിൽ ദിവ്യത്വം ആയി എന്നിലുള്ള ഒരേ 'ഞാൻ' അല്ലെങ്കിൽ 'അഹം' (പരമാത്മാവ്, പിതാവ്, ബ്രഹ്മം, അള്ളാ, ദൈവം എന്നിങ്ങനെയും അറിയപ്പെടുന്നു) മറ്റുള്ളവരിലുമുണ്ട്. അഹം എന്നത് നമ്മുടെ ഭൗതിക ശരീരങ്ങളുടെ പരിമിതികൾക്കപ്പുറ

മാണെന്നത് നമുക്ക് ഓർക്കാം. നമ്മിൽ ഒട്ടുമിക്കവരും വിശ്വസിക്കുന്നതുപോലെ, നാം നമ്മുടെ ശരീരങ്ങളല്ല. നാം ആത്മാവാണ്; സ്വാത്മം. അതാണ് നമ്മുടെ പ്രകൃതം, യഥാർത്ഥ പ്രകൃതം, അതാണ് നമുക്ക് യഥാർത്ഥത്തിൽ നാനാത്വത്തിന്റെ ലോകമായി കാണപ്പെടുന്നത്. സൃഷ്ടിയൊന്നാകെ ഇതേ സ്വാത്മം വ്യാപിച്ചിരിക്കുന്നു. ഈ ഒരേ അഹം അനേകരുടെ ലോകമായി കാണപ്പെടുന്നു. ഏകൻ– പരമാത്മാവ് അല്ലെങ്കിൽ ദൈവം – പരമമായ സത്യമാണ്; നാനാത്വത്തിന്റെ ലോകമാകട്ടെ, ആപേക്ഷിക സത്യമോ താഴ്ന്ന സത്യമോ ആണ്.

ഒരു ഉപമയിലൂടെ ഞാനിത് വിശദീകരിക്കാം. കടലിനേയും അതിലെ തിരമാലകളേയും നോക്കുക. ചെറുതും വലുതുമായ അസംഖ്യം തിരമാലകൾ വരുന്നു, പോകുന്നു. എന്നാൽ അവ കടൽ അല്ലാതെ മറ്റൊന്നുമല്ല. തിരമാലകൾ അവയുടെ അസ്തിത്വത്തിന് കടലിനെ ആശ്രയിക്കുന്നു; എന്നാൽ കടൽ അതിന്റെ അസ്തിത്വത്തിന് തിരമാലകളെ ആശ്രയിക്കുന്നുമില്ല. ഇവിടെ, കടൽ ആണ് പരമമായ സത്യം; തിരമാലകൾ കടലിലെ മായാരൂപങ്ങൾ മാത്രം – താഴ്ന്ന സത്യം. അതുപോലെ സദൃശ്യമായി ഏകവും നിത്യവുമായ ഏക ആത്മാവ് നാനാത്വത്തിന്റെ ലോകമായി പ്രത്യക്ഷമാകുന്നു. നാം നാനാത്വം ദർശിക്കുമ്പോൾ, അതിലും അതിലൂടെയും ദൈവം മാത്രമേ ഉള്ളൂവെന്ന് അറിയണം. കത്തോലിക്കാ സന്യാസിയും, മിസ്റ്റിക്കും, മഹാനായ ചിന്തകനുമായ തോമസ് മേർട്ടണെ നമുക്കു ശ്രവിക്കാം.

“നാം ഇതിനകം ഒന്നാണ്. എന്നാൽ അങ്ങനെയല്ലായെന്ന് നാം കരുതുന്നു. നാം വീണ്ടെടുക്കേണ്ടത് നമ്മുടെ ആദി ഐക്യമാണ്. നാം എന്താണോ അതാണ് ആയിരിക്കേണ്ടത്”. ഇതേ വിഷയത്തെക്കുറിച്ച് ഭാരതത്തിലെ മഹാനായ ഇസ്ലാമിക് വിശുദ്ധ കവി കബീർ പറയുന്നു: “സകലതിലും ഒന്നു മാത്രം ദർശിക്കുക; രണ്ടാമത്തേതാണ് നിങ്ങളെ വഴിതെറ്റിക്കുന്നത്”. നാനാത്വത്തിന്റെ ലോകം – രണ്ടാമത്തേത് ആണ് നമ്മെ നഷ്ടപ്പെട്ടവരാക്കുന്നത്.

ലോകം പരമോന്നത മാന്ത്രികന്റെ നാടകമാണ്. അദ്ദേഹമാണ് ആത്യന്തിക യാഥാർത്ഥ്യം. അവിടുത്തെ മായാജാലത്തിന്റെ വിവിധ പ്രകടനങ്ങൾക്കു പിന്നിൽ ഒളിഞ്ഞിരിക്കുന്ന യാഥാർത്ഥ്യത്തെ നാം ദൈവമെന്ന് വിളിക്കുന്നു. ഒരിക്കൽക്കൂടി ഏക്നാഥ് ഈശ്വരനെ ശ്രവിക്കാം.

"അവബോധത്തിന്റെ ഉപരിതലത്തിൽ ഓരോരുത്തരും വെവ്വേറെയായി കാണപ്പെടുന്നു. കാഴ്ചയ്ക്ക് തികച്ചും വ്യത്യസ്തർ. വ്യത്യസ്ത വസ്ത്ര ങ്ങൾ ധരിക്കുന്നു, വ്യത്യസ്ത സംസാരശൈലി, വ്യത്യസ്ത അഭിലാഷ ങ്ങൾ, വ്യത്യസ്ത രൂപപ്പെടലുകൾ, നാം ആഴപ്പെടുന്തോറും മറ്റുള്ളവരു മായുള്ള നമ്മുടെ വ്യത്യാസങ്ങൾ ഉപരിപ്ലവമായിരുന്നുവെന്നും നാമാ യിരിക്കുന്നതിന്റെ 99% വും എല്ലാവർക്കും ഒരുപോലെയാണെന്നും നമുക്ക് വ്യക്തമാകും."

അജ്ഞത മൂലമാണ് നാം കാര്യങ്ങൾ വേറെയും വ്യത്യസ്തവുമായി കാണുന്നത്. നാം കാണുന്നത് യാഥാർത്ഥ്യമാണെന്നു വിശ്വസിക്കുന്ന താണ് ഏറ്റവും പരിതാപകരം. ഇതുകൊണ്ടാണ് വിജ്ഞാനികളായ മഹാ ത്മാക്കൾ വ്യത്യസ്തമായ, വിഭിന്നമായ ഒരു കാഴ്ചപ്പാട് നിരന്തരം ചൂണ്ടി ക്കാട്ടുന്നത്. വിജ്ഞാനിയായ സ്വാമി രാം ദാസിനെ ശ്രവിക്കാം. "ശാരീ രിക പൊരുത്തത്തിലധിഷ്ഠിതമായ സാധാരണ സ്നേഹം സ്നേഹിക്കു ന്നയാൾക്കും സ്നേഹിക്കപ്പെടുന്നയാൾക്കും ഒരുപോലെ ദുഃഖകാരണ മാണ്. എന്നാൽ ആത്മീയഏകത്വത്തിന്റെ അനുഭവത്തിലധിഷ്ഠിതമായ സ്നേഹം ഉദാത്തമാണ്. അത് നിർമ്മലമായ അനുഭൂതിയുടെ ഉറവിട മാണ്. ഇവിടെ നിങ്ങൾ ഒരാളെ സ്നേഹിക്കുന്നത്, അയാൾ നിങ്ങളുടെ ബന്ധു ആയതിനാലല്ല, മറിച്ച് നിങ്ങളും അയാളും ആത്മാവിൽ ഒന്നാ യിരിക്കുന്നതുകൊണ്ടാണ്".

അനേകത്തിന്റെ കാഴ്ചയെന്നത് ഒരു ഉപരിതല സത്യമാണ്. അതിനു കീഴെയാവട്ടെ സകലതും ഒന്നാണ്. യേശു പഠിപ്പിച്ചില്ലേ താനും പിതാവും ഒന്നാണെന്ന്? അവിടുന്ന് നിന്നിലും നീ അവനിലും എന്നു പഠിപ്പിച്ചില്ലേ? നിന്നെപ്പോലെ നിന്റെ അയൽക്കാരനെ മാത്രമല്ല, അപരി ചിതനെയും സ്നേഹിക്കാൻ അവിടുന്നു പഠിപ്പിച്ചില്ലേ? നാമെല്ലാവരിലും വസിക്കുന്ന ഒരേ ദൈവചൈതന്യംമൂലം നാമെല്ലാവരും ഒന്നാണെന്ന് വിവക്ഷ. നിങ്ങളാണ് അയൽക്കാരനും അപരിചിതനും; നിങ്ങളാണ് നല്ല വനും ദുഷ്ടനും. സമുദ്രം വ്യത്യസ്ത തിരകളിൽ വെളിപ്പെടുത്തുന്നതു പോലെ വ്യത്യസ്ത തലങ്ങളിൽ വെളിപ്പെടുന്നത് ദൈവമാണ്. ആത്മീ യജ്ഞാനത്തിന്റെ കലവറയായി കരുതപ്പെടുന്ന ഭഗവത്ഗീത ഏകത്വ ത്തിന്റെ പരമോന്നത സത്യത്തെക്കുറിച്ച് പഠിപ്പിക്കുന്നു: "എല്ലായിടത്തും എന്നെ കാണുന്നവൻ സകലതും എന്നിൽ കാണുന്നു, ഞാൻ ഒരിക്കലും നഷ്ടപ്പെടുന്നില്ല, അവൻ ഒരിക്കലും എനിക്കു നഷ്ടപ്പെടുന്നില്ല".

നാം ലോകത്തിൽ ദർശിക്കുന്ന സകലതും ഏക അനന്ത അസ്തിത്വ മായ ദൈവത്തിന്റെ പ്രതിഫലനം മാത്രമാണെന്ന ബോധ്യം നാം വളർത്തിയെടുക്കണം. തദനുസാരം, സകലരേയും സമന്മാരായി കരുതണം. ഇതിനർത്ഥം, നാമാരെയും വിധിക്കില്ല, നിരാകരിക്കില്ല എന്നാണ്. സ്വാമി വിവേകാനന്ദൻ ഒരു ആത്മീയപ്രതിഭയും ചിന്തകനും താത്വികനുമാണല്ലോ. അദ്ദേഹം ഇംഗ്ലണ്ടിൽ ചെയ്ത പ്രസംഗത്തിലെ ഏതാനും വാക്കുകൾ: "നിങ്ങൾ ഈ പ്രപഞ്ചവുമായി ഒന്നാണ്. മറ്റുള്ള വരിൽനിന്ന്, ഒരു മുടിനാരിഴവണ്ണത്തിൽ താൻ വ്യത്യസ്തനാണെന്ന് പറ യുന്നവൻ ഉടൻ തന്നെ ദുഃഖിതനാകുന്നു. മനുഷ്യനും മനുഷ്യനും തമ്മിലും, മാലാഖമാരും മനുഷ്യനും തമ്മിലും, മനുഷ്യനും മൃഗങ്ങളും തമ്മിലും, മൃഗങ്ങളും സസ്യങ്ങളും തമ്മിലും, സസ്യങ്ങളും കല്ലുകളും തമ്മിലും ഉള്ള വ്യത്യാസം പ്രകൃതത്തിലല്ല- കാരണം ഓരോരുത്തരും ഉന്നതനായ മാലാഖ മുതൽ പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ കണിക വരെ ആ ഏക അനന്ത സമുദ്രത്തിന്റെ ആവിഷ്ക്കാരം മാത്രമാണ്; വ്യത്യ സ്തത ശ്രേണിയിൽ എന്നു മാത്രം".

ആധുനിക ശാസ്ത്രവും ഇതേ അനുമാനത്തിലെത്തിച്ചേർന്നുവെന്ന വസ്തുതയാണ് ഏറ്റവും എടുത്തുപറയത്തക്കത്. ആധുനിക ഭൗതിക ശാസ്ത്രപ്രകാരം നാം ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കുന്നത് വ്യത്യസ്ത മായി പ്രത്യക്ഷപ്പെടുന്നത് ഉപരിതലത്തിൽ മാത്രമാണ്; അണുഘടകത ലത്തിൽ അവ ഏകമാണ്. ഭൗതികശാസ്ത്രം മാത്രമല്ല, ജീവശാസ്ത്ര ങ്ങളും ജീവനെക്കുറിച്ച് ഏകീകൃത വീക്ഷണമാണ് നൽകുക. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനും 'ദി താവോ ഓഫ് ഫിസിക്സ്' എന്ന ഗ്രന്ഥ ത്തിന്റെ കർത്താവുമായ ഡോ. ഫ്രിറ്റ്ജോഫ് കാപ്ര പറയുന്നത് ശ്രദ്ധിക്കാം: "സമകാലീന ശാസ്ത്രത്തിന്റെ മുന്നണിയിൽ, പ്രപഞ്ചം കാണപ്പെടുന്നത് അടിസ്ഥാന നിർമ്മണോപാധികൾകൊണ്ട് തയ്യാറാ ക്കിയ ഒരു യന്ത്രമായിട്ടല്ല; ഭൗതികലോകം ആത്യന്തിക ബന്ധങ്ങളുടെ വേർപെടുത്താനാവാത്ത അടുക്കുകളുടെ ശൃംഖലാസമുച്ചയമാണ് എന്ന് നാം കണ്ടെത്തിയിരിക്കുന്നു; ഭൂഗോളമൊന്നാകെ സജീവമായ സ്വയം ക്രമീകൃത സമ്പ്രദായമാണ്".

വീണ്ടും സന്ദേശമിതാണ്: ദൈവം മാത്രമാണ് ആകുന്നവൻ; സക ലതും അവനിലാണ്, തിരമാലകൾ കടലിലെന്നപോലെ. യാതൊന്നും അവനു വെളിയിൽ നിലനിൽക്കുന്നില്ല. അതുകൊണ്ട് നാം മറ്റുള്ളവർക്ക്

എന്തു ചെയ്താലും നാം യഥാർത്ഥത്തിൽ നമുക്കു തന്നെയാണ് ചെയ്യുന്നത്. നമ്മുടെയുള്ളിൽ നിവസിക്കുന്ന ദൈവികതത്വത്തിനാണ്: ഇതേ ദർശനത്തിൽനിന്നുകൊണ്ടാണ് യേശു അതേ സത്യത്തെക്കുറിച്ച് നമുക്ക് മുന്നറിയിപ്പു നൽകുന്നത്: "എന്റെ ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം, നിങ്ങൾ എനിക്കു തന്നെയാണ് ചെയ്തത്".

നാമെല്ലാവരും ദൈവത്തിൽ ഒന്നാണെന്നും നമ്മെ ബോധ്യപ്പെടുത്താൻ ഈ രണ്ടു പ്രബോധനങ്ങളേക്കാൾ സൂക്ഷ്മമായി വേറെ എന്തുണ്ടാവും? സത്യവും ഒന്നുമാത്രമേയുള്ളൂ; വ്യത്യസ്തരായ ഗുരുക്കന്മാരും ലിഖിതങ്ങളും അതുപറയാൻ ഉപയോഗിച്ച മാർഗ്ഗങ്ങൾ പരിഗണിച്ചില്ലെങ്കിൽപ്പോലും. അതിപുരാതന ലിഖിതമായ ഋഗ്വേദം പറയുന്നു: "സത്യം ഒന്നേയുള്ളൂ, മുനിമാർ വിവിധ നാമങ്ങൾ നൽകി വിളിക്കുന്നു. ഈ സത്യം - ദൈവരാജ്യം - നമ്മിലോരോരുത്തരിലുമുണ്ട്. അവിടെയാണ് നാം ജീവന്റെ സാർവ്വത്രിക ഏകത അനുഭവിക്കേണ്ടത്".

ഭാരതത്തിലെ ആധുനിക ചിന്തകന്മാരിലൊരാളായ ജെ. കൃഷ്ണമൂർത്തി 'ഏക'വും 'അനേക'വും തമ്മിലുള്ള ബന്ധത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "മഹത്തരത്തിൽ ചെറുത് ഉണ്ട്. ചെറുതിൽ മഹത്തരമില്ല. തിരമാലകൾ കടലിലുണ്ട്. എന്നാൽ കടൽ തിരമാലകളിലില്ല". നാനാത്വത്തിന്റെ ലോകത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നിടത്തോളം കാലം നമുക്ക് ഏകതയുടെ സത്യം അനുഭവിക്കാനാവില്ലായെന്നതാണ് വിവക്ഷ. നാനാത്വത്തിന്റെ (ബാഹ്യമായത്) തലത്തിൽനിന്ന് ആത്മീയതയുടെ (നമ്മുടെയുള്ളിൽ) തലത്തിലേക്ക് ശ്രദ്ധ മാറ്റണം. ആത്മീയതയിൽ ആണ് ഏകത സാക്ഷാത്കരിക്കപ്പെടുക. ഒരുതലത്തിൽനിന്ന് മറ്റൊരു തലത്തിലേക്ക് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കൽ മാറ്റുന്നതാണ് കാര്യം.

## നാമെല്ലാം സഹോദരീസഹോദരന്മാർ

നാനാത്വത്തിന്റെ ലോകത്തിൽ നമുക്കു ചുറ്റും വ്യത്യസ്ത സംസ്കാരവും വ്യത്യസ്ത ഭാഷയും വ്യത്യസ്ത മതങ്ങളും വ്യത്യസ്ത പൈതൃകവും വ്യത്യസ്ത വിശ്വാസരീതികളുമുള്ള ആളുകൾ ആണ്. എന്നാൽ ഇവയെല്ലാം ലേബലുകൾ ആണ്. ജീവിക്കുന്ന ആളുകൾ, നാമെല്ലാവരും ലേബലുകൾക്കപ്പുറത്താണ്. നാം അഹമാണ് - ശരീരമല്ല, മനസ്സുമല്ല.

അഹം സകലർക്കും ഒന്നാണ്. ദൗർഭാഗ്യമെന്നുപറയട്ടെ പുരാതന ലോകത്തിലെയും മധ്യകാലഘട്ടത്തിലെയും മിക്കവരും ഈ പരമോന്നതസത്യം അറിഞ്ഞില്ല. ചിലർ കുലീനരും ചിലർ അധഃകൃതരുമായി ജനിച്ചതുകൊണ്ട് മനുഷ്യർ സമന്മാരല്ലായെന്ന് അവർ ഉറച്ചുവിശ്വസിക്കുന്നു. റോമാക്കാർ, ജർമ്മൻകാർ, ഫ്രഞ്ച്, ബ്രിട്ടീഷ് തുടങ്ങിയവർ ഉൾപ്പെടെ കരുതിയിരുന്നത് അവർ ഉന്നതജാതരാണെന്നാണ്. ഭാരതത്തിൽ, ബ്രാഹ്മണർ കരുതിയിരുന്നത് തങ്ങൾ ഉയർന്ന വർഗ്ഗത്തിൽപ്പെട്ടവരാണെന്നാണ്. മുൻവിധികളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കുന്നത് എക്കാലത്തും നമ്മുടെതന്നെ അജ്ഞതയുടെ ആഴത്തെക്കുറിച്ചുള്ള ദുഃഖപൂരിതമായ വിവരണമാണ്. മഹാനായ ചിന്തകൻ ലിയോ ടോൾസ്റ്റോയിയുടെ കരുത്തുറ്റ വാക്കുകൾ നമുക്കു ശ്രവിക്കാം: "നാം എവിടെയാണ് ജീവിക്കുന്നതെങ്കിലും, നാം ഏതു ഭാഷയാണ് സംസാരിക്കുന്നതെങ്കിലും, നമ്മുടെ ഹൃദയങ്ങളിൽ നമ്മുടെ പൊതുവായ പിതാവ് നിവേശിപ്പിച്ചിരിക്കുന്ന സ്നേഹത്തിന്റെ നിയമത്തിനു കീഴിൽ നാമെല്ലാം സഹോദരീസഹോദരന്മാരാണ്. ഇന്നത്തെ മനുഷ്യന്റെ അഭിപ്രായങ്ങളും വിദ്യാഭ്യാസ നിലവാരവും എന്തുമാകട്ടെ, ലിബറലിസത്തിന്റെ നിറമെന്തുമാകട്ടെ, തത്വചിന്തയുടെയോ, ശാസ്ത്രത്തിന്റെയോ ധനതത്വശാസ്ത്രത്തിന്റെയോ പാഠ്യസമീപനമെന്തുമാവട്ടെ എത്രമാത്രം അജ്ഞനോ അന്ധവിശ്വാസിയോ ആവട്ടെ, വർത്തമാനകാലത്തിലെ ഓരോ വ്യക്തിക്കും അറിയാം, സകലർക്കും ജീവിതത്തിനും ജീവിതത്തിന്റെ നല്ല കാര്യങ്ങൾക്കും തുല്യഅവകാശമുണ്ടെന്നും ഒരു കൂട്ടം ആളുകൾ മറ്റൊരു കൂട്ടരേക്കാൾ മെച്ചമോ മോശമോ അല്ലെന്നും സകലരും സമന്മാരാണെന്നും.

മാനവരാശിയിലെ മഹത്തുക്കളായ ഗുരുക്കന്മാർ ആരും ഇന്നലെകളിലോ ഇന്നോ ജനങ്ങളെ എന്തിന്റെയെങ്കിലും പേരിൽ വേർതിരിക്കുന്നത് അംഗീകരിച്ചിട്ടില്ല. 1925 മാർച്ച് 13-ന് കേരളത്തിലെ ശിവഗിരി ആശ്രമത്തിൽ നടത്തിയ സ്മരണീയമായ പ്രസംഗത്തിൽ മഹാത്മാ ഗാന്ധി പറഞ്ഞു: നാമിന്നിരിക്കുന്നിടത്ത് തണലേകുന്ന വലിയ വൃക്ഷത്തെ നോക്കുക. ഇതിന്റെ ഇലകൾ വിസ്തൃതവും വൈവിധ്യമേറിയതുമാണ്. ഇലകളൊന്നുംതന്നെ സാമ്യമുള്ളതല്ല. എങ്കിലും അവയെല്ലാം ഒരു വേരിൽനിന്നാണ് മുള പൊട്ടിയിരിക്കുന്നത്. ഇലകൾ എത്ര വൈവിധ്യമുള്ളവയാവട്ടെ, അവ പാരസ്പര്യത്തോടെ സംയോജിച്ച്

മനോഹരമായ ഒരു വൃക്ഷമായിത്തീർന്നിരിക്കുന്നു. സദൃശ്യമായി മനുഷ്യരെന്ന നിലയിലുള്ള നമ്മുടെ പ്രകടമായ വ്യത്യാസങ്ങൾക്കിടയിലും നമുക്കും മനോഹരമായ ഒരു കുടുംബമായി ഏകീകരിക്കാനാവും. എന്നാൽ അതു സാധ്യമാകുന്നത്, പുറമേ തോന്നുന്ന നമ്മുടെ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും പരസ്പര സ്നേഹത്തിനും പരസ്പര സഹിഷ്ണുതയ്ക്കും നാം തയ്യാറാകുമ്പോഴാണ്.

## സ്വവംശവിവാഹത്തിന് ഇത് എന്തർത്ഥമാക്കുന്നു?

സ്വവംശവിവാഹത്തെക്കുറിച്ചുള്ള ഒരു പാരമ്പര്യ യാഥാസ്ഥിതിക നിലപാട് വാദിക്കുന്നത്, പൂർവ്വികരുടെ ഒരു നീണ്ടനിര അത് ആചരിച്ചുവെന്നും തന്മൂലം അത് നിയമാനുസൃതമാണെന്നും ആണ്. നിരവധി വംശീയ ഗ്രൂപ്പുകൾ സ്വവംശവിവാഹം പരിശീലിച്ചിരുന്നതുകൊണ്ട് അത് നല്ലതായിരിക്കണമെന്ന് ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ വാദിക്കുന്നത് ദുർബലമാണ്. നമ്മുടെ പൂർവ്വികർ നരബലി അനുഷ്ഠിച്ചിരുന്നു; അത് തെറ്റാണെന്ന് ഇപ്പോൾ നമുക്കറിയാം. നമ്മുടെ പൂർവ്വികർ നൂറ്റാണ്ടുകളോളം അടിമത്തം അംഗീകരിക്കുകയും നിലനിർത്തുകയും ചെയ്തിരുന്നു; അതുപോലെ ശിശുവിവാഹവും. ചരിത്രസംഭവങ്ങൾ അവരുടെ കാലയളവിലെ ഉൽപ്പന്നങ്ങളാണ്. നമ്മുടെ ആധുനിക അളവുകോലിൽ അവ അപ്രകാരം അളക്കാനാവില്ല.

മഹാന്മാരായ ഗുരുക്കന്മാർ പ്രബോധിപ്പിച്ചത്, ജീവിതത്തിന്റെ ഐക്യമെന്നത് സംസാരം മാത്രമല്ലായെന്നും യുക്തിയിലും, മതത്തിലും, ശാസ്ത്രത്തിലും, അടിസ്ഥാനമിട്ട ഒരു സജീവമാതൃകയാണെന്നും നാമിപ്പോൾ തിരിച്ചറിയുന്നു. എല്ലാ വീക്ഷണരീതികളും ഐകകണ്ഠ്യേന സത്യം സാക്ഷ്യപ്പെടുത്തുന്നു. ഇന്നത്തെ ചിന്തിക്കുന്ന മനുഷ്യന്റെ ചേതനയെ ഈ സത്യം സ്വന്തമാക്കിയിരിക്കുന്നു. പഴയലോകത്തിന്റെ പാരമ്പര്യങ്ങൾ വിട്ടുപേക്ഷിച്ചുകൊണ്ട് സത്യം പരമോന്നതമായി വാഴുന്ന ഒരു പുതിയ ലോകത്തെ ആശ്ലേഷിക്കാൻ ചിന്തിക്കുന്ന മനുഷ്യൻ പ്രോത്സാഹിപ്പിക്കപ്പെടുന്നു. അവനെ ആകർഷിക്കുന്നത് പാരമ്പര്യത്തേക്കാളേറെയായി യുക്തിയാണ്. തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലർക്കായി ജീവിക്കുന്നതിനു പകരം, മനുഷ്യവംശത്തിനു മുഴുവനുംവേണ്ടി ജീവിക്കുന്നത് കൂടുതൽ ഫലദായകമാണ് എന്ന് അവൻ കണ്ടെത്തുന്നു; ഇന്നലെക്കുവേണ്ടി ജീവി

ക്കാതെ ഇന്നിനുവേണ്ടി ഇന്ന് അവൻ ജീവിക്കുന്നു; വാസ്തവത്തിൽ ലോകം മുമ്പോട്ട് ഗമിക്കുകയാണ്, പുറകോട്ടല്ല.

ലോകം പൊതുവേ മുന്നേറുമ്പോൾ, ക്നാനായ സമൂഹം ഇപ്പോഴും പിമ്പോട്ട് നീങ്ങുന്നത് വിചിത്രമല്ലേ? ഗിയർ മാറ്റാൻ സമയമായി, നമ്മുടെ ചിന്താരീതിയിൽ സമൂല പരിവർത്തനം ഉണ്ടാകണം; സത്യത്തിൽ അധിഷ്ഠിതമായ ഒരു വിശാല കാഴ്ചപ്പാട് സ്വാംശീകരിക്കണം. ഈ വിശാല സത്യം സമൂഹം മുഴുവന്റെയും നമ്മുടെ ബന്ധങ്ങളുടെയും കാഴ്ചപ്പാടിലേക്ക് അരിച്ചിറങ്ങും. ചുരുക്കം ചിലരുമായി താദാത്മ്യപ്പെടുന്നതിനു പകരം, നാം സകലരുമായി താദാത്മ്യപ്പെടുകയും മാനവരാശിയുടെ കുതിപ്പിൽ പങ്കുചേരുകയും ചെയ്യും. അത് ജീവിച്ചുകൊണ്ട് നാം സത്യം ഉയർത്തിപ്പിടിക്കും.

*(ലേഖകൻ ക്നാനായ സമുദായംഗമാണ്. ഗവേഷക പണ്ഡിതനാണ്.*
*സനാതനധർമ്മം വിശ്വസിക്കുകയും പരിശീലിക്കുകയും*
*ചെയ്യുന്ന വേദാന്തിസ്റ്റു കൂടിയാണ്).*

# 8

# ജ്ഞാനസ്നാനം വിലക്കിയ ഒരു കത്തോലിക്കാ മെത്രാൻ

## ജോയി ഒറവണക്കളം, ചിക്കാഗോ

വല്യമ്മയുടെ അമ്മ ലാറ്റിൻകാരി ആയതുകൊണ്ട് ജ്ഞാനസ്നാനം വിലക്കിയ ഒരു കത്തോലിക്കാ മെത്രാനാണ് കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ കുറിയാക്കോസ് കുന്നശ്ശേരി.

വിവാദമായ ബിജു ഉതുപ്പ് വിവാഹക്കുറി കേസ്സ് സഭയിലും സമുദായത്തിലും കോളിളക്കം സൃഷ്ടിച്ചിരുന്നു. നീണ്ട വിചാരണ നടന്ന ഈ കേസ്സിൽ, കോട്ടയം രൂപത എല്ലാവിധ സമ്മർദ്ദ തന്ത്രങ്ങളും പ്രയോഗിച്ചിട്ടും ബിജു ഉതുപ്പിന് വിവാഹക്കുറി കൊടുക്കാനുള്ള വിധി പ്രസ്താവിക്കുകയുണ്ടായി. ഈ വിധിയെ മാനിക്കാതെ അപ്പീലിനു പോയ കോട്ടയം രൂപത നീണ്ട 2 ദശാബ്ദക്കാലം കേസ്സ് നടത്തി പരാജയപ്പെടുകയുണ്ടായി. അപ്പീൽ കീഴ്ക്കോടതി വിധി ശരിവച്ചു.

കേസ്സിന്റെ വിധി വരുന്നതുവരെ വിവാഹം നീട്ടിക്കൊണ്ടു പോകുന്നതു പ്രായോഗികമല്ലായെന്നു മനസ്സിലാക്കിയ ഇന്ത്യയിലെ പ്രൊനുൺഷ്യോയുടേയും, ആർച്ച് ബിഷപ്പ് (ചങ്ങനാശ്ശേരി) ആയിരുന്ന മാർ

ജോസഫ് പൗവ്വത്തിലിന്റെയും നിർദ്ദേശപ്രകാരം കുറി കൂടാതെ വിവാഹകൂദാശ നടത്തിക്കൊടുത്തു. തുടർന്ന് അവരുടെ ദാമ്പത്യജീവിതത്തിൽ അവർക്ക് ജനിച്ച പെൺകുഞ്ഞിനെ അവരുടെ ഇടവകപള്ളിയായ കിഴക്കേ നട്ടാശ്ശേരിയിൽ ജ്ഞാനസ്നാനം നൽകുന്നത്, കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ കുറിയാക്കോസ് കുന്നശ്ശേരി വിലക്കി. പെൺകുഞ്ഞിന്റെ വല്യമ്മയുടെ അമ്മ ലാറ്റിൻകാരി ആയതുകൊണ്ട് ജ്ഞാനസ്നാനം നൽകുകയില്ല, എന്നാണ് മെത്രാൻ പറഞ്ഞത്.

"യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപ്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ. 28:18–20). നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരമപ്രധാനമായ ഈ കല്പന കോട്ടയം രൂപതവക ബൈബിളിൽ ഇല്ലെന്നുണ്ടോ? ലോകത്തെമ്പാടുമുള്ള ദൈവ സഭകളിലെങ്ങും വംശീയതയുടെ പേരിൽ ജ്ഞാനസ്നാനം നിഷേധിച്ച സംഭവം കേട്ടിട്ടുപോലുമില്ല. എന്നാൽ സാർവ്വത്രിക സഭയെന്ന് പറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കാ സഭയിൽ അതും സംഭവിച്ചു. കോട്ടയം രൂപത കത്തോലിക്കാ സഭയുടെ ഒരു ഭാഗമാണ്. കോട്ടയം രൂപത സഭയാണ്; ക്നാനായ സമുദായമല്ല. ജാതി സംരക്ഷണം സഭയുടെ കടമയല്ല. അജപാലനവും ആദ്ധ്യാത്മിക ശുശ്രൂഷയുമാണ് ഒരു മെത്രാന്റെ പ്രഥമവും പ്രധാനവുമായ കടമ. ജാതീയതയുടെ പേരിൽ കൂദാശകൾ നിഷേധിക്കുന്ന കോട്ടയം രൂപത ആഗോളസഭയ്ക്ക് നാണക്കേടല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ബിജുവിന്റെ വിവാഹം നടത്തിക്കൊടുക്കുന്നതിന് പ്രൊ നുൺഷ്യോയും ആർച്ചുബിഷപ്പും ഇടപെട്ടതുപോലെ തന്നെ മാമ്മോദീസാ നടത്തിക്കൊടുക്കുന്നതിനും കുന്നശ്ശേരി ബിഷപ്പിനും നിർദ്ദേശം കൊടുത്തു. എങ്കിലും കുന്നശ്ശേരി ബിഷപ്പ് മാനിച്ചില്ല. എന്നാൽ, ദൈവത്തിന്റെ പദ്ധതി എത്രയോ മനോഹരവും മഹത്വവും ആണെന്ന് പിന്നീടുള്ള വഴികൾ തെളിയിച്ചു തന്നു.

രണ്ടായിരത്തിഒന്നിൽ ബിജുവിന്റെ ജോലിയുടെ ഭാഗമായി റിസേർച്ചിനുവേണ്ടി അമേരിക്കയിൽ വരേണ്ടിവന്നു. മിസ്സിസിപ്പി യൂണിവേഴ്സിറ്റിയിൽ റിസേർച്ച് നടത്തുന്നതിന്, ബിജു കുടുംബസമേതം വരുകയുണ്ടായി. രണ്ടുവർഷത്തെ റിസേർച്ചിന് വന്ന ബിജുവും കുടുംബവും വെക്കേഷന് ചിക്കാഗോയിൽ വരികയും മകളുടെ മാമ്മോദീസാ കാര്യം ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് ഞങ്ങൾ അങ്ങാടിയത്ത് ബിഷപ്പിനെകണ്ട് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ക്നാനായ കാത്തലിക് മിഷൻ ഡയറക്ടറായിരുന്ന ഫാ. ഫിലിപ്പ് തൊടുകയിലിനെ ഞാൻ നേരിട്ട് കണ്ട് സംസാരിച്ചു. ബിജു ഉതുപ്പിന്റെ എല്ലാ ചരിത്രവും തനിക്കറിയാമെന്ന് പറഞ്ഞ് ഒരു തടസ്സവും പറയാതെ ജ്ഞാനസ്നാനം നടത്തുന്നതിന് വേണ്ടിയുള്ള തീയതിയും സമയവും നൽകുകയുണ്ടായി. എന്നിരുന്നാലും അച്ചന്റെമേൽ ക്നാനായ സമുദായ സമ്മർദ്ദം ചെലുത്തി ജ്ഞാനസ്നാനം മുടക്കുമോ എന്ന ഒരു ആശങ്ക എനിക്കുണ്ടായിരുന്നു. അതുകൊണ്ട് KANA എന്ന സംഘടനയുടെ അന്നത്തെ പ്രസിഡന്റ് പീറ്റർ ലൂക്കോസിനോടും ഏതാനും ചിലരോടും മാത്രമായി ഈ വിഷയം ചർച്ച ചെയ്തു. ജാതീയതയുടെ പേരിൽ ജ്ഞാനസ്നാനം നിഷേധിച്ചാൽ മാദ്ധ്യമപ്രചാരണത്തിലൂടെ ഈ വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാമെന്നും, ആയിരത്തിതൊള്ളായിരത്തി എൺപത്തിആറിലെ (1986) റോമിന്റെ നിർദ്ദേശം അംഗീകരിക്കാൻ കൂട്ടാക്കാത്ത ക്നാനായ കാത്തലിക്ക് മിഷന്റെ പ്രവർത്തനം നിർത്തലാകുമെന്ന ഒരു കണക്കുകൂട്ടലും ഇല്ലാതിരുന്നില്ല. അതനുസരിച്ച് പല ടി.വി. ചാനലുകാരെയും സമീപിച്ചു. പ്രധാനപ്പെട്ട ഒരു ചാനൽ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി തീയതിയും സമയവും തിട്ടപ്പെടുത്തി. എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അറിയിക്കണമെന്നും അവർ അറിയിച്ചു. ഞങ്ങളുടെ ആശങ്കകൾക്കെല്ലാം വിരാമമിട്ടുകൊണ്ട് കൃത്യസമയത്തുതന്നെ (16-06-2002) മാമ്മോദീസാ നടത്തി തന്നു. അങ്ങനെ ഒരു വൈദികന്റെ ചുമതല നടത്തിത്തന്ന തൊടുകയിൽ ഫിലിപ്പച്ചനെ അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ബിജുവിന്റെ ക്ഷണപ്രകാരം അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽനിന്ന് വന്ന സഹോദരങ്ങളും ബന്ധുക്കളും മറ്റു സുഹൃത്തുക്കളും ഈ മംഗളകർമ്മത്തിന് സാക്ഷികളായി തീർന്നു.

# 9

# ആർച്ചുബിഷപ്പ് കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ കത്ത്

*(ദില്ലിയിലുള്ള ഫരീദാബാദ് രൂപതയുടെ ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ ഒരു കത്താണ് താഴെ കൊടുത്തിരിക്കുന്നത്. ദില്ലിയിലുള്ള ഒരിടവകയിൽ വികാരിയായി ജോലിചെയ്യുന്ന കോട്ടയം രൂപതയിൽനിന്നുള്ള ഫാ. ജേക്കബ് തടത്തിൽ ദില്ലിയിലെ ക്നാനായ സമുദായത്തിനുമാത്രമായി ഇടവകകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചതിന് നൽകിയ മറുപടിയാണിത്).*

*ദില്ലിയിലെന്നല്ല, കല്യാൺ, അമേരിക്ക, ആസ്ട്രേലിയാ എന്നിവിടങ്ങൾ ഉൾപ്പെടെ എവിടെയും വംശീയ സ്വഭാവമുള്ള (endogamous) പുതിയ ഇടവകകൾ രൂപീകരിക്കുന്നതു സംബന്ധിച്ച പ്രശ്നം കോട്ടയം രൂപതയിലെ രണ്ടു മെത്രാന്മാരുടെ സാന്നിധ്യത്തിൽ കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യാ (CBCI) ചർച്ചചെയ്യുകയും രമ്യമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്നാനായ സമുദായം സീറോ മലബാർ സഭ (SMC) യുടെ ഭാഗമായതിനാൽ അവരുടെ ആത്മീയവും കൗദാശികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരിടത്തും പ്രത്യേക ഇടവകകൾ രൂപീകരിക്കേണ്ടതില്ല*

*എന്നതാണ് ആ ഒത്തുതീർപ്പ്. ഇത് സാർവ്വത്രികസഭയുടെയും CBCI യുടെയും SMC സിനഡിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമാണ്. അമേരിക്കയിലും ആസ്ട്രേലിയായിലുമുള്ള SMC രൂപതകളിൽ ഇനിയും ക്നാനായ വംശീയ ഇടവകകൾ രൂപീകരിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുംബൈയിൽ, കല്യാണിൽ ഇരുപത്തഞ്ചുവർഷത്തിനിടയ്ക്ക് ഇങ്ങനെ സംഭവിച്ചിട്ടേയില്ല. ഇനിമുതൽ, അത്യപൂർവ്വമായ സാഹചര്യങ്ങളിലൊഴികെ, ലോകത്തെവിടെയുമുള്ള ക്നാനായ സമുദായാംഗങ്ങളും എസ്.എം.സി. യുടെ അജപാലനത്തിൻ കീഴിലായിരിക്കും. 2013 ആഗസ്റ്റ് മൂന്നിന് ചിക്കാഗോയിൽ നടന്ന സെമിനാറിൽ കോട്ടയം രൂപതയിലെ ശുദ്ധരക്തവാദത്തിന് അനുകൂലമായും പ്രതികൂലമായും നിൽക്കുന്നവർ തമ്മിലുണ്ടായ സംഘർഷം ഈ രമ്യമായ ഒത്തുതീർപ്പോടെ ഇല്ലാതാകുമെന്നു പ്രതീക്ഷിക്കാം. ഇനിയും ക്നാനായ കുർബാനയെന്നും കൂദാശകളെന്നും വിളിക്കപ്പെടുന്ന യാതൊന്നും ഇല്ല.*

*ബഹുജനങ്ങളുടെ, വിശിഷ്യാ കോട്ടയം രൂപതാംഗങ്ങളുടെ അറിവിലേക്കായി ഈ കത്ത് പ്രസിദ്ധീകരിക്കുന്നു.*

**ഫരീദാബാദ് രൂപത**

**സീറോ-മലബാർ കത്തോലിക്കാസഭ**

2014 ഏപ്രിൽ 2

പ്രിയ റവ. ഫാ. ജേക്കബിനും,

ഫരീദാബാദ് - ദില്ലിയിലുള്ള ക്നാനായ സമുദായത്തിനും

2014 ജനുവരി 28-ന് എന്റെ വികാരി ജനറാൾ വെരി. റവ. മോൺ സെബാസ്റ്റ്യൻ വടക്കുംപാടനു നൽകിയ നിവേദനം കൈപ്പറ്റിയെന്ന് ഔപചാരികമായി അറിയിക്കുന്നു. അതിലെ വിഷയം ഫരീദാബാദ്-ദില്ലി രൂപതയ്ക്കുള്ളിൽ പ്രത്യേക ക്നാനായ ഇടവകകൾ എന്നതായിരുന്നല്ലോ.

ഈ പുതിയ രൂപതയുടെ ആദ്യ മെത്രാനായി ഞാൻ ചാർജെടുത്തപ്പോൾ മുതൽ താങ്കളെ ഹൃദ്യമായി സ്വീകരിക്കുകയും ഒരജപാലകനുള്ള സഹഭാവത്തോടെ താങ്കളുടെ ചോദ്യങ്ങൾ ശ്രദ്ധിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അന്നെല്ലാം ഞാൻ നൽകിയിട്ടുള്ള മറുപടി തന്നെയാണ് എനിക്കിപ്പോഴും ആവർത്തിക്കാനുള്ളത്.

ഫരീദാബാദ് രൂപത ജന്മംകൊണ്ടതുമുതൽ തലസ്ഥാനനഗരത്തിലെ കത്തോലിക്കേതര സഭാവിഭാഗങ്ങളുമായും സീറോ-മലബാർ സഭയ്ക്കുള്ളിലും ഉള്ള ഐക്യം നിലനിർത്തുന്നതിനു പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഈ ഉദ്ദേശ്യം മനസ്സിൽവച്ചുകൊണ്ടാണ് ലാറ്റിൻ ഇടവകകളിലുള്ള സീറോ-മലബാർ വിശ്വാസികൾക്കും ഫരീദാബാദ് രൂപതയുടെ കീഴിൽ വരാമെന്ന സംയുക്ത ഇടയലേഖനത്തിൽ ഒപ്പിട്ടത്. ഞാൻ ചാർജെടുക്കുമ്പോൾ ഡൽഹിയിൽ വ്യത്യസ്ത രൂപതകൾ പ്രത്യേകം കേന്ദ്രങ്ങൾ ഉണ്ടാക്കി അവയുടെ പ്രത്യേക ഗ്രൂപ്പുകൾക്കായി അജപാലനശുശ്രൂഷകൾ ചെയ്തിരുന്നത് താങ്കൾക്ക് ഓർമ്മയുണ്ടാവും. ഈ രൂപതയുടെ വിശ്വാസാചാരങ്ങളിൽ ഐകരൂപ്യം ഉണ്ടാക്കുന്നതിനായി ഞാൻ അവയെല്ലാം നിർത്തലാക്കി. അങ്ങനെ പ്രത്യേക കേന്ദ്രങ്ങളിൽ ഒത്തുകൂടിയിരുന്ന വിശ്വാസികളെല്ലാം ഇപ്പോൾ നമ്മുടെ രൂപതയിലെ ഇടവകകളിൽ അംഗങ്ങളാണ്. ക്നാനായ സമുദായത്തെ സംബന്ധിച്ചിടത്തോളം ഓരോ മാസവും ഒരു ദിവസം ദിൽസദ് ഗാർഡനിൽ പ്രത്യേക കുർബാന അർപ്പിക്കുന്നതു തുടരുന്നതിന് അനുവദിച്ചിരുന്നു.

സാർവത്രിക സഭയുടെയും സീറോ-മലബാർ സഭയുടെയും ഇപ്പോഴത്തെ നിലപാടനുസരിച്ച് ക്നാനായ കത്തോലിക്കരും അവരുടെ രണ്ടു മെത്രാന്മാരും സീറോ-മലബാർ സഭയുടെ അവിഭാജ്യഘടകമാണ്. ഈ രണ്ടു മെത്രാന്മാരും സീറോ-മലബാർ സഭാ ഹൈരാർക്കിയിലും സിനഡിലും അംഗങ്ങളാണ്. ആർച്ച്ബിഷപ്പ് മൂലക്കാട്ട് പെർമനന്റ് സിനഡിലും പല സിനഡൽ കമ്മീഷനുകളിലും അംഗമാണ്.

ക്നാനായ സമുദായം സീറോ-മലബാർ സഭയ്ക്കുള്ളിലാണെന്നും അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമീപനം (inclusive policy) സ്വീകരിക്കേണ്ടതാണെന്നും ഈയിടെ നടന്ന സി.ബി.സി.ഐ.യിൽ സീറോ-മലബാർ നേതൃത്വം വ്യക്തമാക്കുകയുണ്ടായി. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇന്ത്യയിലെവിടെയാണെങ്കിലും സീറോ-മലബാർ സഭാ ഇടവകകൾക്കു പുറത്ത് ക്നാനായ സമുദായത്തിന് പ്രത്യേക ഇടവകകൾ അനുവദിക്കുന്നത്, സി.ബി.സി.ഐ.യുടെ പോളിസിക്കു വിരുദ്ധമായിരിക്കും. ഈ സി.ബി.സി.ഐ. സമ്മേളനത്തിൽ കോട്ടയം അതിരൂപതയിൽനിന്നുള്ള രണ്ടു മെത്രാന്മാരും സന്നിഹിതരായിരുന്നു. സാർവത്രിക സഭയും സീറോ-മലബാർ സഭാസിനഡും സി.ബി.സി.ഐ.യും സ്വീകരിച്ചിട്ടുള്ള നിലപാട് അവരും അംഗീകരിച്ചിട്ടുണ്ട്.

ഇന്ത്യയ്ക്കു പുറത്ത്, ഉദാഹരണത്തിന് ചിക്കാഗോ രൂപ തയ്ക്കുള്ളിൽ, വംശീയ സ്വഭാവമുള്ള പ്രത്യേകം ഇടവകകൾ ഉണ്ടാക്കിയതിനെത്തുടർന്ന് സംഭവിച്ചതെന്തെന്ന് നിങ്ങൾക്കും അറിയാം. അതിനെത്തുടർന്ന് കത്തോലിക്കാസഭയിലൊരിടത്തും സീറോ-മലബാർ സഭയിലും വംശീയ സ്വഭാവമുള്ള പ്രത്യേക ഇടവകകൾ അനുവദിക്കരുതെന്നാണ് പരിശുദ്ധ സിംഹാസനം നിർദ്ദേശിച്ചിട്ടുള്ളത്. ഈയിടെ മെൽബണിലെ ആദ്യബിഷപ്പിന്റെ സ്ഥാനാരോഹണവേളയിൽ അവിടുത്തെ ക്നാനായ കത്തോലിക്കാ വിശ്വാസികളോട് സീറോ-മലബാർ നേതൃത്വം ഇൻക്ലൂസീവ് പോളിസി ആയിരിക്കും സ്വീകരിക്കുകയെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

25 വർഷമായി നിലവിലുള്ള, വളരെയേറെ ക്നാനായർ വസിക്കുന്ന, കല്യാൺ രൂപതയിൽ അവർക്കായി ഇതുവരെ പ്രത്യേക ഇടവകകളൊന്നും രൂപീകരിച്ചിട്ടില്ല. കല്യാൺ രൂപതയുടെ അജപാലന സേവനങ്ങളെല്ലാം നിരുപാധികം സ്വീകരിച്ചുകൊണ്ട് അവിടെ വസിക്കുന്ന അവർ അതേ സമയം സ്വന്തം സാമുദായികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ തുടരുന്നുമുണ്ട്.

ഞാൻ മനസ്സിലാക്കുന്നിടത്തോളം, ഈ ഇൻക്ലൂസീവ് പോളിസി പ്രത്യേക അവസരങ്ങളിൽ ക്നാനായ സമുദായാംഗങ്ങൾക്കുമാത്രമായി കുർബാനകൾ അർപ്പിക്കുന്നതിന് തടസ്സം നിൽക്കുന്ന ഒന്നല്ല. കുടുംബയൂണിറ്റുകളുടെ വാർഷികത്തിലും യുവജനദിനാഘോഷത്തിലും മറ്റും, സീറോ-മലബാർ സഭയിലും അതിലെ രൂപതകളിലും, ഇങ്ങനെ പ്രത്യേക കുർബാനകൾ അർപ്പിക്കാറുള്ളതാണ്. ക്നാനായ സമുദായ സംഗമങ്ങളിൽ നടത്തപ്പെടുന്ന കുർബാനയിൽ സമുദായാംഗമായ ഒരു പുരോഹിതന് പ്രത്യേക ചുമതല നൽകാവുന്നതാണ്. യഥാർത്ഥത്തിൽ ക്നാനായ കുർബാനയും കൂദാശകളും എന്നു വിളിക്കപ്പെടാവുന്നയാതൊന്നുമില്ല. നാമെല്ലാം പിന്തുടരുന്നത് ഒരേ ആരാധനക്രമമാണ്. നമുക്ക് ഒരേ വിശ്വാസമാണുള്ളത്. നാമെല്ലാം ഒരേ മേജർ ആർച്ച് ബിഷപ്പിന്റെ കീഴിലുള്ളവരാണ്.

ക്നാനായ പുരോഹിതനും ക്നാനായനല്ലാത്ത പുരോഹിതനും അർപ്പിക്കുന്ന വിശുദ്ധ കുർബാനയും കൂദാശാകർമ്മങ്ങളും ഒന്നുതന്നെയാണെന്ന് നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ബോധ്യമുണ്ടാകുംവിധം അവരെ

വളർത്തണം എന്നാണ് ആത്മാർത്ഥമായി എനിക്ക് നിങ്ങളോട് ഉദ്‌ബോധിപ്പിക്കാനുള്ളത്. ഇങ്ങനെ ചെയ്യാതിരുന്നാൽ, അവർ വളർന്നുവരുമ്പോൾ ക്നാനായ പുരോഹിതനില്ലാത്ത ഒരു സ്ഥലത്തേക്ക് കുടിയേറേണ്ടിവന്നാൽ, അവർ കുർബാനയും കൂദാശകളും ഉപേക്ഷിക്കാനിടയുണ്ട്. ഇതു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ മക്കൾക്കുവേണ്ടിയെങ്കിലും ഇക്കാര്യം മനസ്സിലാക്കാൻ ശ്രമിക്കൂ. ക്നാനായനല്ലാത്ത ഒരു പുരോഹിതനർപ്പിക്കുന്ന കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ ക്നാനായത്തനിമ അവർക്ക് നഷ്ടപ്പെടുകയൊന്നുമില്ല. ആദ്യകുർബാനയും കൂദാശകളും ക്നാനായമല്ലാത്ത ഒരിടവകയിൽനിന്ന് സ്വീകരിക്കുന്നതുകൊണ്ട് ക്നാനായന് യാതൊന്നും നഷ്ടപ്പെടുന്നില്ല. ദയവായി സീറോ-മലബാർ സഭയോട് അസംതൃപ്തിയും വിദ്വേഷവും ഉളവാകുംവിധം നിങ്ങളുടെ കുട്ടികളെയും സമുദായത്തെയും 'ബ്രെയിൻവാഷ്' ചെയ്യരുത്. നിങ്ങൾ സഭയ്ക്കുള്ളിലുള്ളവരാണ്. പുറത്തുള്ളവരല്ല. നിങ്ങളും സീറോ-മലബാർ സഭയുടെ ഭാഗമാണ്.

ക്നാനായസമുദായത്തിനു ശനിയാഴ്ചകളിൽ സ്വന്തം കുർബാന അർപ്പിക്കാൻ അനുവദിക്കണമെന്ന അപേക്ഷയെപ്പറ്റി പറയുമ്പോൾ, വല്ലപ്പോഴും കുർബാന അർപ്പിക്കാമെന്നതിന് മാസത്തിൽ ഒരിക്കൽ എന്ന് നേരത്തെതന്നെ വ്യക്തമാക്കിയിരുന്നു എന്ന് ഓർമ്മിക്കുക. മാസത്തിൽ ഒരു ശനിയാഴ്ച അതാവാം. മറ്റേതെങ്കിലും ദിവസം, പ്രത്യേക ആഘോഷമെന്തെങ്കിലും ഉണ്ടെങ്കിൽ അതിന്, പ്രത്യേക അനുവാദവും നൽകാം. ഈ രൂപത രൂപീകരിക്കുംമുമ്പ് പ്രതിമാസം ഒരു കുർബാനയല്ലാതെ ഒരു പ്രത്യേക കുർബാനപോലും നിങ്ങൾക്ക് അനുവദിച്ചിരുന്നില്ല എന്നോർമ്മിക്കുക. കൂടാരയോഗത്തിന്റെ സോണൽ മീറ്റിങ്ങുകൾക്കുപോലും മൂന്നുവർഷം മുമ്പ് പ്രത്യേക കുർബാന ചൊല്ലാൻ ഞാൻ നിങ്ങളെ അനുവദിച്ചിട്ടുണ്ട്. മാസത്തിൽ ഒരേയൊരു പ്രത്യേക കുർബാന മാത്രം അനുവദിച്ചിരുന്നപ്പോഴും സമുദായം അതിൽ സംതൃപ്തമായിരുന്നു എന്നും സമുദായത്തിന്റെ ഐക്യവും തനിമയും കാത്തുസൂക്ഷിച്ചിരുന്നു എന്നും ഉള്ള യാഥാർത്ഥ്യം നിങ്ങൾ ഇകഴ്ത്തിക്കാണരുത്. അന്ന് പ്രാദേശിക സീറോ മലബാർ ഇടവകകളിൽ ആയിരുന്നു കമ്യൂണിറ്റി സർവീസുകൾ നടന്നിരുന്നത്. പതിവായി ചർച്ച് സപ്പോർട്ട് ഫണ്ട് സമാഹരിക്കപ്പെട്ടിരുന്നു. ലാറ്റിൻ സഭാധികൃതർ ചെയ്ത ഈവിധ സംവിധാനങ്ങളിൽ നിങ്ങളെല്ലാവരും സംതൃപ്തരായിരുന്നു. ഇപ്പോൾ നിങ്ങൾ നിലപാടു മാറാനും പ്രത്യേക ഇടവകകൾ എന്ന ആവശ്യം ഉന്നയിക്കാനും സീറോ മലബാർ

പള്ളികളിലെ ആദ്യകുർബാന സ്വീകരണച്ചടങ്ങുകളിൽനിന്നും സീറോ മലബാർ ഇടവകകളിലെ ചർച്ച് സപ്പോർട്ട് ഫണ്ട് സമാഹരണത്തിൽനിന്നും മറ്റും വിട്ടുനിൽക്കാനും ഉള്ള കാരണമെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഫരീദാബാദിലെ മെത്രാൻ എന്നനിലയിൽ ഞാൻ നിങ്ങളുടെ ക്നാനായത്തനിമയും പാരമ്പര്യങ്ങളും അംഗീകരിക്കുന്നതോടൊപ്പം ക്നാനായ വിശ്വാസികൾ ഏവരും ഈ രൂപതയുടെയും ഇടവകകളുടെയും അവിഭാജ്യഘടകങ്ങളാണെന്ന് ഉറപ്പുതരികയും ചെയ്യുന്നു. സാർവത്രിക സഭയും സി.ബി.സി.ഐ.യും സീറോ-മലബാർ സഭയും അനുശാസിക്കുന്ന ക്നാനായരോടുള്ള 'ഇൻക്ലൂസിവ് പോളിസി' ഈ രൂപത അംഗീകരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും ക്നാനായ സമുദായത്തിന്റെ, വിശിഷ്യാ യുവാക്കളുടെയും കുട്ടികളുടെയും, കൗദാശികജീവിതവും വിശ്വാസപരിശീലനവും സുഗമമാക്കുന്നതിനും അജപാലക സഹജമായ ആത്മാർത്ഥതയോടെയും സഹഭാവത്തോടെയും ഞാൻ, പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. കത്തോലിക്കാസഭയുടെ പോളിസിയോടു ദയവായി സഹകരിക്കുക. പ്രത്യേക ഇടവകകൾ ഉണ്ടാക്കാൻ ശ്രമിച്ചിടത്ത് സംഭവിച്ചതെന്തൊക്കെയെന്ന് തുറന്ന മനസ്സോടെ വിലയിരുത്തുക. സഭയുടെ പോളിസിക്കു വിരുദ്ധമായ കാര്യങ്ങൾക്കുവേണ്ടി നിങ്ങളുടെ സമയവും ഊർജ്ജവും പാഴാക്കിക്കളയാതിരിക്കുക. ദയവായി നിങ്ങളുടെ സമുദായത്തിന്റെയും സ്വന്തം കുഞ്ഞുങ്ങളുടെയും നന്മയ്ക്കായി അവ വിനിയോഗിക്കുക.

ഉത്ഥിതനായ കർത്താവിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ ആശംസിച്ചുകൊണ്ട്,

ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര
ഫരീദാബാദ് - ദില്ലി രൂപത

*(ഇംഗ്ലീഷ് ഭാഷയിലുള്ള കത്ത്*
*245-ാം പേജിൽ ചേർത്തിരിക്കുന്നു - ഓർച്ചാർട്ട്)*

# DIOCESE OF FARIDABAD

## Syro-Malabar Catholic Church

21 April 2014

Dear Fr. Rev. Jacob,
and the Knanaya community in Faridabad-Delhi,

With the present I would like to formally acknowledge receipt of your Memorandum dated 28 January 2014, submitted to my Vicar General Very Rev. Msgr. Sebastian Vadakkumpadan. The subject matter was to have separate Knanaya parishes within the diocese of Faridabad-Delhi.

Ever since I took charge as the first Bishop of this new diocese, I have been cordially receiving you and keenly attending your queries with utmost pastoral solicitude. Let me reiterate what has been explained to you in this regard.

